# ഭാഷാശാസ്ത്രം

## LINGUISTICS

## (MAL2C07)

**STUDY MATERIAL**

**II SEMESTER**
**CORE COURSE**

# MA MALAYALAM

**(2020 ADMISSION ONWARDS)**

UNIVERSITY OF CALICUT
SCHOOL OF DISTANCE EDUCATION
*Calicut University- P.O, Malappuram- 673635,Kerala.*

190057

# SCHOOL OF DISTANCE EDUCATION
# UNIVERSITY OF CALICUT

STUDY MATERIAL

SECOND SEMESTER

MA MALAYALAM (2020 ADMISSION)

CORE COURSE :

## MAL2C07- ഭാഷാശാസ്ത്രം (LINGUISTICS)

Prepared by:

DR.MIDHUN.K.S,
ASSISTANT PROFESSOR,
DEPARTMENT OF MALAYALAM,
SREE KRISHNA COLLEGE,GURUVAYUR.

Scrutinized By:

DR.BIJU JOSEPH,
ASSISTANT PROFESSOR,
DEPARTMENT OF MALAYALAM,
MALABAR CHRISTIAN COLLEGE, CALICUT.

**ഉള്ളടക്കം**


യൂണിറ്റ് 1

യൂണിറ്റ് 2

യൂണിറ്റ് 3

യൂണിറ്റ് 4

യൂണിറ്റ് 5

മാതൃകാചോദ്യപേപ്പർ

സഹായകഗ്രന്ഥങ്ങൾ

അനുബന്ധം 1

## ആമുഖം

ബിരുദാനന്തരബിരുദതലത്തിൽ മലയാളം ഐച്ഛികമായെടുത്ത് പഠിക്കുന്നവർക്ക് ഭാഷാശാസ്ത്രത്തിന്റെ ഉത്ഭവവികാസ ചരിത്രത്തെയും അടിസ്ഥാനതത്ത്വങ്ങളെയും പ്രായോഗികമേഖലകളെയും പരിചയപ്പെടുത്തുന്ന വിധത്തിലാണ് സർവ്വകലാശാല ഭാഷാശാസ്ത്രത്തിന്റെ സിലബസ് അഞ്ച് മൊഡ്യൂളുകളിലായി സംവിധാനം ചെയ്തിരിക്കുന്നത്. ഒന്നാമത്തെ മൊഡ്യൂളിൽ ഭാഷയെ നിർവ്വചിച്ച് ഭാഷയുടെ സവിശേഷതകളെക്കുറിച്ചും ഭാഷാശാസ്ത്രപഠനശാഖയുടെ ഉദയവികാസചരിത്രത്തെയും വിവിധ പഠനമേഖലകളെയും ഭാഷാശാസ്ത്രത്തിൽ അവലംബിക്കുന്ന അപഗ്രഥനരീതികളെയുമാണ് ചർച്ച ചെയ്യുന്നത്. രണ്ടും മൂന്നും മൊഡ്യൂളുകളിലാണ് ഭാഷാഘടനയുടെ അടിസ്ഥാനഘടകങ്ങളായ സ്വനം, സ്വനിമം, ഉപസ്വനം, രൂപം, രൂപിമം, ഉപരൂപം, വാക്യം, അർത്ഥം എന്നിവയുടെ ഭാഷാശാസ്ത്രാപഗ്രഥനം നടത്തുന്നത്. ഭാഷാഭേദവിജ്ഞാനം, ഭാഷാപരിണാമം, സാമൂഹികഭാഷാശാസ്ത്രം എന്നിവയുടെ സംക്ഷിപ്താവലോകനം നാലാമദ്ധ്യായത്തിലും ഭാഷാശാസ്ത്രത്തിന്റെ പ്രായുക്തമേഖലകളെയും സാദ്ധ്യതകളെയും അനുബന്ധപഠന മേഖലകളെയും അഞ്ചാം അധ്യായത്തിലും പരിചയപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ഭാഷാശാസ്ത്രത്തിൽ ഉപരിപഠനത്തിനും ഗവേഷണത്തിനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സാമാന്യമായി ഭാഷാശാസ്ത്രത്തെ സിലബസിൽ പരിചയപ്പെടുത്തിയിരിക്കുന്നു.

വി.ആർ. പ്രബോധചന്ദ്രൻനായരുടെ *ഭാഷാശാസ്ത്രനിഘണ്ടു*, കെ.എം. പ്രഭാകരവാര്യരുടെ *ഭാഷാവലോകനം, ആധുനികഭാഷാശാസ്ത്രം, ഭാഷാശാസ്ത്രവിവേകം*, വി.ആർ. സോളിയും ജോയ്പോളും ചേർന്നെഴുതിയ *ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും* ഡേവിഡ് ക്രിസ്റ്റലിന്റെ *ഭാഷാശാസ്ത്രം* (*Linguistics*) പുഷ്പിന്ദർ സ്യാലും, സി.വി. ജിൻഡും ചേർന്നെഴുതിയ *ഭാഷാശാസ്ത്രത്തിനൊരാമുഖം (An Introductio to Linguistics)* എന്നീ കൃതികളെ ആധാരമാക്കിയും മറ്റ് ഗ്രന്ഥങ്ങളെ ഉപജീവിച്ചുമാണ് ഈ പഠനസാമഗ്രി തയ്യാറാക്കിയിട്ടുള്ളത്. മൗലികമായ കണ്ടെത്തലുകളും കാഴ്ചപ്പാടുകളെക്കാളുപരിയായി ഈ പണ്ഡിതരുടെ കണ്ടെത്തലുകളുടെ സംക്ഷിപ്തവിവരണമാണ് ഈ പഠനസാമഗ്രി.

ഭാഷയെ ശാസ്ത്രീയമായി അപഗ്രഥിക്കുന്ന ഭാഷാശാസ്ത്രമെന്ന പഠനമേഖല എല്ലാ ഭാഷാചിന്തകളെയും ഉൾക്കൊള്ളുന്ന വളർന്നുകൊണ്ടിരിക്കുന്ന മേഖലയാണ്. ഈ പഠനത്തെ അനായാസമാക്കുന്ന രീതിയിലാണ് ഈ പഠനസാമഗ്രിയെ സമീപിച്ചിരിക്കുന്നത്. കൂടാതെ പുതിയ സിലബസ് പ്രകാരമുള്ള ചോദ്യപേപ്പറിന്റെ മാതൃകയും സഹായകഗ്രന്ഥസൂചികയും ഈ പഠനസാമഗ്രിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

Code : MAL2C07

## ഭാഷാശാസ്ത്രം
## (Linguistics)

### യൂണിറ്റ് 1

1. മനുഷ്യഭാഷയുടെ വ്യാവർത്തകസ്വഭാവങ്ങൾ – ഭാഷയ്ക്ക് വിവരണാത്മകമായ നിർവ്വചനം. ഭാഷാസമാർജനം, ശിശുഭാഷ.
2. ഭാഷാശാസ്ത്രം എന്ന വിജ്ഞാനശാഖയുടെ രൂപപ്പെടൽ, പഠനലക്ഷ്യം, പഠനരീതി, പഠനമേഖലകൾ – ഭാഷാതലങ്ങൾ. വ്യാകരണം, ഫിലോളജി, ഭാഷാശാസ്ത്രം – താരതമ്യം. ഘടനാത്മകഭാഷാശാസ്ത്രത്തിന്റെ വികാസപരിണാമങ്ങൾ ചോംസ്കി വരെ. യൂറോപ്യൻ, അമേരിക്കൻ ഘടനാവാദങ്ങൾ – സൊസ്സൂറിന്റെ കാഴ്ചപ്പാടുകൾ. നാല് അടിസ്ഥാനദ്വന്ദ്വങ്ങൾ – ഹാരിസും ചോംസ്കിയും – പ്രജനകാർത്ഥ വിജ്ഞാനം.
3. അപഗ്രഥനരീതികൾ
   (എ) ഏകകാലികം
   (ബി) ബഹുകാലികം – ആന്തരപുനഃസൃഷ്ടി, ബാഹ്യപുനഃസൃഷ്ടി
   (സി) വിവരണാത്മകം, ആഗമികം, ഘടനാത്മകം – നിർദ്ദേശാത്മക –വിവരണാത്മക സമീപനരീതികളിലെ വ്യത്യാസങ്ങൾ.
4. ഭാഷാവിഭജനം: ആനുവംശികവും കക്ഷ്യാപരവുമായ ഭാഷാസ്വഭാവങ്ങൾ, വർഗ്ഗീകരണങ്ങൾ.
   പ്രഥമഭാഷ– ദ്വിതീയഭാഷ, സങ്കരഭാഷ– വെങ്കലഭാഷ, ഭാഷകളുടെ മാനകീകരണം – കൃത്രിമഭാഷ.

### യൂണിറ്റ് 2

1. സ്വനവിജ്ഞാനം: സ്വനനിർവ്വചനം – സ്വനവിജ്ഞാനപഠനലക്ഷ്യം – പഠനരീതി, ശ്രവണാസ്പദം, സ്വനഭൗതികം, ഉച്ചാരണാസ്പദം.
2. ഉച്ചാരണസ്വനവിജ്ഞാനപദ്ധതി – ഉച്ചാരണാവയവങ്ങൾ – സ്വനനിർണ്ണയവും, വർഗീകരണവും.
3. സ്വരനിർണ്ണയവും വർഗീകരണവും– വ്യവസ്ഥകൾ– മാനസ്വരവിവരണം – ദ്വിസ്വരങ്ങളും ത്രിസ്വരങ്ങളും – ശാസ്ത്രീയമായ അപഗ്രഥനം– അന്താരാഷ്ട്ര സ്വനലിപിമാല.
4. വ്യഞ്ജനനിർണ്ണയവും വർഗീകരണവും
5. സ്വനിമവിജ്ഞാനം: സ്വനിമം, ഉപസ്വനം എന്നിവയുടെ നിർവ്വചനം– സ്വനിമനിർണയം– പൂരകവിതരണവും വ്യത്യയവും – സ്വനിമാപഗ്രഥനം, സ്വനിമസിദ്ധാന്തങ്ങൾ– സ്വതന്ത്രപരിവർത്തനം. സ്വനിമാപഗ്രഥനത്തിലെ നടപടിക്രമങ്ങൾ, മലയാളത്തിലെ സ്വനിമങ്ങൾ
6. ലീനധ്വനികൾ
7. അക്ഷരം
8. ലിപി (ലേഖവിജ്ഞാനം) : ലേഖിമം, ഉപലേഖം, പദ,വർണ്ണ, അക്ഷരലേഖനങ്ങൾ

### യൂണിറ്റ് 3

1. രൂപമാത്ര, രൂപിമം, ഉപരൂപം എന്നിവയ്ക്ക് നിർവ്വചനങ്ങൾ, രൂപിമവർഗ്ഗീകരണങ്ങൾ: ബദ്ധം, സ്വതന്ത്രം.
2. സ്വനിമാധിഷ്ഠിത ഉപരൂപം, രൂപാധിഷ്ഠിത ഉപരൂപം, ശൂന്യസഹരൂപിമം
3. പ്രകൃതി, പ്രത്യയം, പദം എന്നിവയ്ക്ക് നിർവചനങ്ങൾ– വർഗീകരണങ്ങൾ. രൂപസിദ്ധിയും നിഷ്പാദനവും.
4. സന്ധി (രൂപസ്വനികം) : സവർണ്ണനം, അസമീകരണം, സമാക്ഷരലോപം, സ്ഥാനവിപര്യയം, ആഗമങ്ങൾ, ലോപങ്ങൾ എന്നിവ.
5. വാക്യവിജ്ഞാനം: വാക്യനിർവ്വചനം, വിവിധവിഭാഗങ്ങൾ, വാക്യാപഗ്രഥനരീതികൾ, പദസംഹിതവ്യാകരണം (പി.എസ്. റൂൾ) രചനാന്തരണപ്രജനകവ്യാകരണം, പ്രജനകാർഥ വിജ്ഞാനം.

6. അർത്ഥവിജ്ഞാനം: വിവിധതരം അർത്ഥങ്ങൾ: സൂചിതം, ലാക്ഷണികം, സാമൂഹികം, ആലങ്കാരികം തുടങ്ങിയവ. ബഹ്വാർത്ഥത, തുല്യാർത്ഥത, വിപരീതാർത്ഥത, നിഘണ്ടു, നിരുക്തം.

## യൂണിറ്റ് 4

1. ഭാഷാഭേദവിജ്ഞാനം: ഭാഷാഭേദത്തിന്റെ അടിസ്ഥാനങ്ങൾ. ഭാഷാഭേദപഠനരീതി, ഭാഷാ ഭേദസിദ്ധാന്തങ്ങൾ, ഭാഷാഭേദഭൂപടം, സമഭാഷാംശസീമാരേഖ, കേന്ദ്രമേഖല, അവശിഷ്ടമേഖല.
2. ഭാഷാപരിണാമം: ഭാഷാപരിണാമഹേതുക്കൾ. സ്വനതലം, സന്ധിതലം, രൂപതലം, അർത്ഥതലം. സ്വനനിയമങ്ങൾ.
3. സാമൂഹികഭാഷാശാസ്ത്രം: സാമൂഹികചരങ്ങൾ (Social variable) സ്ത്രീഭാഷ, ആചാരഭാഷ, മാനകഭാഷ, അധികാരഭാഷ, വിധേയഭാഷ തുടങ്ങിയ സാമൂഹികഭാഷാപഠനമേഖലകൾ.
4. ഭാഷാസമ്പർക്കപഠനം: ആദാനം, ആദാനസ്വഭാവം, അതിപ്രസരം (interference), സ്വനതലം, വ്യാകരണതലം, പദതലം, സംവ്രജനം (convergence), സങ്കരഭാഷ, വെങ്കലഭാഷ, ഭാഷാക്ഷേത്രം.

## യൂണിറ്റ് 5

1. നിഘണ്ടുവിജ്ഞാനം: നിഘണ്ടുവും വ്യാകരണവും. ഏകഭാഷ, ദ്വിഭാഷ, ത്രിഭാഷ, ബഹുഭാഷാനിഘണ്ടുക്കൾ പ്രയോഗനിഘണ്ടു (തിസാറസ്) (സാമാന്യപരിചയം മാത്രം)
2. ചിഹ്നവിജ്ഞാനം: ചിഹ്നവ്യവസ്ഥ, പെയേഴ്സിന്റെ മാതൃക
3. ശൈലീവിജ്ഞാനം: പുരഃക്ഷേപണം, സാഹിത്യവും ഭാഷാശാസ്ത്രവും. (സാമാന്യപരിചയം മാത്രം)
4. വ്യവഹാരാപഗ്രഥനം (Discourse Analysis)
   ആഖ്യാനവിജ്ഞാനം (narratology) (സാമാന്യപരിചയം മാത്രം)
5. മനോഭാഷാവിജ്ഞാനം: സംവേദനപ്രതികരണവാദം, സൃഷ്ട്യുന്മുഖതാവാദം, പ്രയോഗവിജ്ഞാനം (സാമാന്യപരിചയം മാത്രം)
6. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, ഇന്റർനെറ്റ് ഭാഷാശാസ്ത്രം (സാമാന്യപരിചയം)

## യൂണിറ്റ് 1

### 1.1. ഭാഷ

ആശയവിനിമയത്തിന് മനുഷ്യൻ സ്വായക്തമാക്കിയ അത്ഭുതസിദ്ധിയാണ് ഭാഷ. മനുഷ്യകുലത്തിലെ സകല വികാസത്തിനും നിദാനമായത് ഭാഷയാണ്. പ്രാഥമിക ലക്ഷ്യമായ ആശയവിനിമയം എന്നർത്ഥത്തിൽ ഇന്ന് ഭാഷ എന്ന പദത്തെ ഒതുക്കി നിർത്താനായി സാധിക്കില്ല. ആശയവിനിമയത്തിനപ്പുറം മനുഷ്യന്റെ ചിന്തകളെയും വ്യാപാരങ്ങളെയും സംസ്കാരത്തെയുമെല്ലാം ഉൾക്കൊള്ളുന്ന ഒന്നായി ഭാഷ മാറിയിരിക്കുന്നു. മനുഷ്യൻ ആശയവിനിമയത്തിനും വിചാരവികാരങ്ങൾ പ്രകടിപ്പിക്കുന്നതിനുംവേണ്ടി ഉപയോഗിക്കുന്ന ഒരു കൃത്രിമ സങ്കേതം എന്നാണ് ഇ. സാപീർ ഭാഷയെ നിർവ്വചിക്കുന്നത്. ഭാഷാശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്ന ഈ നിർവ്വചനത്തിൽ ഭാഷയുടെ എല്ലാ ലക്ഷണങ്ങളും ഉൾപ്പെട്ടിട്ടില്ല. ഭാഷ പ്രധാനമായും ഒരു ശബ്ദസങ്കേതമാണ് എന്നാൽ സാപീർ തന്റെ ഭാഷാ നിർവ്വചനത്തിൽ ഇക്കാര്യം ഉൾപ്പെടുത്താത്തത് എഴുത്തു ഭാഷയെക്കൂടി ഭാഷയായി കണക്കാക്കുവാൻ വേണ്ടിയാണ്. ഭാഷാശാസ്ത്രത്തിലെ എല്ലാ നിർവ്വചനങ്ങളും സംസാരഭാഷയ്ക്കും എഴുത്തുഭാഷയ്ക്കും ഒരുപോലെ യോജിക്കുന്ന വിധത്തിലാണ് രൂപീകരിച്ചിരിക്കുന്നത്. എന്നാൽ ഡോ. കെ.എം. പ്രഭാകരവാര്യരുടെ ഭാഷാ നിർവ്വചനം ശബ്ദസങ്കേതമായ ഭാഷയ്ക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. മനുഷ്യഭാഷയുടെ പ്രധാനലക്ഷണങ്ങളായ 1) ഭാഷാശബ്ദങ്ങളുടെ ആശയവിനിമയ ശക്തി ഒരു നിശ്ചിത സമൂഹത്തിൽ മാത്രം നിലനിൽക്കുന്നു. 2) മനുഷ്യഭാഷയിൽ സന്ദേശങ്ങൾ ശബ്ദങ്ങളായാണ് വിനിമയം ചെയ്യുന്നത്. 3) മനുഷ്യഭാഷയ്ക്കു സ്വരൂപഘടനയുണ്ട്. 4) മനുഷ്യഭാഷ അഭ്യസിക്കേണ്ട ഒന്നാണ്, എന്നിവയെ മുൻനിർത്തിയാണ് പ്രഭാകരവാര്യർ ഭാഷയെ നിർവചിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ഭാഷാനിർവ്വചനം ഇപ്രകാരമാണ്;

> 'ഒരു പ്രത്യേകജനവിഭാഗം ആശയവിനിമയത്തിനായി ഉപയോഗിക്കുന്നതും ആശയവുമായി വെറും താത്ക്കാലിക ബന്ധം പുലർത്തുന്നതുമായ ഉച്ചാരണ ശബ്ദങ്ങളുടെ സ്വരൂപഘടനയോടു കൂടിയ അഭ്യസ്ഥവൃത്തിയാണ് ഭാഷ'.

ഭാഷാശാസ്ത്രത്തിൽ ഭാഷ എന്നതുകൊണ്ട് മനുഷ്യഭാഷ എന്നാണർത്ഥമാക്കുന്നത്. മൃഗങ്ങൾ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ച് ആശയപ്രകാശനം നടത്തുന്നുണ്ടെങ്കിലും അതൊന്നും ഭാഷയായി ഭാഷാശാസ്ത്രത്തിൽ കണക്കാക്കുകയില്ല. കാരണം മനുഷ്യേതര ജീവികളുടെ ഭാഷ കേവലമായ അർത്ഥത്തിൽ മാത്രം ഉപയോഗിക്കുന്നതാണ്. എത്രകാലം കഴിഞ്ഞാലും കുയിലിന്റെ പാടൽ ഇണയെ ആകർഷിക്കാൻ വേണ്ടിയുള്ള ശബ്ദപ്രകടനമാണ്. അല്ലാതെ മനുഷ്യൻ ഉപയോഗിക്കുന്നതുപോലെയുള്ള അർത്ഥവൈവിദ്ധ്യം അതിനില്ല. മനുഷ്യരുടെ ആംഗ്യഭാഷയെ ഭാഷയായി ഭാഷാശാസ്ത്രം പരിഗണിക്കുന്നില്ല.

- **മനുഷ്യഭാഷയുടെ സവിശേഷതകൾ**
  - ദ്വിത്വഘടന (Duality/Double Articulation): മറ്റ് ആശയപ്രകാശനസമ്പ്രദായങ്ങളിൽ നിന്ന് ഭാഷയെ വേർതിരിക്കുന്നത് സർഗ്ഗാത്മകതശേഷിയാണ്. പുതിയ പുതിയ ആശയങ്ങൾ ഇഷ്ടംപോലെ ആവിഷ്കരിക്കാൻ ഭാഷയ്ക്കു പ്രത്യേകകഴിവുണ്ട്. ഈ കഴിവ് ഭാഷയ്ക്കുണ്ടായത് അതിന്റെ ദ്വിത്വഘടനമൂലമാണ്.

  - സർഗ്ഗാത്മകത (Productivity): പുതിയ ആശയങ്ങൾ ഉചിതംപോലെ ആവിഷ്ക്കരിക്കാനും അവ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനും ഭാഷയ്ക്കു കഴിയും.

  - സാങ്കൽപ്പികത (Arbitraness) : ഭാഷാശബ്ദങ്ങൾക്ക് അവ കുറിക്കുന്ന അർത്ഥവുമായി നേരിട്ട് ബന്ധമൊന്നുമില്ല. വാക്കും അർത്ഥവും തമ്മിലുള്ള ബന്ധം സാങ്കല്പികമാണ്. അതിനാൽ ഒരേ ആശയംതന്നെ പല ഭാഷകളിൽ മാത്രമല്ല, ഒരേ ഭാഷയിൽത്തന്നെ പലവിധത്തിൽ ആവിഷ്കരിക്കാൻ കഴിയും.

- പാരസ്പരികത (Interchangeability): ആശയം പ്രകാശിപ്പിക്കാൻ കഴിവുള്ള ഒരാൾക്ക് അതേ ഭാഷയിലൂടെ മറ്റൊരാൾ പ്രകാശിപ്പിക്കുന്ന ആശയം സ്വീകരിക്കാനും കഴിയും എന്നതാണ് പാരസ്പരികത എന്നതുകൊണ്ടർത്ഥമാക്കുന്നത്. (ഇ.വി.എൻ. നമ്പൂതിരി 19–20)
- ഘടന (Structure): ഭാഷാശബ്ദങ്ങളടങ്ങിയ സ്വനതലം, രൂപതലം, വാക്യതലം ഇവയെല്ലാം ചേർന്ന് ഉല്പാദിപ്പിക്കുന്ന അർത്ഥവും അടങ്ങിയ ഘടകങ്ങളുടെ ഘടനയാണ് ഭാഷയ്ക്കുള്ളത്. മറ്റൊരു ആശയവിനിമയരീതിയിലും ഇത്തരത്തിലുള്ള ഘടനാത്മകബന്ധം കാണാൻ കഴിയില്ല.

ഭാഷ മനസ്സിലാക്കുന്നതിനും പ്രയോഗിക്കാനുമുള്ള കഴിവ് മനുഷ്യൻ നേടിയെടുക്കുന്ന പ്രക്രിയയാണ് ഭാഷാസമാർജ്ജനം (Language Acquisition). സ്വാഭാവികമായി മനുഷ്യനുള്ള പ്രത്യേകകഴിവാണിത്. ചെറുപ്പം മുതൽതന്നെ തന്റെ ചുറ്റുപാടുകളെ നിരീക്ഷിച്ചും സംവദിച്ചും മനുഷ്യൻ ഭാഷയെ സ്വായത്തമാക്കുന്നു. ഭാഷാഘടനയുടെ ഘടകങ്ങളെ ഓരോന്നും വ്യക്തമായി മനസ്സിലാക്കാനും യഥേഷ്ടം പ്രയോഗിക്കാനുമുള്ള കഴിവാണിത്.

- **ശിശുഭാഷ**

ഭാഷാർജ്ജന പ്രക്രിയയെക്കുറിച്ചുള്ള പഠനമാണ് ശിശുഭാഷാപഠനം. ഏതാണ്ട് ഒന്നര വയസ്സിനും നാല് വയസ്സിനും ഇടയ്ക്കുള്ള കാലത്താണ് കുട്ടികൾ പ്രഥമഭാഷ സ്വാംശീകരിക്കുന്നത്. രണ്ടരവർഷങ്ങൾക്കുള്ളിൽ ഇത്രയും സങ്കീർണ്ണമായ വ്യവസ്ഥയോടുകൂടിയ ഭാഷയെ കുട്ടികൾ എങ്ങനെ സ്വായത്തമാക്കുന്നു എന്ന സംശയം/ചർച്ച ഉടലെടുത്തതുകൊണ്ടാണ് ശിശുഭാഷയെ കുറിച്ചുള്ള പഠനം വ്യാപകമായി പ്രചാരത്തിൽ വന്നത്.

ഒരു വ്യക്തിയുടെ ഭാഷയുടെ പരിണാമഘട്ടങ്ങളെപ്പറ്റി പഠനങ്ങൾ നടന്നിട്ടുണ്ട്. ജനനംമുതൽ പതിനഞ്ചുവയസ്സുവരെ, പതിനഞ്ചുമുതൽ മുപ്പതു വയസ്സുവരെ, മുപ്പതുമുതൽ അറുപതുവയസ്സുവരെ, അറുപതിനുശേഷം എന്നിങ്ങനെയാണു ക്രമം. ഒരു കുഞ്ഞു പിറന്നു വീണു നാലഞ്ചു മാസം കഴിയുന്നതോടെ അസ്പഷ്ടശബ്ദങ്ങളിലൂടെ ആശയപ്രകാശനത്തിനുള്ള ശ്രമം ആരംഭിക്കുന്നു. ഒന്നരവയസ്സാകുമ്പോഴേക്കും കുട്ടികൾ സംസാരിക്കാൻ തുടങ്ങുന്നു. ആ സമയം മുതൽ ഒറ്റപ്പദങ്ങൾ ഉപയോഗിച്ചുള്ള ഭാഷാപരീക്ഷണങ്ങൾ നടത്താൻ പഠിക്കുന്നു. നാലു വയസ്സാകുമ്പോഴേക്കും പ്രഥമഭാഷയുടെ വാക്യഘടനയിൽ ഏറിയപങ്കും കുട്ടികൾ സ്വായത്തമാക്കുന്നു. ഇത്രയും ചുരുങ്ങിയ കാലഘട്ടത്തിൽ ബൗദ്ധികമായി വളർച്ചയെത്താത്ത ശിശുക്കൾ, ഭാഷയെപ്പോലുള്ള ഒരു സങ്കീർണവ്യവസ്ഥ എങ്ങനെ ഉൾക്കൊള്ളുന്നുവെന്നു ഭാഷാശാസ്ത്രകാരന്മാരും മന:ശാസ്ത്രജ്ഞന്മാരും അത്ഭുതംകൊള്ളുന്നു. ഭാഷാർജ്ജനത്തിനുള്ള വാസന മാനുഷർക്ക് ജന്മസിദ്ധമായിരിക്കണം. അനകൂലസാഹചര്യങ്ങളിൽ ഏതു മനുഷ്യശിശുവും ഭാഷ സ്വായത്തമാക്കും. കുഞ്ഞുങ്ങളുടെ ആദ്യകാലത്തെ ഭാഷാഗ്രഹണത്തിനും ഭാഷയുമായുള്ള സമ്പർക്കം അനിവാര്യമാണ്. എന്നാലും പ്രഥമഭാഷയെ – ശിശുവിന്റെ ചുറ്റുവട്ടത്ത് സജീവമായി പ്രയോഗിച്ചുവരുന്ന ഭാഷയെ– അങ്ങനെത്തന്നെ അനുകരിക്കുകയല്ല ശിശുക്കൾ ചെയ്യുന്നത്. അനുകരണം അവയുടെ ഭാഷണപ്രക്രിയയുടെ സ്വഭാവമാണെന്നിരിക്കിലും മുതിർന്നവരുടെ ഭാഷയുടെ ആവർത്തനങ്ങളല്ല ശിശുഭാഷ. കാരണം ഈ രണ്ടു ഭാഷാരീതികൾക്കും വ്യാകരണപരമായി ചില വ്യത്യാസങ്ങൾ ഉണ്ട്.

കുട്ടികളുടെ ആദ്യശബ്ദപ്രകടനം പിറവിക്കരച്ചിലാണ്. ഈ കരച്ചിലും അതോടൊപ്പമുള്ള അവയവങ്ങളുടെ പിടച്ചിലും അന്തരീക്ഷവുമായി പൊരുത്തപ്പെടാനുള്ള സ്വാഭാവിക ശ്രമങ്ങളാണ്. ഗർഭപാത്രത്തിൽനിന്നു വ്യത്യസ്തമായ സമ്മർദ്ദതാപനിലകളുള്ള അന്തരീക്ഷം ഉളവാക്കുന്ന അസ്വാസ്ഥ്യത്തിൽനിന്നുള്ള ആശ്വാസത്തിനുവേണ്ടിയും രക്തസഞ്ചാരം ക്രമീകരിക്കുന്നതിനുവേണ്ടിയും ആണ് പ്രസവിച്ച ഉടനെ കുട്ടി കരയുന്നതും കൈകാലുകൾ കുടയുന്നതുമെല്ലാം. ഇവയെല്ലാം അനിച്ഛാവൃത്തികളാണ്. പിറവിക്കരച്ചിലിൽ തുടങ്ങുന്ന ശിശുക്കളുടെ ശബ്ദപ്രകാശനങ്ങൾ അടുത്ത ആറുമാസക്കാലത്തേക്കു ഭാഷയുമായി പ്രത്യക്ഷബന്ധം പുലർത്തുന്നില്ല. ഈ കാലഘട്ടത്തെ കുറുകൽകാലഘട്ടം എന്നു വിളിക്കും. വ്യതിരിക്തസ്വഭാവമില്ലാത്ത കുറുകൽ ശബ്ദങ്ങൾക്കു ഏറെ ദൈർഘ്യമുണ്ടായിരിക്കുകയില്ല. ഈ ശബ്ദപ്രകാശനങ്ങൾ അബോധപൂർവമായ അനിച്ഛാവൃത്തികളാണ്. ഉച്ചാരണാവയവങ്ങളുടെ നേരിട്ടുള്ള പങ്കു കുറുകൽ ശബ്ദങ്ങൾക്കില്ല.

അടുത്തഘട്ടം ഭാഷാർജ്ജനത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യം അർഹിക്കുന്നു. ദൈർഘ്യമില്ലാത്ത കുറുകൽ ശബ്ദങ്ങളിൽനിന്നും നീണ്ടുനിൽക്കുന്ന ശബ്ദസംഘാതങ്ങളിലേയ്ക്കുള്ള മാറ്റമാണ് ഈ ഘട്ടത്തിൽ സംഭവിക്കുന്നത്. ഉച്ചാരണാവയവങ്ങളെ നിയന്ത്രിച്ചുകൊണ്ടുള്ള ശബ്ദപ്രകാശനങ്ങൾ നടക്കുന്ന ഘട്ടമാണിത്. ശിശുക്കളെ സംബന്ധിച്ചിടത്തോളം രസകരമായ പരീക്ഷണഘട്ടം കൂടിയാണിത്. ഈ ഘട്ടത്തെ കൊഞ്ചൽഘട്ടം എന്നാണു പറയുന്നത്. രണ്ടു മാറ്റങ്ങളാണ് ഈ ഘട്ടത്തിൽ സംഭവിക്കുന്നത്.:-

- ശബ്ദപ്രകടനം ദീർഘമാകുന്നു
- ഉച്ചാരണാവയവങ്ങളുടെ വ്യവസ്ഥാപിതചലനം ഈ ഘട്ടത്തിൽ പ്രകടമാകുന്നു.

ഉച്ചാരണാവയവങ്ങളെ ക്രമീകൃതരീതിയിൽ ഉപയോഗിക്കാനുള്ള പരിശീലനം ഈ ഘട്ടത്തിൽ ശിശുക്കൾ നടത്തുന്നു. എന്നാൽ ഈ ഘട്ടത്തിലും ഭാഷാപ്രയോഗം ആരംഭിക്കുന്നില്ല. ഭാഷാപ്രയോഗത്തിനു സ്വയം സന്നദ്ധരാക്കുന്ന രീതിയിൽ കുട്ടികളിൽ ചില പരിശീലനങ്ങൾ നടക്കുന്നതേയുള്ളൂ. ശിശുക്കളിൽ ആദ്യം പ്രത്യക്ഷപ്പെടുന്ന ഉച്ചരിതശബ്ദങ്ങൾ ഓഷ്ഠ്യങ്ങളായിരിക്കും എന്ന പൊതുധാരണ വേണ്ടത്ര അടിസ്ഥാനമുള്ളതല്ല. പല ശിശുഭാഷാപഠനങ്ങളിലും ആദ്യമായി ഉച്ചരിക്കപ്പെടുന്ന ശബ്ദങ്ങൾ 'ക്' 'ച്' മുതലയാവയാണെന്നു കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഘട്ടത്തിന്റെ അവസാനത്തോടെ സ്വരവ്യഞ്ജനങ്ങൾ വേർതിരിച്ചറിയാവുന്ന വിധത്തിൽ കുട്ടികളുടെ ഉച്ചാരണവൃത്തി വളരെ പുരോഗമിച്ചിരിക്കും.

അടുത്ത ഘട്ടത്തിലാണു ശരിയായ അർത്ഥത്തിൽ കുട്ടികൾ ഭാഷയുമായി പ്രത്യക്ഷസമ്പർക്കം ആരംഭിക്കുന്നത്. ഏതാണ്ടു ഒന്നര വയസ്സാകുമ്പോൾ കുട്ടികൾ ഒറ്റപ്പദങ്ങൾ ഉച്ചരിച്ചു തുടങ്ങും. എന്നാൽ ഏതെല്ലാം പദങ്ങളാണു അവർ ഉച്ചരിച്ചുത്തുടങ്ങുന്നതു എന്നു കണ്ടുപിടിക്കുന്നതു എളുപ്പമല്ല. ആദ്യമൊക്കെ രണ്ടക്ഷരങ്ങളുള്ള പദങ്ങളാണ് കുട്ടികൾ ഉച്ചരിച്ചുതുടങ്ങുന്നത്. ഇത്തരം പദങ്ങൾക്കു സന്ദർഭവ്യത്യാസം അനുസരിച്ചു ഒന്നിലധികം വിവക്ഷകൾ ഉണ്ടാകാം. മാത്രവുമല്ല ആ ഒറ്റപ്പദങ്ങൾ വാക്യധർമ്മമുള്ളതാണ്. സാമാന്യവൽക്കരണം, അമൂർത്തവൽക്കരണം എന്നിവയുടെ പ്രാരംഭഘട്ടങ്ങൾ നടക്കുന്ന കാലമാണിത്. മസ്തിഷ്കത്തിൽ ആശയങ്ങൾ സൂക്ഷിക്കുകയും അവയെ ഭാഷാമൂലകങ്ങളോടു ബന്ധപ്പെടുത്തുകയും ചെയ്യാൻ തുടങ്ങുന്നു. വസ്തുക്കളെ വിവേചിച്ചറിയാനുള്ള മസ്തിഷ്കവികാസം പതുക്കെ പതുക്കെയാണു അവരിൽ ഉണ്ടാകുന്നത്. വിവേചിച്ചറിയാനുള്ള കഴിവിനെ മാതാപിതാക്കന്മാരും മറ്റു കുടുംബാംഗങ്ങളും വാചികമായി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കണം.

ഒറ്റപ്പദഘട്ടത്തിൽനിന്നുള്ള വികാസം പദസംഘാതഘട്ടത്തിലേയ്ക്കാണ്. ഭാഷയിലെ ഘടനയെ സ്വാംശീകരിക്കുന്ന ഘട്ടമാണിത്. ഭാഷാർജ്ജനം വികസിക്കുന്നതിനനുസരിച്ചു അവർ ഇച്ഛാവൃത്തികളിലേയ്ക്കു പ്രവേശിച്ചു തുടങ്ങുന്നു. അബോധമായ പ്രതികരണങ്ങളിലേക്കും അവിടെനിന്നു ബോധപൂർവകമായ പ്രതികരണങ്ങളിലേക്കും മാറിക്കൊണ്ടിരിക്കും. അതിന്റെ ഫലമായി വസ്തുക്കളെയും പ്രവർത്തികളെയും ഗുണങ്ങളെയും തിരിച്ചറിയാനുള്ള കഴിവും വർദ്ധിച്ചുവരുന്നു. ഈ ഘട്ടത്തിൽ അച്ഛനമ്മമാരും കുടുംബാംഗങ്ങളും കുട്ടികളുടെ ഭാഷാപ്രയോഗങ്ങളെ ശ്രദ്ധാപൂർവ്വം പോഷിപ്പിച്ചുകൊണ്ടേയിരിക്കണം. പലപ്പോഴും പോഷണവൃത്തികളുടെ അഭാവമോ പോരായ്മയോ ആണ് കുട്ടികളുടെ ഭാഷാവികാസത്തിൽ മാന്ദ്യം ഉണ്ടാക്കുന്നത്. കുട്ടികൾ ഭാഷയിലെ ഘടനയെ സ്വാംശീകരിക്കുന്ന ഈ ഘട്ടത്തിൽ കുട്ടികളുടെ ദ്വിപദവാക്യങ്ങളിൽ ശ്രദ്ധാപൂർവ്വമായ ഒരു സാമാന്യസ്വഭാവം ഉള്ളതായി ശിശുഭാഷാപഠനങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ദ്വിപദവാക്യത്തിന്റെ ഘടന ഒരു കേന്ദ്രപദവും ഒരു ആശ്രിതപദവും ചേർന്നതായിരിക്കും. കേന്ദ്രപദങ്ങളുടെ സംഖ്യ പരിമിതമായിരിക്കും. ആശ്രിതപദങ്ങളിലൂടെയാണു വ്യത്യസ്ത വ്യാകരണധർമ്മങ്ങളുള്ള പദങ്ങളുടെ വികാസം ഭാഷയിൽ സംഭവിക്കുന്നത്.

കുട്ടികൾ രണ്ടു പദങ്ങൾച്ചേർത്തു ഭാഷാപ്രയോഗം നടത്തുന്ന ഘട്ടം സുപ്രധാനമാണ്. ഒരു വാക്യത്തിലെ ആശയം മുഴുവൻ രണ്ടുപദങ്ങളിൽ ഒതുക്കുന്നതുകൊണ്ടു ഇത്തരം പ്രയോഗങ്ങളെ കമ്പി വാക്യങ്ങൾ (ടെലിഗ്രാം സെന്റൻസസ്) എന്നു പറയുന്നു. കമ്പിയിലൂടെ സന്ദേശം അയയ്ക്കുമ്പോൾ നാം പൂർണവാക്യങ്ങൾ ഉപയോഗിക്കാറില്ല. ഘടനാപര

മായ ഈ സങ്കുചിതത്വമാണ് ഈ രണ്ടു പദങ്ങൾ ചേർന്ന ശിശുസംഭാഷണത്തിനു ആ പേരു വരാൻ കാരണം.

### 1.2. ഭാഷാശാസ്ത്രം

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യശതകത്തിൽ പശ്ചാത്യലോകത്ത് ആരംഭിച്ച ശാസ്ത്രീയമായ ഭാഷാപഠനമാണ് ഭാഷാശാസ്ത്രം. ഭാഷാശാസ്ത്രത്തിന്റെ ചരിത്രം വ്യാകരണത്തിന്റെയും ഫിലോളജിയുടെയുമെല്ലാം ചരിത്രമായ പരമ്പരാഗതവ്യാകരണത്തിന്റേതുതന്നെയാണ്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യശതകത്തിൽ സാസ്യൂർ (Saussure) പാരീസിലും ജനീവയിലും താൻ പഠിപ്പിച്ചിരുന്ന സമഗ്രവും വസ്തുനിഷ്ഠവുമായ ഭാഷാപഗ്രഥനം എന്ന വിഷയത്തിനു നൽകിയപേരാണ് ലിംഗ്വിസ്റ്റിക്സ് (Linguistics).

1936–ൽ ബ്ലൂഫീൽഡ് (Leonard Bloomfield) എന്ന അമേരിക്കൻ പ്രൊഫസർ Language എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടെയാണ് ഭാഷയെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാരംഭിക്കുന്നത്. അതിനുമുമ്പുണ്ടായിരുന്ന പരമ്പരാഗതപഠനങ്ങളിൽ മിക്കതും വസ്തുനിഷ്ഠമല്ലായിരുന്നു. എന്നാൽ രണ്ടായിരത്തിലധികം വർഷങ്ങൾക്കു മുൻപ് ഭാരതീയനായ പാണിനി എഴുതിയ പാണിനീയം എന്ന സംസ്കൃതവ്യാകരണം തികച്ചും ശാസ്ത്രീയമായിരുന്നു. അതുകൊണ്ടാണ് ബ്ലൂഫീൽഡ് മനുഷ്യബുദ്ധിയുടെ ഏറ്റവും മഹത്തായ സ്മാരകങ്ങളിൽ ഒന്ന് എന്ന് പാണിനീയത്തെ പുകഴ്ത്തിയത്. ബ്ലൂഫീൽഡും അതിനുശേഷം ഹോക്കറ്റ് (Charles F. Hockett), പൈക്ക് (Kenneth L. Pike) ഹാരിസ് (Zelling S. Harris), ചോംസ്കി (Noam Chomsky) മുതലായ അമേരിക്കൻ ശാസ്ത്രജ്ഞന്മാരെല്ലാംകൂടി വളർത്തിക്കൊണ്ടുവന്ന ആധുനികഭാഷാശാസ്ത്രം മിക്കവാറും പാണിനിയുടെ ദർശനങ്ങളിൽ അധിഷ്ഠിതമായിരുന്നു.

ലോകത്തെമ്പാടും മാറ്റങ്ങളുണ്ടായ കാലഘട്ടമാണ് നവോത്ഥാനകാലഘട്ടം. എന്നാൽ ഭാഷാപഠനമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകാൻ പിന്നെയും സമയമെടുത്തു. എങ്കിലും നവോത്ഥാനന്തരം സമൂഹത്തിലുണ്ടായ മാറ്റങ്ങൾ ഭാഷാശാസ്ത്രം എന്ന പഠനമേഖലയുടെ തുടക്കത്തിന് സഹായിച്ചിട്ടുണ്ട്. വരമൊഴിയോടൊപ്പം വാമൊഴിക്കു പ്രാധാന്യം കൈവന്ന കാലഘട്ടമായിരുന്നു നവോത്ഥാനകാലഘട്ടം. ഭാഷാശാസ്ത്രത്തിൽ വരമൊഴിയേക്കാൾ പ്രാധാന്യം വാമൊഴിയ്ക്കാണെന്ന് പൊതുവെ പറയാറുണ്ടെങ്കിലും ഭാഷാശാസ്ത്രം വരമൊഴിക്കും വാമൊഴിക്കും തുല്യപ്രാധാന്യം കൊടുക്കുന്നുണ്ട്. വ്യാകരണരംഗത്ത് ക്ലാസിക്കൽ പാരമ്പര്യത്തിന്റെ തുടർച്ചയായിരുന്നു നവോത്ഥാനകാലം. പ്രാമാണികവും നിർദ്ദേശാത്മകവുമായ വ്യാകരണം ഭാഷാഘടകങ്ങളുടെ പരസ്പരബന്ധം സ്വാഭാവികമോ പരമ്പരാഗതമോ എന്നു കണ്ടെത്താൻ ശ്രമിക്കുകയും നല്ല പ്രയോഗങ്ങളെ മാതൃകയാക്കി എഴുത്തും ഉച്ചാരണവും നന്നാക്കുവാൻ ശ്രമിക്കുകയും ചെയ്തു. ഗ്രീക്കും ലാറ്റിനും ഹീബ്രുവും അറബിക്കുമായിരുന്നു നവോത്ഥാനകാലത്തെയും അതിനുശേഷവുമുള്ള യൂറോപ്പിലെ വൈയാകരണന്മാരുടെ മുഖ്യപാഠ്യവിഷയങ്ങളെങ്കിലും മതപ്രചാരകരും സാഹസികയാത്രകരും കണ്ടെത്തിയ ആഫ്രിക്കയിലെയും അമേരിക്കയിലെയും പലഭാഷകളെയും കുറിച്ചുള്ള വിവരങ്ങളും അവരെ സ്വാധീനിച്ചു.

പരമ്പരാഗതവ്യാകരണരീതിയിൽനിന്ന് ഭാഷാപഠനത്തിൽ വലിയൊരു മാറ്റമുണ്ടാകുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം വില്യം ജോൺസിന്റെ രംഗപ്രവേശം വഴിയാണ്. കൊൽക്കത്ത ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായിരുന്ന വില്യം ജോൺസ് (Sir William Jones) 1786 ഫെബ്രുവരി 2 ന് താൻ തന്നെ സ്ഥാപിച്ച കൊൽക്കത്തയിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ മൂന്നാംവാർഷികാഘോഷവേളയിൽ സംസ്കൃതഭാഷയ്ക്കും മറ്റ് യൂറോപ്യൻ ഭാഷകൾക്കും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞു;

> ''അത്ഭുതകരമായ ഒരു ഘടനയാണ് സംസ്കൃതഭാഷയ്ക്കുള്ളത്. ഗ്രീക്കിനേക്കാൾ കുറ്റമറ്റതും ലാറ്റിനെക്കാൾ സമൃദ്ധവും അവ രണ്ടിനേയുംകാൾ സംസ്കരണം നടന്നതും, എന്നാൽ ക്രിയാധാതുക്കളിലും വ്യാകരണരൂപങ്ങ

ളിലും യാദൃച്ഛികമായി സംഭവിക്കുന്നതിനേക്കാൾ ദൃഢമായ അടുപ്പം അവയോടുള്ളതുമാണ് അത്... ഒരുപക്ഷേ ഇപ്പോൾ നിലവിലില്ലാത്ത ഒരേ ഉറവിടത്തിൽ നിന്നുണ്ടായതാണവ എന്നു വിശ്വസിക്കാതെ ഒരു ഭാഷാവിജ്ഞാനിക്കും അവ മൂന്നിനെയും പരിശോധിക്കാനാകില്ല. ഗോഥിക്, കെൽറ്റിക് എന്നിവയ്ക്കും സംസ്കൃതത്തിന്റെ പ്രഭവംതന്നെയാവാം എന്നു കരുതുവാൻ ഇത്തരം കാരണങ്ങൾ തന്നെയുണ്ട്; പ്രാചീന പേർഷ്യൻ ഭാഷയെയും അതേ കുടുംബത്തിൽപ്പെടുത്താം.

*(The Sanskrit language, whatever be its antiquity, is or a wonderman structure; more perfect than the Greek, more copious than the Latin, and more exquisitely refined than either, yet bearing to both of them a stronger affinity, both in the roots of verbs and in the forms of grammar, than could possibly have been produced by accident; so strong, inded, that no philologer could examine them all three, without believing them to have sprung from some common source, which, perhaps, no longer exists.)*

ജോൺസിന്റെ ചരിത്രപ്രാധാന്യമാർന്ന ഈ പ്രസ്താവന 1788-ൽ പ്രസിദ്ധീകൃതമാകുകയും അത് താരതമ്യഭാഷാവിജ്ഞാനീയത്തിന് (comparative philology) അടിത്തറയാവുകയും ചെയ്തു. അങ്ങനെ താരതമ്യഭാഷാപഠനം എന്ന പുതിയൊരു ഭാഷാപഠനമേഖല രൂപംകൊള്ളുകയും അതിന്റെ പ്രധാനസ്ഥലം കൊൽക്കത്തയായിത്തീരുകയും ചെയ്തു. യൂറോപ്പിലെ സാമാന്യഭാഷാവിജ്ഞാനം ആധുനികകാലത്ത് വികസിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിലെ ചരിത്ര-താരതമ്യപഠനങ്ങളുടെ തുടർച്ചയായിട്ടാണ്. പരമ്പരാഗതവ്യാകരണത്തിന്റെ ക്രമാനുഗതമായ മാറ്റങ്ങളും യൂറോപ്യൻ കോളനിവത്ക്കരണത്തിന്റെ ഭാഗമായി പല ഭാഷകളെക്കുറിച്ചുള്ള പഠനവും സംസ്കൃതവും യൂറോപ്യൻ ക്ലാസിക് ഭാഷകളും തമ്മിലുള്ള ബന്ധവും ശാസ്ത്രത്തിന്റെ വികാസവുമെല്ലാം ഇരുപതാംനൂറ്റാണ്ടിൽ ഭാഷാശാസ്ത്രം എന്ന പുതിയ മേഖലയുണ്ടാകാനിടയാക്കിയ കാരണങ്ങളിൽ ചിലതാണ്.

ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനതത്വമായ ശാസ്ത്രീയതയെ സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തത് ബ്ലൂംഫീൽഡാണ്. വസ്തുനിഷ്ഠമായ നിരീക്ഷണ പരീക്ഷണങ്ങളല്ലാത്ത ഒന്നുംതന്നെ ശാസ്ത്രീയ പ്രസ്താവങ്ങളിൽ സ്വീകാര്യമല്ല എന്ന നിലപാട് തന്റെ പുസ്തകങ്ങളിലൂടെയും പ്രബന്ധങ്ങളിലൂടെയും അദ്ദേഹം നിർദ്ദേശിച്ചു. ഇങ്ങനെ ഇരുപതാംനൂറ്റാണ്ടിൽ ഭാഷാപഠനം ശാസ്ത്രീയതയിൽ അധിഷ്ഠിതമായ സമൂലമായ പരിവർത്തനങ്ങൾക്ക് വിധേയമായി. പ്രധാനമായും വിവരണാത്മക ഭാഷാശാസ്ത്രത്തിന്റെ ആവിർഭാവം, രചനാന്തരണ-പ്രജനകവ്യാകരണ പദ്ധതികളുടെ ആരംഭം, ഭാഷയ്ക്ക് ഇതരവിജ്ഞാന ശാഖകളുമായുള്ള സമ്പർക്കത്തെ അടിസ്ഥാനമാക്കിയുള്ള പുതിയ ഭാഷാപഠനശാഖകളുടെ വികാസം എന്നിങ്ങനെ മൂന്ന് കാര്യങ്ങളാണ് ഇരുപതാം നൂറ്റാണ്ടിൽ ഭാഷയെ സംബന്ധിച്ച പഠനരംഗത്ത് സംഭവിച്ചത്.

മറ്റു ജീവികളിൽനിന്ന് മനുഷ്യരെ വേർതിരിച്ച് നിർത്തുന്ന പ്രകടമായ പ്രത്യേകതകളിൽ ഏറ്റവും പ്രധാനം ഭാഷയാണ്. അതിനാൽ ഭാഷയെപ്പറ്റിയുള്ള സമഗ്രപഠനം നമ്മെക്കുറിച്ചുതന്നെയുള്ള അറിവിന്റെ ഭാഗംതന്നെയാണ്. മനുഷ്യന്റെ ആത്മപ്രത്യക്ഷഭാവത്തിലേക്കുള്ള ആദ്യപടിയാണ് ഭാഷാശാസ്ത്രം എന്ന് ബ്ലൂംഫീൽഡ് 1914-ൽ ചൂണ്ടിക്കാട്ടി. പാരമ്പര്യവ്യാകരണരീതികളിൽനിന്ന് ഭാഷാശാസ്ത്രത്തിനുള്ള പ്രധാനപ്പെട്ട വ്യത്യാസവും ഇതുതന്നെയാണ്. പാരമ്പര്യവ്യാകരണങ്ങളിൽ ക്ലാസിക് ഭാഷകളെ മുൻനിർത്തിയുള്ള നിർദ്ദേശവ്യാകരണചിന്തകളായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഭാഷാശാസ്ത്രത്തിൽ ഏതൊരു ഭാഷയും മനുഷ്യന്റെ ജീവൽസ്വഭാവത്തിന്റെ ഭാഗമാണെന്നു കരുതുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് ലോകത്തുള്ള നിരവധി ആദിവാസിഗോത്രഭാഷകളെയും മറ്റും പഠിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായത്.

ഭാഷയിലൂടെയുള്ള എല്ലാ പ്രയോഗങ്ങളും ഭാഷാശാസ്ത്രപഠനത്തിന് വിഷയങ്ങളാണ്. വാമൊഴികൾ പഠനാർഹമല്ല എന്ന നിലപാട് ഭാഷാശാസ്ത്രത്തിലില്ല. ഭാഷാശാസ്ത്രം, ശാസ്ത്രീയപഠനങ്ങളിൽ ഉപയോഗിക്കുന്ന നിരീക്ഷണപരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് നിഗമനങ്ങളിൽ എത്തിച്ചേരുന്നത്. അതായത് ഭാഷാശാസ്ത്രപ

ഗ്രഥനം വസ്തുനിഷ്ഠമായിരിക്കണം എന്ന് ശഠിക്കുന്നു. ശരി–തെറ്റുകളെക്കുറിച്ചൊന്നും ചിന്തിക്കാതെ ഭാഷാപ്രയോഗങ്ങളുടെ ഘടകങ്ങൾ വേർതിരിച്ച് കാണിച്ച് ഘടകങ്ങളുടെ സംയോജനനിയമങ്ങൾ ചൂണ്ടിക്കാണിക്കുക എന്ന വിവരാണത്മകരീതിയാണ് ഭാഷാശാസ്ത്രത്തിൽ സ്വീകരിച്ചിരിക്കുന്നത്. ശാസ്ത്രീയാന്വേഷണങ്ങൾ വസ്തു നിഷ്ഠമായിരിക്കുന്നതുപോലെ ഭാഷാശാസ്ത്രത്തിലെ കണ്ടെത്തലുകളും വസ്തുനിഷ്ഠമാ യിരിക്കണം. തെളിവുകൾ യഥാർത്ഥമായിരിക്കുക, അപഗ്രഥനം യുക്തിഭദ്രമായിരിക്കുക, നിഗമനം പ്രായോഗികസമർത്ഥനത്തിനു ഉതകുന്നതായിരിക്കുക എന്നീ ശാസ്ത്രരീതി ഭാഷാശാസ്ത്രം പിന്തുടരുന്നതുകൊണ്ടാണ് ഇതൊരു ശാസ്ത്രവിഷയമായി പരിഗണിക്കു ന്നത്. ഭാഷയുടെ എല്ലാ തലങ്ങളെയും തുല്യപ്രാധാന്യത്തോടെ അപഗ്രഥിക്കാനാണ് ഭാഷാശാസ്ത്രം ശ്രമിക്കുന്നത്. ഇന്നത് ശരി ഇന്നത് തെറ്റ് എന്ന വിധിപ്രസ്താവം ഭാഷാശാസ്ത്ര സമീപനരീതിയല്ല. സംസാരഭാഷയിൽ ഉപയോഗിക്കുന്ന ഏതു പ്രയോഗത്തിനും അതിന്റേതായ പ്രാധാന്യമുണ്ടെന്ന് ഭാഷാശാസ്ത്രം കരുതുന്നു. ഏത് സാഹചര്യങ്ങളിലാണ് ഇത്തരം പ്രയോഗങ്ങൾ ഉണ്ടാകുന്നതെന്ന് ചൂണ്ടിക്കാട്ടുകയാണ് ഭാഷാശാസ്ത്രകാരന്റെ കർത്തവ്യം. ഇപ്രകാരം ഭാഷാശാസ്ത്രം പരമ്പരാഗത ഭാഷാപഠനങ്ങളിൽനിന്നും തികച്ചും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഭാഷാശാസ്ത്രം അടിസ്ഥാനപരമായി ഭാഷാഘടനയിൽ ഘടകങ്ങൾ എങ്ങനെ ഉൾച്ചേർന്നിരിക്കുന്നു എന്നന്വേഷിക്കുന്നു. നാം പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ, ഏതെല്ലാം മൗഖികാവയവങ്ങളുടെ സഹായാത്താലാണ് ഈ ശബ്ദങ്ങൾ ഉണ്ടാകുന്നത്, അർത്ഥം ഉണ്ടാക്കാൻ കഴിയുന്ന ശബ്ദങ്ങൾ ഏതെല്ലാം, അവയുടെ വിതരണം, പ്രത്യേകതകൾ തുടങ്ങി ഭാഷണശബ്ദങ്ങളെക്കുറിച്ച് പഠിക്കുന്നത് സ്വനിമവിജ്ഞാന (phonology) ത്തിലാണ്. ഈ സ്വനങ്ങൾ കൂടിച്ചേർന്നുണ്ടാകുന്ന പദങ്ങളുടെ രൂപപരമായ സവിശേഷതകൾ, അവയുടെ ആർത്ഥികബന്ധം തുടങ്ങിയ നിരവധികാര്യങ്ങളെക്കുറിച്ച് ഗവേഷണം ചെയ്യുന്നത് രൂപിമവിജ്ഞാനം (Morphology) എന്ന പഠനമേഖലയിലാണ്. രൂപിമങ്ങൾ ചേർന്നുണ്ടാകുന്ന വാക്യത്തെയും അതിന്റെ ഘടനയെയും മറ്റും അന്വേഷിക്കുന്നതാണ് വാക്യവിജ്ഞാനം (syntax). ഭാഷയിലെ ഒരു പ്രയോഗം മുന്നോട്ടുവയ്ക്കുന്ന അർത്ഥവും, അർത്ഥങ്ങളുടെ വ്യത്യാസങ്ങളും അർത്ഥങ്ങൾക്കു ണ്ടാകുന്ന മാറ്റങ്ങളും മറ്റും ചർച്ചചെയ്യുന്നത് അർത്ഥവിജ്ഞാനം (semantics) എന്ന മേഖലയാണ്. സ്വനിമം, രൂപിമം, വാക്യം, അർത്ഥം എന്നിങ്ങനെയുള്ള ഘടകങ്ങൾ ചേർന്നതാണ് ഭാഷാഘടന. ഈ ഭാഷാഘടനയെക്കുറിച്ചാണ് പ്രാഥമികമായി ഭാഷാശാസ്ത്രം അന്വേഷിക്കുന്നത്. കൂടാതെ ഇന്ന് ഭാഷാശാസ്ത്രം എല്ലാ മേഖലകളിലും എത്തിക്കഴിഞ്ഞിരിക്കുന്നു. സംസ്കാരപഠനം എങ്ങനെയാണോ സാഹിത്യവിമർശന സിദ്ധാന്തങ്ങളെയെല്ലാം ഒരുമിച്ചു ചേർത്തത്, അതുപോലെ ഭാഷാശാസ്ത്രം ഭാഷയുമായി ബന്ധപ്പെട്ട എല്ലാ പഠനങ്ങളെയും ഒരുമിച്ചു ചേർത്തു. വിവിധ മേഖലകളിൽ ഭാഷയുടെ സേവനം മനുഷ്യനു ആവശ്യമാണ്. ഭാഷയുമായി ബന്ധപ്പെട്ട മനുഷ്യന്റെ ഏതൊരവസ്ഥയ്ക്കും ശാസ്ത്രീയമായ വിശദീകരണം നല്കാൻ ഭാഷാശാസ്ത്രത്തിനു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഭാഷാശാസ്ത്രത്തിന്റെ പഠനമേഖല വളരെ വലുതാണ് അതിൽ ചിലതുമാത്രം താഴെ സൂചിപ്പിക്കുന്നു.

- **വ്യാകരണം (Grammar)**

വരമൊഴിയെ അല്ലെങ്കിൽ മാനകഭാഷയെയാണ് വ്യാകരണത്തിൽ അപഗ്രഥിക്കുന്നത്. ഇന്നിന്ന പ്രയോഗങ്ങൾ ശരി, ഇന്നിന്ന പ്രയോഗങ്ങൾ തെറ്റ് എന്നിങ്ങനെ ശരി തെറ്റുകളെ ചൂണ്ടിക്കാട്ടി ഭാഷാപ്രയോഗത്തിലുള്ള ശുദ്ധതയെ നിർദ്ദേശിക്കുന്ന രീതിയാണ് വ്യാകരണത്തിനുള്ളത്.

- **ഭാഷാവിജ്ഞാനം (Philology)**

പത്തൊമ്പതാംനൂറ്റാണ്ടിലെ യൂറോപ്യൻ പണ്ഡിതന്മാർ വിവിധഭാഷകളുടെ പരസ്പരബന്ധവും ഉത്പത്തിയും മനസ്സിലാക്കാൻവേണ്ടി ലിഖിതപാഠങ്ങളെ (text) മാത്രം മുൻനിർത്തി നടത്തിയിരുന്ന ഭാഷാതാരതമ്യവിജ്ഞാനപരമായ പഠനമാണ് ഫിലോളജി. ഭാഷാശാസ്ത്രത്തിന് ആദ്യകാലത്ത് ഫിലോളജി എന്നു പറഞ്ഞിരുന്നു. ലിഖിതരേഖകളുടെ (വരമൊഴിയുടെ) പഠനത്തിലൂടെ ഭാഷകളുടെ സ്വഭാവം, ഉത്ഭവം, വളർച്ച എന്നിവയുടെ പഠനമാണ് ഫിലോളജിയിൽ ഉൾപ്പെടുത്തിയിരുന്നത്. വാമൊഴിയുടെ പഠനത്തിനു പ്രാധാന്യം സിദ്ധിച്ചപ്പോൾ ഭാഷാശാസ്ത്രം ഫിലോളജിയിൽ ഒതുങ്ങാതായി.

ഭാഷാശാസ്ത്രം മറ്റൊരു പഠനമേഖലയായി മാറിയപ്പോൾ ഫിലോളജിയുടെ പ്രാധാന്യം കുറഞ്ഞു. ഇന്ന് ഭാഷാഭേദം, സാമൂഹ്യഭാഷാശാസ്ത്രം, വ്യാകരണം, ഭാഷാദ്ധ്യാപനം, ഭാഷണവൈകല്യം, വിവർത്തനം, ആസൂത്രണം തുടങ്ങി നിരവധി മേഖലകൾ ഉൾക്കൊള്ളുന്ന പഠനമേഖലയായി ഭാഷാശാസ്ത്രം മാറി

- **ജീവഭാഷാശാസ്ത്രം (Biolinguistics)**

വക്താവിന്റെയും ശ്രോതാവിന്റെയും ശാരീരികാവസ്ഥയോട് ഭാഷയ്ക്കുള്ള ബന്ധം പഠനവിധേയമാക്കുകയാണ് ജീവഭാഷാശാസ്ത്രം ചെയ്യുന്നത്. പലതരം രോഗങ്ങൾക്കും ലഹരികൾക്കും വിധേയരായവരുടെയും ബഹിരാകാശസഞ്ചാരികളുടെയും ഭാഷ മറ്റുള്ളവരിൽനിന്ന് വ്യത്യാസപ്പെടുന്നതെങ്ങനെയെന്നു ജീവഭാഷാശാസ്ത്രജ്ഞൻ അന്വേഷിക്കുന്നു. ഉറക്കത്തിലെ സംസാരം, മദ്യാസക്തിയിൽ ഒരാളുടെ ഭാഷയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്നിവയെല്ലാം ജീവഭാഷാശാസ്ത്രത്തിന്റെ പരിധിയിൽപ്പെടുന്നു.

- **കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രം (Computational Linguistics)**

കമ്പ്യൂട്ടറിനു ഭാഷകൾ മനസ്സിലാക്കാനുതകുന്ന സാങ്കേതികതകൾ നിർമിക്കുന്ന ഭാഷാശാസ്ത്രപഠനമേഖലയാണ് കമ്പ്യൂട്ടർഭാഷാശാസ്ത്രം അല്ലെങ്കിൽ കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്. മനുഷ്യഭാഷയെയും, അതിന്റെ ഘടനാപരമായ പ്രത്യേകതകളെയും മനസ്സിലാക്കി, അതിനു സമാനമായ കമ്പ്യൂട്ടർ മോഡലുകൾ ഉണ്ടാക്കുകയാണ് ഇതിൽ ചെയ്യുന്നത്. സൂചിക (index) ഗ്ലോസറി, നിഘണ്ടു, വിജ്ഞാനകോശം തുടങ്ങിയ റഫറൻസ് സാമഗ്രികൾ നിർമിക്കുന്നതിൽ കമ്പ്യൂട്ടർ പലവിധത്തിൽ സഹായിക്കുന്നുണ്ട്. ഒരു പുസ്തകത്തിൽ ഒരു പദം അന്വേഷിക്കുന്ന ബുദ്ധിമുട്ട് കമ്പ്യൂട്ടറിൽ ഒരു പദം അന്വേഷിക്കുമ്പോഴുണ്ടാകില്ല, പദങ്ങളെ സെർച്ച് ചെയ്യാനുള്ള സാങ്കേതികവിദ്യ കമ്പ്യൂട്ടറിലുള്ളതുകൊണ്ടാണത്. ഇതുപോലെ സ്പെല്ലിംഗ് ചെക്കർ, വ്യാകരണപ്പിശകുകൾ, വോയ്സ് സെർച്ച്, വോയ്സ് ടൈപ്പിങ്ങ്, യന്ത്രവിവർത്തനം തുടങ്ങിയവ കമ്പ്യൂട്ടറിൽ സാധ്യമാകുന്നത് ഈ പഠനമേഖലയുടെ വളർച്ചയ്ക്കുദാഹരണമാണ്.

- **ജനവർഗഭാഷാശാസ്ത്രം (Ethnolinguistics)**

സംസ്കാരവും ഭാഷയും തമ്മിലുള്ള ബന്ധം ഒരു ജനസമൂഹത്തെ, വംശത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നതെന്ന് ഈ പഠനമേഖല അന്വേഷിക്കുന്നു. നരവംശഭാഷാശാസ്ത്രവുമായി നേരിട്ടു ബന്ധപ്പെട്ടുകിടക്കുന്ന പഠനമേഖലയാണിത്. സംസ്കാരപഠനത്തിന്റെയും നരവംശവിജ്ഞാനത്തിന്റെയും സമ്പർക്കമേഖലയിലാണ് ജനവർഗഭാഷാശാസ്ത്രം ഊന്നുന്നത്.

- **ഭൂഭാഷാശാസ്ത്രം (Geolinguistics)**

ലോകഭാഷകളിൽ ഓരോന്നിന്റെയും പ്രചാരസ്ഥലവും സംസാരിക്കുന്നവരുടെ എണ്ണവും മറ്റും പ്രതിപാദിക്കുന്ന ഭാഷാശാസ്ത്രശാഖ.

- **സ്ഥലിക ഭാഷാശാസ്ത്രം (Spatial Linguistics)**

ഭാഷകൾക്കും ഭാഷാസവിശേഷതകൾക്കും ഭൂമിശാസ്ത്രപരമായ ഘടകങ്ങളോടുള്ള ബന്ധം പ്രധാനപഠനവിഷയമാകുന്ന ഭാഷാശാസ്ത്രവകഭേദം.

- **ഇന്റർനെറ്റ് ഭാഷാശാസ്ത്രം (Internet Linguistics)**

എസ്.എം.എസ്, ഇന്റർനെറ്റ് എന്നിവയിൽ സാധാരണവും ഭാഷയുടെ മറ്റു മണ്ഡലങ്ങളിൽ പതിവില്ലാത്തതുമായ പ്രയോഗങ്ങളുടെ സവിശേഷതകളെക്കുറിച്ചുള്ള പഠനമാണ് ഇന്റർനെറ്റ് ഭാഷാശാസ്ത്രം. പ്രൊഫ. ഡേവിഡ് ക്രിസ്റ്റൽ ആണ് ഇന്റർനെറ്റ് ഭാഷാശാസ്ത്രം എന്ന് ഈ പഠനമേഖലയ്ക്ക് പേര് നൽകിയത്.

- **ഫോറെൻസിക് ഭാഷാശാസ്ത്രം (Forensic Linguistics)**

ഭാഷാശാസ്ത്രാദ്ധ്യാപകനായ യാൻ സ്പാർട്ടിക്കാണ് 1918ൽ ഫോറൻസിക് ഭാഷാശാസ്ത്രം എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത്. ഭാഷാശാസ്ത്രഗവേഷണ ഫലങ്ങൾ കുറ്റാന്വേഷണത്തിനുവേണ്ടി ഉപയോഗിക്കുകയാണ് ഈ പഠനമേഖലയിൽ ചെയ്യുന്നത്. കോടതിയിലെ കേസിന്റെ തെളിവുകളിൽപ്പെടുന്ന ഭാഷാസാമഗ്രികളായ

കൈയ്യക്ഷരം, കത്തിന്റെ രൂപമാതൃക, ശൈലീപരമായ സവിശേഷതകൾ എന്നിവയുടെ ശാസ്ത്രീയപഗ്രഥത്തിലൂടെ കുറ്റന്വേഷണത്തിൽ ഉപയോഗിക്കാൻ കഴിയുന്നു. ഇങ്ങനെയുള്ള ഭാഷാപഗ്രഥനങ്ങളെല്ലാം ഫോറൻസിക് ഭാഷാശാസ്ത്രത്തിൽ ഉൾപ്പെടുന്നു.

- **നാഡീയഭാഷാശാസ്ത്രം (Neurolinguistics)**

ഭാഷയ്ക്കാധാരമായ നാഡീവ്യൂഹപ്രക്രിയകളും ഭാഷയും തമ്മിലുള്ള ബന്ധമാണ് നാഡീഭാഷാശാസ്ത്രം അന്വേഷിക്കുന്നത്. സ്വനം, സ്വനിമം, രൂപം, വാക്യം, കോശികം, അർത്ഥം, വ്യവഹാരം എന്നീ വിവിധതലങ്ങളിലെ അപഗ്രഥനത്തിന്റെ ഫലങ്ങൾ ഭാഷാവൈകല്യപഠനത്തിൽ പ്രസക്തമാകുന്നതെങ്ങനെയെന്ന് നാഡീയഭാഷാശാസ്ത്രം പരിശോധിക്കുന്നു, ഇതുതന്നെയാണ് ക്ലിനിക്കൽ ഭാഷാശാസ്ത്രവും.

- **പ്രയുക്തഭാഷാശാസ്ത്രം (Applied Linguistics)**

ഭാഷകളിലെ താത്വികവും പ്രായോഗികവുമായ എല്ലാ പ്രശ്നങ്ങളെയും നിർദ്ധാരണം ചെയ്യുകയും അവയ്ക്കു പരിഹാരം കാണാൻ ശ്രമിക്കുകയുമാണ് പ്രയുക്തഭാഷാശാസ്ത്രം ചെയ്യുന്നത്. ഭാഷാപ്രയോഗവുമായി ബന്ധപ്പെടുന്ന എല്ലാ വശങ്ങളെയും കൈകാര്യം ചെയ്യാൻ സാധിക്കുന്ന തരത്തിൽ വിശാലമാണ് പ്രയുക്തഭാഷാശാസ്ത്രം. ഭാഷാബോധനം (Language teaching) സ്ഖലിതാപഗ്രഥനം (error analysis) വിവർത്തനം (translation) നിഘണ്ടു നിർമാണം തുടങ്ങി നിരവധി മേഖലകളിലെ പ്രായോഗികബുദ്ധിമുട്ടുകളെ നിർദ്ധാരണം ചെയ്യാനായി പ്രയുക്തഭാഷാശാസ്ത്രം ശ്രമിക്കുന്നു.

- **ഘടനാത്മകഭാഷാശാസ്ത്രം**

സാമൂഹ്യമാറ്റത്തിനനുപേഷണീയമായി കല, സംസ്കാരം, ശാസ്ത്രം, ഭാഷ തുടങ്ങി നിരവധി മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടായ കാലഘട്ടമാണ് ഇരുപതാംനൂറ്റാണ്ട്. ഇതേ നൂറ്റാണ്ടിൽ യൂറോപ്പിൽ സാസ്യൂറിന്റെയും അമേരിക്കയിൽ ബ്ലൂംഫീൽഡിന്റെയും സിദ്ധാന്തങ്ങളെത്തുടർന്നുണ്ടായ ഭാഷാപഗ്രഥനതത്വസംഹിതയാണ് ഘടനാത്മകഭാഷാ ശാസ്ത്രം. ഒരു സാംസ്കാരികപ്രതിഭാസം അതിന്റെ സന്ദേശം നമുക്കു പകർന്നു തരുന്നത് അതിന്റെ ഘടകങ്ങൾ തമ്മിലുള്ള അന്തർലീനബന്ധങ്ങൾ മുഖേനയാണ്. ഭാഷയിൽ സ്വനിമങ്ങളും രൂപിമങ്ങളും തമ്മിലും, സാഹിത്യകൃതിയിൽ ഇതിവൃത്തബന്ധങ്ങൾ തമ്മിലും, അനുഷ്ഠാനങ്ങളിൽ ക്രിയാംശങ്ങൾ തമ്മിലും ഘടനാത്മകബന്ധം നിലനിൽക്കുന്നുണ്ട്. ഇവയെ തനിയെയെടുത്താൽ പ്രത്യേക അർത്ഥമൊന്നുമില്ലെങ്കിലും അവയുടെ ഘടന അർത്ഥബോധനക്ഷമതയുളവാക്കുന്നു. മാനവികസാംസ്കാരികപഠനങ്ങളെ ആകെ മാറ്റിമറച്ച ഈ പുതിയ ഭാഷാപഗ്രഥനപദ്ധതിയെയാണ് ഘടനാവാദം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

പ്രാഗ് (Prague) നഗരത്തെ കേന്ദ്രമാക്കികൊണ്ട് ഭാഷാശാസ്ത്രം, സാഹിത്യം, നരവംശശാസ്ത്രം എന്നീ മേഖലകളിൽ നടന്ന സജീവമായ ഗവേഷണം ഘടനാവാദത്തിന്റെ വികാസത്തിന് അനുകൂലമായ സാഹചര്യങ്ങളൊരുക്കി. ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാംപദത്തിൽ പ്രാഗ്നഗരം ഭാഷാഗവേഷണത്തിന്റെ സിരാകേന്ദ്രമായിത്തീർന്നു. ഭാഷാശാസ്ത്രരംഗത്ത് അത്ഭുതപൂർവമായ പുരോഗതിയുണ്ടാവുകയും അത് സമഗ്രമായ പരിവർത്തനത്തിനു വിധേയമാകുകയും സുപ്രധാനങ്ങളായ പല ആധുനികസിദ്ധാന്തങ്ങളും പദ്ധതികളും രൂപംകൊള്ളുകയും ചെയ്ത കാലമായിരുന്നു ഇത്. ഈ സംഭവവികാസങ്ങളിൽ പലതിനും നേതൃത്വം വഹിച്ചത് പ്രാഗ് ലിംഗ്വിസ്റ്റിക് സ്കൂൾ എന്നറിയപ്പെടുന്ന ഭാഷാഗവേഷകസംഘമാണ്. സ്ട്രക്ച്ചർ എന്ന ആശയത്തെ കേന്ദ്രമാക്കിയുള്ള ചിന്ത അവരുടെ നൂതനമായ ഭാഷാശാസ്ത്രസമീപനത്തിന്റെ മുഖ്യഘടകങ്ങളിൽ ഒന്നായിരുന്നു. അങ്ങനെ ഭാഷാശാസ്ത്രത്തിൽ സ്ട്രക്ച്ചറലിസം പ്രതിഷ്ഠനേടി.

കൃത്യമായി നിർണയിച്ചെടുക്കാൻ കഴിയുന്ന ഘടകങ്ങളുടെ വ്യവസ്ഥാപൂർവമായ സംയോജനമാണ് ഘടന എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സാമൂഹ്യ-സാംസ്കാരിക പരിചയം വഴി മനുഷ്യന് ഓരോ വസ്തുവിനെയും കൃത്യമായി നിർണയിക്കാനായി കഴിയും. ഉദാഹരണമായി ആന എന്ന ജീവിയുടെ നിർമിതിയിൽ ആനയുടെ തുമ്പിക്കൈ, കൊമ്പ്, കാൽ, വാൽ തുടങ്ങി നിരവധി ഘടകങ്ങൾ ചേർന്നിരിക്കുന്നു. ആനയുടെ ഘടനയിൽ

ഇപ്രകാരം കൃത്യമായി നിർണയിച്ചെടുക്കാൻ കഴിയുന്ന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. നേരെമറിച്ച് തുമ്പിക്കൈ ആനയ്ക്കില്ലെങ്കിൽ ആ ഘടനയിൽ പൊരുത്തക്കേടുകളുണ്ടാകുന്നു. നാലുകാലിനുപകരം ഒന്നു കുറഞ്ഞാലോ കൂടിയാലോ ഇപ്രകാരമുള്ള വ്യവസ്ഥ നഷ്ടപ്പെടുന്നതുകൊണ്ടാണ്. ഇങ്ങനെ കൃത്യമായി നിർണയിച്ചെടുക്കാൻ കഴിയുന്ന ഘടകങ്ങളുടെ വ്യവസ്ഥാപൂർവമായ സംയോജനമാണ് ആന എന്ന ജീവിയുടെ ഘടനയെ ഉണ്ടാക്കുന്നത്.

ഭാഷയെ ഘടനയായി കാണണമെന്നുള്ള ദർശനം ഭാഷാശാസ്ത്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മുന്നേറ്റമായിരുന്നു. ഭാഷയെ ശാസ്ത്രീയമായി അപഗ്രഥിക്കാനും ഇഴകീറി പഠിക്കാമെന്നുമെല്ലാം വന്നപ്പോൾ ഭാഷാഘടകങ്ങളെപറ്റിയും ഘടനയെ പറ്റിയും പുനരാലോചനകളുണ്ടായി. ആശയവിനിമയത്തിന്റെ ഏറ്റവും ചെറിയ ഏകകമായ വാക്യത്തെ പദങ്ങളായും രൂപിമങ്ങളായും സ്വനിമങ്ങളായും അടുക്കടുക്കായി ഇഴപിരിക്കാമെന്ന് ഘടനാവാദം കണ്ടെത്തി, ഭാഷയെന്നാൽ സങ്കീർണമായ വ്യവസ്ഥതന്നെയാണെന്ന് ഘടനാവാദം സിദ്ധിച്ചു. സ്വനങ്ങൾ കൂടിച്ചേർന്നുണ്ടാകുന്ന രൂപതലം, രൂപിമങ്ങൾ ചേർന്നുണ്ടാകുന്ന പദതലം, പദങ്ങൾ ചേർന്നുണ്ടാകുന്ന വാക്യതലം എന്നിങ്ങനെ അടുക്കടുക്കായുള്ള രണ്ടിലധികം തലങ്ങളുടെ കൂടിച്ചേരലാണ് സങ്കീർണ വ്യവസ്ഥ ഉണ്ടാക്കുന്നത്. സാസ്യൂറിന്റെ ഈ ഘടനാവാദസങ്കല്പം അന്നുവരെ നിലവിലുണ്ടായിരുന്ന ഭാഷയെക്കുറിച്ചുള്ള പരമ്പരാഗതചിന്തകളെ അട്ടിമറിച്ചു.

കേവലശബ്ദത്തിന് അസ്തിത്വമില്ല, എന്നാൽ അർത്ഥവുമായി ബന്ധപ്പെടുത്തുമ്പോൾ ശാരീരികവും മാനസികവുമായ മാനങ്ങൾ അതിനുണ്ടാകുന്നു. വൈയക്തിക തലത്തോടൊപ്പം സാമൂഹിക തലവും ഭാഷയ്ക്കുണ്ട്. രൂഢിയായിരിക്കുമ്പോൾത്തന്നെ പരിണാമവിധേയം കൂടിയാണിത്, ഉച്ചാരണഅവയവങ്ങളെ ആശ്രയിക്കുന്ന ഭാഷ ശ്രോതാവിന് ശ്രവണപ്രതീതി മാത്രമാണ് എന്നിങ്ങനെയുള്ള നാല് വിരുദ്ധതലങ്ങളിൽ ഏതിനെ മുൻനിർത്തികൊണ്ട് ഭാഷയെ സമീപിക്കണമെന്ന സംശയങ്ങൾ ഉണ്ടാകുമെന്നതുകൊണ്ട്, അത്തരം ദ്വന്ദ്വങ്ങൾക്ക് ഇടംനൽകാത്ത ഘടനാതലത്തെ ആശ്രയിച്ചുകൊണ്ടേ ഭാഷയെ പഠനവിഷയമാക്കാവൂ എന്നു സൊസൂർ സിദ്ധാന്തിക്കുന്നു. സാസൂറിന്റെ ഭാഷാപരമായ മുഖ്യസങ്കല്പങ്ങൾ ഇവയാണ്;

1. ഏകകാലികവും ബഹുകാലികവുമായ വസ്തുതകൾ ഭാഷാപഠനത്തിൽ കൂടിക്കുഴഞ്ഞു പോകാതെ വെവ്വേറെ പരിശോധിക്കണം.
2. ഭാഷയെ പഠിക്കുമ്പോൾ ഭാഷ (langue), ഭാഷണം (parole) എന്നീ സങ്കല്പങ്ങളും വേർതിരിച്ചുതന്നെ ഭാഷാശാസ്ത്രജ്ഞൻ കാണേണ്ടതാണ്.
3. ഒരു ചിഹ്നവ്യവസ്ഥയെന്ന നിലയിൽ ഭാഷീയചിഹ്നം നിയുക്തിക (arbitrary) വും ഒന്നിനു പകരം മറ്റൊന്നു വയ്ക്കാനാകാത്തതുമാകുന്നു. ഭാഷയിലെ ഓരോ ചിഹ്നത്തിനും മൂല്യം സിദ്ധിക്കുന്നത് മറ്റ് ചിഹ്നങ്ങളോട് അതിനുള്ള ബന്ധങ്ങളിൽനിന്നാണ്.
4. ലംബതല (paradaigmatic level)ത്തിലെ വ്യവസ്ഥീയബന്ധങ്ങളും തിരിശ്ചീനതല (syntagmatic level)ത്തിലെ ഘടനാപര (structural) ബന്ധങ്ങളും ഇണങ്ങിയതാണു ഭാഷ.

ഘടനാത്മകഭാഷാശാസ്ത്രനാമത്തിന്റെ നാല് അടിസ്ഥാനധാരണകളാണ് ഭാഷ/ഭാഷണം (ലാങ്/പരോൾ), സൂചകം/സൂചിതം; ഏകകാലികം/ബഹുകാലികം; വിന്യസനപരം/സദൃശ്യപരം എന്നിവ.

**1. ലാങ്-പരോൾ**

പരമ്പരാഗതവും വ്യവസ്ഥാപിതവുമായ ഭാഷീയമാതൃകകളുടെ കൂട്ടത്തെ അഥവാ ഭാഷണസമൂഹം ഉപയോഗപ്പെടുത്തുന്ന സമഗ്രമായ വ്യാകരണവ്യവസ്ഥയെ സൂചിപ്പിക്കാൻ സാസൂർ ഉപയോഗിച്ച സംജ്ഞയാണ് ലാങ്, ഭാഷാപ്രയോക്താക്കളായ നാമെല്ലാം ഉൾപ്പെടുന്ന സമൂഹത്തിന് ഭാഷയെക്കുറിച്ചുള്ള ധാരണയാണിത്. എല്ലാ വ്യക്തികളുടെയും തലച്ചോറിൽ കുടികൊള്ളുന്ന ഭാഷാധാരണകളുടെ ആകെത്തുകയാണ് ലാങ്. എല്ലാവരിലും ജന്മനാൽ ലഭിക്കുന്ന വ്യാകരണവ്യവസ്ഥയാണത്. ശബ്ദവ്യവസ്ഥ, പദാവലി, പൊതുനിയമങ്ങൾ എന്നിവയുടെ സാകല്യമാണത്.

സുഘടിതമായ ഒരു സാമൂഹികപ്രതിഭാസവും പദാവലീ–വ്യാകരണവ്യവസ്ഥകളുടെ ആകെത്തുകയുമായ ലാങ്ങാണ് ഏതൊരു വ്യവഹാരത്തിലും വക്താവിനും ശ്രോതാവിനും ഭാഷ പ്രയോഗിക്കാനുള്ള അടിസ്ഥാനം നല്കുന്നത്. അതാത് സമൂഹം സ്വീകരിച്ചിട്ടുള്ള അനുപേക്ഷണീയമായ ചിട്ടകളുടെ സമാഹാരമാണ് ലാങ്ങ്. അതിനെ അനുസരിച്ചുകൊണ്ട് ഓരോ വ്യക്തിയും നടത്തുന്ന ഭാഷണം അഥവാ ഭാഷാപ്രയോഗമാണ് പരോൾ. അത് ഓരോ സന്ദർഭത്തിലും ഒരു വ്യക്തി നടത്തുന്ന ഭാഷാപരമായ പ്രയോഗം മാത്രമാണ്. അത് അർത്ഥവത്താകുന്നത് ലാങ്ങിന്റെ വ്യവസ്ഥയിലാണ്. അതായത് ഒരു പ്രത്യേക സന്ദർഭത്തിൽ ഒരു പ്രത്യേക വ്യക്തി ഉപയോഗപ്പെടുത്തുന്ന ഭാഷണരൂപമാണ് പരോളെങ്കിൽ ആ പരോളിനെ പ്രയോഗസാദ്ധ്യമാക്കുന്നത് ലാങ്ങാണ്.

**2. സൂചകം–സൂചിതം**

സൂചകം (signifier) സൂചിതം (signified) എന്നിങ്ങനെയുള്ള രണ്ടു ഘടകങ്ങൾ കൂടിച്ചേർന്നുണ്ടാകുന്നതാണ് ചിഹ്നം. ശബ്ദം, ബിംബം, ആംഗ്യം എന്നിവയുടെ രണ്ടു ഇന്ദ്രിയാനുഭൂതിപരമായ ബിംബമാണ് സൂചകം. അതിനോടൊപ്പം മനസ്സിൽ തെളിഞ്ഞുവരുന്ന ആശയബിംബമാണ് സൂചിതം. ഭാഷയെ മുൻനിർത്തി ശബ്ദബിംബം (sound image) ആണ് സൂചകമെന്നും അത് കേൾക്കുമ്പോൾ മനസ്സിലാകുന്ന സങ്കല്പമാണ് സൂചിതമെന്നും സൊസൂർ വിശദീകരിക്കുന്നു.

**3. ഏകകാലികം – ബഹുകാലികം**

ഘടനാവാദത്തിനു മുൻപ് പ്രബലമായിരുന്ന ആഗമികഭാഷാശാസ്ത്രവും തുലനാത്മകഭാഷാപദ്ധതിയും ഒരു പരിധിവരെ ശാസ്ത്രീയമായിരുന്നില്ല. വർത്തമാനകാലഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടായിരുന്നില്ല ആ പദ്ധതികൾ വികസിച്ചുവന്നത്. വർത്തമാനകാലഭാഷയ്ക്കും ഏകകാലികപഠനത്തിനും പ്രാധാന്യം നൽകികൊണ്ട് കടന്നുവന്ന ഘടനാവാദം ഭാഷാപഠനമേഖലയ്ക്ക് പുത്തനുണർവ് നല്കി. ഭാഷയെക്കുറിച്ചുള്ള പഠനത്തിൽ രണ്ടു സമീപനങ്ങൾ സാദ്ധ്യമാണ്. ഒരു നിശ്ചിതകാല ഘട്ടത്തെ ആധാരമാക്കിയുള്ള ഭാഷാപഗ്രഥനമാണ് ഏകകാലികപഠനം. പല കാലഘട്ടങ്ങളിൽ സംഭവിക്കുന്ന ദീർഘമായ ചരിത്രത്തിൽ സംഭവിക്കുന്ന ഭാഷാപരിണാമത്തിന്റെ അപഗ്രഥനമാണ് ബഹുകാലികപഠനം. സൊസൂറിന്റെ കാഴ്ചപ്പാടിൽ ഭാഷാസമൂഹത്തെ സംബന്ധിച്ചിടത്തോളം ഏകകാലികാപഗ്രഥനരീതിയാണ് പ്രധാനമായത്. ബഹുകാലികാപഗ്രഥനത്തിൽ ഭാഷയെയല്ല അതിനെ മാറ്റിമറിച്ച സംഭവങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ ഭാഷകരിൽനിന്നും തെളിവുകൾ ശേഖരിച്ചുകൊണ്ടാണ് ഏകകാലികാപഗ്രഥനം മുന്നേറുന്നത്.

**4. വിന്യസനപരം – സാദൃശ്യപരം**

വിന്യസനപരവും സാദൃശ്യപരവുമായ ശൃംഖലകളെക്കുറിച്ചുള്ളതാണ് ഘടനാവാദ ത്തിന്റെ ആധാരശിലകളിൽ പ്രധാനമായ മറ്റൊരു സാസൂറിയൻ സങ്കല്പം. ഘടനയുടെ ഉള്ളിൽ ഘടകങ്ങൾ വിന്യസിക്കുന്ന രീതിയെയാണ് വിന്യസനപരം എന്നതുകൊണ്ടുദ്ദേശി ക്കുന്നത്. വാക്യത്തിൽ മുൻപിൽ, പിൻപിൽ, നടുവിൽ എന്നിങ്ങനെ പദങ്ങൾ വിന്യസിക്കുന്ന സമ്പ്രദായം ഇതിനുദാഹരണമാണ്.

അമേരിക്കയിൽ ബ്ലൂംഫിൽഡിന്റെ സിദ്ധാന്തങ്ങളെത്തുടർന്നാണ് ഘടനാവദം ശക്തിപ്രാപിച്ചത്. ഭാഷാപരമായ അർത്ഥങ്ങളുടെ ചിഹ്നങ്ങളെല്ലാം ഭൗതികഘടകങ്ങളെ ആധാരമാക്കി വിവരിക്കാവുന്ന രൂപപരമായ വസ്തുതകളെന്നായിരുന്നു ബ്ലൂംഫീൽഡിയൻ ഘടനാവാദത്തിന്റെ കാഴ്ചപ്പാട്. ഭാഷയുടെ അപഗ്രഥനവും വിവരണവും ശാസ്ത്രദൃഷ്ട്യാ ഭദ്രമായ ഒരു സിദ്ധാന്തത്തിനു നിരക്കണം; ആ സിദ്ധാന്തമാകട്ടെ ലളിതവും സമഗ്രവും പ്രയോജനകരവും അംഗോപാംഗപ്പൊരുത്തമാർന്നതും അന്യോന്യവൈരുദ്ധ്യരഹിതവുമായിരി ക്കണം എന്നും അമേരിക്കൻ ഘടനാവാദികൾ സിദ്ധാന്തിച്ചു. കൂടാതെ ഓരോ ഭാഷയുടെയും ഭാഷാഭേദത്തിന്റെയും വിവരണം തയ്യാറാക്കുന്നത് അതതിന്റെ മാത്രം അടിസ്ഥാനത്തിലാവണം; സാർവലൗകികവ്യാകരണം എന്നൊന്നില്ല എന്നും അവർ വാദിച്ചു. വാമൊഴിയാണ് മൗലികമെന്നും ദൃശ്യചിഹ്നങ്ങളിലൂടെ ഭാഷണം രേഖപ്പെടുത്താനുള്ള ഒരു വഴിമാത്രമാണ് എഴുത്തെന്നും, എഴുത്ത് ഭാഷയായി കരുതാൻ സാധിക്കയില്ലായെന്നും ആണ് അമേരിക്കൻ ഘടനാവാദികളുടെ മറ്റൊരു പ്രധാന നിരീക്ഷണം. മാതൃഭാഷകരുടെ

പ്രയോഗമാണ് അവരുടെ ഭാഷ, അവർ എങ്ങനെ സംസാരിക്കണമെന്നതിനെക്കുറിച്ച് മറ്റുള്ളവർ എന്തു കരുതുന്നു എന്നത് പ്രധാനമായി കാണേണ്ടതില്ല. കൂടാതെ ഭൗതികമായ വസ്തുതകളെ ആസ്പദമാക്കിയ പ്രസ്താവങ്ങൾക്കും വിവരണങ്ങൾക്കുമേ പ്രസക്തിയുള്ളൂ. രൂപപരമായ വസ്തുതകളുടെ മാത്രം അടിസ്ഥാനത്തിൽവേണം അപഗ്രഥനവും വിവരണവും. വൈകാരികാംശങ്ങളും ആലങ്കാരികഭാഷാശൈലിയും ഈ രംഗത്ത് അപ്രസക്തമാണെന്ന് ഇക്കൂട്ടർ പറഞ്ഞു. ഭാഷാശാസ്ത്രജ്ഞൻ ഭാഷാപഗ്രഥനത്തിൽ നിപുണനാവണം, ബഹുഭാഷകൻ ആവണമെന്നില്ല. മാതൃഭാഷ സംസാരിക്കുന്ന ഒരാളുടെ സേവനം ആവേദകൻ എന്ന നിലയിൽ വേണ്ടുംവിധം പ്രയോജനപ്പെടുത്തിയാൽ ഏതു ഭാഷയുടേയും വിവരണം തയ്യാറാക്കാൻ ഭാഷാശാസ്ത്രജ്ഞനു കഴിയുമെന്ന് അമേരിക്കൻ ഘടനാവാദികൾ ഊന്നിപ്പറഞ്ഞു.

ആദിവാസിഭാഷകളെപ്പറ്റി അമേരിക്കയിൽ സാംസ്കാരികവംശവിജ്ഞാനികളുടെ നേതൃത്വത്തിൽ വൻതോതിൽ നടന്ന ബഹുമുഖപഠനങ്ങളിലെ ഭാഷാപ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായ അടിത്തറ പാകിയത് *ലാംഗ്വേജ്* (Language 1933) എന്ന ബ്ലൂംഫീൽഡിന്റെ ഗ്രന്ഥമാണ്. വസ്തുനിഷ്ഠമായ നിരീക്ഷണങ്ങൾക്കതീതമായ ഒന്നുംതന്നെ ശാസ്ത്രീയ പ്രസ്താവങ്ങളിൽ അംഗീകാരമല്ല എന്ന വിട്ടുവീഴ്ചയില്ലാത്ത നിലപാട് ആദ്യമായി കൈക്കൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്തത് ബ്ലൂംഫീൽഡാണ്. നിഷ്കൃഷ്ടമായ വസ്തുസമാഹരണം, ഭാഷണത്തിലെ വിവിധ ഏകകങ്ങളുടെ വിതരണം, സൂക്ഷ്മവും സമഗ്രവുമായി പരിശോധിച്ചു പരാമവധി ലളിതമായ വിതരണനിയമങ്ങളിൽ എത്തിച്ചേരൽ– ഇതാണ് ബ്ലൂംഫീൽഡിയൻ ഭാഷാശാസ്ത്രത്തിലെ കണ്ടെത്തൽ രീതിശാസ്ത്രം. 1950കളുടെ ഒടുവിൽ ചോംസ്കിയുടെ രംഗപ്രവേശംവരെ അമേരിക്കൻ ഭാഷാശാസ്ത്രജ്ഞരിൽ ബഹുഭൂരിപക്ഷത്തെയും സ്വാധീനിച്ചത് ബ്ലൂംഫീൽഡിയൻ ചിന്തകളും അദ്ദേഹത്തിന്റെ ലാംഗ്വേജ് എന്ന ഗ്രന്ഥവുമായിരുന്നു. ബ്ലൂംഫീൽഡിയൻ മാതൃകയിലുള്ള ഘടനാത്മകഭാഷാശാസ്ത്രത്തിനു പരമാവധി ശാസ്ത്രീയഭദ്രത കൈവരുത്തിയ ഭാഷാശാസ്ത്രജ്ഞനാണ് ഹാരിസ് (Zelling S. Harris).

റോമൻ യാക്കുബ്സൻ, ഡേവിഡ് ലോഡ്ജ്, റൊണാൾഡ് ബാർക്സ്, ക്ലൗഡി ലെവി സ്ട്രോസ്, ജാക്വസ് ലക്കാൻ, ജാക്വസ് ദെറീദ എന്നിവർ ഘടനാവാദത്തെ ഭാഷയിലും സാഹിത്യത്തിലും പുനരാലോചനയ്ക്ക് വിധേയമാക്കിയ വരാണ്.

സൊസൂറിന്റെ നിലപാടുകൾ മറ്റൊരു നിലയിൽ വിശദീകരിക്കുകയാണ് നോം ചോംസ്കി. ലാങ്–പരോൾ എന്ന ദ്വന്ദ്വകല്പനം അപര്യാപ്തമെന്നറിഞ്ഞ് ഭാഷാവിജ്ഞാനം (competance), ഭാഷാനിർവ്വഹണം (performance) എന്ന ദ്വന്ദ്വസങ്കല്പം അദ്ദേഹം ഘടനാത്മക ഭാഷാശാസ്ത്രത്തിനു മുൻപിൽ അവതരിപ്പിച്ചു. ലാങ് സാമൂഹികതയിലൂന്നുമ്പോൾ കോംപിറ്റൻസ് വൈയക്തികതയിലാണ് ഊന്നുന്നത്. അഗാധഘടനയിൽ (Deep structure) നിറയുന്ന ഭാഷാർജ്ജനത്തിനുശേഷം മാത്രമേ, ഉപരിഘടനയിലുള്ള (Surface structure) ഭാഷാനിർവ്വഹണം സാദ്ധ്യമാകൂ എന്നദ്ദേഹം വിലയിരുത്തുന്നു. എന്നാൽ വ്യക്തി നേടിയെടുത്ത ഭാഷാജ്ഞാനത്തിന്റെ ചെറിയ ശതമാനം മാത്രമാണ് പ്രയോഗിക്കാൻ കഴിയുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ പ്രയോഗിക്കാനാകുന്ന ഭാഷാപ്രയോഗത്തിനു മാത്രമേ സാർത്ഥകതയുള്ളൂ. അതിന്റെ അളവ് ഓരോ വ്യക്തിയിലും ഏറിയും കുറഞ്ഞും ഇരിക്കുന്നുവെന്നുമാത്രം. ഒരേ വ്യക്തിതന്നെ വ്യത്യസ്തസന്ദർഭങ്ങളിൽ വ്യത്യസ്തമായി ഭാഷാനിർവ്വഹണം നടത്തുന്നതും അതിസാധാരണമാണെന്ന് അദ്ദേഹം പറയുന്നു.

- **പ്രജനകാർത്ഥവിജ്ഞാനം**

1957–ൽ പ്രകാശിതമായ *Syntactic structures* എന്ന ഗ്രന്ഥം ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം എന്നു കേളികേട്ട വാക്യഘടനാപരമായ പഠനസാദ്ധ്യതകൾക്കു തുടക്കം കുറിച്ചു. മീനും പക്ഷിയും നീന്തുകയും പറക്കുകയും ചെയ്യുന്നതുപോലെയാണ് മനുഷ്യർ സംസാരിക്കുന്നത്. മീനിനും പക്ഷിക്കുമുള്ള ആ കഴിവുകളുടെ ആധാരം ജനിതസിദ്ധിയോടു ബന്ധപ്പെട്ട സങ്കീർണതയാർന്ന ജൈവസംരചനയാണെങ്കിൽ മനുഷ്യർക്ക് ഭാഷ പ്രയോഗിക്കാനുള്ള ആ കഴിവിന്റെ മൗലികമായ ആധാരം മാനസികസംരചനയാണ്. 1965–ൽ ചോംസ്കി വാക്യരചനാതത്ത്വങ്ങളുടെ ചില

മുഖങ്ങളെപ്പറ്റി Aspects of the Theory of Syntax എന്ന ഗ്രന്ഥത്തിൽ ചർച്ച ചെയ്തുകൊണ്ടാണ് തന്റെ രചനാന്തരണ സിദ്ധാന്തം പരിഷ്കരിക്കുന്നത്. ഏതൊരു വാക്യത്തിനും ബാഹ്യഘടനയോടൊപ്പം (surface structure) ആന്തരരചനയും (deep structure) ഉണ്ടെന്നതായിരുന്നു അതിപ്രധാനമായ ഈ പരിഷ്കരണത്തിൽ അടങ്ങിയ വ്യാകരണരഹസ്യം. ആശയനിവേദനത്തിനാവശ്യമായ എല്ലാ ഉപാധികളും ആന്തരരചനയിലുണ്ട്. ആശയവിനിമയക്ഷമമായ ശാബ്ദികരൂപങ്ങൾ, സചേതനം, അചേതനം എന്നീ ഉപവിഭാഗങ്ങൾ, പദപ്രത്യയക്രമങ്ങൾ, ലിംഗവചനകാലാദി വ്യാകരണാംശങ്ങൾ, കർത്തൃകർമാദികളായ വ്യാകരണബന്ധങ്ങൾ, അംഗവാക്യഘടന – ഇവയെല്ലാം ആന്തരഘടനയുടെ പരിധിയിലാണ്. ഭാഷാപ്രയോഗങ്ങളിൽ ആദ്യം ഉണ്ടാകുന്നത് ആന്തരഘടനയാണ്. ഭാഷാജ്ഞാനംതന്നെയാണ് ആന്തരരചന.

ആന്തരരചനയിൽനിന്നാണ് ബാഹ്യഘടന ഉണ്ടാകുന്നത്. ഇത്തരം പരിവർത്തന ത്തിന്റെ വ്യവസ്ഥാപനമാണ് രചനാന്തരണവ്യാകരണം. ബാഹ്യരചന എന്നാൽ ഭാഷാപ്രയോഗവൈവിദ്ധ്യം എന്നാണർത്ഥം. ആ നിലക്ക് പ്രജനകവ്യാകരണം ഭാഷകന്റെ ഉള്ളിലുള്ള ഭാഷാവിജ്ഞാനത്തിന്റെ വിവരണമാണ്. ഭാഷാവിജ്ഞാനം സത്യത്തിൽ ഭാഷയെ നിയമനം നടത്തുന്ന വ്യവസ്ഥകളെക്കുറിച്ചുള്ള തിരിച്ചറിവാണ്. ഒരു വാക്യത്തിന്റെ ആന്തരരചനാവാക്യഘടന എന്നതിലുപരി അർത്ഥഘടനയാണെന്നാണ് പ്രജനകാർത്ഥവിജ്ഞാനം സിദ്ധാന്തിക്കുന്നത്;

> “a theory of generative grammar holding that the deep structure of a sentence is equivalant to its semantic represantation, from which surface structure can then be derived using only one set of rules that relate underlying meaning and surface from rather than separate sets of semantic and syntactic rules”.

## 1.3. അപഗ്രഥനരീതികൾ

ഭാഷാപഠനത്തിന് വ്യത്യസ്ത അപഗ്രഥനരീതികൾ ഉപയോഗിക്കുന്നുണ്ട്. പഠനങ്ങൾ വ്യവസ്ഥാപൂർണമാകണമെങ്കിൽ പഠനലക്ഷ്യത്തിന് അനുഗുണമായ അപഗ്രഥനരീതികൾ ഉപയോഗിക്കേണ്ടിവരും. ഭാഷാപഠനം ശാസ്ത്രീയമായ വ്യവസ്ഥയോടുകൂടിയും അതിനേ ക്കാളുപരി സുഖകരവുമാകണമെങ്കിൽ പഠനത്തിനു അനുയോജ്യമായ രീതിശാസ്ത്രം അവലംബിക്കേണ്ടതുണ്ട്. ഇങ്ങനെ ഭാഷാപഠനത്തിന്റെ സ്വഭാവമനുസരിച്ച് അതിന്റെ ലക്ഷ്യമനുസരിച്ച് വ്യത്യസ്ത രീതികളാണ് ഭാഷാശാസ്ത്രത്തിൽ ഉപയോഗിക്കുന്നത്. ഇതിനെയാണ് പൊതുവെ ഭാഷാപഗ്രഥനരീതികൾ എന്നുപറയുന്നുത്. ഏകകാലികം, ബഹുകാലികം, വിവരണാത്മകം, ആഗമികം, നിർദ്ദേശാത്മകം, തുടങ്ങിയ അപഗ്രഥനരീതികൾ ഭാഷാപഠനത്തിനായി ഉപയോഗിക്കുന്നുണ്ട്. ഗവേഷകനു തന്റെ വിഷയസ്വഭാവമനുസരിച്ച് ഇതിൽ ഏതുവേണമെന്ന് തീരുമാനിക്കാം.

- **ഏകകാലികം (Synchronic Linguistics)**

പേരു സൂചിപ്പിക്കുന്നതുപോലെ ഒരു പ്രത്യേക കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നതാണ് ഏകകാലികഭാഷാപഠനം “Synchronic linguistics, the study of a language at a given point in times. The time studies may be either the present or a particular point in the past.” ഒരു പ്രത്യേകകാലഘട്ടത്തിലെ വാമൊഴി ഭേദങ്ങളെയോ കൃതികളിലെ ഭാഷയെയോ ആസ്പദമാക്കിയുള്ള പഠനം ഏകകാലികപഠനപരിധിയിൽ ഉൾപ്പെടുന്നു. രാമചരിതത്തിലെ ഭാഷ, എഴുത്തച്ഛൻ കൃതികളിലെ ഭാഷ, ഭാഷാഭേദപഠനം, ഒമ്പതാംനൂറ്റാണ്ടിലെ ശാസനഭാഷ എന്നിങ്ങനെ കാലാധിഷ്ഠിതമായ പഠനങ്ങളെല്ലാം ഏകകാലികപഠനത്തിന്റെ മേഖലയിൽ വരുന്നതാണ്. ആധുനികഭാഷാശാസ്ത്രത്തിന്റെ ആരംഭത്തിൽ വാമൊഴിഭേദത്തിനും പ്രത്യേകകാലഘട്ടത്തിലെ കൃതികളിലെ ഭാഷയെക്കുറിച്ചുള്ള അപഗ്രഥനത്തിനും ഊന്നൽ കൊടുത്തിരുന്നു. സ്വിസ്സ് ഭാഷാശാസ്ത്രജ്ഞനായ ഫെർഡിനാന്റ് ഡി സൊസൂറാണ് ആദ്യമായി ഏകകാലികം, ബഹുകാലികം എന്ന അപഗ്രഥനരീതിയെക്കുറിച്ച് ശാസ്ത്രീയമായി ഭാഷാശാസ്ത്രത്തിൽ അവതരിപ്പിക്കുന്നത്. വസ്തുതകൾ വിവരിക്കുക, ഘടനയെ വ്യക്തമാക്കുക എന്നർത്ഥത്തിൽ ഏകകാലികപഠനങ്ങൾക്ക് സാമാന്യമായി അവലംബിക്കുന്ന സമീപനരീതിയെ

വിവരണാത്മകമെന്നും ഘടനാത്മകമെന്നും വിളിക്കുന്നു. ആധുനികഭാഷാശാസ്ത്രത്തിന്റെ അപഗ്രഥനസ്വഭാവം സൂചിപ്പിക്കുന്നതരത്തിൽ ആദ്യകാലത്ത് അതിനെ വിവരണാത്മക ഭാഷാശാസ്ത്രം, ഘടനാത്മകഭാഷാശാസ്ത്രം എന്നിങ്ങനെ വിശേഷിപ്പിച്ചിരുന്നു. ഏകകാലികഭാഷാശാസ്ത്രത്തിൽ വിവരണാത്മകഭാഷാശാസ്ത്രത്തിനു പുറമെ ഭാഷാ ഭേദവിജ്ഞാനവും ഉൾപ്പെടും.

- **വിവരണാത്മകഭാഷാശാസ്ത്രം (Descriptive Linguistics)**

ഒരു പ്രത്യേക ജനവിഭാഗം ഒരു പ്രത്യേക കാലത്ത് ഒരു പ്രത്യേകസ്ഥലത്ത് സംസാരിക്കുന്ന ഭാഷയുടെ അല്ലെങ്കിൽ ഭാഷാഭേദത്തിന്റെ വിവരണത്തിനു വിവരണാത്മക ഭാഷാശാസ്ത്രം എന്നു പറയുന്നു. ഭാഷ അടിസ്ഥാനപരമായി വാമൊഴിയാണെന്നും വരമൊഴി വാമൊഴിയുടെതന്നെ മറ്റൊരു രൂപമാണെന്നും അതുകൊണ്ട് ഭാഷാപഠനം വാമൊഴിയെ അടിസ്ഥാനമാക്കി വേണമെന്നും ഭാഷാശാസ്ത്രജ്ഞർ കരുതുന്നതുകൊണ്ട് സാധാരണയായി സംസാരഭാഷയാണ് വിവരണാത്മകഭാഷാശാസ്ത്രത്തിന് പഠനവിഷയമാകുന്നത്. ഭാഷകൾക്ക് അനേകം രൂപഭേദങ്ങൾ ഉള്ളതിൽ വരമൊഴിയുടെ ഒരു രൂപത്തെ മാത്രം മുൻനിർത്തിയാണ് പരമ്പരാഗതവൈയാകരണന്മാർ ഭാഷ വിവരിച്ചിരുന്നത്. അംഗീകൃതമായ ഈ രൂപത്തിൽനിന്നു വ്യത്യസ്തമായ രൂപങ്ങളൊക്കെ അസാധുവാണെന്നും അവർ വിധിച്ചിരുന്നു. *വരുന്നുണ്ടോ* എന്ന പ്രയോഗത്തിനുപകരം *വര്ണ്ടോ, വരണുണ്ടോ* തുടങ്ങി നിരവധി ഭാഷാഭേദപ്രയോഗങ്ങൾ തെറ്റാണെന്നാണ് പരമ്പരാഗതവൈയാകരണന്മാർ വിധിച്ചിരുന്നത്. എന്നാൽ ആധുനിക ഭാഷാശാസ്ത്രത്തിൽ ഭാഷയിൽ പ്രയോഗത്തിലുള്ള എല്ലാ രൂപങ്ങളേയും വിവരിക്കുകയാണ് ചെയ്യുന്നത്.

വിവരണാത്മകരീതിയുടെ പ്രത്യേകതകൾ;

- വസ്തുവിഷ്ഠമായ വിവരണം മാത്രമാണ് പഠനലക്ഷ്യം.
- സംഭരിച്ച മാതൃകകളെ (data) അവലംബമാക്കിയാണ് അപഗ്രഥനം നടത്തുന്നത്.
- ഇന്ന പ്രയോഗം ശരി, മറ്റുള്ളവയെല്ലാം തെറ്റ് എന്ന വിധിനിർണയം നടത്തുന്നില്ല, വ്യത്യസ്തപ്രയോഗങ്ങളെ അവ ഏത് സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയേയുള്ളൂ.
- ഭാഷാപ്രയോഗത്തിലുള്ള എല്ലാ തലങ്ങളിലെയും ഘടകങ്ങളെയും അവയുടെ സംയോജനരീതിയെയും വ്യക്തമാക്കുന്ന തരത്തിലുള്ള അപഗ്രഥനാത്മകരീതി അവലംബിക്കുന്നു.

- **താരതമ്യാത്മകഭാഷാശാസ്ത്രം**

ഒന്നിലധികം ഭാഷകളുടെയോ ഭാഷാഭേദങ്ങളുടെയോ താരതമ്യമാണ് ഈ പഠനം നിർവ്വഹിക്കുന്നത്. ഒന്നിലധികം ഭാഷകളിലെ സാജാത്യങ്ങൾ തമ്മിൽ തട്ടിച്ചുനോക്കി സ്വനം രൂപം തുടങ്ങിയ ഭാഷാവ്യവസ്ഥകളെപ്പറ്റി നിഗമനത്തിൽ എത്തിച്ചേരുകയും കഴിയുമെങ്കിൽ ഈ ഭാഷകളുടെ പൂർവരൂപം പുനർനിർമിച്ചെടുക്കുകയും ചെയ്യുന്നതിൽ ഊന്നുന്ന ഭാഷാശാസ്ത്രശാഖയാണിത്. ഒരു ഭാഷാഗോത്രത്തിന്റെ ചരിത്രമാണ് താരതമ്യാത്മക പഠനത്തിൽ ആരായുന്നത്. ഏതെല്ലാം ഭാഷകളെയാണ് ഒറ്റ ഗോത്രമായി പരിഗണിക്കാവുന്നത്, ഗോത്രത്തിന്റെ സാമാന്യസ്വഭാവമെന്ത്, മൂലഭാഷയുടെ സ്വഭാവമെന്ത്, അംഗഭാഷകൾ ഏതെല്ലാം, അവ എപ്പോൾ മാറ്റങ്ങളിലൂടെ സ്വതന്ത്രഭാഷകളായി, അംഗഭാഷകൾക്ക് തമ്മിലുള്ള അടുപ്പവും അകൽച്ചയും നിർണയിക്കുന്നതെങ്ങനെ തുടങ്ങിയ കാര്യങ്ങളാണ് താരതമ്യാത്മകപഠനം അല്ലെങ്കിൽ തുലനാത്മകപഠനത്തിൽ വിശകലനം ചെയ്യുന്നത്. താരതമ്യപദ്ധതിവഴി പുനർനിർമിച്ചെടുക്കുന്ന പൂർവഭാഷ/ പ്രാഗ്ഭാഷ/ ആദിഭാഷ (proto language)യിൽനിന്ന് ഇക്കാലത്തെ ജീവൽഭാഷകൾവരെ വിവിധഘട്ടങ്ങളിൽ സംഭവിച്ച പരിണാമങ്ങളിലൂടെ എത്തിച്ചേരുന്നതെങ്ങനെയെന്ന വിശദീകരണം താരതമ്യഭാഷാശാസ്ത്രജ്ഞന്റെ ചുമതലയാണ്. ഭാഷകൾതമ്മിൽ ജന്മബന്ധമുണ്ടെന്നതിനു അനുപേക്ഷണീയമായ തെളിവാണ് ഇത്തരം വിശദീകരണങ്ങൾ.

- **ബഹുകാലികഭാഷാശാസ്ത്രം (diachronic linguistics)**

നിശ്ചിതഭാഷയ്ക്ക് ഒരു നിശ്ചിതകാലഘട്ടത്തിൽ ഉണ്ടെന്നു വ്യക്തമാവുന്ന സവിശേഷതകൾ മറ്റൊരു കാലഘട്ടത്തിലോ കാലഘട്ടങ്ങളിലോ അതേ ഭാഷയ്ക്കുണ്ടെന്നു കാണാവുന്ന സവിശേഷതകളോടു ബന്ധപ്പെടുത്തലാണ് ബഹുകാലികത. ഭാഷയിൽ സംഭവിച്ച പരിണാമങ്ങളെ കണ്ടെത്താനും ഭാഷയുടെ ചരിത്രം അറിയുന്നതിനുമാണ് ബഹുകാലികപഠനം നടത്തുന്നത്. ഇത്തരത്തിലുള്ള അന്വേഷണം പൂർണമായും വസ്തുനിഷ്ഠമായിരിക്കും എന്നു പറയാനാവില്ല. കാരണം, മാറ്റത്തിന്റെ സ്വഭാവങ്ങൾ വെളിപ്പെടുത്തുന്ന രേഖകൾ, വിശേഷിച്ചും ആദ്യകാലങ്ങളിലെ രേഖകൾ, എല്ലാം കിട്ടിയെന്നുവരില്ല. അങ്ങനെ വരുമ്പോൾ, സാഹചര്യത്തെളിവുകളെ ആശ്രയിച്ച് അനുമാനങ്ങളിലൂടെ ചരിത്രരചന നടത്തേണ്ടി വരും. ഈയൊരു പഠനം ഭാഷകളിൽനിന്നുമാത്രം പരിശോധിക്കപ്പെടേണ്ടതല്ല, ഭാഷാപരിണാമങ്ങൾക്ക് ഇതരഭാഷാസമ്പർക്കം, സാംസ്കാരികസങ്കലനം, രാഷ്ട്രീയസാമൂഹ്യസ്ഥിതി തുടങ്ങി നിരവധി കാരണങ്ങളുണ്ട്. ഇവയെല്ലാം ഈ പഠനത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്. മലയാളത്തിലെ മണിപ്രവാളകൃതികളിലെ ഭാഷയെക്കുറിച്ചുള്ള പഠനം ബഹുകാലികപഠനത്തിനു ഉദാഹരണമാണ്. "Diachronic lingusitics is the study of a language through different periods in history".

- **ആഗമികാത്മകഭാഷാശാസ്ത്രം (Historical linguistics)**

പലകാലത്തെ ഭാഷകളെ വിവരിക്കുന്നതിനാൽ ആഗമികാത്മകഭാഷാശാസ്ത്രം ബഹുകാലികപഠനമാണ്. ഭാഷയെയോ ഭാഷകളെയോപ്പറ്റി ചരിത്രദൃഷ്ട്യാ നടത്തുന്ന പഠനമാണ് ആഗമികാത്മകഭാഷാശാസ്ത്രം എന്നു പറയുന്നത്. ഭാഷാപരിണാമ പഠനത്തിലൂന്നിക്കൊണ്ടു ഓരോ ഭാഷയുടെയും വിഭിന്ന ഘട്ടങ്ങളെ പരസ്പരം ബന്ധപ്പെടുത്താനായി ഈ പഠനം ശ്രമിക്കുന്നു. ഒരു ഭാഷയുടെ ഉത്ഭവം മുതൽ ഇന്നുവരെയുള്ള ചരിത്രമാണ് ആഗമികാത്മതഭാഷാശാസ്ത്രം അന്വേഷിക്കുന്നത് അതുകൊണ്ടുതന്നെ വിവരണാത്മകഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ പഠനത്തെ വിവരിക്കുന്നത്. ആഗമികഭാഷാശാസ്ത്രത്തിന്റെ മുഖ്യലക്ഷ്യങ്ങൾ ഇവയാണ്.

- നിത്യഭാഷകളിൽ കണ്ടെത്തുന്ന പരിണാമങ്ങൾ വിവരിക്കുകയും വിശദീകരിക്കുകയും ചെയ്യുക.
- ഭാഷണസമൂഹങ്ങളുടെ ചരിത്രം വിവരിക്കുക
- ഭാഷകളുടെ പ്രാക്ചരിത്രം (pre-history) പുനർനിർമിച്ചെടുക്കുകയും അവയുടെ പരസ്പരബന്ധം നിർണയിച്ച് അവയെ വിവിധ ഭാഷാ കുടുംബങ്ങളിൽപ്പെടുത്തുകയും ചെയ്യുക. താരതമ്യഭാഷാശാസ്ത്രത്തിന്റേതു കൂടിയാണ് ഈ മേഖല.
- ഭാഷയിൽ പരിണാമങ്ങൾ സംഭവിക്കുന്നത് എങ്ങനെ? എന്തുകൊണ്ട്? എന്നതിനെപ്പറ്റി പൊതുസിദ്ധാന്തങ്ങൾ ആവിഷ്കരിക്കുക.

മനുഷ്യന്റെ പരിണാമത്തിൽ ഭാഷ ഉത്ഭവിച്ചത് ഏതു കാലഘട്ടത്തിലാണെന്നും എപ്രകാരമാണെന്നതും ചരിത്രാത്മകപഠനത്തിലാണ് ഉൾപ്പെടുന്നത്. ഭാഷാവിജ്ഞാനം (Philology) എന്ന വിജ്ഞാന മേഖലയിലെ പ്രധാന പഠനമേഖലയാണ് ചരിത്രാത്മക ഭാഷാശാസ്ത്രം. "Historical linguistics - traditionally known as philology – is the branch concerned with the development of languages over time. The primary tool of historical linguistics is the comparative method, a way of identifying relations among languages that lack written records for this reason, historical linguistics is sometimes called comparative – historical linguistics".

- **നിർദ്ദേശാത്മകം**

ഭാഷയുടെ ശരിതെറ്റുകളെക്കുറിച്ചുള്ള വ്യക്തമായ ധാരണയുടെ അടിസ്ഥാനത്തിൽ അപഗ്രഥനം നടത്തുന്ന സമീപനരീതിയാണ് നിർദ്ദേശാത്മകം. പാരമ്പര്യവ്യാകരണ

ഗ്രന്ഥങ്ങളിലെല്ലാം സ്വീകരിച്ചിരിക്കുന്ന ഈ സമീപനരീതിയിൽ പ്രയോഗസാദ്ധ്യതയുള്ള ഭാഷാരൂപങ്ങളെ നിർദ്ദേശിക്കുന്നു. ഒരു ഭാഷ യഥാർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്ന രീതികൾ വിശദീകരിക്കുന്നതിനുപകരം ഒരു ഭാഷ എങ്ങനെ ഉപയോഗിക്കണം അല്ലെങ്കിൽ ഉപയോഗിക്കാൻ പാടില്ല എന്ന് നിയന്ത്രിക്കുന്ന നിയമങ്ങൾ നിർദ്ദേശാത്മകവ്യാകരണത്തിൽ സൂചിപ്പിക്കുന്നു. ഭാഷയുടെ പൊതുഘടനയിൽനിന്ന് മാനകീകരണം സംഭവിച്ചരൂപങ്ങളാണ് നിർദ്ദേശാത്മകത്തിൽ മുന്നോട്ടു വയ്ക്കുന്നത്. ഭാഷാബോധന (Language Teaching)വുമായി ബന്ധപ്പെട്ടാണ് ഈ അപഗ്രഥനരീതി ഉപയോഗിക്കുന്നത്.

ഭാഷയുടെ പലതരത്തിലെ പരിണാമചരിത്രത്തെയും മാനകസ്വാതന്ത്ര്യത്തെയുമെല്ലാം മനസ്സിലാക്കാനാണ് അപഗ്രഥനരീതികൾ ഉപയോഗിക്കുന്നത്. സർ വില്ല്യം ജോൺസ് സംസ്കൃതത്തിനും ലാറ്റിൻ-ഗ്രീക്ക്-ഗോഥിക്ക് ഭാഷകൾക്കും തമ്മിലുള്ള ഘടനാപരമായ ബന്ധം ചൂണ്ടിക്കാണിച്ചതുമുതൽ ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ സാസ്യൂറിന്റെ കടന്നുവരവ് വരെ ഭാഷാപഠനങ്ങളിൽ ഏറിയകൂറും ചരിത്രപരവും താരതമ്യാത്മകവുമായിരുന്നു. ഇങ്ങനെയുള്ള പഠനങ്ങളുടെ ഉപാത്തശേഖരണം, വസ്തുനിഷ്ഠമായ അപഗ്രഥനം എന്നിവയ്ക്ക് പ്രായോഗികബുദ്ധിമുട്ടുകൾ ഏറിവന്നപ്പോഴാണ്, ഏതെങ്കിലും ഒരു കാലഘട്ടത്തെ മുൻനിർത്തിയുള്ള സൂക്ഷ്മവും വസ്തുനിഷ്ഠവുമായ വിവരണത്തിൽ ഊന്നിനില്ക്കാതെ വിശ്വാസ്യമായ ഭാഷാചരിത്രദർശനം സാദ്ധ്യമല്ലെന്ന് അന്നത്തെ ഭാഷാശാസ്ത്രജ്ഞർക്ക് ബോദ്ധ്യമായത്. അങ്ങനെയാണ് ഏകകാലികം, ബഹുകാലികം എന്നീ അപഗ്രഥനരീതികൾ ആധുനികഭാഷാചരിത്രത്തിൽ ഉരുത്തിരിയുന്നത്. ബഹുകാലികം എന്ന അപഗ്രഥനരീതിയിൽനിന്നാണ് ഏകകാലികമെന്നപഗ്രഥനരീതി ഉടലെടുക്കുന്നത്. കുറച്ചുകൂടി വസ്തുനിഷ്ഠമായി പഠനം മുന്നോട്ടു കൊണ്ടുപോകേണ്ട സാമൂഹ്യസാഹചര്യത്തിലാണ് ഇത്തരമൊരു അപഗ്രഥനരീതിയുടെ പിറവി. ആധുനിക ഭാഷാശാസ്ത്രത്തിന് വിവരണാത്മാകഭാഷാശാസ്ത്രം, ആഗമികാത്മകഭാഷാശാസ്ത്രം, ചരിത്രാത്മകഭാഷാശാസ്ത്രം എന്നിങ്ങനെ മൂന്ന് പ്രധാന ശാഖകളാണുള്ളത്. ഇതിൽ ആഗമികവും ചരിത്രാത്മകവും ബഹുകാലികമായ അപഗ്രഥനരീതിയിലും വിവരണാത്മകം ഏകകാലികപഠനത്തിലുമുൾപ്പെടുന്നു. താരതമ്യാത്മകവും ബഹുകാലികത്തിലാണ് ഉൾപ്പെടുന്നത്. അതേസമയം ഒരേ കാലഘട്ടത്തിലെ ഒന്നിലധികം ഭാഷകളുടെയോ ഭാഷാഭേദങ്ങളുടെയോ വിവരണാത്മകപഠനങ്ങളുടെ താരതമ്യമാണെങ്കിൽ അത് ഏകകാലികാപഗ്രഥനത്തിന്റെ പരിധിയിൽ പെടുകയും ചെയ്യുന്നു. വസ്തുനിഷ്ഠമായി കൃത്യമായ ഉദാഹരണങ്ങളിലൂടെ നിഗമനങ്ങളിൽ എത്തിച്ചേരാൻ ഭാഷാപഠനലക്ഷ്യത്തെ മുൻനിർത്തി ഭാഷാഗവേഷകനു ഏതുതരത്തിലുള്ള അപഗ്രഥനരീതി വേണമെങ്കിലും സ്വീകരിക്കാവുന്നതാണ്. മേൽപ്പറഞ്ഞ എല്ലാ അപഗ്രഥനരീതികളും രീതിശാസ്ത്രതലത്തിൽ ബന്ധപ്പെട്ടിരിക്കുകയും ലക്ഷ്യബോധത്തിൽ വ്യത്യാസപ്പെട്ടിരിക്കുകയും ചെയ്യുന്നു. ഭാഷാശാസ്ത്രത്തിൽ ഒന്നിൽകൂടുതലുള്ള അപഗ്രഥനരീതികൾ പഠനത്തിനായി ഉപയോഗിക്കുന്നതിൽ തടസ്സമൊന്നുമില്ല, വസ്തുനിഷ്ഠമായി വാമൊഴികളെയും ശബ്ദസന്ദർഭങ്ങളെയും വിശദീകരിക്കാൻ കഴിയണമെന്നുമാത്രം. പക്ഷേ നിർദ്ദേശാത്മകാപഗ്രഥനം ഭാഷയിലെ ശരിതെറ്റുകളെ അടയാളപ്പെടുത്താനാണ് പ്രധാനമായും ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ധ്യാപനം, ഭാഷാപഠനം എന്നീതലങ്ങളിൽ ഇത്തരമൊരപഗ്രഥനത്തിന്റെ സാദ്ധ്യതയുണ്ടെങ്കിലും ഭാഷാശാസ്ത്രത്തിന്റെ രീതികൾ നിർദ്ദേശാത്മകത്തിൽ പിന്തുടരുന്നില്ല.

- **പൂർവ്വഭാഷ (Pre Language), പ്രാക്ഭാഷ (Proto Language)**

ഭാഷയുടെ പൂർവരൂപമാണ് പൂർവ്വഭാഷ. ഭാഷാകുടുംബത്തിലെയോ ഭാഷാഗോത്രത്തിലെയോ അംഗഭാഷകളുടെയെല്ലാം പൂർവ്വരൂപമെന്നു കരുതാവുന്ന പുനർനിർമിതമായ സാങ്കല്പികഭാഷയാണ് പൂർവ്വഭാഷ. എന്നാൽ ഒരു ഭാഷയുടെ പൂർവരൂപത്തെ പൂർവഭാഷയെന്നും സഗോത്രഭാഷകളുടെ പൂർവ്വരൂപത്തെ പ്രാഗ്ഭാഷയെന്നുമാണ് വിളിക്കുന്നത്. ഒരു ഭാഷയുടെ ചരിത്രം രേഖപ്പെടുന്നത് ആ ഭാഷ എഴുതിതുടങ്ങുമ്പോഴാണ്, എഴുത്ത് ഭാഷയുടെ ചരിത്രോപാദാനമാണ്. എന്നാൽ ഭാഷാലിഖിതങ്ങൾ ഉണ്ടാകുന്നതിനുമുൻപുതന്നെ ഭാഷയ്ക്ക് വാമൊഴിയുടെ ചരിത്രമുണ്ട്. പ്രത്യക്ഷമായ തെളിവുകളെ അടിസ്ഥാനമാക്കിയല്ലാതെ രേഖകളുടെ അഭാവത്തിൽ ഭാഷയുടെ ചരിത്രം പരിശോധിക്കുന്നതിനെയാണ് പൂർവ്വചരിത്രം എന്നു പറയുന്നത്. ഇപ്രകാരം നിർമിക്കുന്ന ഭാഷയാണ് പൂർവഭാഷ.

പരസ്പരബന്ധമുള്ള ഭാഷകൾക്ക് ഒരു പൊതുപൂർവ്വഭാഷയുണ്ടാകും എന്ന പരികല്പനയിൽനിന്നാണ് ഭാഷാഗോത്രം, ഭാഷാകുടുംബം എന്നീ സംജ്ഞകളുണ്ടാകുന്നത്. തായ്ത്തടിയിൽനിന്ന് ശാഖകളും അവയിൽ ഉപശാഖകളും ഉപശാഖകളിൽനിന്ന് വിവിധതലങ്ങളിലുള്ള ചെറുശാഖകളും രൂപംകൊള്ളുന്നതുപോലെയാണ് നവനിർമിതികളുടെ വ്യാപനം എന്ന സങ്കല്പം. മൂല ഇൻഡോയൂറോപ്യൻ ഭാഷകൾ ശാഖോപശാഖകളായി പിരിഞ്ഞത് ഇപ്രകാരമെന്ന് ഷ്ളൈഹർ (Schelicher) സിദ്ധാന്തിച്ചു. ഒരു വൃക്ഷം ശാഖോപശാഖകളായി പിരിയുന്നതുപോലെ മൂലഭാഷയും ശാഖോപശാഖകളായി പിരിയുന്നതുകൊണ്ടാണ് ഈ സിദ്ധാന്തത്തിന് കുടുംബവൃക്ഷസിദ്ധാന്തം (Family Tree Hypothesis) എന്നു പറയുന്നത്. വളരുകയും പ്രായപൂർത്തിയെത്തുകയും നശിക്കുകയും ചെയ്യുന്ന ജീവിതംതന്നെയാണ് ഓരോ ഭാഷയ്ക്കുമെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. കുടുംബവൃക്ഷസിദ്ധാന്തത്തിലെ പോരായ്മകൾ നികത്തി ഭാഷാപരിണാമസ്വഭാവങ്ങളെ ആകാവുന്നിടത്തോളം യാഥാർത്ഥ്യമായി അവതരിപ്പിക്കാനാണ് തരംഗസിദ്ധാന്തം (wave theory) ശ്രമിക്കുന്നത്. ഷ്മിറ്റ് (Johannes Schimidt) എന്ന ഭാഷാശാസ്ത്രജ്ഞനാണ് ഈ സിദ്ധാന്തം അവതരിപ്പിച്ചത്. കുളത്തിൽ കല്ലെറിയുമ്പോൾ ഉണ്ടാകുന്ന അലകളെന്നപോലെ, ഒരേ പൂർവ്വഭാഷയിൽനിന്നുരുത്തിരിയുന്ന സജാതഭാഷകൾ ഒരു ഉത്ഭവകേന്ദ്രത്തിൽനിന്ന് മറ്റെല്ലാ ദിശകളിലേക്കും വ്യാപിക്കുന്നു എന്ന് അദ്ദേഹം വാദിച്ചു.

- **പുനസ്സൃഷ്ടി /പുനർനിർമാണം (Reconstruction)**

ആധുനികഭാഷാശാസ്ത്രത്തിൽ പൂർവ്വഭാഷയെ പുനസ്സൃഷ്ടിക്കുന്നതിന് രണ്ട് മാർഗങ്ങളാണുള്ളത്. ഒന്ന് ആന്തരികപുനർനിർമാണം, രണ്ട് ബാഹ്യപുനർനിർമാണം.

**1. ആന്തരികപുനർനിർമാണം (Internal reconstruction)**

ഒരു ഭാഷയിലെ ഒരു രൂപത്തിന്റെ വിവിധരൂപഭേദങ്ങൾ പരിശോധിച്ച് അതിന്റെ പൂർവ്വരൂപം കണ്ടെത്തുകയാണ് ആന്തരികപുനർനിർമാണത്തിൽ ചെയ്യുന്നത്. ഇപ്രകാരം പുനർനിർമാണം നടത്തുന്നതിന് ആ ഭാഷയിൽ ക്രമികമായി സംഭവിച്ച പരിണാമങ്ങളെ ആധാരമാക്കി ലഭ്യമായ രേഖകളെയും വ്യവഹാരത്തിലുള്ള ഭാഷാഭേദങ്ങൾ പഴഞ്ചൊല്ലുകൾ, കടംകഥകൾ, ഗോത്രഭാഷകൾ എന്നിവയെയും ഉപയോഗിക്കാം. ഉദാഹരണത്തിനു അവന്റെ എന്നതിലെ സംബന്ധികാവിഭക്തി പ്രത്യയത്തിന്റെ പൂർവരൂപം 'അവനുടയ പടജ്ജനം ചഘോരം' എന്നതിൽ കാണുന്ന *ഉടയ* ആണെന്ന് ഏ.ആർ. രാജരാജവർമ കണ്ടെത്തിയത് ആന്തരിക പുന:സ്സൃഷ്ടിയിലൂടെയാണ്.

*അവനുടയ > അവനുടെ > അവൻടെ > അവന്റെ*

കൂടാതെ പോകവേണ്ടും, പോകവേണം, പോവണം, പോണം എന്നീ രൂപങ്ങൾ പരിശോധിക്കുമ്പോൾ *അണം* എന്ന രൂപത്തിന്റെ പൂർവരൂപം *വേണ്ടും* എന്നാണെന്ന് കണ്ടെത്താൻ സാധിക്കുന്നു.

വിവിധ കാലഘട്ടങ്ങളിലെ ഉദാഹരണങ്ങളാണ് ആന്തരികപുനർസൃഷ്ടിയിൽ ഉപയോഗിക്കുന്നത് അതുകൊണ്ടുതന്നെ ബഹുകാലികാപഗ്രഥനരീതിയാണ് ഉപയോഗിക്കുന്നത്. ഭാഷയുടെ ഒന്നിലധികം ഘട്ടങ്ങളിലുള്ള രൂപങ്ങളെ അന്യോന്യം തട്ടിച്ചു നോക്കുമ്പോൾ അവയിൽ ഏത് ഏതിൽനിന്ന് എപ്രകാരം രൂപപ്പെട്ടു എന്ന് വ്യക്തമായി കണ്ടെത്താൻ സാധിക്കുന്നത് ആന്തരികപുനർനിർമാണത്തിന്റെ മേന്മയാണ്. ഇങ്ങനെ ആഭ്യന്തരത്തെളിവുകളെ ആധാരമാക്കി പുനർനിർമാണം ചെയ്തുകിട്ടുന്ന ഭാഷാരൂപത്തെയാണ് **പൂർവഭാഷാ (Pre-Language)** എന്നു പറയുന്നത്.

**2. ബാഹ്യപുനർനിർമാണം (External reconstruction)**

ഓരോ ഗോത്രത്തിലെ അംഗഭാഷകളുടെ മൂലരൂപം കണ്ടെത്തുന്നതാണ് ബാഹ്യപുനർനിർമാണം എന്നു പറയുന്നത്. അംഗഭാഷകളുടെ സ്വഭാവങ്ങൾ താരതമ്യം ചെയ്ത്, ആ ഗോത്രത്തിന്റെ പ്രാക്ഭാഷാസ്വഭാവം പുനർനിർമിക്കുന്നതുകൊണ്ട് താരതമ്യപുനസ്സൃഷ്ടി എന്നും ബാഹ്യപുനർനിർമാണം അറിയപ്പെടുന്നു.

സഗോത്രഭാഷകളുടെ താരതമ്യപഠനത്തിലൂടെ അവയുടെ പ്രാക്ഭാഷ പുനർനിർമിക്കുക മാത്രമല്ല, ആ പ്രാക്ഭാഷയിൽനിന്ന് ഏതെല്ലാം പരിണാമങ്ങളിലൂടെയാണ്

ആധുനികഭാഷകൾ ഉണ്ടായതെന്നും താരതമ്യഭാഷാശാസ്ത്രം വഴി വിവരിക്കാം. കൂടാതെ സഗോത്രഭാഷകളുടെ ബന്ധത്തിന്റെ അടുപ്പവും അകൽച്ചയും നിശ്ചയിക്കുവാനും താരതമ്യ ഭാഷാശാസ്ത്രത്തിനു കഴിയും.

ബാഹ്യപുനർനിർമാണത്തിന് സഗോത്രഭാഷകളിലെ രൂപംകൊണ്ടും അർത്ഥംകൊണ്ടും സദൃശ്യമായ പദങ്ങളും വ്യാകരണരൂപങ്ങളുമാണ് എടുക്കേണ്ടത്. ഇവയ്ക്ക് സഹജാതപദങ്ങൾ (Cognate words) എന്നാണ് പറയുന്നത്. തെരഞ്ഞെടുക്കുന്ന പദങ്ങൾ പ്രസ്തുതഭാഷയിലെ പദങ്ങളാണെന്ന് ഉറപ്പുവരുത്തണം. മറ്റു ഭാഷയിൽനിന്നു വന്ന ആദാനപദങ്ങൾ (loan words) ഉപയോഗിക്കരുത്. ദക്ഷിണദ്രാവിഡത്തിലെ മലയാളം, തമിഴ്, കന്നട, എന്നീ ഭാഷകളിൽ നിന്നുള്ള ചില സഹജാതപദങ്ങൾ താഴെ ചേർക്കുന്നു.

| **മലയാളം** | **തമിഴ്** | **കന്നട** |
|---|---|---|
| കിടക്കുക | കിട | കെഡെ |
| കെട്ടുക | കെട്ടു | കെഡു |
| കീഴ് | കീഴ് | കീളു |
| കുരുട് | കുരുടു | കുരുടു |

ഒരു ഗോത്രത്തിലേയോ ഗോത്രത്തിന്റെ ഒരു ശാഖയിലേയോ എല്ലാ ഭാഷകളിലും തുല്യമായി കാണുന്ന സ്വഭാവങ്ങൾ ആ ഗോത്രത്തിന്റേയോ ശാഖയുടേയോ പൂർവഭാഷയുടേയോ സ്വഭാവമായിരിക്കും എന്നതാണ് താരതമ്യഭാഷാശാസ്ത്രത്തിന്റെ കാതൽ. മുകളിൽ കൊടുത്ത എല്ലാ പദങ്ങളുടെയും ആദിവ്യഞ്ജനം 'ക'കാരമാണ്. അതിനാൽ മലയാളം, തമിഴ്, കന്നട ഇവ ഉൾപ്പെട്ട ദക്ഷിണദ്രാവിഡത്തിന്റെ പ്രാക്ഭാഷയിലും ഈ പദങ്ങൾ കകാരാദി ആയിരുന്നുവെന്ന് അനുമാനിക്കാം.

സംസ്കൃതത്തോടും ജന്മബന്ധമുള്ള അഞ്ചുഭാഷകളിലെ സജാതിയപദങ്ങളെ പരിശോധിക്കുമ്പോൾ അവയുടെ പ്രാക്രൂപം കണ്ടെത്താനായി സാധിക്കും.

| **സംസ്കൃതം** | **ഗ്രീക്ക്** | **ലാറ്റിൻ** | **ഇംഗ്ലീഷ്** | **ഗോഥിക്** |
|---|---|---|---|---|
| Pitr (പിതൃ) | Pater | Pater | Father | fadar |
| Padam (പാദം) | Poda | Pedem | foot | fotu |
| Brathru(ബ്രാതൃ) | Phrater | frater | brother | brother |

ഇത്തരം സമാനാർത്ഥകവും സ്വനസാദൃശ്യമാർന്നതുമായ രൂപങ്ങളിൽ ലഭ്യമായവയെല്ലാം പരിശോധിച്ച് താരതമ്യഭാഷാശാസ്ത്രജ്ഞൻ അവയ്ക്കു പൊതുവായ ഉറവിടത്തിന്റെ സ്വരൂപം പുനർനിർമിക്കുന്നു. മേൽപ്പറഞ്ഞ ദൃഷ്ടാന്തങ്ങളിൽനിന്ന് എത്തിച്ചേരാവുന്ന പുനർനിർമിതരൂപങ്ങൾ *Pater-*Ped -*brater എന്നിവയാണ്. സജാതീയഭാഷകളുടെ താരതമ്യപഠനത്തിലൂടെ പുനർനിർമാണം ചെയ്ത് കിട്ടുന്ന ഭാഷാരൂപമാണ് **പ്രാക്ഭാഷ (Proto-Language)**.

പുനർനിർമാണത്തിലൂടെ കിട്ടുന്ന രൂപങ്ങൾ പൂർണമായി ശരിയാണോ എന്നു കണ്ടെത്താൻ കഴിയില്ലെങ്കിലും ഭാഷയുടെ പൂർവ്വരൂപങ്ങളുടെ നിഴലുകളെങ്കിലുമാകാം.

### 1. 4. ഭാഷാവിഭജനം

പഠനസൗകര്യാർത്ഥം ഭാഷകളെ സാമാന്യസ്വഭാവങ്ങളെ മുൻനിർത്തി വാമൊഴി – വരമൊഴി, വ്യവഹാരഭാഷ – മാനകഭാഷ, പുഷ്ടഭാഷ – അപുഷ്ടഭാഷ, ജീവത്ഭാഷ – മൃതഭാഷ, ദേശീയഭാഷ – അന്താരാഷ്ട്രഭാഷ, മാതൃഭാഷ – ഒന്നാംഭാഷ, സങ്കരഭാഷ– വെങ്കലഭാഷ, ലോകഭാഷ–രഹസ്യഭാഷ എന്നിങ്ങനെയും ഭാഷയുടെ ആഭ്യന്തര ഘടനയിലുള്ള വ്യത്യാസത്തെ ആസ്പദമാക്കി പ്രാകൃതകക്ഷ്യ, സംശ്ലിഷ്ടകക്ഷ്യ, വൈകൃതകക്ഷ്യ, സംഘടിതകക്ഷ്യ, അപഗ്രഥിതകക്ഷ്യ എന്നിങ്ങനെയും ഭാഷകൾ തമ്മിലുള്ള ആനുവംശികമായ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇൻഡോ യൂറോപ്യൻ ഗോത്രം, സെമിറ്റിക്ഗോത്രം, ഹാമറ്റിക്ഗോത്രം, തെക്കുകിഴക്കൻ ഏഷ്യാറ്റിക്ഗോത്രം, യൂറൽ

അൽറ്റേയ്ക്ഗോത്രം, ആസ്ട്രിക്ഗോത്രം, ബാണ്ടുഗോത്രം, ദ്രാവിഡഗോത്രം എന്നിങ്ങനെയും തരംതിരിച്ചിരിക്കുന്നു.

**1. സാമാന്യസ്വഭാവങ്ങളെ മുൻനിർത്തിയുള്ള വിഭജനം**

- **വാമൊഴിയും –വരമൊഴിയും**

ഭാഷയുടെ പ്രധാനപ്പെട്ട രണ്ട് പ്രകാശനമാധ്യമമാണ് ഭാഷണവും ലേഖനവും. ആദ്യകാലത്ത് ഭാഷകളെല്ലാം വാമൊഴിരൂപങ്ങളായിരുന്നു. പിന്നീടാണ് വരമൊഴി രൂപം കൊണ്ടത്. വാമൊഴിയും വരമൊഴിയും തുല്യപ്രാധാന്യം കല്പിക്കേണ്ടവയാണ്. വാമൊഴിയേക്കാളും കൂടുതൽ വരമൊഴി അതിന്റെ ഉപയോഗപ്പെടുത്തലിലൂടെ നിലിനില്ക്കുന്നു.

ഉച്ചാരണത്തിലും പ്രയോഗത്തിലും വാമൊഴി വരമൊഴി വ്യത്യാസങ്ങൾ കാണാറുണ്ട്. വരമൊഴിയിൽ നിന്ന് മലയാളത്തിലെ വാമൊഴിക്കുള്ള പ്രധാനവ്യത്യാസങ്ങൾ ഇവയാണ്.

1. ഉച്ചാരണവ്യത്യാസം: എഴുത്തു ഭാഷയിൽ നിന്ന് സംസാരഭാഷയിൽ പലതരത്തിലുള്ള ഉച്ചാരണ വ്യത്യാസങ്ങൾ ഉണ്ടാകാറുണ്ട്. ഉദാ:– ദയ, ലജ്ജ, ജയം എന്നിങ്ങനെ എഴുതിയാലും വായിക്കുമ്പോൾ ദെയ, ലെജ്ജ, ജെയം എന്നാകുന്നു.

2. പദങ്ങൾ: വാമൊഴിയിൽ മാത്രം പ്രത്യക്ഷപ്പെടുന്ന പദങ്ങൾ ഉണ്ട്.
   ഉദാ: മണ്ട (തല), മോന്ത (മുഖം), പള്ള (വയറ്)

3. വ്യാകരണരൂപങ്ങൾ: വരമൊഴിയിൽ സാധാരണയായി ഉപയോഗിക്കാത്ത ചില വ്യാകരണരൂപങ്ങൾ വാമൊഴിയിൽ സർവ്വസാധാരണയായി പ്രത്യക്ഷപ്പെടുന്നു.

   ഉദാ: കുറേശ്ശ (കുറച്ചു വീതം), വരത്തില്ല (വരില്ല)

4. അക്ഷരലോപം; പദങ്ങളെയും, വ്യാകരണരൂപങ്ങളെയും അക്ഷരലോപം ചെയ്ത് വാമൊഴിയിൽ ഉപയോഗിക്കുന്നു.
   ഉദാ: മോൻ, (മകൻ), തലേല് (തലയിൽ)

5. വ്യാക്ഷേപകം: വ്യാക്ഷേപകശബ്ദം അധികമായി വാമൊഴിയിൽ ഉപയോഗിക്കുന്നു.
   ഉദാ: വ്യാക്ഷേപകാർത്ഥത്തിൽ അയ്യോ, പാവം, കഷ്ടം തുടങ്ങിയവ.

- **വ്യവഹാരഭാഷ –മാനകഭാഷ**

സാധാരണയായി ഒരു ദേശത്ത് വ്യവഹരിക്കപ്പെടുന്ന ഭാഷയാണ് വ്യവഹാരഭാഷ. ഇതിന് ദേശഭേദമനുസരിച്ച് മാറ്റങ്ങളുണ്ടാകും. ഉദാഹരണത്തിന് കേരളത്തിൽ തെക്ക് മുതൽ വടക്ക് വരെ സംസാരിക്കുന്നഭാഷ പല രീതിയിലും വ്യത്യാസമുണ്ടെങ്കിലും നമുക്കെല്ലാം മലയാളഭാഷ എന്ന സങ്കല്പം ഉണ്ട്. മാനകം എന്നാൽ അടിസ്ഥാനമാതൃക, വൈവിധ്യങ്ങൾക്കെല്ലാം ആധാരമായ മൗലികരൂപം എന്നാണർത്ഥം. ആശയവിനിമയം എന്ന ലക്ഷ്യത്തിനുവേണ്ടിമാത്രം ഉപയോഗിക്കുന്നതും ഭാഷാസമൂഹത്തിലെ എല്ലാവർക്കും സ്വീകാര്യമായതും സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ സംഭവിക്കാത്തതും പ്രയോക്താക്കൾ ശുദ്ധപ്രയോഗം എന്ന് കരുതുന്നതും ഔപചാരികസന്ദർഭങ്ങളിൽ സാമാന്യമായി ഉപയോഗിച്ചുവരുന്നതും ആയ ഭാഷാരീതിയാണ് മാനകഭാഷ.

- **പുഷ്ടഭാഷ –അപുഷ്ടഭാഷ**

വളർച്ചനേടിയ, അഭിവൃദ്ധിപ്രാപിച്ച ഭാഷകളെയാണ് പുഷ്ടഭാഷകൾ എന്നു പറയുന്നത്. സ്വന്തമായ ലിപിവ്യവസ്ഥയും സാഹിത്യവുമുള്ളവയാണവ. മലയാളം, കന്നട, തെലുഗു, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി എന്നിവ പുഷ്ടഭാഷകൾക്കുദാഹരണമാണ്. പലപ്പോഴും അപുഷ്ടം എന്ന് വിശേഷിപ്പിക്കുന്നത് ഭാഷാസ്വഭാവം പരിഗണിച്ചല്ല, ഭാഷ കൈകാര്യം ചെയ്യുന്നവരുടെ പിന്നോക്കാവസ്ഥ മുൻനിർത്തിയാണ്. ഗിരിവർഗ്ഗക്കാർ, നാടോടികൾ, ആദിവാസികൾ, പരിഷ്കൃതലോകത്തിൽനിന്നും മാറി ജീവിക്കുന്നവർ എന്നിവരുടെ ഭൗതികജീവിതത്തിലെ അപുഷ്ടാവസ്ഥയെയാണ് അവരുടെ ഭാഷയുടെയും

അപുഷ്ടവാസ്ഥയായി കരുതുന്നത്. ഇത്തരം ഭാഷകൾക്ക് ലിപിവ്യവസ്ഥ ഉണ്ടാകുന്നത് വിരളമായിരിക്കും. ഇങ്ങനെയുള്ള ഭാഷകളിൽ വാമൊഴിയായിട്ടാണ് സാഹിത്യം പ്രചാരത്തിലുള്ളത്.

- **ജീവത്ഭാഷ– മൃതഭാഷ:**

ജീവത്ഭാഷ നിത്യവ്യവഹാരത്തിൽ ഉള്ളതും ഇതരഭാഷകളോട് സമ്പർക്കപ്പെട്ട് വളരുന്നതുമാണ്. ഉദാ: മലയാളം, ഹിന്ദി തുടങ്ങിയ ഭാഷകൾ. സാമാന്യവ്യവഹാരത്തിൽ കാണാതെ വരമൊഴിരൂപത്തിൽ മാത്രം നില്ക്കുന്ന ഭാഷകളാണ് മൃതഭാഷകൾ. ഹിറ്റൈറ്റ്, ഗോഥിക്, കാർണിഷ്, പ്രഷ്യൻ, എറ്ററസ്കൻ തുടങ്ങിയ ഭാഷകൾ മൃതഭാഷകൾക്ക് ഉദാഹരണമാണ്.

- **ദേശീയഭാഷ–അന്താരാഷ്ട്രഭാഷ**

പല വൈവിധ്യങ്ങൾ വച്ചുപുലർത്തുന്ന ഭാഷകളും സംസ്കാരങ്ങളുമുള്ള ഒരു രാജ്യത്തിന്റെ ഔദ്യോഗികവിനിമയത്തിന് ഉപയോഗിക്കാനും അതിന്റെ അഖണ്ഡത സംരക്ഷിക്കാനും സഹായിക്കുന്ന തരത്തിൽ അംഗീകരിക്കപ്പെട്ട ഭാഷയാണ് ദേശീയഭാഷ. രാജ്യങ്ങൾ തമ്മിലുള്ള സമ്പർക്കത്തിന്റെ പൊതുമാധ്യമം എന്ന നിലയിലാണ് അന്തർദേശീയ ഭാഷ എന്നൊരാശയം രൂപപ്പെട്ടത്. അന്താരാഷ്ട്ര പദവിയിലിരിക്കുന്ന ഇംഗ്ലീഷിനുതന്നെ ബ്രിട്ടിഷ് ഇംഗ്ലീഷ്, അമേരിക്കൻ ഇംഗ്ലീഷ്, ഇന്ത്യൻ ഇംഗ്ലീഷ് എന്നെല്ലാം രൂപഭേദങ്ങൾ വന്നിരിക്കുന്നു.

- **മാതൃഭാഷ– ഒന്നാംഭാഷ**

മാതൃഭാഷ എന്നാൽ അമ്മയുടെ ഭാഷ എന്നർത്ഥം. ഒരു കുട്ടി ആദ്യം സംസാരിച്ചു തുടങ്ങുന്ന ഭാഷ സാധാരണ സാഹചര്യങ്ങളിൽ അമ്മയുടെ ഭാഷ തന്നെയായിരിക്കും. ജനിച്ചതിനുശേഷം ആദ്യമായി വശത്താക്കുന്ന ഭാഷ എന്നർത്ഥത്തിലല്ല ഒന്നാം ഭാഷ എന്ന് പറഞ്ഞുവരുന്നത്. ഒരാൾക്ക് ഏറ്റവും സുഗമമായി ഉപയോഗിക്കാവുന്ന ഭാഷ, അനൗപചാരികസന്ദർഭങ്ങളിൽ സ്വാഭാവികമായി ഉപയോഗിക്കുന്ന ഭാഷ, വൈകാരികമായി അടുപ്പമുള്ള ഭാഷ എന്നെല്ലാമാണ് ഒന്നാം ഭാഷയുടെ സൂചകാർത്ഥങ്ങൾ.

- **സങ്കരഭാഷ –വെങ്കലഭാഷ**

ഭാഷകൾ ഉപയോഗിക്കുന്ന ജനവിഭാഗത്തിന്റെ പരസ്പരസമ്പർക്കം സാംസ്കാരിക വിനിമയം ഇവ അവരുടെ ഭാഷാരൂപത്തിൽ വലിയ മാറ്റങ്ങൾ വരുത്തുന്നു. ഇത്തരം ചേർച്ചയാണ് സങ്കരഭാഷയ്ക്കു കാരണം. വാണിജ്യാവശ്യങ്ങൾക്കായാണ് ഇത്തരം ഭാഷകൾ ഉണ്ടാവുന്നത് എന്നതിനാൽ ഇവയെ കച്ചവടഭാഷ എന്നും വിളിക്കാറുണ്ട്. സങ്കരഭാഷയുടെ പദസഞ്ചയത്തിന് അടിസ്ഥാനം പ്രബലഭാഷയായിരിക്കും. വാക്യഘടനയും മറ്റും ന്യൂനഭാഷകളുടേതുമായിരിക്കും. സങ്കരഭാഷകളുടെ പ്രധാന സ്വഭാവമാണിത്.

ഉദാ: റ്റോക്പിസിൻ (ന്യൂഗിനിയ)

ഇത്തരത്തിലുള്ള ഭാഷാസമ്പർക്കം കാലപ്പഴക്കത്തിൽ സങ്കരാവസ്ഥയിൽനിന്ന് വെങ്കലാവസ്ഥയിലേക്കു വളരുന്നു. സമ്പർക്കത്തിലേർപ്പെടുന്ന പ്രബലഭാഷയോട് ചാഞ്ഞിരിക്കുന്നതും പ്രാബല്യം കുറഞ്ഞ ഭാഷയിൽനിന്ന് ധാരാളം വ്യതിയാനങ്ങൾ വന്ന രീതിയിലുമാണ് വെങ്കലഭാഷയുടെ രൂപം ഉണ്ടാവുക. ഇതിന് സ്വന്തം ഭാഷയിലെ പദാവലി പ്രബലഭാഷയിലേക്ക് കടത്തി അതിന്റെ ഈണത്തിനും വ്യാകരണത്തിനും മാറ്റം വരുത്തുന്നു എന്നതാണ് വെങ്കലഭാഷയുടെ രൂപീകരണത്തിൽ വരുന്ന മാറ്റം. ഇങ്ങനെ രൂപപരിണാമം കൊള്ളുന്ന സങ്കരഭാഷ പ്രബലമല്ലാത്ത ഭാഷ സംസാരിച്ചുപോന്ന ജനതയുടെ അടുത്ത തലമുറയുടെ മാതൃഭാഷയായി തീരുന്നു. സാധാരണ ഭാഷയിൽ നിന്നു വെങ്കലഭാഷ ഉല്പത്തി സാഹചര്യത്തിൽ മാത്രമാണ് വ്യത്യാസപ്പെടുന്നത്. കാലക്രമത്തിൽ ഇതിന് വ്യാകരണവും മറ്റും ഉറയ്ക്കുകയും ചെയ്യുന്നു.

ഉദാ: ഫ്രഞ്ച് വാക്കുകൾ ധാരാളമുള്ള സെയ്ഷെലോയ്സ് എന്ന ഭാഷ. (Seychellois)

- **ലോകഭാഷ-രഹസ്യഭാഷ**

ഈ രണ്ടു ഭാഷകളും കൃത്രിമഭാഷകളാണ്. ലോകരാഷ്ട്രങ്ങൾക്കെല്ലാം പൊതുവായി ഉപയോഗിക്കാവുന്ന ഒരു സമ്പർക്കഭാഷ ഉണ്ടെങ്കിൽ നിലവിലുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാവും എന്ന ആശയം വളരെ കൊല്ലങ്ങൾക്കുമുമ്പുതന്നെ ഉണ്ടായതാണ്. ജീവത്ഭാഷകളിൽ ഏതെങ്കിലുമൊന്നിനെ സാർവ്വലൗകികഭാഷയായി അംഗീകരിക്കാനുള്ള പല വിഷമതകളുംകൊണ്ടാണ് കൃത്രിമഭാഷകൾ ഉണ്ടാക്കിയത്. പ്രധാന കൃത്രിമഭാഷകളാണ് ഫൊലാപ്യൂക്കും എസ്പരാന്റോയും. ഒരു പ്രത്യേക ജനവിഭാഗത്തിന്റെയോ അന്താരാഷ്ട്രതലത്തിലോ ഉപയോഗിക്കാനായി ഒരാൾ ഒറ്റയ്ക്കൊ പലരുംചേർന്നോ രൂപം കൊടുക്കുന്ന ഭാഷയാണ് കൃത്രിമഭാഷ. പ്രചാരത്തിലുള്ള വിവിധ ഭാഷകളിൽനിന്ന് പ്രസക്തമായ അംശങ്ങൾ കൂട്ടികലർത്തിയോ ഒരു ഭാഷയെയും ആശ്രയിക്കാതെയോ കൃത്രിമഭാഷ നിർമ്മിക്കാം. എസ്പരാന്റോ, ഇഡോ, ഇന്റർലിംഗ്വാ, ഫൊലാപ്യൂക് എന്നിവയാണ് പ്രധാനപ്പെട്ട കൃത്രിമഭാഷകൾ. പോളണ്ടിലെ ഭാഷാവിജ്ഞാനിയായ ലുഡ്വിഗ് സമെൻഹോഫ് 1887ൽ രൂപപ്പെടുത്തിയ കൃത്രിമഭാഷയാണ് എസ്പരാന്റോ. പോളിഷ്, റഷ്യൻ, ലിത്തുവേനിയൻ, ജർമൻ, യിഡിഷ് എന്നീ ഭാഷകളുടെ സംഗമരംഗമായ റഷ്യൻ അതിർത്തിപ്രദേശത്ത് താമസിച്ചിരുന്ന സമെൻഹോഫ് പൗരസ്ത്യഭാഷകളുടെ പല സവിശേഷതകളും സംശ്ലിഷ്ടസ്വഭാവവും റൊമാൻസ്-ജർമാനിക് ഭാഷകളുടെ ഘടനയിൽ കൂട്ടിക്കലർത്തിയതിന്റെ ഫലമാണ് എസ്പരാന്റോ.

രഹസ്യസ്വഭാവമുള്ളതും പ്രത്യേക ലക്ഷ്യങ്ങളുള്ളതുമായ ഭാഷയാണ് രഹസ്യഭാഷ. പ്രധാനമായും അഞ്ച് ആവശ്യങ്ങൾക്കുവേണ്ടിയാണ് രഹസ്യഭാഷകൾ പ്രയോഗിച്ചുവരുന്നത്. (1) രഹസ്യസന്ദേശവിനിമയത്തിന് (2) പരിഹാസത്തിന് (3) വിനോദ ത്തിന് (4) ചില പ്രത്യേക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് (5) ദുർമന്ത്രവാദത്തിന്.

**2. കക്ഷ്യാവിഭജനം**

ഭാഷകളുടെ ആഭ്യന്തരഘടനയിലുള്ള വ്യത്യാസത്തെ ആസ്പദമാക്കിയുള്ള വിഭജനമാണ് കക്ഷ്യാവിഭജനം. ഘടനാപരമായി ഭാഷകൾ പല സ്വഭാവങ്ങൾ പ്രദർശിപ്പിക്കുന്നുവെന്നും അർത്ഥയുക്തമായ പദപ്രത്യയങ്ങളും ആശയസൂചകമായ വാക്യങ്ങളുമാണ് ഭാഷയിലെ മുഖ്യഘടനയെന്നും ഈ ഘടനകളിൽ ഘടകങ്ങൾ എങ്ങനെ ചേർന്നിരിക്കുന്നു എന്നതുമാണ് കക്ഷ്യാവിഭജനത്തിന്റെ അടിസ്ഥാനം. പദഘടനയിലുള്ള വ്യത്യാസങ്ങളെ ആധാരമാക്കി ഭാഷകളെ പ്രാകൃതം, സംശ്ലിഷ്ടം, വൈകൃതം, സംഘടിതം, അപഗ്രഥിതം എന്നിങ്ങനെ അഞ്ച് കക്ഷ്യകളായി വിഭജിച്ചിരിക്കുന്നു.

- **പ്രാകൃതകക്ഷ്യ**

- പ്രകൃതിക്ക് പ്രാധാന്യമുള്ള ഭാഷ എന്ന അർത്ഥത്തിലാണ് പ്രാകൃതകക്ഷ്യ എന്ന് ഇത്തരം ഭാഷകൾ ഉൾപ്പെടുന്ന കക്ഷ്യക്ക് പേരിട്ടത്.
- വാക്യാംഗങ്ങളായ പദങ്ങളിൽ വ്യാകരണധർമ്മങ്ങളിലെ വ്യത്യാസം സൂചിപ്പിക്കാൻ പ്രത്യയങ്ങൾ ചേരുന്നില്ല എന്നതാണ് ഈ കക്ഷ്യയുടെ സ്വഭാവം.
- പ്രത്യയങ്ങൾകൊണ്ട് പ്രകൃതികളെ രൂപഭേദം വരുത്തുന്നില്ല.
- വാക്യത്തിലെ ഓരോ പദവും ഏറെക്കുറെ ഒറ്റതിരിഞ്ഞ് നിൽക്കുന്നു.
- നാമം, ക്രിയ തുടങ്ങിയ പദവർഗങ്ങളുടെയും വിഭക്തി, കാലം, പ്രകാരം തുടങ്ങിയ വ്യാകരണരൂപങ്ങളുടെയും വ്യത്യാസം കുറിക്കുന്നതിനുള്ള രൂപാവലികളൊന്നും ഈ കക്ഷ്യയിൽ ഉൾപ്പെടുന്ന ഭാഷകളിൽ കാണുന്നില്ല. വാക്യത്തിൽ പദങ്ങൾ തമ്മിലുള്ള ബന്ധം പ്രകടിപ്പിക്കാൻ പ്രകൃതികളെത്തന്നെ ഉപയോഗിക്കുന്നു.
- വിയറ്റ്നാമി, ചൈനീസ്, ടിബറ്റൻ, ബർമിസ്, സയാമിസ് തുടങ്ങിയ ഭാഷകൾ പ്രാകൃതകക്ഷ്യയിൽപ്പെടുന്നു.
- ചൈനീസ് ഭാഷയിൽ *യെൻ* എന്ന പദം പുക, ഉപ്പ്, കണ്ണ്, താറാവ് എന്നിങ്ങനെ വിവിധങ്ങളായ അർത്ഥബോധത്തിന് ഉച്ചാരണവ്യത്യാസത്തോടെ ഉപയോഗിക്കുന്നതായി കെ. ഗോദവർമ്മ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ വിവിധ അർത്ഥങ്ങൾ ഉച്ചാരണവ്യത്യാസംകൊണ്ട് മാത്രം സൂചിപ്പിക്കാൻ നില്ക്കാതെ വേണ്ട

അർത്ഥം തരുന്ന ഒരു പദംകൂടി ഈ പദത്തിന്റെ പിന്നിലായി പ്രയോഗിക്കുന്ന സമ്പ്രദായവും ചൈനീസ് ഭാഷയിലുണ്ട്. *യെൻ* എന്ന പദത്തിന് കണ്ണ് എന്ന അർത്ഥം വേണ്ടി വരുന്നിടത്ത് കൃഷ്ണമണി എന്നർത്ഥമുള്ള ചിങ്ഗ് ചേർത്ത് *യെൻചി*ങ്ഗ് എന്ന് പറയാറുണ്ടെന്ന് അദ്ദേഹം ഉദാഹരിക്കുന്നു.

- **സംശ്ലിഷ്ടകക്ഷ്യ**
  - കൂടിച്ചേരുക എന്നർത്ഥമുള്ള സംശ്ലേഷിക്കുക എന്ന വാക്കിൽനിന്നാണ് ഈ കക്ഷ്യയ്ക്ക് ഈ പേരുണ്ടായത്.
  - പ്രകൃതിയോട് പല പ്രത്യയങ്ങളും ഒന്നിനുപുറകെ മറ്റൊന്ന് എന്ന രീതിയിൽ ചേർത്തുകൊണ്ടുള്ള പദഘടനയുള്ളവയാണ് സംശ്ലിഷ്ടകക്ഷ്യയിലെ ഭാഷകൾ.
  - പ്രകൃതിയോട് ചേർക്കുന്ന ഓരോ പ്രത്യയവും ഓരോ വിശേഷാർത്ഥം സൂചിപ്പിക്കും.
  - കൂട്ടിച്ചേർക്കുന്ന പ്രത്യയങ്ങളെല്ലാം ഓരോന്നായി വേർപെടുത്തി ഓരോന്നിനും അർത്ഥം കൽപ്പിക്കാൻ കഴിയും.
  - സംശ്ലിഷ്ടകക്ഷ്യാസ്വഭാവം ഏറ്റവും കൂടുതൽ കാണിക്കുന്ന ഭാഷയാണ് തുർക്കി. മലയാളം ഉൾപ്പെടുന്ന ദ്രാവിഡഭാഷകളുടെ സാമാന്യസ്വഭാവവും സംശ്ലിഷ്ടകക്ഷ്യയുടേതാണ്. ഉദാഹരണം : മിടുക്കന്മാരുടെ എന്ന പദത്തിന്റെ ഘടന മിടുക്ക് (പ്രകൃതി) + അൻ (പുല്ലിംഗപ്രത്യയം) + മാർ (ബഹുവചനപ്രത്യയം) + ഉടെ (സംബന്ധികാവിഭക്തി) എന്നിങ്ങനെ വേർപെടുത്തി ഓരോന്നിനും അർത്ഥം കല്പിക്കാൻ സാധിക്കും.
- **വൈകൃതകക്ഷ്യ**
  - പദഘടനയെ പ്രകൃതിയായും ഭിന്നാർത്ഥങ്ങളുള്ള പ്രത്യയങ്ങളായും വേർതിരിച്ച് കാണിക്കാൻ കഴിയില്ല, ഈ സ്വഭാവങ്ങൾ കാണിക്കുന്നതാണ് വൈകൃതകക്ഷ്യ
  - വിഭിന്നവ്യാകരണധർമ്മങ്ങളും വ്യത്യസ്താർത്ഥങ്ങളുമുള്ള പദങ്ങൾ തിരിച്ച് കാണിക്കാൻ കഴിയാത്ത തരത്തിൽ പല മാറ്റങ്ങളും കാണിക്കുന്നു എന്ന അർത്ഥത്തിലാണ് വൈകൃതം എന്ന് ഈ കക്ഷ്യക്ക് പേരുണ്ടായത്.
  - പ്രകൃതിക്ക് മുൻപും പിൻപും പ്രത്യയങ്ങൾ ചേർക്കുന്നു. പ്രകൃതിക്ക് തന്നെ ആന്തരമായ വ്യത്യാസം വരുന്നു. ഒന്നിലധികം അർത്ഥങ്ങളും വ്യാകരണധർമ്മങ്ങളും ഒരേ പ്രത്യയത്തിൽ അലിഞ്ഞ് ചേർന്നിരിക്കുന്നു.
  - സംസ്കൃതം, ഇംഗ്ലീഷ്, റഷ്യൻ, അറബി, ഹീബ്രു തുടങ്ങിയ ഭാഷകൾ ഈ കക്ഷ്യയിൽ പെടുന്നവയാണ്.
  - give, run തുടങ്ങിയ ഇംഗ്ലീഷ് പദങ്ങളുടെ ഭൂതകാലരൂപങ്ങളായ gave, ran എന്നിവയിൽനിന്ന് ഭൂതകാലപ്രത്യയങ്ങളെയും man, mouse എന്നിവയുടെ ബഹുവചനരൂപങ്ങളായ men, mise എന്നിവയിൽനിന്ന് വചനപ്രത്യയങ്ങളെയും വേർതിരിച്ച് കാണിക്കാൻ കഴിയില്ല. ഇങ്ങനെ പ്രകൃതിപ്രത്യയങ്ങൾ അലിഞ്ഞുചേർന്ന് പലതരത്തിലുള്ള രൂപഘടനകൾ പ്രദർശിപ്പിക്കുന്നവയാണ് വൈകൃതകക്ഷ്യയിലെ ഭാഷകൾ.
- **സംഘടിതകക്ഷ്യ**
  - ഒരു വാക്യത്തെ അപ്പാടെ ഒറ്റപദമാക്കി ഉപയോഗിക്കുന്നതാണു ഈ കക്ഷ്യയിൽ ചേർന്ന ഭാഷകളുടെ പൊതുസ്വഭാവം.
  - മറ്റു ഭാഷകളിൽ പല പദങ്ങൾ ചേർന്നുനിന്നു പ്രകാശിപ്പിക്കുന്ന സംയുക്താശയം സംഘടിതകക്ഷ്യകളിൽപ്പെട്ട ഭാഷകളിൽ ഒറ്റപദമായി കാണിക്കുന്നു.
  - അമേരിക്കൻ, ഇന്ത്യൻഭാഷകൾ ഈ സ്വഭാവമാണ് കാണിക്കുന്നത്.
  - ഗ്രീൻലാന്റിലെ ഭാഷയിൽ ''അവൻ മീൻ പിടിക്കാൻ പോകുന്നതിനു തിടുക്കം കൂട്ടുന്നു'' എന്നതിനു ''ഒലിസറിയർ തോറസ്വർപോക'' എന്ന സംഘടിത പദരൂപം മാത്രം പ്രയോഗിച്ചാൽമതി.

- *ബാസക്* ഭാഷയാണു ഈ കക്ഷ്യയിലെ മികച്ച ഉദാഹരണം. ''എനിക്കു അറിഞ്ഞുകൂട പെണ്ണേ'' എന്ന നീണ്ട വാക്യത്തിനു പകരമായി 'Eztakinat' എന്ന ഒറ്റ പദമാണ് ഈ ഭാഷയിൽ ഉപയോഗിക്കുന്നത്.

- **അപഗ്രഥിതകക്ഷ്യ**
  - വൈകൃതകക്ഷ്യയിലെ ഭാഷകൾ വളർച്ചയുടെ ഘട്ടത്തിൽ കൂടുതൽ അപഗ്രഥനസ്വഭാവം പ്രദർശിപ്പിക്കുന്നു. വൈകൃതകക്ഷ്യയിൽപ്പെടുന്ന ഇൻഡോ–യൂറോപ്യൻ ഭാഷകളിൽ പ്രത്യയം പ്രകൃതിയിൽനിന്നു വേർതിരിച്ചെടുക്കാനാവാത്തവണ്ണം സ്ഥിതിച്ചെയ്യുന്നു.
  - കാലക്രമത്തിൽ ഉച്ചാരണത്തിലും മറ്റും വരുന്ന മാറ്റങ്ങൾ കാരണം പദങ്ങൾ അവയുടെ ആദിരൂപത്തിൽനിന്നും വളരെ അകന്നു പോകുവാൻ ഇടയാകുന്നു.
  - ഇങ്ങനെ വിഭ്രമജനകമായ ഒരു അവസ്ഥ വൈകൃതകക്ഷ്യയിൽപ്പെട്ട ഭാഷകളിൽ വരുമ്പോൾ പ്രത്യയങ്ങളുടെ സ്ഥാനത്തു ഗതികളും അനുപ്രയോഗധാതുക്കളും ക്രിയാവിശേഷണങ്ങളും പ്രയുക്തങ്ങളാക്കി ഭാഷയെ അപഗ്രഥിതകക്ഷ്യയിൽ ഉൾപ്പെടുത്തേണ്ടിവരും.
  - വൈകൃതകക്ഷ്യയിലെ ഭാഷകളുടെ അനുക്രമമായ വളർച്ചയിൽ സംഭവിക്കുന്ന ഒരു ഘട്ടം മാത്രമാകയാൽ ഇതിനെ പ്രത്യേകിച്ചൊരു കക്ഷ്യയായി ഗണിക്കേണ്ടതില്ലെന്നു ചിലർ അഭിപ്രായപ്പെടുന്നു.

### 3. ഭാഷാഗോത്രം/ഭാഷാകുടുംബം (Language Family)

ലോകത്തിലെ എല്ലാ ഭാഷകൾക്കും പൊതുവായ ഒരു പൂർവ്വദശ ഉണ്ടായിരുന്നു എന്ന പരികല്പനയാണ് സമാനസ്വഭാവം പുലർത്തുന്ന ഭാഷകളെന്നും വൈജാത്യമുള്ള ഭാഷകളെന്നും ഭാഷാസമൂഹത്തെ വർഗീകരിക്കുന്നതിനു അടിസ്ഥാനം. പ്രകൃതികൾ, പ്രത്യയങ്ങൾ ഇവയുടെ പാരസ്പര്യത്തിന്റെ സമാനപദങ്ങളുടെ സാദൃശ്യവൈസാദൃശ്യങ്ങൾ എന്നിവ ഈ വിഭജനത്തിൽ പരിശോധിക്കുന്ന മേഖലകളാണ്. ഇൻഡോ യൂറോപ്യൻഭാഷാകുടുംബം, സൈനോ – ടിബറ്റൻ ഭാഷാകുടുംബം, ആസ്ട്രിക് ഭാഷാകുടുംബം, ദ്രാവിഡഭാഷാകുടുംബം എന്നിവയാണ് ഇന്ത്യയിൽ പ്രചാരത്തിലുള്ള ഭാഷാഗോത്രങ്ങൾ. ഭാഷാശാസ്ത്രജ്ഞന്മാർ അംഗീകരിച്ചിട്ടുള്ള ഭാഷാഗോത്രങ്ങളിൽ പ്രധാനപ്പെട്ടവ താഴെ വിവരിക്കുന്നു.

- **ഇൻഡോയൂറോപ്യൻ ഗോത്രം**

ഗോത്രങ്ങളായി ലോകഭാഷകളെ തരംതിരിച്ചിരിക്കുന്ന കൂട്ടത്തിൽ ഏറ്റവും പ്രബലമായ ഗോത്രമാണ് ഇൻഡോയൂറോപ്യൻ ഗോത്രം. ഇൻഡ്യയിലും യൂറോപ്പിലും പ്രചാരത്തിലിരിക്കുന്ന മിക്കഭാഷകളും ഈ വിഭാഗത്തിൽപ്പെടും. ഇംഗ്ലീഷ്, ഫ്രഞ്ച്, ഗ്രീക്ക്, ഇറ്റാലിയൻ, ഹിന്ദി, പഞ്ചാബി, നേപ്പാളി, സംസ്കൃതം തുടങ്ങിയവ ഈ ഗോത്രത്തിലെ ഭാഷകൾക്കുദാഹരണമാണ്. ഏതാണ്ടു എണ്ണായിരം വർഷങ്ങൾക്കുമുമ്പ് പടിഞ്ഞാറെ ഏഷ്യയ്ക്കും മദ്ധ്യയൂറോപ്പിനും ഇടയിൽ പ്രചാരത്തിലിരുന്ന ഒരു മൂലഭാഷയുടെ വൈചിത്യമാർന്ന പിരിവുകളാകാം ഈ ഗോത്രത്തിലെ ഭാഷകൾ എന്നു കരുതുന്നു. ഇവ മിക്കവാറും വൈകൃതകക്ഷ്യയിൽപ്പെടുന്ന ഭാഷകളാണ്. സുദീർഘമായ സമസ്തപദങ്ങൾ ഉണ്ടാക്കാനുള്ള കെൽപ്പും പദങ്ങൾക്കിടയിലെ ബന്ധം കാണിക്കുന്ന പ്രത്യയങ്ങൾ ചേരുന്ന രീതിയും ഈ ഭാഷകളുടെ പ്രത്യേകതകളാണ്.

- **സെമിറ്റിക് ഗോത്രം**

പ്രാമാണ്യത്തിൽ അടുത്ത സ്ഥാനത്തുനില്ക്കുന്ന സെമറ്റിക് ഗോത്രത്തിൽ ഹീബ്രു, ഫിനീഷ്യൻ, അറബിക് തുടങ്ങിയ ഭാഷകൾ ഉൾപ്പെടുന്നു. സെമറ്റിക് ഗോത്രത്തിൽപ്പെട്ട ഭാഷകളുടെ ലിപിവിന്യാസം പരിഷ്കരിച്ചാണു ലോകത്തിലെ മറ്റെല്ലാഭാഷകൾക്കും ലിപിവ്യവസ്ഥ ഉണ്ടായതെന്നു പറയപ്പെടുന്നു. മൂന്ന് വ്യഞ്ജനങ്ങൾ ചേർന്നുണ്ടാകുന്ന ധാതുക്കളിൽ പൂർവ്വാനുബന്ധങ്ങൾ ചേർത്താണു സെമറ്റിക് ഭാഷയിൽ പദങ്ങൾ ഉണ്ടാകുന്നത്. വൈകൃതകക്ഷ്യയിലാണു ഈ വിധ ഭാഷകൾ ഉൾപ്പെടുക.

- **ഹാമറ്റിക്ഗോത്രം**

മെഡിറ്ററേനിയൻ വർഗ്ഗക്കാരുടെ ഭാഷകളാണു മുഖ്യമായും ഹാമറ്റിക് ഗോത്രത്തിൽ ചേർത്തിരിക്കുന്നത്. ലിംഗവ്യവസ്ഥയിലെ കൃതിമത്വനാമങ്ങളിൽ കാണുന്ന ബഹുവചന പ്രത്യയങ്ങൾ എന്നിവ ഈ ഭാഷകൾക്കു സെറ്റിക് ഭാഷകളോടു അടുപ്പമുള്ളതായി തോന്നിക്കുന്നു. "വ്യാകരണപരമായ പൊരുത്തം ഈ രണ്ടു ഗോത്രങ്ങളിലുൾപ്പെട്ട ഭാഷകൾക്കു ഒരു പൂർവ്വദശ ഉണ്ടായിരുന്നു എന്നതിന്റെ തെളിവായി കാണാമെന്നു" ഗോദവർമ്മ പറയുന്നു. കോപ്റ്റിക്, ബെർബർ, എത്തിയോപ്പിക് തുടങ്ങിയ ഭാഷകൾ ഈ ഗോത്രത്തിൽ ഉൾപ്പെടുന്നു.

- **തെക്കുകിഴക്കൻ ഏഷ്യാറ്റിക്ഗോത്രം**

*ചീനാഗോത്രം, ഏകാക്ഷര പ്രാകൃതികഭാഷാഗോത്രം* എന്നീ പേരുകളിലും ഇതു അറിയപ്പെടുന്നു. പദങ്ങൾ ഏകാക്ഷരങ്ങളും കേവല പ്രകൃതികളുമാണ്. ഒരുപദം നാമമോ നാമവിശേഷണമോ ക്രിയാവിശേഷണമോ എന്നു നിശ്ചയിക്കുന്നതു അതിന്റെ ഉച്ചാരണം നോക്കിയാണ്. ഏഷ്യയുടെ തെക്കുകിഴക്ക് പ്രദേശങ്ങളിൽ വ്യവഹരിച്ചുപോരുന്ന ചൈനീസ്, അന്നാമീസ്, ബർമീസ്, സയാമീസ്, ടിബറ്റൻ തുടങ്ങിയ ഭാഷകൾ ഈ ഗോത്രത്തിൽ ഉൾപ്പെടുന്നു.

- **യൂറൽ അൽറ്റേയ്ക്ക്ഗോത്രം**

യൂറൽ അൽറ്റേയ്ക്ക് പർവ്വതനിരകളുടെ മദ്ധ്യഭാഗത്തു വ്യവഹരിക്കപ്പെട്ടുപ്പോന്ന മൂലഭാഷയിൽനിന്നാണു ഈ ഗോത്രത്തിലെ ഭാഷകൾ ഉണ്ടായത്. *ട്യൂറിനേയൻ, സിതിയൻ* എന്നും ഈ ഗോത്രത്തെ വിളിച്ചുപോരുന്നു. ലാപ്പാഷ്, ഫിന്നിഷ്, ടർക്കിഷ്, മംഗോൾ, മഞ്ചു എന്നീ ഭാഷകൾ ഈ ഗോത്രത്തിൽപ്പെടുന്നു. കൂടാതെ ഈ ഗോത്രത്തിലെ ഭാഷകൾ സംശ്ലിഷ്ടകക്ഷ്യയിൽപ്പെടുന്നതാണ്. പ്രകൃതിയിലെ സ്വരങ്ങളോടു പ്രത്യയത്തിലെ സ്വരങ്ങൾക്കു അനുരൂപ്യം വരുന്ന സ്വരസാരൂപ്യനയം (Vowel Harmony) ഈ ഭാഷകൾ അനുവർത്തിക്കുന്നു.

- **ആസ്ട്രിക്ഗോത്രം**

ദേശവ്യാപ്തികൊണ്ടു ഒന്നാംസ്ഥാനമർഹിക്കുന്ന ഗോത്രമാണിത്. ഇൻഡോനേഷ്യയിലെ പോളിനേഷൻ, ഖാസി, മുണ്ടാഭാഷകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. സംശ്ലിഷ്ടകക്ഷ്യ സ്വഭാവമാണു ഈ ഭാഷകൾക്കുള്ളത്. ആര്യ, ദ്രാവിഡ ഭാഷകൾക്കു ഹാസ്ട്രിക് ഭാഷകളുമായി ബന്ധമുണ്ടെന്നു പറയുന്നു.

- **ബാണ്ടുഗോത്രം**

തെക്കേആഫ്രിക്കയുടെ ദക്ഷിണഭാഗങ്ങളിലും മദ്ധ്യഭാഗങ്ങളിലും വ്യവഹരിക്കപ്പെടുന്ന നൂറ്റമ്പതിൽപ്പരം ഭാഷകൾ അടങ്ങിയ ഗോത്രമാണിത്. *സുബു, ഹെറെറോ, ഗാൻഡ, ക്സോസ, സ്വഹീലി, ഡുവാല, ബെംബ* തുടങ്ങിയവയാണു ഇതിലെ പ്രധാന ഭാഷകൾ.

- **ദ്രാവിഡഗോത്രം**

മലയാളം, തമിഴ്, കന്നട, തെലുഗു എന്നീ പുഷ്ടഭാഷകളും കൊടഗ്, തുളു എന്നീ അർദ്ധപുഷ്ടഭാഷകളും തോദ, ബ്രാഹുയി മുതലായ അപുഷ്ടഭാഷകളും അടങ്ങിയതാണു ദ്രാവിഡഗോത്രം. സംശ്ലിഷ്ടകക്ഷ്യാസ്വഭാവം ഈ ഗോത്രഭാഷകളിൽ കാണാമെങ്കിലും ചിലതു വൈകൃതകക്ഷ്യയുടെ സ്വഭാവസവിശേഷതകളിലേയ്ക്കു പരിണമിച്ചുകൊണ്ടിരിക്കുന്നു. തെക്കേഇൻഡ്യയിലാണു പ്രധാനമായും ഈ ഭാഷകൾ കാണപ്പെടുന്നത്.

- **ദ്രാവിഡഗോത്രഭാഷകളും അവയുടെ സവിശേഷതകളും**

ഭാഷയുടെ സ്വഭാവം അടിസ്ഥാനമാക്കിയും മൂലഭാഷയിൽനിന്നു പിരിഞ്ഞുവന്ന കാലം അടിസ്ഥാനമാക്കിയുമാണു ദ്രാവിഡഭാഷകളുടെ വിഭജനം നടത്തിയിരുന്നത്. ഇപ്രകാരം ദ്രാവിഡഭാഷകളെ ദക്ഷിണദ്രാവിഡം (South Dravidian), മദ്ധ്യദ്രാവിഡം (Central Dravidian), ഉത്തരദ്രാവിഡം (North Dravidian) എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

- **ദ്രാവിഡഗോത്രത്തിന്റെ പൊതുസവിശേഷതകൾ**
  - ദ്രാവിഡഭാഷാപദങ്ങൾ മൂർദ്ധന്യാക്ഷരങ്ങളിൽ (Retroflex) ആരംഭിക്കുന്നില്ല (ട,ഠ,ഡ, ഢ,ണ)
  - ദ്രാവിഡഭാഷാപദങ്ങൾ വിവരഘർഷങ്ങളിൽ ('ണ', 'ള') ആരംഭിക്കുന്നില്ല.
  - ദ്രാവിഡഭാഷാപദങ്ങൾ പാർശ്വികാക്ഷരങ്ങളിൽ ('ള', 'ല') ആരംഭിക്കുന്നില്ല.
  - ദ്രാവിഡഭാഷാപദങ്ങൾ ഭൂരിഭാഗവും അവസാനിക്കുന്നതു സ്വരങ്ങളിലായിരിക്കും. ഉദാഹരണം :- പൂവ്, പറ, പന, മല
  - ദ്രാവിഡഭാഷാപദങ്ങൾ വ്യഞ്ജനത്തിൽ അവസാനിക്കുകയാണെങ്കിൽ, വ്യഞ്ജനത്തെ ഉച്ചരിക്കാതെ അതിനോട് സ്വരത്തെച്ചേർത്തു ഉച്ചരിക്കാനുള്ള പ്രവണത പ്രകടിപ്പിക്കുന്നു.
  - ദ്രാവിഡഭാഷാപദങ്ങൾ കൂട്ടക്ഷരത്തിൽ ആരംഭിക്കുന്നില്ല.
  - ദ്രാവിഡഭാഷാപദങ്ങളുടെ അവസാനം ഒരിക്കലും വ്യഞ്ജനാക്ഷരങ്ങളുടെ കൂട്ടക്ഷരങ്ങൾ വരില്ല.
  - പ്രവാഹിയായിട്ടുള്ള 'യ', 'ഴ' ശബ്ദങ്ങൾ ദ്രാവിഡഭാഷകളുടെ പ്രത്യേകതയാണ്. മലയാളത്തിലും തമിഴിലും ഈ പ്രത്യേകത കാണാൻ സാധിക്കും.

**1. ദക്ഷിണദ്രാവിഡഭാഷകളുടെ പ്രത്യേകതകൾ**

- ദക്ഷിണദ്രാവിഡഭാഷകൾക്കു സ്ത്രീലിംഗത്തെ കുറിക്കാനും നപുംസകലിംഗത്തെ കുറിക്കാനും പ്രത്യേകം രൂപിമങ്ങളുണ്ട്.
- പൂർവ്വദ്രാവിഡത്തിലെ പദാദിയിലെ 'ച'കാരം ദക്ഷിണദ്രാവിഡത്തിൽ ലോപിച്ചിരിക്കുന്നു.

  ഉദാഹരണം : (എ) ചുവപ്പ് > ഉപ്പ്

  'ചുപ്പ്' എന്ന പദത്തിലെ പദാദിയിലെ 'ച'കാരം എടുത്തുമാറ്റിയാൽ അവശേഷിക്കുന്നതു വിവൃതോകാരവും 'പ്പ്' എന്ന കൂട്ടക്ഷരവുമാണ്. അതായത് 'ഉപ്പ്' എന്ന പദമായി മാറുന്നു.

  (ബി) ചാപം > ആപം

  'ചാപം' എന്ന പദത്തിലെ 'ച'കാരം എടുത്തുമാറ്റിയാൽ അവശേഷിക്കുന്നത് ചേർന്നു 'ആപം' എന്ന പദമാകുന്നു.
- പ്രാക്ദ്രാവിഡത്തിലെ 'ഉ'കാരം ദക്ഷിണദ്രാവിഡത്തിൽ വിവൃതം, സംവൃതം എന്നിങ്ങനെ രണ്ടായി തിരിഞ്ഞിരിക്കുന്നു.
- ഉ–ഒ, ഇ–എ എന്നീ സ്വരപരിവർത്തനം ദക്ഷിണദ്രാവിഡത്തിൽ ഉള്ള പൊതുസവിശേഷതയാണ്.

  ഉദാഹരണം :എ) ഇല > എല

  'ഇല' എന്ന പദത്തിലെ പദാദിയിലെ 'ഇ'കാരം 'എ'കാരമായി മാറുന്നു.

  ബി) കുളം > കൊളം

  'കുളം' എന്ന പദത്തിലെ 'ഉ'കാരം 'ഒ'കാരമായി മാറുന്നു.
- പ്രാക്ദ്രാവിഡത്തിലെ 'യ' ദക്ഷിണദ്രാവിഡത്തിൽ 'എ' ആയി മാറുന്നു.

  ഉദാഹരണം : യൻ > എൻ

  'യൻ' എന്ന പദത്തിലെ 'യ'കാരം ദക്ഷിണദ്രാവിഡത്തിൽ 'എ'കാരമായി മാറി 'എൻ' എന്ന പദമാകുന്നു.
- പ്രാക്ദ്രാവിഡത്തിലെ 'ഇ'കാര 'ണ'കാരങ്ങളെ നിലനിർത്തിയിരിക്കുന്നത് ദക്ഷിണദ്രാവിഡഭാഷകൾ മാത്രമാണ്.

- പ്രാക്ദ്രാവിഡഭാഷകളിലെ ഭൂതകാലപ്രത്യയങ്ങളായ 'ത', 'ന്ത്', 'ത്ത്', 'ഇ' എന്നിവ തന്നെയാണു ദക്ഷിണദ്രാവിഡത്തിലെ ഭൂതകാലപ്രത്യയം.
- മൂർദ്ധന്യമായ 'ണ'യെയും പാർശ്വികമായിട്ടുള്ള 'ള'യെയും ദക്ഷിണദ്രാവിഡഭാഷകളിൽ കാണുന്നു.

**പ്രധാന ദക്ഷിണദ്രാവിഡഭാഷകൾ**

- **തമിഴ് (Tamil)**

ഏതാണ്ടു അഞ്ചുകോടിയിലധികം ജനങ്ങൾ സംസാരിക്കുന്ന ഭാഷയായ തമിഴ് ഇന്ത്യക്കുപുറത്ത് ശ്രീലങ്ക, സൗത്ത്ആഫ്രിക്ക, മലേഷ്യ, സിംഗപ്പൂർ, മൗറീഷ്യസ്, ഫിജി, ബർമ തുടങ്ങിയ സ്ഥലങ്ങളിലും സംസാരിക്കുന്നു. സിംഗപ്പൂരിലെയും ശ്രീലങ്കയിലെയും ഔദ്യോഗിക ഭാഷകളിൽ സ്ഥാനംപിടിച്ച ദ്രാവിഡഭാഷകൂടിയാണ് തമിഴ്. മധുരയിൽനിന്നും തിരുനെൽവേലിയിൽനിന്നും ബി.സി. രണ്ടാംശതകത്തിലെ തമിഴ്ബ്രാഹ്മിലിപികൾ കണ്ടെത്തിയിട്ടുണ്ട്. തമിഴ്വ്യാകരണത്തെപ്പറ്റിയും കാവ്യഹേതുക്കളെപ്പറ്റിയും പറയുന്ന *തൊൽക്കാപ്പിയ*മാണ് അറിയപ്പെടുന്ന ആദ്യഗ്രന്ഥം. ഇതിൽനിന്നുതന്നെ തൊൽക്കാപ്പിയത്തിനുമുൻപേ നിരവധി പദ്യകൃതികളും മറ്റും തമിഴിൽ ഉണ്ടായെന്നുപറയാം.

- **മലയാളം (Malayalam)**

മൂന്നുകോടിയിലധികം ജനങ്ങൾ സംസാരിക്കുന്ന ഭാഷയാണിത്. കേരളം, ലക്ഷദ്വീപ് എന്നിവിടങ്ങളിലാണു പ്രധാനമായി മലയാളം പ്രചാരത്തിലുള്ളത്. എ.ഡി. 9–ാം നൂറ്റാണ്ടിലെ രാജശേഖരന്റെ വാഴപ്പിള്ളി ശാസനമാണ് ഏറ്റവും പഴക്കംചെന്ന ഭാഷാതെളിവ്. പന്ത്രണ്ടാംനൂറ്റാണ്ടിന്റെ അവസാനത്തിൽ രചിക്കപ്പെട്ടു എന്നുകരുതുന്ന *രാമചരിത*മാണു ആദ്യത്തെ സാഹിത്യകൃതി. പതിനാലാംനൂറ്റാണ്ടിൽ സംസ്കൃതത്തിലെഴുതിയ *ലീലാതിലകം* എന്ന മണിപ്രവാളലക്ഷണകൃതിയിൽ മലയാളവ്യാകരണത്തെപ്പറ്റി ചർച്ചചെയ്യുന്നുണ്ട്.

- **കന്നട (Kannada)**

മൂന്നുകോടിയിലധികം ജനങ്ങൾ സംസാരിക്കുന്ന കന്നട കർണാടകത്തിലെ ഔദ്യോഗികഭാഷയാണ്. എ.ഡി. അഞ്ചാംനൂറ്റാണ്ടിലാണ് കദംബകാന്തുസ്തു വർമ്മയുടെ ശാസനം കണ്ടെത്തുന്നത്. ഇതാണ് കന്നടയിലെ ആദ്യശാസനം. കൂടാതെ ആദ്യത്തെ സാഹിത്യകൃതി ഒമ്പതാംനൂറ്റാണ്ടിലെ *കവിമാർഗം* ആണ്. പതിമൂന്നാംനൂറ്റാണ്ടിലെ *ശബ്ദമണിദർപ്പണ*മാണു *ആദ്യവ്യാകരണഗ്രന്ഥം.*

- **കൊടഗു (Kodagu)**

93000 ജനങ്ങൾ കുടക് സംസാരിക്കുന്നു. മൈസൂരിനും വടക്കേമലബാറിനും ഇടയ്ക്കുള്ള കൂർഗിലാണു ഈ അപുഷ്ടഭാഷ സംസാരിച്ചു വരുന്നത്. മോഗ്ലിങ് (Mogling), എൽ.വി. രാമസ്വാമി അയ്യർ, ആർ,എ. കോൾ (Cole), എ.സി. ബർനെൽ (Burnell) തുടങ്ങിയ പണ്ഡിതന്മാരാണു കുടക് ഭാഷയെപ്പറ്റി പഠിക്കാൻ ശ്രമിച്ചത്.

- **തോദ (Toda)**

1500ഓളം പേർ ഈ ഭാഷ സംസാരിക്കുന്നു. നീലഗിരിയിലെ ആട്ടിടയൻമാരുടെ ഭാഷയാണിത്.

- **കോത (Kota)**

1400ഓളം പേർ സംസാരിക്കുന്ന ഭാഷയാണിത്. നീലഗിരിയിലെ കരകൗശലപ്പണികൾ ചെയ്യുന്നവരുടെ ഭാഷയാണിത്. റോബർട്ട് കാഡ്വെൽ (Robert Caldwell) കന്നടയുടെ ഭാഷാഭേദം എന്നു കോതയെ വിശേഷിപ്പിക്കുന്നുണ്ട്.

- **ബഡഗ, ബദഗ (Badaga)**

കന്നടയുടെ ഭാഷാഭേദമെന്നു കരുതുന്ന ബദഗ ഊട്ടിയിലെ നീലഗിരി കുന്നുകളിൽ കൃഷി മുഖ്യതൊഴിലാക്കിയിട്ടുള്ളവരുടെ ഭാഷയാണ്. 1,26,000 പേർ ഈ ഭാഷ സംസാരിക്കുന്നു.

- **തുളു (Tulu)**

പത്തരലക്ഷത്തോളം ജനങ്ങൾ സംസാരിക്കുന്ന ഭാഷയാണിത്. കർണാടകയിലെ ദക്ഷിണകർണാടകജില്ലയിലും കേരളത്തിലെ കാസർഗോഡ് ജില്ലയിലെ പടിഞ്ഞാറൻ തീരത്തുള്ളവരുമാണു തുളുഭാഷ സംസാരിക്കുന്നത്. തുളുഭാഷയിൽ നിരവധി കഥാഗാനങ്ങളും ഇതിഹാസഗീതങ്ങളുമുണ്ട്. ഇപ്പോൾ കന്നടലിപിയിൽ തുളു എഴുതിവരുന്നുണ്ട്. അതുകൊണ്ടുതന്നെ തുളു അർദ്ധപുഷ്ടഭാഷാഗണത്തിലാണ് ഉൾപ്പെടുന്നത്.

**2. മദ്ധ്യദ്രാവിഡഭാഷകളുടെ പ്രത്യേകതകൾ**

മദ്ധ്യദ്രാവിഡശാഖയെ രണ്ടു ഉപശാഖകളായി തിരിക്കാം. ദക്ഷിണമദ്ധ്യദ്രാവിഡമെന്നും, മദ്ധ്യ ദ്രാവിഡമെന്നും. ആദ്യത്തേതിൽ തെലുഗു, ഗോണ്ടി, കോണ്ട, കുയി, കുവി, പെങ്ഗോ, മണ്ട എന്നീ ഭാഷകളും രണ്ടാമത്തേതിൽ കൊലാമി, നൈകി, പാർജി, ഗദബ, ഒല്ലാരി, നൈക്രി എന്നീ ഭാഷകളും ഉൾപ്പെടുന്നു.

- നപുംസകനാമങ്ങളിൽ ബഹുവചനപ്രത്യയം നിർബന്ധമാണ്.
- പ്രാക്ദ്രാവിഡത്തിലെ പദാദിയിലെ 'ക'കാരം യാതൊരുവിധ മാറ്റവും ഇല്ലാതെതന്നെ മദ്ധ്യദ്രാവിഡത്തിൽ കാണുന്നു.
- പ്രാക്ദ്രാവിഡത്തിലെ മൂർദ്ധന്യശബ്ദമായ (Retroflex) 'ഴ'കാരം മദ്ധ്യദ്രാവിഡത്തിലെ നൈകി ഭാഷയിലൊഴിച്ചു മറ്റു ഭാഷകളിൽ ഒന്നും കാണുന്നില്ല.
- പ്രഥമപുരുഷസർവ്വനാമത്തിന്റെ അവസാനം 'ത' ചേരുന്നു.
- സ്ത്രീലിംഗബദ്ധവാചികളായ നാമങ്ങളോടുകൂടി 'ആൾ' എന്ന പ്രത്യയം ചേരുന്നു. ഉദാ:- ബോധാൾ
- ഭൂതേതരകാലപ്രത്യയം 'ത്', 'ത്ത്' എന്നിവയിലൊന്നുമതി.
- ലിംഗവിഭജനം പുരുഷകേന്ദ്രീകൃതമാണ്. എല്ലാ നാമങ്ങളെയും പുലിംഗം, പുലിംഗമല്ലാത്തവ എന്നാണു തരംതിരിച്ചിരിക്കുന്നത്.

**പ്രധാന മദ്ധ്യദ്രാവിഡഭാഷകൾ**

- **തെലുഗു (Telugu)**

ആറുകോടിയിലധികം ജനങ്ങൾ സംസാരിക്കുന്ന തെലുഗു ആന്ധ്രാപ്രദേശിലെയും തെലുങ്കാനയിലെയും ഔദ്യോഗികഭാഷയാണ്. തെലുഗുവിലെ ആദ്യശാസനം എ.ഡി. അഞ്ഞൂറ്റിയെഴുപത്തഞ്ചിൽ കണ്ടെത്തിയ *എറാഗുദിപാദു*വാണ്. ആദ്യ സാഹിത്യകൃതി പതിനൊന്നാംനൂറ്റാണ്ടിലെ *മഹാഭാരതവിവർത്തന*മാണ്.

- **ഗോണ്ടി (Gondi)**

മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ്സ, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ ആയി രണ്ടു കോടിയിലധികം പേർ ഈ ഭാഷ സംസാരിക്കുന്നു.

- **കോണ്ട (Konda)**

ആന്ധ്രാപ്രദേശിന്റെ വടക്കുകിഴക്കൻ മലനിരകളിൽ താമസിക്കുന്നവരുടെ ഭാഷയാണിത്. 17864 പേർ ഈ ഭാഷ സംസാരിക്കുന്നുണ്ട്.

- **കൂയി (Kui)**

ഒറീസ്സയിലെ ഗഞ്ചം, ഫുൽഹോനി ജില്ലകളിലായി 641662 പേർ ഈ ഭാഷ സംസാരിക്കുന്നു.

- **കൂവി (Kuvi)**

ഒറീസ്സയിലെ ഗഞ്ചം, കലഹന്തി, കോർപുട്ട് തുടങ്ങിയ ജില്ലകളിലായി 246153 പേർ ഭാഷ സംസാരിക്കുന്നു. കൂടാതെ ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം, ശ്രീകാഗുളം ജില്ലക ളിലും ഈ ഭാഷ സംസാരിക്കുന്നുണ്ട്.

- **പെങ്ഗോ (Pengo)**

ഒറീസ്സയിലെ നവ്റാങ്പ്പൂർ ജില്ലയിലായി 1300 പേർ ഈ ഭാഷ സംസാരിക്കുന്നു.

- **മണ്ട (Mada)**

പെങ്ഗോയുമായി അടുത്ത ബന്ധമുള്ള ഈ ഭാഷ ഒറീസ്സയിലെ നവ്റാങ്പ്പൂർ ജില്ല യിലുള്ളവർ സംസാരിക്കുന്നു.

- **കൊലാമി (Kolami)**

ആന്ധ്രാപ്രദേശിലെ അഡിലാബാദ്, മഹാരാഷ്ട്രയിലെ യോത്മാൽ, വർധ എന്നീ ജില്ലകളിൽ താമസിക്കുന്ന 99281 പേർ ഈ ഭാഷ സംസാരിക്കുന്നു.

- **നൈകി (Naiki)**

മദ്ധ്യപ്രദേശിലെ 'ചന്ദ' ജില്ലയിലുള്ള 54000 പേർ ഈ ഭാഷ സംസാരിക്കുന്നു.

- **നൈക്രി (Naikri)**

കൊലാമിയോടു സാമ്യമുള്ള ഈ ഭാഷ ആന്ധ്രാപ്രദേശിലും മഹാരാഷ്ട്രയിലുമായി 1500 പേർ സംസാരിക്കുന്നു.

- **പാർജി (Parji)**

മദ്ധ്യപ്രദേശിലെ ബസ്താർ ജില്ലയിലും ഒറീസ്സയുടെ അടുത്തുകിടക്കുന്ന മലനിരക്കു കളിലുമുള്ളവരുമായി 44001 പേർ ഈ ഭാഷ സംസാരിക്കുന്നു.

- **ഗദബ (Gadaba)**

ആന്ധ്രാപ്രദേശിലെ ശ്രീകാഗുളം ജില്ല, ഒറീസ്സയിലെ കോർഗുഡ് ജില്ല എന്നിവിടങ്ങളി ലായി 54000 പേർ ഈ അപുഷ്ടഭാഷ സംസാരിക്കുന്നു.

- **ഒല്ലാരി (Ollari)**

90100 പേർ സംസാരിക്കുന്ന ഈ ഭാഷയെക്കുറിച്ചു 'എമിനോ', ബറോ എന്നിവരാണു പഠിച്ചത്.

3. **ഉത്തരദ്രാവിഡഭാഷകളുടെ പ്രത്യേകതകൾ**

- ഹ്രസ്വദീർഘസ്വരമായ 'ഇ'കാരം ഒഴികെയുള്ള മറ്റു സ്വരങ്ങളുടെ മുൻപിൽവരുന്ന 'ക'കാരം 'ഹ'കാരമായി മാറുന്നു.

  ഉദാ: കാക്ക എന്ന പദത്തിലെ 'ക'കാരങ്ങൾ 'ഹ'കാരങ്ങളാകുന്നു (ബ്രാഹുയി ഭാഷയിൽ)

  'കണ്' എന്ന പദത്തിലെ 'ക'കാരം 'ഹ'കാരമായി മാറി 'ഹണ്'എന്നാകുന്നു. (കു റുക്സ് ഭാഷയിൽ)

- പ്രാക്ദ്രാവിഡത്തിലെ 'ച'കാരം ഉത്തരദ്രാവിഡത്തിൽ 'ക'കാരമായി മാറുന്നു. 'ഉ'കാരത്തിനോ 'എ'കാരത്തിനോ മുൻപിൽ വന്നാലാണിതു സംഭവിക്കുന്നത്.

  ഉദാ: ചുമട് – കുമട് (ബ്രാഹുയി)
  ചുമ – കുബേൽ (ബ്രാഹുയി)

- പ്രാക്ദ്രാവിഡത്തിലെ 'വ'കാരം 'ബ'കാരമായി മാറുന്നു.

  ഉദാ: വായ് – ബായ് (കുറുക്സ്, മാൾട്ടോ)

- ഭൂതകാലപ്രത്യയം സൂചിപ്പിക്കാൻ 'ഓ' ആണ് ഉപയോഗിക്കുന്നത്.

- ചോദ്യവാചി 'ഏ' യാണ്.
- വ്യത്യസ്തമായ അർത്ഥപരിണാമം ഉത്തരദ്രാവിഡഭാഷയുടെ പ്രത്യേകതയാണ്.

  ഉദാ: കുറുക്സിലെ 'തുങ്ഗുൽ' എന്ന പദത്തിന്റെയും മാൾട്ടോയിലെ 'തുങ്ഗലെ' എന്ന പദത്തിന്റേയും അർത്ഥം *സ്വപ്നം കാണുക* എന്നാണ്. മറ്റു ദ്രാവിഡഭാഷകളിൽ *ഉറങ്ങുക* എന്നാണ് ഇതിനർത്ഥം.

- **കുറുക്സ് (Kurux)**

ബീഹാറിലെ ബലോപ്പൂർ, ഛോട്ടാനാഗ്പ്പൂർ, മദ്ധ്യപ്രദേശിലെ റായ്ഘർ, സർബുജ, ഒറീസയിലെ സുന്ദർഘർ, സബർപ്പൂർ എന്നീ ജില്ലകളിലായി 1,426,618 പേർ ഈ ഭാഷ സംസാരിക്കുന്നു. റോബർട്ട് കാഡ്വെൽ ഈ ഭാഷയെ *Oraon* എന്നാണു വിശേഷിപ്പിക്കുന്നത്.

- **മാൾട്ടോ (Malto)**

രാജ്മഹൽകുന്ന്, ബീഹാർ, വെസ്റ്റ്ബംഗാൾ എന്നിവിടങ്ങളിലായി 108148 പേർ ഈ ഭാഷ സംസാരിക്കുന്നു.

- **ബ്രാഹുയി (Brahui)**

ഇന്ത്യയ്ക്കു പുറത്തുമാത്രം പ്രചാരത്തിലുള്ള ദ്രാവിഡഭാഷ ആണ് ബ്രാഹുയി. 1911 ലാണു ഈ ഭാഷയെ ദ്രാവിഡഭാഷാഗോത്രത്തിലുൾപ്പെടുത്തിയത്. അന്നത്തെ കണക്കനുസരിച്ച് 1,70,998 പേർ ഈ ഭാഷ സംസാരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പാക്കിസ്ഥാനിലും ബലൂചിസ്ഥാനിലും ഇറാനിലുമായി ഇന്ന് ഏകദേശം 1.7 ബില്ല്യൻ ജനങ്ങൾ ബ്രാഹുയി സംസാരിക്കുന്നുണ്ട്.

- **ദ്രാവിഡഭാഷയെ പറ്റിയുള്ള പ്രധാനഗ്രന്ഥങ്ങൾ**

1. South Indian Languages – F.W. Ellis
2. Notes on Aryan and Dravidian Philology – Seshagiri Prabhu
3. A Comparative Grammar of the Dravidian or South Indian Family of Languages – Robert Caldwell
4. A comparative Dictionary of the Indo Aryan Languages –R.L. Turner
5. Comparative Dravidian Linguistics – Bhadriraju Krishnamurthi
6. Dravidian Borrowing from Indo Aryan - M.B. Emeneau & T. Burrow
7. Dravidian Comparative Phonology - P. S. Subrahmanyam
8. Dravidian Etymological Dictionary (DED) - T. Burrow & M.B. Emeneau
9. Dravidian Berb Morphology – P.S. Subrahmanyam
10. Linguistic Survey of India - George Grierson

# യൂണിറ്റ് 2

## 2.1 സ്വനവിജ്ഞാനം (Phonology)

ഭാഷാശബ്ദങ്ങളെക്കുറിച്ചുള്ള പഠനമാണ് സ്വനവിജ്ഞാനം (Phonetics). അർത്ഥത്തിനു സാദ്ധ്യതയില്ലാത്ത ഭാഷയിലെ അടിസ്ഥാനശാബ്ദികമാത്രയാണ് സ്വനങ്ങൾ. വ്യത്യസ്തസ്വഭാവങ്ങളോടുകൂടിയ സ്വനങ്ങളുടെ ഉത്പാദനം ഉച്ചാരണാവയവങ്ങളുടെ വൈചിത്ര്യത്തിലാണ് നടക്കുന്നത്. ഉച്ചാരണത്തിനുമാത്രമായിട്ടുള്ള അവയവങ്ങളൊന്നും മനുഷ്യശരീരത്തിലില്ല. എങ്കിലും രുചിയറിയാനും മറ്റ് ജൈവികപ്രവർത്തനത്തിനും വേണ്ടിയുള്ള നാവ് ഉച്ചാരണവേളയിൽ സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. ഉച്ചാരണത്തിൽ ഏറ്റവും കൂടുതൽ പങ്കെടുക്കുന്ന അവയവം നാവാണ്. ഇങ്ങനെ മൗഖികാവയവങ്ങളുടെ പ്രവർത്തനഫലമായുണ്ടാകുന്ന ഉച്ചാരണശബ്ദങ്ങൾ അതിന്റെ സ്ഥാനമനുസരിച്ച് വ്യത്യാസപ്പെടുന്നു. സ്വനവ്യതിയാനം അർത്ഥഭേദം ഉണ്ടാക്കുന്നതുകൊണ്ട് വരമൊഴിയിൽ സ്വനത്തിന് പ്രസക്തിയില്ല. എന്നാൽ വാമൊഴിയിൽ സ്വനം അതീവ പ്രസക്തമാണ്. ഇപ്രകാരം ഭാഷയിലെ അടിസ്ഥാനഘടകമായ സ്വനത്തെക്കുറിച്ചുള്ള പഠനമാണ് സ്വനവിജ്ഞാനം. ഉച്ചരിക്കാൻ കഴിയുന്ന എല്ലാ ശബ്ദങ്ങളെയും കുറിച്ചുള്ള വ്യവസ്ഥാപിതമായ പഠനമാണ് സ്വനവിജ്ഞാനം. സ്വനങ്ങൾ എങ്ങനെ ഉച്ചരിക്കപ്പെടുന്നു, മൗഖികാവയവങ്ങളുടെ വ്യത്യാസംമൂലം വ്യതിരിക്തശബ്ദങ്ങൾ ഉണ്ടാകുന്നതെങ്ങനെ അതിന്റെ സഞ്ചാരം, സ്വീകരണം എന്നിങ്ങനെ നിരവധി മേഖലകൾ സ്വനവിജ്ഞാനത്തിന്റെ പരിധിയിൽ വരുന്നു.

സ്വനനിർമ്മാണം, സഞ്ചാരം, സ്വീകരണം, എന്നീ ശാഖകൾ സ്വനവിജ്ഞാനം ഉൾക്കൊള്ളുന്നു. ഉച്ചാരണശബ്ദങ്ങൾ ഭാഷയിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്ന പഠനമാണു സ്വനവിജ്ഞാനത്തിന്റെ പ്രവർത്തനമേഖല. സ്വനങ്ങളുടെ അർത്ഥപരമായ വിന്യാസത്തിൽ സ്വനിമവിജ്ഞാനം ഊന്നൽ നൽകുന്നു.

- **സ്വനം (phone)**

ഉച്ചാരണശബ്ദത്തെയാണു സാങ്കേതികാർത്ഥത്തിൽ സ്വനം എന്നു വിവക്ഷിക്കുന്നത്. മൗഖികാവയവങ്ങൾകൊണ്ടു ഉച്ചരിക്കാൻ കഴിയുന്നവയും ശ്രവണേന്ദ്രിയങ്ങൾകൊണ്ടു കേൾക്കാൻ കഴിയുന്നവയുമായ എല്ലാ ഉച്ചാരണശബ്ദങ്ങളെയും സ്വനം (phone) എന്നു പറയുന്നു. സ്വനങ്ങൾക്കു അർത്ഥഭേദനിർബന്ധം ഇല്ല. അതായതു അർത്ഥഭേദസാധ്യതകളിൽ സ്വനങ്ങൾ സജീവമാകുന്നില്ല എന്നർത്ഥം. സ്വനവ്യതിയാനം അർത്ഥഭേദം ഉണ്ടാക്കാത്തതുകൊണ്ടു വരമൊഴിയിൽ സ്വനം പ്രസക്തമല്ല. എന്നാൽ വാമൊഴിയിൽ സ്വനം അതീവപ്രസക്തമാണ്.

ഉദാ: ക്, ച്, ട്, ത്

- **സ്വനവിജ്ഞാനപഠനം**

വക്താവ്, ശ്രോതാവ്, ഇവർക്കിരുവർക്കുമിടയിൽ രൂപംകൊള്ളുന്ന സ്വനതരംഗങ്ങൾ എന്നീ മൂന്നുഘടകങ്ങളിൽ ഏതിലാണ് സംഭാഷണസ്വനപഠിതാവിന്റെ ശ്രദ്ധ എന്നതിനെ അടിസ്ഥാനമാക്കി സ്വനവർഗീകരണത്തിന് മൂന്ന് സമീപനരീതികളാണ് സ്വീകരിക്കുന്നത്. അവ യഥാക്രമം അവയവാസ്പദം (Articulatory) ശ്രവണാസ്പദം (Auditory), സ്വനഭൗതികം (Acoustic) എന്നിങ്ങനെയാണ്.

### 1. അവയവാസ്പദം (Articulatory Phonetics)

അവയവാസ്പദപഠനത്തിൽ അല്ലെങ്കിൽ സ്വനോച്ചാരണവിജ്ഞാനീയത്തിൽ ഉച്ചാരണവൃത്തിയെയാണ് വിശകലനം ചെയ്യുന്നത്. ഓരോ സ്വനത്തിന്റെ ഉച്ചാരണത്തിൽ ഏതെല്ലാം അവയവങ്ങൾ എങ്ങനെയെല്ലാം പ്രവർത്തിക്കുന്നുവെന്നും ഓരോ ശബ്ദോച്ചാരണത്തിലും പ്രത്യേക അവയവങ്ങൾക്കുള്ള ഉച്ചാരണസ്ഥാനം എന്താണെന്നും ഈ പഠനം അന്വേഷിക്കുന്നു. അതുകൊണ്ടുതന്നെ ഓരോ ശബ്ദവും എങ്ങനെയാണ് ഉച്ചരിക്കേണ്ടതെന്ന് കൃത്യമായി കണ്ടെത്താൻ അവയവാസ്പദപഠനത്തിലൂടെ സാധിക്കുന്നു.

ഉച്ചാരണവൈകല്യമുള്ളവരുടെ യഥാർത്ഥപ്രശ്നങ്ങൾ ഒരുപരിധിവരെ അവയാവസ്പദപഠനത്തിൽനിന്നു മനസ്സിലാക്കാൻ സാധിക്കും.

**2. ശ്രവണാസ്പദം (Auditory Phonetics)**

ഭാഷാശബ്ദങ്ങളെ എങ്ങനെയാണ് കേൾക്കുന്നത് എന്നതിനെ അവലംബിച്ചുള്ള പഠനമാണ് ശ്രവണാസ്പദം അല്ലെങ്കിൽ ശ്രാവ്യസ്വനവിജ്ഞാനീയം. ഉച്ചരിച്ച ശബ്ദങ്ങൾ വായുതരംഗങ്ങളായി ചെവിയിൽ പ്രവേശിച്ച് ആ തരംഗങ്ങൾ ചെവിയിലെ ആന്തരികാവയവങ്ങളിൽ ഉണ്ടാക്കുന്ന പ്രതിസ്പന്ദനങ്ങളെയും അവ കർണനാസികളിലൂടെ തലച്ചോറിലെത്തി ശബ്ദഗ്രഹണം നടക്കുന്ന പ്രക്രിയയെയും കുറിച്ചാണ് ശ്രവണാസ്പദ സ്വനവിജ്ഞാനത്തിൽ അന്വേഷിക്കുന്നത്. വക്താവിന്റെ ഉച്ചാരണവയവങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദതരംഗങ്ങൾ ശ്രോതാവിന്റെ ചെവിയിൽ എത്തിച്ചേർന്നാൽ അവിടെ അത് സ്വീകരിച്ച് തലച്ചോറിലേക്ക് അയയ്ക്കാനുള്ള സംവിധാനമുണ്ട്. ചെവിക്കകത്തുള്ള ശബ്ദക്രിയയെക്കുറിച്ച് സാമാന്യമായി അറിയാൻ കഴിയുമെങ്കിലും മസ്തിഷ്കത്തിൽ നടക്കുന്ന തിരിച്ചറിയൽ പ്രിക്രിയ വസ്തുനിഷ്ഠാപഗ്രഥനത്തിന് അപ്രാപ്യമാണ്.

**3. സ്വനഭൗതികം (Acoustic Phonetics)**

ഭാഷാശബ്ദങ്ങൾ പുറപ്പെടുവിച്ചതിനുശേഷം അവ അന്തരീക്ഷവായുവിൽ സൃഷ്ടിക്കുന്ന ശബ്ദതരംഗങ്ങളെക്കുറിച്ചുള്ള പഠനമാണ് സ്വനഭൗതികം അല്ലെങ്കിൽ ഭൗതികസ്വനവിജ്ഞാനീയം. ഉച്ചാരണവയവങ്ങൾ വായുവിലുണ്ടാക്കുന്ന ശബ്ദതരംഗങ്ങളുടെ ചലനദിശ, വേഗം, തീവ്രത, സാന്ദ്രത, ആവൃത്തി മുതലായവ ഉപകരണങ്ങളുടെ സഹായത്താൽ പഠിക്കുവാൻ സാധിക്കും. സ്പെക്ട്രോഗ്രാഫ് (Spectrograph) എന്ന ഉപകരണം ഉപയോഗിച്ച് സ്വനങ്ങളുടെ സ്പെക്ട്രോഗ്രാം (Spectrogram) എന്ന ത്രിമാനചിത്രങ്ങൾ എടുത്ത് അവയെ ആധാരമാക്കിയാണ് ഈ പഠനങ്ങളെല്ലാം നടത്തുന്നത്. ഉച്ചാരണപ്രക്രിയയ്ക്കുശേഷം അന്തരീക്ഷവായുവിലുണ്ടാകുന്ന ശബ്ദതരംഗങ്ങളുടെ ഭൗതിക ഗുണങ്ങളെയാണ് കൃത്യമായി അളന്ന് തിട്ടപ്പെടുത്തി സ്വനഭൗതിക വിജ്ഞാനീയത്തിൽ പഠിക്കുന്നത്.

## 2.2. ഉച്ചാരണസ്വനവിജ്ഞാനപദ്ധതി

ഓരോ സ്വനത്തിന്റെ പ്രകാശനത്തിലും ഏതെല്ലാം ഉച്ചാരണാവയവങ്ങൾ ഏതെല്ലാം തരത്തിൽ പ്രവർത്തിക്കുന്നു എന്നാണു ഉച്ചാരണസ്വനവിജ്ഞാനത്തിൽ വിവരിക്കുന്നത്.

- **ഉച്ചാരണാവയവങ്ങൾ**

ഭാഷോച്ചാരണത്തിനുവേണ്ടി പ്രത്യേകിച്ച് അവയവങ്ങളൊന്നും മനുഷ്യനില്ല. ആഹാരം കഴിക്കുവാനും ശ്വസിക്കുവാനുമുള്ള അവയവങ്ങൾ തന്നെ ഭാഷ ഉച്ചരിക്കുന്നതിനും മനുഷ്യൻ ഉപയോഗിക്കുന്നു. ഭാഷാശബ്ദോൽപാദനത്തിൽ പങ്കെടുക്കുന്ന അവയവങ്ങളെയാണ് ഉച്ചാരണാവയവങ്ങൾ എന്നു പറയുന്നത്. ഈ അവയവങ്ങളെത്തന്നെ ചലനസ്വാതന്ത്ര്യമുള്ള ഉച്ചാരണാവയവങ്ങൾ എന്നും ചലനസ്വാതന്ത്ര്യമില്ലാത്ത ഉച്ചാരാവയവങ്ങൾ എന്നും രണ്ടായി തിരിക്കാം. ശ്വാസവായുവിൽ ചില ചലനങ്ങൾ ഉണ്ടാക്കിയാണ് ഭാഷണശബ്ദങ്ങൾ ഉണ്ടാകുന്നത്. ശ്വാസകോശത്തിൽനിന്നു പുറത്തേക്ക് പോകുന്ന വായു വായയിൽക്കൂടിയുള്ള വക്തരന്ധ്രം (Oral cavity) മൂക്കിൽക്കൂടിയുള്ള നാസാരന്ധ്രം (Nasal cavity) എന്നീ പഥങ്ങളിൽകൂടിയാണ് സഞ്ചരിക്കുന്നത്. ശ്വാസവായു കണ്ഠനാളത്തിൽ (Larynx) കൂടിയാണ് വക്തരന്ധ്രത്തിലേക്കും നാസാരന്ധ്രത്തിലേക്കും പ്രവേശിക്കുന്നത്. കണ്ഠനാളത്തിൽ ഭാഷണശബ്ദങ്ങളെ നിയന്ത്രിക്കുന്ന സ്വനപാളികൾ (vocal cords) എന്ന അവയവമുണ്ട്. കൃകം അല്ലെങ്കിൽ കണ്ഠപേടകം (Glottis) എന്ന അറയ്ക്കകത്താണ് ഈ പാളികൾ സ്ഥിതി ചെയ്യുന്നത്. കണ്ഠനാളത്തിന്റെ മേൽഭാഗത്ത് (Pharynx) കുറുനാക്ക് അല്ലെങ്കിൽ ഉൾനാക്ക് (Root of the tongue) സ്ഥിതി ചെയ്യുന്നു.

വർണോച്ചാരണത്തിൽ മൗഖികാവയവങ്ങളാണ് കൂടുതലായും പങ്കെടുക്കുന്നത്. അവയിൽതന്നെ നാക്കിനാണ് പ്രഥമസ്ഥാനം. വായുടെ മുകൾഭാഗം, പല്ല്, ചുണ്ട്, നാക്ക്

എന്നിവ ഉച്ചാരണത്തിൽ പ്രധാനപങ്കുവഹിക്കുന്നുണ്ട്. നാവിനെ ജിഹ്വാമൂലം (കടനാവ്) (Dorsum), ജിഹ്വാഗ്രം (നാവിൻതുമ്പ്) (Tip), ജിഹ്വാമധ്യം (നടുനാവ്) (centre), ജിഹ്വോപാഗ്രം (നാവിൻവശം) (Blade) എന്നിങ്ങനെ നാലായിതരംതിരിക്കാം. സ്വതന്ത്രമായി വായയുടെ ഏതുഭാഗത്തും എത്തിക്കാവുന്ന നാവിൻ തുമ്പാണ് ജിഹ്വാഗ്രം. നാവിൻതുമ്പിന് പുറകിലായി ഒന്നര ഇഞ്ചോളം നീളമുള്ള ഭാഗമാണ് ജിഹ്വാമധ്യം. നാവിന്റെ നടുഭാഗത്തിന് പുറകിലായി കിടക്കുന്ന നാവിന്റെ ശേഷിച്ച ഭാഗമാണ് ജിഹ്വാമൂലം. വായുടെ മുകൾഭാഗത്തെ താലു (velum), മൂർദ്ധാവ് (Done) വർത്സ്യം (Alveolar) എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. നാക്ക് സാധാരണനിലയിൽ നീണ്ടുനിവർന്നിരിക്കുമ്പോൾ നാവിൻതുമ്പിന് നേരെ മുകളിൽ വായുടെ മേൽത്തട്ടിന്റെ ഏറ്റവും മുൻവശത്ത് മേൽ വരിപ്പല്ലുകളുടെ തൊട്ടുപുറകിലായി സ്ഥിതി ചെയ്യുന്ന ഭാഗമാണ് വർത്സ്യം അല്ലെങ്കിൽ ഊന് (Alveolar) നാവിന്റെ നടുഭാഗത്തിന് നേരെ മുകളിലായി കാണുന്ന ഭാഗമാണ് കഠിനതാലു (Hard palate) നാവിന്റെ കടഭാഗത്തിന് മുകളിലായി സ്ഥിതിചെയ്യുന്ന മൃദുവായ ഭാഗമാണ് മൃദുതാലു (soft palate).

ഉച്ചാരണാവയവങ്ങൾക്ക് ഏതെങ്കിലുംതരത്തിലുള്ള തകരാറുള്ളവർക്ക് ഭാഷണവൈകല്യവും ഉണ്ടായിരിക്കും. ഒരു ഭാഷാശാസ്ത്രജ്ഞന് ഭാഷണവൈകല്യങ്ങളുടെ പഠനത്തിലൂടെ ഉച്ചാരണാവയവങ്ങളുടെ തകരാറുകൾ എന്തൊക്കെയാണെന്ന് കണ്ടുപിടിച്ച് ഒരു ഡോക്ടർക്കു നിർദ്ദേശിക്കുവാൻ സാധിക്കും. അവയവാസ്പദപഠനത്തിനുള്ള പ്രാധാന്യവും ഇതുതന്നെയാണ്.

- **മലയാളത്തിലെ സ്വനവ്യവസ്ഥ (Articulatory system)**




ചിത്രം 1 ഉച്ചാരണാവയവങ്ങൾ

ഉച്ചാരണത്തിൽ പങ്കെടുക്കുന്ന സ്ഥാനങ്ങളെയും അവയവങ്ങളെയും താഴെ കാണി ക്കുന്നു. 1. Nasal Cavity – നാസാരന്ധ്രം, 2. Hard palate – കഠിനതാലു, 3. Alveolar ridge – വർത്സ്യം, 4. Velum – കണ്ഠം, 5. Tongue lip – ജിഹ്വാഗ്രം, 6. Dorsum – ജിഹ്വാമൂലം, 7. Uvula – അണ്ണാക്ക്, 8. Radix – ജിഹ്വാമൂലം (ഉൾനാക്ക്) , 9. Pharynx – കണ്ഠനാളത്തിന്റെ മേൽഭാഗം, 10. Epiglotis – ഉപജിഹ്വ, 11. False vocal cords – Vestidular Folds, 12. Vocal cord – സ്വനപാളികൾ, 13. Larynx – കണ്ഠനാളം, 14. Esophagus – അന്നനാളം, 15. Trachea – ശ്വസനനാളം

- **ശ്വാസനാളം (Trachea)**
  വദനഗഹ്വരത്തിൽ വായു എത്തിച്ചേരുന്നതിനുള്ള മാർഗമാണു ശ്വാസനാളം.

- **ഉപജിഹ്വ (Epiglottis)**

ശ്വാസനാളത്തെയും അന്നനാളത്തെയും വേർതിരിക്കുന്ന മാംസളമായ ഒരടപ്പാണ് ഉപജിഹ്വ. ഭക്ഷണം കഴിക്കുമ്പോൾ അതിന്റെ അംശങ്ങൾ ശ്വാസകോശത്തിലെത്താതിരിക്കാനുള്ള മുൻകരുതൽ ആണു ആ സമയത്തു ഉപജിഹ്വ ശ്വാസനാളത്തെ അടയ്ക്കുന്നത്.

- **പ്രജിഹ്വ (Uvula)**

തൊണ്ടയിൽ വായുടെ മേൽഭാഗത്തുനിന്നും തൂങ്ങിക്കിടക്കുന്ന രൂപത്തിലാണു പ്രജിഹ്വസ്ഥിതി ചെയ്യുന്നത്.

- **കണ്ഠനാളം (Pharynx)**

നാസാദ്വാരങ്ങൾ തൊണ്ടയിൽ ചേരുന്ന ഭാഗത്തു, തൊട്ടു താഴെയായി കീഴോട്ടു തൂങ്ങികിടക്കുന്ന കുഴലാണു കണ്ഠനാളം. കണ്ഠനാളത്തിന്റെ മുകൾഭാഗത്തെ കണ്ഠനാളശീർഷം (pharynx) എന്നും കീഴ്ഭാഗത്തെ കണ്ഠനാളപദം (Larynx) എന്നും പറയുന്നു.

- **സ്വനപേടകം (glottis)**

ശ്വാസനാളത്തിന്റെ മുകളറ്റത്തു സ്ഥിതിചെയ്യുന്ന ഒരു പേടകമാണു കൃകം അഥവാ സ്വനപേടകം. സ്വനപേടകത്തിൽ ഘടിപ്പിച്ചിരിക്കുന്ന രണ്ടു തിരശ്ചീനചർമ്മങ്ങളെയാണു സ്വനതന്തുക്കൾ (vocal cords) എന്നു പറയുന്നത്.

ഓഷ്ഠ്യം, വർത്സ്യം, മൂർദ്ധാവ്, കഠിനതാലു, മൃദുതാലു, പ്രജിഹ്വ എന്നിവയാണു വായുടെ മേൽത്തട്ടിൽ ഉച്ചാരണത്തെ സഹായിക്കുന്ന സ്ഥാനങ്ങൾ. കീഴ്ച്ചുണ്ട്, നാവിന്റെ അഗ്ര–ഉപഗ്ര–മുഖ–മധ്യമൂലങ്ങൾ എന്നിവയാണു കീഴ്ത്തട്ടിലെ ഉച്ചാരണ സഹായികൾ.

ഉച്ചാരണാവയവങ്ങളുടെ സഹായത്താൽ എപ്രകാരം ഭാഷണശബ്ദങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്നു ഉച്ചാരണസ്വനവിജ്ഞാനം (Articulatory phenome) നിരൂപിക്കുന്നു. ശ്വസനം (Respiration) സ്വനനം (phonatian) സ്വനം (Articulation)എന്നീ പ്രക്രിയകളുമായി യഥാക്രമം ഉടൽ, കണ്ഠം, മുഖം എന്നിവയിലെ അവയവങ്ങൾ സഹകരിക്കുമ്പോൾ ഭാഷണസ്വനോൽപ്പാദനം നടക്കുന്നു.

## 2.3 സ്വരനിർണയവും വർഗീകരണവും

സ്വനവിജ്ഞാനീയ പ്രകാരം മലയാളത്തിലെ സ്വരങ്ങളെ വർഗീകരിക്കുന്നു. ശ്വാസകോശത്തിൽനിന്നും പുറത്തേക്കുവരുന്നവായു വായയിലൂടെ പുറത്തേക്കു വരുമ്പോൾ വായ്ക്കുള്ളിലെ point of articulation (സ്ഥിരീകരണത്തിൽവെച്ചു) നാമമാത്രമായ തടസ്സമാണു ഉണ്ടാകുന്നതെങ്കിൽ സ്വരോച്ചാരണം സംഭവിക്കുന്നു. അങ്ങനെയുള്ള സ്വരങ്ങളുടെ പ്രത്യേകതകൾ താഴെ പറയുന്നു.

- സ്വരോച്ചാരണം നാദിയാണ്
- ഈ സന്ദർഭത്തിൽ ഉച്ഛ്വാസവായു വായിലൂടെ മാത്രമേ പുറത്തേക്കു വരുകയുള്ളൂ.
- വായുടെയും ചുണ്ടിന്റെയും നാവിന്റെയും ആകൃതിയും രൂപവും ഉയർച്ചയും താഴ്ച്ചയും അനുസരിച്ചാണു സ്വരങ്ങൾ തീരുമാനിക്കുന്നത്.
- വായ്ക്കുള്ളിലെ ഉച്ഛ്വാസവായുവിനു ഉണ്ടാകുന്ന തടസ്സം നാമമാത്രമാണ്.

ഈ സവിശേഷതകൾ പറഞ്ഞു സ്വരോച്ചാരണം പഠിപ്പിക്കാനാവില്ല. കേഴ്വിയെ മാത്രം അടിസ്ഥാനമാക്കിയാണു സ്വരോച്ചാരണം ശീലിക്കുന്നത്.

**സ്വരങ്ങളുടെ തരംതിരിവിന് അടിസ്ഥാനം**

ശ്വാസകോശത്തിൽനിന്നു പുറത്തേക്കു വരുന്ന വായു വായിലൂടെ പുറത്തേക്കു വരുമ്പോൾ വായ്ക്കുള്ളിലെ സ്ഥിരീകരണത്തിൽ വെച്ചു നാമമാത്രമായ തടസമാണു ഉണ്ടാകുന്നതെങ്കിൽ, സ്വരോച്ചാരണം സംഭവിക്കുന്നു.

**1. നാവിന്റെ സ്ഥിതി**

നാവിന്റെ ഏതു ഭാഗമാണു സ്വരോച്ചാരണവേളയിൽ ഉയരുകയും താഴുകയും ചെയ്യുന്നതു എന്നതിനനുസരിച്ചു മുൻസ്വരം, പിൻസ്വരം, നടുസ്വരം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. നാവിന്റെ ഏതു ഭാഗമാണു മേൽതാടിയോടു കൂടുതൽ അടുത്തിരിക്കുന്നതു എന്നതനുസരിച്ചു സ്വരഭേദങ്ങളുണ്ടാകുന്നു.

- **മുൻസ്വരം (Front vowel)**

നാവിന്റെ മുൻഭാഗം മേൽതാടിയോടു കൂടുതൽ അടുത്തിരിക്കുമ്പോൾ ഉച്ചരിക്കുന്ന സ്വരമാണു മുൻസ്വരം (Front vowel)

ഉദാ: എ, ഇ.

- **പിൻസ്വരം (Back vowel)**

നാവിന്റെ പിൻഭാഗം മേൽതാടിയോടു അടുത്തിരിക്കുമ്പോൾ ഉച്ചരിക്കുന്ന സ്വരമാണു പിൻസ്വരം (Back vowel)

ഉദാ: ഉ, ഒ.

- **നടുസ്വരം (mid vowel)**

നാവിന്റെ മദ്ധ്യഭാഗം മേൽതാടിയോടു കൂടുതൽ അടുത്തരിക്കുമ്പോൾ ഉച്ചരിക്കുന്ന സ്വരമാണ് നടുസ്വരം (mid vowel)

ഉദാ: അ.

**2. ഉയർച്ചയും താഴ്ച്ചയും**

മേൽതാടിയും കീഴ്താടിയും തമ്മിലുള്ള അകലം അനുസരിച്ചു സ്വരങ്ങളെ നിമ്നസ്വരങ്ങൾ, ഉന്നതസ്വരങ്ങൾ, മദ്ധ്യസ്വരങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.

- **ഉന്നതസ്വരം (High vowels)**

മേൽതാടിയും കീഴ്താടിയും വളരെയധികം അടുത്തിരിക്കുമ്പോൾ ഉച്ചരിക്കുന്നതു ഉന്നതസ്വരം (High vowels).

ഉദാ: ഇ, ഉ

- **മദ്ധ്യസ്വരം (mid vowel)**

കീഴ്താടിയും മേൽതാടിയും തമ്മിൽ ‘ഇ’, ‘ഉ’ എന്നിവ ഉച്ചരിക്കുമ്പോൾ ഉണ്ടാകുന്നതിനേക്കാൾ കുറച്ചുകൂടി അകന്നിരുന്നാൽ മദ്ധ്യസ്വരം (mid vowel).

ഉദാ: എ, ഒ

- **നിമ്നസ്വരം (Law vowel)**

മേൽതാടിയും കീഴ്താടിയും വളരെയധികം അകന്നിരുന്നാൽ നിമ്നസ്വരം (Law vowel).

ഉദാ: അ.

**3. വായയുടെ ആകൃതി**

വായയുടെ മുകൾത്തട്ടും നാവും തമ്മിലുള്ള അകലത്തിന്റെ അടിസ്ഥാനത്തിലാണു ഇതു തീരുമാനിക്കുന്നത്. നാവ് ഏറ്റവും ഉയർന്നിരിക്കുമ്പോൾ ഈ അകലം ഏറ്റവും കുറഞ്ഞു വായ് അടഞ്ഞതുപോലെ തോന്നുന്നതിനാൽ സംവൃതം (closed vowel) അതാ

യതു ഉന്നതം (high) ആണെങ്കിൽ സംവൃതം, പകുതി ഉന്നതമാണെങ്കിൽ (half high) പകുതി സംവൃതം (half closed ).

ഉദാ: ഇ, ഉ എന്നിവ സംവൃതസ്വരങ്ങളാണ്. എ, ഒ എന്നിവ പകുതി സംവൃതസ്വര ങ്ങളാണ്.

നാവ് താഴ്ന്നിരിക്കുമ്പോൾ അകലം കൂടി വായ് തുറന്നിരിക്കുന്നതിനാൽ വിവൃതം (open vowel) അതായത് നിമ്നസ്വരമാണെങ്കിൽ അതു വിവൃതസ്വരമാണ്.

ഉദാ: അ വിവൃതസ്വരത്തിനു ഉദാഹരണമാണ്.

**4. ചുണ്ടിന്റെ ആകൃതി അനുസരിച്ച്**

- **വർത്തുളം (Rounded)**

ഉച്ചരിക്കുമ്പോൾ ചുണ്ട് വൃത്താകൃതിയിലിരിക്കുന്നതു വർത്തുളം. ഇതിനെ വല യിതം (Rounded ) എന്നു പറയുന്നു.

ഉദാ: ഉ, ഒ.

- **അവർത്തുളം (unrounded)**

ചുണ്ടിന്റെ ആകൃതി വൃത്താകൃതിയിലല്ലാത്തതിനാൽ അവർത്തുളം. ഇതിനെ അവല യിതം (unrounded) എന്നും പറയുന്നു.

ഉദാ: ആ, ഇ, എ, ഋ

**1. മലയാളത്തിലെ സ്വരസ്വനിമങ്ങളുടെ സ്ഥാനനിർണയപട്ടിക**

| | സ്വര ങ്ങൾ | നാവിന്റെ സ്ഥാനം | ജിഹ്വോന്നതി | വായുടെ ആകൃതി | അധരസ്ഥിതി |
|---|---|---|---|---|---|
| 1. | അ, ആ | നിമ്നം | പിൻസ്വരം | വിവൃതം | അവർത്തുളം |
| 2 | ഇ, ഈ | ഉന്നതം | മുൻസ്വരം | സംവൃതം | അവർത്തുളം |
| 3 | ഉ, ഊ | അർദ്ധോന്നതം | പിൻസ്വരം | സംവൃതം | വർത്തുളം |
| 4. | എ, ഏ | അർദ്ധോന്നതം | മുൻസ്വരം | പകുതി സംവൃതം | അവർത്തുളം |
| 5. | ഐ | നിമ്നത്തിൽ നിന്നു ഉന്നതിയിലേക്ക് | മുൻസ്വരം | – | അവർത്തുളം |
| 6. | ഒ, ഓ | അർദ്ധോന്നതം | പിൻസ്വരം | പകുതി സംവൃതം | അവർത്തുളം |
| 7 | ഔ | നിമ്നസ്വരത്തിൽ നിന്നു അർദ്ധോന്ന തിയിലേക്ക് | പിൻസ്വരം | – | വർത്തുളം |
| 8 | ഋ | – | നടുസ്വരത്തിനും പിൻസ്വരത്തിനും ഇടയ്ക്ക് | – | അവർത്തുളം |

- **മാനസ്വരങ്ങൾ (Cardinal vowels)**

എല്ലാ ലോകഭാഷകളിലും സ്വരോച്ചാരണങ്ങൾ വിനിമയത്തിന്റെയും ഓഷ്ഠ്യ-ജിഹ്വാ സ്ഥാനങ്ങളുടെയും വായുടെയും ആകൃതിയുടെയും കാര്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട എട്ടു സ്വരങ്ങളിൽ എവിടെയും ഉണ്ടാകും. നിശ്ചിതമായ ഓഷ്ഠ്യ – ജിഹ്വാസ്ഥാനമുള്ള കുറേ സ്വ രോച്ചാരണങ്ങൾ നാം സ്വീകരിച്ചിട്ടുണ്ട്. അവ എട്ടെണ്ണമുണ്ട്. ഭാഷാശാസ്ത്രത്തിൽ ഈ എട്ടു സ്വരങ്ങളെ അടിസ്ഥാനസ്വരങ്ങളായി കൽപ്പിച്ചിരിക്കുന്നു. ഇവയെ മാനസ്വരങ്ങൾ (Cardinal vowels) എന്നു പറയുന്നു.

1. i - (He, see) – ഇ
2. e - (get, any) – എ
3. ɛ - (leir, bird) – 'എ'കാരത്തിനും 'ഇ'കാരത്തിനും ഇടയിലുള്ള ഉച്ചാരണം.

4. a - (man, can) – ‘യ’ കാരമട്ടിലുള്ള ‘അ’ കാരം.
5. ɑ - (pass, card) – ആ
6. ɔ - (hot, doll) – ഒ
7. o - (lot) – ഓ
8. u - (put, look) – ഉ




ചിത്രം 2 മാനസ്വരങ്ങളുടെ സ്ഥാനം




ചിത്രം 3 മാനസ്വരങ്ങൾ (മാനസ്വരലംബകം)

- **ഏകസ്വരം (monophthong)**

ഉച്ചാരണാരംഭത്തിലെ സ്വനഗുണം അവസാനംവരെ തുടരുന്ന സ്വരങ്ങളാണ് ഏകസ്വരം. അതായത് ഒരൊറ്റ ഉച്ചാരണം മാത്രമുള്ള സ്വരങ്ങൾ. ഉദാ: അ, ആ, ഇ, ഈ മുതലായവ.

- **ദ്വിസ്വരം (Dipthong)**

ഒറ്റക്ഷരംകൊണ്ടു രണ്ടു സ്വരങ്ങളുടെ ഉച്ചാരണമുണ്ടാക്കുന്ന സ്വരങ്ങളെയാണ് ദ്വിസ്വരം അല്ലെങ്കിൽ സന്ധ്യാക്ഷരം (സംയുക്തസ്വരം) എന്നു പറയുന്നത്.

ഉച്ചാരണത്തിനിടയിൽ സ്വനനാളത്തിനു സംഭവിക്കുന്ന ആകൃതിമാറ്റത്തിന്റെ അടിസ്ഥാനത്തിൽ ദ്വിസ്വരത്തെ തെന്നുംസ്വനമെന്നും (glide) പറയുന്നു. ഐരാവതം, കൗശലം എന്നീ പദങ്ങളിലെ ഐ, കൗ എന്നീ സ്വനങ്ങൾ ശ്രദ്ധിച്ചാൽ രണ്ടും അകാരത്തിൽ തുടങ്ങുകയും ഇ, ഉ എന്നിവയിലാണ് അവസാനിക്കുന്നതെന്നും മനസ്സിലാക്കാവുന്നതാണ്. ഇപ്രകാരം രണ്ടുസ്വരങ്ങളുടെ സവിശേഷതകളടങ്ങിയവയാണ് ദ്വിസ്വരങ്ങൾ.

ഉദാ: ഐ = അ + ഇ (ഐരാവതം)
ഐ = എ + ഇ (ജൈവം)
ഔ = അ + ഇ (ഔഷധം)
ഔ = എ + ഉ (യൗവനം)

ദ്വിസരങ്ങളുടെ ഒരു പ്രത്യേകത രണ്ടു സ്വരങ്ങൾ ചേരുമ്പോൾ രണ്ടാമത്തെ സ്വരം അർദ്ധസ്വരം (മധ്യമങ്ങൾ) ആകുമെന്നതാണ്.

- **ത്രിസ്വരം (Triphthong)**

മൂന്നുതരം സ്വരങ്ങളുടെ സംയുക്തം എന്നു കരുതാവുന്ന ഉച്ചാരണമാണ് ത്രിസ്വരങ്ങൾക്കുള്ളത്. ദ്വിസ്വരങ്ങളുടെ ഉച്ചാരണത്തോടൊപ്പം ഏകസ്വരങ്ങളുടെ ഉച്ചാരണം കൂടി വരുമ്പോൾ മൂന്നുസ്വരോച്ചാരണം വരുന്നതുകൊണ്ടാണ് ഇത്തരം ഉച്ചാരണവൈവിദ്ധ്യമുള്ളവയെ ത്രിസ്വരങ്ങൾ എന്നു പറയുന്നത്. ഇംഗ്ലീഷിൽ അഞ്ച് ത്രിസ്വരങ്ങളാണുള്ളത്.

| | |
|---|---|
| /aʊ/ + /ə/ = [aʊə] | hour |
| /aɪ/ + /ə/ = [aɪə] | fire |
| /eɪ/ + /ə/ = [eɪə] | player |
| /əʊ/ + /ə/ = [əʊə] | mower |
| /ɔɪ/ + /ə/ = [ɔɪə] | employer |

- **അന്താരാഷ്ട്ര സ്വനലിപിമാല (International Phonetic Alphabet)**

1886–ൽ രൂപംകൊണ്ട ഇന്റർനാഷണൽ ഫൊണറ്റിക് അസോസിയേഷൻ ഭാഷാപഠനം ശാസ്ത്രീയമാക്കാൻ ഉണ്ടാക്കിയ സ്വനിലിപിമാലയാണ് IPA എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന ഇന്റർനാഷണൽ ഫൊണറ്റിക് ആല്ഫബെറ്റ്. ലോകത്തുള്ള ഭാഷകളെല്ലാം എഴുതാൻ ഒരേകീകൃത ലിപിമാല എന്നാശയമാണ് ഇതിനു പിന്നിലുള്ളത്. അതുകൊണ്ടുതന്നെ ലോകത്ത് ഇന്നു വ്യവഹാരത്തിലുള്ള ഭൂരിഭാഗം ഭാഷകളിലും പ്രചാരത്തിലുള്ള സ്വനങ്ങളെയും ഇതിൽ പ്രത്യേകം ലിപിയുണ്ടാക്കി ചേർത്തിരിക്കുന്നു. ആ ലിപിമാല അറിയാവുന്ന ഒരാൾക്ക് ഏത് ഭാഷയിലെ ഉദാഹരണവും അതിലെഴുതാൻ കഴിയുകയും വായിക്കാൻ സാധിക്കുകയും ചെയ്യുന്നു. ഭാഷാപഠനങ്ങളെ അന്താരാഷ്ട്ര തലത്തിലേക്ക് എത്തിക്കുന്നതിലും ഏകീകരിക്കുന്നതിലും IPA വലിയ പങ്കുവഹിച്ചിട്ടുണ്ട്.

- IPA യുടെ പ്രധാന ഉപയോഗങ്ങൾ
- നിഘണ്ടുക്കളിൽ പ്രധാനപദത്തിന്റെ ഉച്ചാരണം മനസ്സിലാക്കാൻ ഉപയോഗിക്കുന്നു.
- ഭാഷാശാസ്ത്രസംബന്ധമായ ഫീൽഡുവർക്കുകളിൽ ശേഖരിക്കുന്ന ഭാഷാപദങ്ങളെ ഉച്ചാരണരീതിയിൽതന്നെ എഴുതാനായി ഉപയോഗിക്കുന്നു.
- അന്താരാഷ്ട്രതലത്തിൽ പ്രാദേശികഭാഷാപദങ്ങളെയും മറ്റ് ഭാഷാ പദങ്ങളെയും എഴുതാൻ ഉപയോഗിക്കുന്നു.
- വ്യത്യസ്തഭാഷകളാണെങ്കിലും ഉച്ചാരണത്തിൽ ഏകീകരണം നടത്താനായി ഉപയോഗിക്കുന്നു.

1847–ൽ ഐസക്ക് പിറ്റ്മാനും (Issam Pitman) ഹെൻറി എല്ലിസും (Henry Ellis) ചേർന്ന് ഇംഗ്ലീഷ് ഭാഷയ്ക്കുണ്ടാക്കിയ ഉച്ചാരണ ലിപിമാല (Phonetic script) യാണ് IPA യ്ക്ക് മാതൃകയായത്. കണ്ഠ്യം, താലവ്യം, മൂർദ്ധന്യം, വർത്സ്യം, ദന്ത്യം, ഓഷ്ഠ്യം എന്നിങ്ങനെ ഉച്ചാരണസ്ഥാനമനുസരിച്ച് ആറുതരം സ്പർശികളാണ് മലയാളത്തിലുള്ളത്. ഇവയിൽ ദന്ത്യവും വർത്സ്യവും തമ്മിലുള്ള വ്യത്യാസം IPA യിൽ വേർതിരിച്ചുകാണിച്ചിട്ടില്ല. മലയാളത്തിലൊഴിച്ച് മറ്റൊരു ഭാഷയിലും ഈ വ്യത്യാസം ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചിരിക്കുന്നത്. കുട്ടി, കുറ്റി, കുത്തി ഇങ്ങനെ മൂർദ്ധന്യം, വർത്സ്യം, ദന്ത്യം എന്നീ ഉച്ചാരണങ്ങൾ വ്യക്തമായുള്ളത് മലയാളത്തിൽ മാത്രമാണ്. (അനുബന്ധം നോക്കുക)

## 2.4 വ്യഞ്ജനനിർണയവും വർഗീകരണവും

ഭാഷണസ്വനങ്ങളിൽ നല്ലൊരു പങ്കിന്റെ ഉത്ഭവവേളയിലും കൃകത്തിനു മുകളിൽ വെച്ചു വായു പ്രവാഹത്തിനു പൂർണമായോ ഭാഗികമായോ തടസ്സം സംഭവിക്കുന്നു. അത്തരം സ്വനങ്ങളാണു വ്യഞ്ജനങ്ങൾ. ഈ തടസം സ്വനനാളത്തിൽ ഏതു സ്ഥലത്തു വെച്ചു എപ്രകാരം ഉണ്ടാകുന്നു എന്നു ആസ്പദമാക്കി വ്യഞ്ജനങ്ങളെ വർഗീകരിക്കാം.

- **സന്ധാനസ്ഥലങ്ങളെ ആസ്പദമാക്കിയുള്ള വർഗ്ഗീകരണം**

സ്വനനാളത്തിൽ എവിടെ വെച്ചാണോ വായുപ്രവാഹത്തിനു തടസ്സം നേരിടുന്നതു, ആ സ്ഥാനത്തെ സന്ധാനസ്ഥാനം എന്നു പറയുന്നു. സന്ധാനത്തിൽ പങ്കുകൊള്ളുന്ന സ്ഥിരകരണമാണു സന്ധാനസ്ഥലം. സന്ധാനസ്ഥലങ്ങളെ ആസ്പദമാക്കി വ്യഞ്ജനങ്ങളെ ഓഷ്ഠ്യം, ദന്ത്യം, വർത്സ്യം, താലവ്യം, മൃദുതദലവ്യം, മൂർദ്ധന്യം എന്നിങ്ങനെ തരംതിരിക്കാം.

- **താലവ്യം (Palate)**

താലവ്യങ്ങളുടെ ഉച്ചാരണസ്ഥാനം മൂർദ്ധാവിന്റെയും വർത്സ്യത്തിന്റെയും ഇടയിലാണ്. ‘ച’, ‘ഛ’, ‘ജ’, ‘ഝ’, ‘ഞ’, ‘യ’, ‘ശ’ തുടങ്ങിയവ താലവ്യങ്ങളാണ്.

- **മൃദുതാലവ്യം (Soft palate)**

മൃദുതാലവ്യം ‘velar’ എന്നും അറിയപ്പെടുന്നു. ക, ഖ, ഗ, ഘ, ങ, ഹ തുടങ്ങിയവ മൃദുതാലവ്യത്തിൽപ്പെടുന്നു.

- **ദന്ത്യം (Dental)**

ദന്ത്യത്തിന്റെ സ്പർശസ്ഥാനം പല്ലുകൾക്കിടയിലാണ്. ത, ഥ, ദ, ധ, ന, സ തുടങ്ങിയവ ദന്ത്യത്തിൽ ഉൾപ്പെടുന്നു.

- **വർത്സ്യം (Alveolar)**

വർത്സ്യത്തിന്റെ ഉച്ചാരണസ്ഥാനം ഊനിനിടയിലാണ്. റ, ന, ല, ര, തുടങ്ങിയവ വർത്സ്യത്തിൽപ്പെടുന്നു.

- **മൂർദ്ധന്യം (Retroflex)**

മൂർദ്ധന്യത്തിന്റെ സ്പർശസ്ഥാനം മൂർധാവോളം എത്തുന്നു. ട, ഠ, ഡ, ഢ, ണ, ഴ, ഷ, ള, റ എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

- **ഓഷ്ഠ്യം (Bilabial)**
  ഓഷ്ഠ്യത്തിന്റെ സ്പർശസ്ഥാനം ചുണ്ടുകളിലാണുള്ളത്. പ, ഫ, ബ, ഭ, മ എന്നിവയാണു ഓഷ്ഠ്യങ്ങൾ

- **വായുപ്രവാഹത്തെ ആസ്പദമാക്കിയുള്ള വിഭജനം**
  ഏതെല്ലാം വിധത്തിലാണു വായുപ്രവാഹത്തിനു മാർഗതടസം ഉണ്ടാകുന്നതു എന്നതിനെ അടിസ്ഥാനമാക്കി സ്പർശം, അനുനാസികം, ഷർഷം, പ്രവാഹി, പാർശ്വികം, ഉൽക്ഷിപ്തം എന്നിങ്ങനെയും വ്യഞ്ജനങ്ങളെ വിഭജിക്കാം.

- **സ്പർശങ്ങൾ (Stops)**

ചലകരണം സന്ധാനസ്ഥലത്തെ വ്യക്തമായി സ്പർശിക്കുന്നതുമൂലം വായുനിബിഡമായി ഒരു തടസ്സം താൽക്കാലികമായി വായു പ്രവാഹത്തിനുണ്ടാകുകയും ക്രമേണ ചലകരണം ഒരു സ്ഫോടനത്തോടെ സന്ധാനസ്ഥലത്തുനിന്നും വിട്ടുമാറുകയും ചെയ്യുമ്പോൾ സ്പർശങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

ഉദാ: ക, ച, ട, ത, പ

- **ഘർഷം/ഘർഷി/സംഘർഷി (Fricative)**

സ്പർശസ്വനോച്ചാരണത്തിൽ ഉച്ചാരണസ്ഥാനത്തു പൂർണതടസ്സം ഉണ്ടാവുന്നു, ചിലപ്പോൾ തടസ്സം ഉണ്ടാവുന്നു. ചിലപ്പോൾ തടസ്സം പൂർണമാവാത്ത ഉച്ചാരണാവയവത്തിനും ഉച്ചാരണസ്ഥാനത്തിനും ഇടയിൽ നേരിയ വിടവുണ്ടാവുമ്പോൾ, ആ വിടവിലൂടെ നിശ്വാസവായുവിനു തിക്കിത്തിരക്കി പുറത്തുപോകേണ്ടി വരും. അതായതു വായുവിന്റെ ബഹിർഗമനത്തിൽ ഉച്ചാരണസ്ഥാനത്തു ഉരസൽ (ഘർഷം) ഉണ്ടാവുന്നു. അങ്ങനെയുള്ള ഉച്ചാരണരീതിയുടെ ഫലമായി ഉണ്ടാകുന്നവയാണു ഘർഷങ്ങൾ (Fricatives)

ഉദാ: ഹ, ശ, ഷ, സ

- **അനുനാസികം (Nasal)**

വിരാമോച്ചാരണത്തിൽ നിശ്വാസവായുവിനെ വായയിലൂടെ പുറത്തുവിടുന്നതിനു പകരം നാസാദ്വാരത്തിലൂടെയാണു പുറത്തുവിടുന്നതെങ്കിൽ അത്തരം വിരാമങ്ങൾ അനുനാസികങ്ങളാണ്.

ഉദാ: ങ, ഞ, ണ, ന, ന, മ

- **പാർശ്വികം (Lateral)**

ഉച്ചാരണാവയവം ഉച്ചാരണസ്ഥാനത്തിന്റെ മദ്ധ്യഭാഗത്തു മാത്രം സ്പർശിച്ചു നിശ്വാസവായുവിനെ രണ്ടുവശങ്ങളിലൂടെയും പുറത്തുവിടുമ്പോഴാണു പാർശ്വികങ്ങൾ ഉച്ചരിക്കപ്പെടുന്നത്.

ഉദാ: ള, ല

- **പ്രവാഹി (Continuant)**

ഉച്ചാരണാവയവം ഉച്ചാരണസ്ഥാനത്തിന്റെ ഇരുവശങ്ങളിലും സ്പർശിക്കുന്നു. അപ്പോൾ നിശ്വാസവായു സുഗമമായി നടുവിൽക്കൂടെ പുറത്തേക്കുവരുന്നു. ഈ ഉച്ചാരണമാണു പ്രവാഹി ധ്വനികളുണ്ടാക്കുന്നത്.

ഉദാ: യ, വ, ഴ

- **ഉൽക്ഷിപ്തം/ദ്രുതസ്പർശം (Flap)**

ഉച്ചാരണാവയവം ഉച്ചാരണസ്ഥാനത്തു വേഗത്തിൽ ഒരു പ്രാവശ്യം സ്പർശിച്ചു അത്രയും വേഗത്തിൽതന്നെ പിൻവാങ്ങുന്നു എന്നതാണു ഈ ഉച്ചാരണത്തിൽ സംഭവിക്കുന്നത്.

ഉദാ: റ, ര.

**മലയാളത്തിലെ വ്യഞ്ജനസ്വനിമങ്ങൾ**

| | സന്ധാനം | മൃദുതാലവ്യം (soft palate) | താലവ്യം (Palate) | മൂർദ്ധന്യം (Retroflex) | വർത്സ്യം (Alveolar) | ദന്ത്യം (Dental) | ഓഷ്ഠ്യദന്ത്യം (Bilabial Dental) | ഓഷ്ഠ്യം (Bilabial) | |
|---|---|---|---|---|---|---|---|---|---|
| വ്യഞ്ജനം | ഖരം | ക | ച | ട | റ | ത | – | പ | 6 |
| | അതിഖരം | ഖ | ഛ | ഠ | – | ഥ | – | ഫ | 5 |
| | മൃദു | ഗ | ജ | ഡ | – | ദ | – | ബ | 5 |
| | ഘോഷം | ഘ | ഝ | ഢ | – | ധ | – | ഭ | 5 |
| | അനുനാസികം | ങ | ഞ | ണ | ന | ന | – | മ | 6 |
| | പ്രവാഹി | – | യ | ഴ | – | – | വ | – | 3 |
| | ഘർഷം | ഹ | ശ | ഷ | – | സ | – | – | 4 |
| | പാർശ്വികം | – | – | ള | ല | – | – | – | 2 |
| | ഉൽക്ഷിപ്തം | – | – | റ | റ | – | – | – | 2 |

## 2.5. സ്വനിമവിജ്ഞാനം

- **സ്വനിമം (Phoneme)**

ഭാഷയിൽ ഉച്ചരിക്കാൻ കഴിയുന്ന സ്വനങ്ങൾ അനവധിയാണെങ്കിലും അവയ്ക്കെല്ലാം ആശയവിനിമയത്തെ സംബന്ധിച്ചിടത്തോളം പ്രസക്തിയില്ല. ആശയവിനിമയത്തെ സംബന്ധിച്ചിടത്തോളം പ്രസക്തിയുള്ള സ്വനങ്ങളെ സ്വനിമം (phoneme) എന്നു പറയുന്നു. ഉദാ: ക,ച,ട,ത

സ്വനിമത്തിനു ഭാഷാശാസ്ത്രജ്ഞർ നൽകുന്ന നിർവ്വചനങ്ങൾ:

- ഭാഷണശബ്ദത്തിന്റെ മാനസികപ്രതിഫലനമാണ് സ്വനിമം. – കോർതനെ
- ഒരു ഭാഷയുടെ സ്വനവ്യവസ്ഥയിലെ പരസ്പരവൈരുദ്ധ്യത്തോടുകൂടി വർത്തിക്കുന്ന മൂലകങ്ങളാണു സ്വനിമങ്ങൾ – സി.എഫ്. ഹോക്കറ്റ്
- ഒരേ സ്വനിമസാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും ശ്രവണം, ഉച്ചാരണം എന്നിവയെസംബന്ധിച്ചു സമാനസ്വഭാവമുള്ളതുമായ ഭാഷണശബ്ദങ്ങളുടെ സമൂഹമാണു സ്വനിമങ്ങൾ –ഡാനിയൽ ജോൺസ്
- ഒരു പ്രത്യേക ഭാഷയുടെ അപഗ്രഥനത്തിനുവേണ്ടി നിർദ്ദേശിക്കപ്പെടുന്ന, ആ ഭാഷയിലെ അടിസ്ഥാനശബ്ദമാത്രയാണു സ്വനിമം –കെ.എൽ. പൈക്

- **ഉപസ്വനം (Allophone)**

ഒരേ സ്വനിമികസാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും സദൃശ്യസ്വഭാവമുള്ളതും പ്രവചനീയപ്രത്യക്ഷീകരണസ്ഥാനങ്ങൾ ഉള്ളതുമായ സ്വനങ്ങളാണു ഉപസ്വനങ്ങൾ (Allophones)

ഒരു ഉച്ചാരണശബ്ദം സ്വനിമിക പരിസ്ഥിതി (Phonetic enviornment) മാറ്റുമ്പോൾ വ്യത്യസ്തമായി ഉച്ചരിക്കുന്നതു മൂലം അർത്ഥത്തിനു വ്യത്യാസം വരാതിരിക്കുകയാണെങ്കിൽ, അതിനെ ഉപസ്വനം എന്നു പറയുന്നു. സ്വനിമത്തിന്റെ പ്രവൃത്തി വ്യതിയാനത്തിനു കാരണമാകുന്നില്ല. Allophones are positional varianks of phoneme.

ഉദാ: കരം, മകൻ, പുക

ഈ പദങ്ങളിൽ ആദിമദ്ധ്യാന്തങ്ങളിൽ 'ക'കാരമുണ്ട്. പദാദിയിൽ ഖരവും പദമദ്ധ്യത്തിൽ മൃദുവും 'പുക'യിൽ (പദാന്ത്യത്തിൽ) ഹ ചേർന്ന ഘോഷിയുമാണു ഉച്ചാരണം. എന്നാൽ ഒരിടത്തും അർത്ഥവ്യത്യാസം സംഭവിക്കുന്നില്ല.

- **സ്വനിമനിർണയം**

ഉച്ചാരണാവയവങ്ങൾകൊണ്ടു ഉച്ചരിക്കാൻ കഴിയുന്നതും ശ്രവണേന്ദ്രിയങ്ങൾകൊണ്ടു കേൾക്കാൻ കഴിയുന്നതുമായ എല്ലാ ഉച്ചാരണശബ്ദങ്ങളെയും സ്വനങ്ങൾ (phones) എന്നു പറയുന്നു. ഈ ഭാഷാസ്വനങ്ങളാണു ഏതൊരു ഭാഷയിലെയും അടിസ്ഥാന ശബ്ദമാത്രങ്ങൾ.

ഭാഷയിൽ ഉച്ചരിക്കാൻ കഴിയുന്ന സ്വനങ്ങൾ അനവധി ആണെങ്കിലും അവയ്ക്കെല്ലാം ആശയവിനിമയത്തെ സംബന്ധിച്ചിടത്തോളം പ്രസക്തിയില്ല. ആശയവിനിമയത്തെ സംബന്ധിച്ചിടത്തോളം പ്രസക്തിയുള്ള സ്വനങ്ങളെ സ്വനിമങ്ങൾ (phonemes) എന്നു പറയുന്നു.

രണ്ടു പദങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ആ പദത്തിലുള്ള ഒരു സ്വനത്തിനു മാത്രം മാറ്റം കാണുകയും അതിന്റെ ഫലമായി അർത്ഥവ്യത്യാസം ഉണ്ടാകുകയും ചെയ്താൽ അതു സ്വനിമം ആണെന്നു കണ്ടുപിടിക്കാം.

ഉദാ:1 തല
മല
വല
കല

2 അവൻ
അവൾ
അവർ

3 മരം
മതം

മുകളിൽപ്പറഞ്ഞ ഉദാഹരണങ്ങളിൽ 'ത', 'മ', 'വ', 'ക', 'ൻ', 'ൾ', 'ർ', 'ര', 'ത' എന്നിവ അർത്ഥവ്യാവർത്തകശേഷിയുള്ളവയാണ്. എന്നാൽ

കതക് – കദക്
മകൻ – മഗൻ

എന്നീ ഉദാഹരണങ്ങളിൽ രണ്ടാമത്തെ ഉച്ചാരണം വ്യത്യാസമാണെങ്കിലും അവയ്ക്കു അർത്ഥവ്യാവർത്തകശേഷിയില്ല. ഉച്ചാരണത്തിൽമാത്രമാണു വ്യത്യാസമുണ്ടാകുന്നത്. അർത്ഥവ്യാവർത്ഥകശേഷിയുള്ളതുകൊണ്ടു സ്വനിമങ്ങൾ സ്വതന്ത്രവ്യക്തിത്വമുള്ളവയാണെന്നു പറയാം. അപ്പോൾ സ്വതന്ത്രമായ നിലയിലുള്ള സ്വനങ്ങളാണു സ്വനിമങ്ങൾ.

ഒരു സ്വനം സ്വനിമമാണോ എന്നറിയുന്നതിനു, അതിനു സ്വതന്ത്രവ്യക്തിത്വമുണ്ടോ എന്നു നിർണയിക്കുന്നതിനു സ്വനിമത്വം നിർണയിക്കൽ എന്നു പറയുന്നു. സ്വനിമത്വനിർണയത്തിനു **സംഭരണം, സംശോധനം, വ്യത്യയജോഡികൾ** കണ്ടുപിടിക്കുക എന്നിങ്ങനെ മൂന്നു ഘട്ടങ്ങളുണ്ട്.

ഒരു ഭാഷണസമൂഹത്തിലെ വ്യക്തികൾ ഒരേപദംതന്നെ വ്യത്യസ്തരീതിയിൽ ഉച്ചരിക്കും. കഴിയുന്നത്ര ഉച്ചാരണഭേദങ്ങളോടെ പദങ്ങൾ സംഭരിക്കുകയും phonemic script ഉപയോഗിച്ചു എഴുതുകയും വേണം. സംഭരിച്ച പദങ്ങൾ പരിശോധിക്കുന്നതാണു സംശോധനം എന്നു പറയുന്നത്. ചിലപ്പോൾ ഒരു സ്വനംതന്നെ ശാബ്ദികപരിത:സ്ഥിതിമാറുമ്പോൾ വ്യത്യസ്തമായി ഉച്ചരിക്കുന്നതായി കാണാം. മൂന്നാമത്തെ ഘട്ടമാണു വ്യത്യയജോഡികൾ കണ്ടുപിടിക്കുന്നത്.

- **വ്യത്യയം (Contrast)**

ഒരേ സ്വനിമികസാഹചര്യത്തിൽ പ്രത്യക്ഷപ്പെടുന്ന പദങ്ങളിൽ അർത്ഥവ്യത്യാസം സംഭവിക്കുന്നതു ഏതെങ്കിലും ഒരു പ്രത്യേക സ്വനത്തിന്റെ വ്യത്യാസം മൂലമാണ്.

ഉദാ: അവൻ
അവൾ
അവർ

എന്നീ പദങ്ങളിൽ അവസാന ശബ്ദമാണു അർത്ഥവ്യത്യാസത്തിനു കാരണമാകുന്നത്. പദങ്ങളിൽ ഇങ്ങനെ മറ്റെല്ലാം തുല്യമായിരിക്കവെ പദാദിയിലോ പദമദ്ധ്യത്തിലോ പദാന്ത്യത്തിലോ നിശ്ചിതസ്ഥാനത്തുള്ള സ്വനത്തിന്റെ വ്യത്യാസംമൂലം അർത്ഥവ്യത്യാസം ഉണ്ടാകുകയാണെങ്കിൽ പ്രക്രിയാപരമായി വൈരുദ്ധ്യമുള്ള ഈ സ്വനിമങ്ങളെ വ്യത്യയം എന്നു പറയുന്നു. അതായതു വ്യത്യയമുള്ള സ്വനിമങ്ങൾ വ്യത്യസ്ത സ്വനിമങ്ങൾ ആയിരിക്കുമെന്നു മനസ്സിലാക്കാം. അങ്ങനെ വ്യത്യയം മനസ്സിലാക്കുന്നതോടെ സ്വനിമത്വം നിർണയിക്കാം.

വ്യത്യയം രണ്ടുവിധം
1) അല്പവ്യത്യയജോഡികൾ (minimal pairs)
2) അല്പേതരവ്യത്യയജോഡികൾ (sub-minimal pairs)

**1. അല്പവ്യത്യയജോഡികൾ (minimal pairs)**

വ്യത്യയജോഡികളിൽ വ്യത്യയം ഒരേ സ്ഥലത്തുതന്നെയാണെങ്കിൽ, ആ സ്വനിമങ്ങളുടെ വ്യത്യാസത്തിൽ അർത്ഥത്തിനുവ്യത്യസം സംഭവിക്കുകയാണെങ്കിൽ അവയെ അല്പവ്യത്യയജോഡികൾ എന്നു പറയുന്നു.

ഉദാ: മകരം
പകരം

പദാദിയിലെ ഒരു സ്വനം മാത്രമാണു ഭിന്നം. അതിനാൽ തന്നെയാണു അർത്ഥവ്യത്യാസം ഉണ്ടായത്.

ഉദാ: 1. വാഴ – വാള
2. കെട്ടു – കേട്ടു
3. ചെടി – ചേടി
4. കുളി – കുഴി

ഇവയെല്ലാം അല്പവ്യത്യയജോഡികളാണ്. അർത്ഥവ്യത്യാസത്തിനു നിമിത്തമാകുന്നതുകൊണ്ടു അവയ്ക്കു സ്വതന്ത്രവ്യക്തിത്വമുണ്ട്.

**2. അല്പേതരവ്യത്യയജോഡികൾ (Sub-minimal pairs)**

ഫലം – ബലം
തളം – ദളം

എന്നീ പദജോഡികളിൽ പദാദിയിലെ ഉച്ചാരണശബ്ദങ്ങൾ അർത്ഥവ്യത്യാസത്തിനു ഹേതുവാണെന്നും ഈ ജോഡികൾ അല്പവ്യത്യയജോഡികൾ ആണെന്ന് തെറ്റിദ്ധരിക്കാം. എന്നാൽ പദാദിയിലെ ഒരു സ്വനമല്ല ഇവിടെ അർത്ഥവ്യത്യാസം സംഭവിപ്പിക്കുന്നത്. 'ഫലം' എന്ന പദത്തിലെ ആദ്യാക്ഷരത്തിലെ അന്ത്യസ്വരം 'അ'കാരമാണ്. എന്നാൽ 'ബലം' എന്ന പദത്തിലെ ആദ്യാക്ഷരത്തിലെ അന്ത്യസ്വരത്തിനു ഒരു 'എ'കാര ഛായയുണ്ട്. അതായതു ഫലത്തിൽ ഫ – (ഫ്+അ=ഫ, എന്നും ബലത്തിൽ ബ്+എ=ബെ) എന്നുമാണ് ഉച്ചരിക്കുന്നത്. ഇങ്ങനെയുള്ള വ്യത്യയജോഡികളെ അതായതു പദാദി—യിലോ പദമദ്ധ്യത്തിലോ ഏതെങ്കിലും നിശ്ചിതസ്ഥാനത്തു ഉച്ചാരണത്തിൽ രണ്ടു വ്യത്യസ്ത ഉച്ചാരണങ്ങൾ വ്യത്യാസത്തിനു ഹേതുവാകുമ്പോൾ അവയെ അല്പേതരവ്യത്യയ ജോഡികൾ എന്നു പറയുന്നു.

- **പൂരകവിതരണം (complementary distribution)**

ഒരേ ശാബ്ദികപരിത:സ്ഥിതിയിൽ പ്രത്യക്ഷപ്പെടാത്തതും സാദൃശ്യസ്വഭാവമുള്ളതും പ്രവചനീയ പ്രത്യക്ഷസ്ഥാനങ്ങളോടു കൂടിയതുമായ സ്വനങ്ങളെ ഉപസ്വനങ്ങൾ

(Allophone) എന്നു പറയുന്നു. ഉപസ്വനങ്ങളുടെ പ്രത്യക്ഷീകരണത്തിലുള്ള സ്വഭാവത്തിന്റെ വൈചിത്ര്യമാണു പൂരകവിതരണം (complementary distribution) എന്നു പറയുന്നത്. അതായതു പൂരകവിതരണവിഭാഗമായ ഉച്ചാരണഭേദമാണു ഉപസ്വനങ്ങൾ.

ഒരു സ്വനിമത്തിന്റെ സാഹചര്യവും പ്രവചനീയവും ആയ ഉപസ്വനങ്ങളുടെ വിതരണത്തെ പൂരകവിതരണം എന്നു പറയുന്നു.

ഉദാ: കളം
പകൽ
ശങ്കരൻ (ശങ്ക്‌കരൻ)

എന്നീ പദങ്ങളിലെ 'ക' കാരങ്ങൾ എഴുതുമ്പോൾ സദൃശ്യമാണ്. എന്നാൽ ഉച്ചാരണത്തിൽ വ്യത്യസ്തവും.

'കള'ത്തിലെ 'ക'കാരം ദൃഢവും പകൽ എന്നതിൽ പദമദ്ധ്യത്തിൽ വരുന്ന 'ക'കാരം ശിഥിലവും ശങ്കരൻ എന്നതിൽ അനുനാസികത്തിനുശേഷം വരുന്ന 'ക'കാരം നാദിത്വമുള്ളതുമാണ്. പദാദി, പദമദ്ധ്യം എന്നീ വ്യത്യസ്തസ്ഥാനങ്ങളാണു ഈ ഭേദങ്ങൾക്കു കാരണം. 'ക' എന്ന സ്വനിമത്തിന്റെ പൂരകവിതരണമാണു പദാദിയിലെ ദൃഢ 'ക'കാരവും പദമദ്ധ്യത്തിലെ ശിഥില 'ക'കാരവും, ഇപ്രകാരം തന്നെ.

ഒരേ സ്വനിമികസാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും സദൃശ്യസ്വഭാവമുള്ളതും പ്രവചനീയ പ്രത്യക്ഷീകരണ സ്ഥാനങ്ങൾ ഉള്ളതുമായ സ്വനങ്ങളാണ് ഉപസ്വനങ്ങൾ. അവയുടെ പ്രത്യക്ഷീകരണത്തിലുള്ള വൈചിത്ര്യത്തെയാണു പൂരകവിതരണം (complementary distribution) എന്നു പറയുന്നത്. ചില സ്വനങ്ങൾ പദത്തിന്റെ ചില പ്രത്യേക സ്ഥാനങ്ങളിൽ മാത്രമേ ഉപയോഗിക്കാവൂ.

ഉദാ:

കുട്ടി – തണുപ്പ്
(ഉ) – (ഉ്)

ഉ
↙ ↘
വിവൃതം സംവൃതം
(ഉ) (ഉ്)

രണ്ടിടത്തും വിവൃതോകാരമാണ്. എന്നാൽ 'തണുപ്പ്' എന്നിടത്തു വരുന്ന ഉകാരം ഉച്ചരിക്കുന്നതു ണ് (ഉ്) എന്നാണ്, തണ്പ്പ് എന്നാണ് അല്ലാതെ തണുപ്പ് എന്നല്ല. സംവൃതോകാരമാണ്. 'ഉ' എന്ന സ്വനിമത്തിന്റെ ഉപസ്വനങ്ങളാണു വിവൃതോകാരവും സംവൃതോകാരവും.

പൂരകവിതരണം രണ്ടുവിധമുണ്ട്

1. ബഹുവിധപൂരകവിതരണം (multiple complementation)
2. ഭാഗികപൂരകവിതരണം (partual complementation)

**1. ബഹുവിധപൂരക വിതരണം (multiple complementation)**

ഒരേസ്വനം സ്വനസാദൃശ്യമുള്ളതും വ്യത്യസ്തസ്വനിമങ്ങളിൽ ചേരുന്നതുമായ രണ്ടു സ്വനങ്ങളോടു പൂരകവിതരണത്തിൽ വർത്തിക്കുന്നതാണു ബഹുവിധപൂരകവിതരണം.

ഉദാ: ഉണ്ടു – ഉണ്ട്

'ഉണ്ടു', 'ഉണ്ട്' എന്നിവയിലെ 'ഉ'കാരങ്ങൾ ഒന്നു വിവൃതം മറ്റേത് സംവൃതം. ഇവ രണ്ടും അർത്ഥവ്യത്യാസം ഉണ്ടാക്കുന്നതുകൊണ്ടു ഇവ രണ്ടും വ്യത്യസ്ത സ്വനിമങ്ങളാണ്. തണുപ്പ് എന്ന പദത്തിലെ 'ഉ'കാരോച്ചാരണം വേറെ രീതിയാണ്. എഴുതിക്കാണിച്ചതു പോലെ (തണുപ്പ്) വിവൃതോകാരത്തിലല്ല ഉച്ചരിക്കുന്നത്. അതായത് 'തണുപ്പ്' എന്നതിന്റെ 'ഉ'കാരം 'ഉണ്ടു' എന്നതിലെ 'ഉ'കാരത്തോടു 'ഉണ്ട്' എന്നതിലെ 'ഉ'കാരത്തോടും പൂരകവിതരണത്തിലാണു വർത്തിക്കുന്നത്.

2. ഭാഗികപൂരകവിതരണം/ആംശികപൂരകവിതരണം (Partial complementation)

സ്വനസാദൃശ്യമുള്ള രണ്ടു സ്വനങ്ങൾ ഒരു സാഹചര്യത്തിൽ വ്യത്യയത്തോടെയും മറ്റു സാഹചര്യത്തിൽ പൂരകവിതരണത്തോടെയും ഇരിക്കും. പരിസരഭേദമനുസരിച്ചു വ്യത്യയവും പൂരകവിതരണവും പ്രദർശിപ്പിക്കുന്ന സ്വനങ്ങൾ തമ്മിൽ ആംശികപൂരകവിതരണമാണു നടക്കുന്നത്.

ഉദാ: മലയാളത്തിലെ ദന്ത്യ – വർത്സ്യ അനുനാസികങ്ങൾ

'ന', 'ന'

ന – ന്ന – അന്നമ്മ

ന – ന്ന – വന്നമ്മ

- **സ്വതന്ത്രപരിവർത്തനം**

രണ്ടുപദങ്ങളിൽ ഏതെങ്കിലും ഒരുസ്ഥാനത്തുമാത്രമുള്ള സ്വനവ്യത്യാസം അർത്ഥഭേദം ഉളവാക്കുന്നുവെങ്കിൽ ആ സ്വനങ്ങൾ സ്വനിമങ്ങളാണെന്നു വ്യക്തമാണ്. ചിലപ്പോൾ രണ്ടുസ്വനിമങ്ങൾ ഒരേസ്ഥാനത്തു പ്രത്യക്ഷപ്പെട്ടാലും അർത്ഥവ്യത്യാസം ഉണ്ടാകാത്ത സന്ദർഭങ്ങളുമുണ്ട്. അർത്ഥഭേദം വരുത്താതെ ഒരേപദത്തിൽ ഏതെങ്കിലും ഒരു സ്ഥാനത്തു രണ്ടുസ്വനിമങ്ങൾ പ്രത്യക്ഷപ്പെടുന്നുവെങ്കിൽ ആ സ്വനിമങ്ങൾക്കു സ്വതന്ത്രപരിവർത്തനം സംഭവിക്കുന്നു എന്നുപറയാം.

ഉദാ: 1) ക > വ = ആകുക – ആവുക
പോകുക – പോവുക
2) ഉ > ഇ = വരുക – വരിക
തരുക – തരിക
എരുവ് – എരിവ്
3) മ > വ = അമ്മാമൻ – അമ്മാവൻ
ചുമര് – ചുവര്

സ്വതന്ത്രപരിവർത്തനം പ്രവചനീയസാഹചര്യത്തിലാണെങ്കിൽ അതിനെ സോപാധിക സ്വതന്ത്രപരിവർത്തനം എന്നു പറയാം.

ഉദാ: ക > വ = ആകുക – ആവുക

ഉ > ഇ, മ > വ പരിവർത്തനങ്ങൾ ഏതു സാഹചര്യത്തിൽ നടക്കുന്നുവെന്നു വ്യക്തമല്ല. അതുകൊണ്ടു അവ നിരുപാധികസ്വതന്ത്ര പരിവർത്തനങ്ങളാണ്.

- **സ്വനിമാപഗ്രഥനത്തിന്റെ നടപടിക്രമം**

ഭാഷാശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ഏതുമേഖലയിലും സ്വനിമപഠനങ്ങളിൽ ഉപയോഗിക്കുന്ന രീതിശാസ്ത്രമാണ് ഈ നടപടിക്രമങ്ങൾ. നാശോന്മുഖമായ ഭാഷകളെ (Endangered Languages)ക്കുറിച്ചുള്ള പഠനങ്ങളിലെല്ലാം ഈ രീതിശാസ്ത്രം കൃത്യമായി അവലംബിക്കുന്നുണ്ട്. ഫീൽഡ്‌വർക്കിൽ പ്രവർത്തിക്കുന്ന ഒരു വിശ്ലേഷകന്റെ/ഗവേഷകന്റെ കൈയ്യിൽ നല്ല റെക്കോർഡർ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ആവേദക(Informer)നിൽനിന്നാണ് ഭാഷണശബ്ദങ്ങൾ ലഭിക്കേണ്ടതിനാൽ അതിനുവേണ്ടിയുള്ള എല്ലാ തയ്യാറെടുപ്പുകളും വിശ്ലേഷകൻ/ഗവേഷകൻ നടത്തിയിരിക്കണം. പ്രധാനമായും സ്വനിമാപഗ്രഥനത്തിന് താഴെപ്പറയുന്ന ക്രമങ്ങളാണ് അവലംബിക്കേണ്ടത്.

- **ഉപാദാനശേഖരണവും റെക്കാർഡിങ്ങും (collection and sound recording)**

ഏതുഭാഷയെക്കുറിച്ചാണോ അന്വേഷണം നടത്താനായി ഉദ്ദേശിക്കുന്നത്, ആ ഭാഷ നല്ലവണ്ണം സംസാരിക്കുന്ന, മാതൃഭാഷയായിട്ടുള്ള ഒരാളെവേണം ആവേദകനായി തെരഞ്ഞെടുക്കേണ്ടത്. കൂടാതെ ഏതെങ്കിലും തരത്തിലുള്ള സംഭാഷണവൈകല്യങ്ങൾ (Speech Disorder) അദ്ദേഹത്തിനില്ലായെന്ന് ഉറപ്പുവരുത്തുകയും വേണം. ഇപ്രകാരമുള്ള ഒരാവേദകൻ നൽകുന്ന വിവരങ്ങൾ റെക്കോർഡർ ഉപയോഗിച്ച് ശബ്ദനലേഖനം

ചെയ്യേണ്ടതും തുടർന്ന് അന്താരാഷ്ട്ര സ്വനലിപിമാല (IPA) ഉപയോഗിച്ച് ഭാഷണാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യണം.

- **സ്വനപട്ടിക നിർമിക്കൽ (Phonetic chart)**
  ശേഖരിച്ചവിവരങ്ങൾ പരിശോധിച്ച് ഭാഷണങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്വനഖണ്ഡങ്ങളെല്ലാം യഥാസ്ഥാനം വിന്യസിച്ചുകൊണ്ട് സ്വനപട്ടിക തയ്യാറാക്കുക.
- **സന്ദിഗ്ദ്ധാസന്ദിഗ്ദ്ധ ജോഡികളുടെ തെരഞ്ഞെടുപ്പ്**
  സ്വനിമപദവിക്ക് അർഹമാവാൻ ഇടയുണ്ടോ ഇല്ലയോ എന്ന് സംശയമുള്ള ഖണ്ഡങ്ങളിൽ സ്പഷ്ടമായ സ്വനിമികസാമ്യം ഉള്ളവയുടെ ജോഡികൾ തെരഞ്ഞെടുക്കുന്നു.
- **സന്ദിഗ്ദ്ധഖണ്ഡങ്ങളുടെ വിതരണം**
  സന്ദിഗ്ദ്ധജോഡിയിലെ അംഗങ്ങളുടെ വിതരണം പരിശോധിക്കുന്നു.
- **നിഗമനം**
  സ്വനിമാപഗ്രഥനനിയമങ്ങളുപയോഗിച്ച് അപഗ്രഥിച്ച് നിഗമനങ്ങൾ ക്രോഡീകരിക്കുന്നു.
- **സ്വനിമപട്ടിക**
  നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സ്വനിമങ്ങൾക്ക് ഉചിതമായ ഉച്ചാരണസ്ഥാനങ്ങൾ നല്കി സ്വനിമപട്ടിക തയ്യാറാക്കുന്നു.
- **ലിപിപരിവർത്തനം**
  കണ്ടെത്തിയ വിവരങ്ങൾ ആദ്യന്തം സ്വനിമികലിപിയിൽ എഴുതുന്നു.
- **മലയാളത്തിലെ അനുനാസികസ്വനിമങ്ങൾ**
  അനുനാസികങ്ങൾ *പഞ്ചമങ്ങൾ* എന്നപേരിലും അറിയപ്പെടുന്നു. മലയാളത്തിൽ ആറു അനുനാസിക സ്വനിമങ്ങളുണ്ട്.

1. **മൃദുതാലവ്യാനുനാസികം (Velar Nasal) – ങ**

- മലയാളത്തിലെ ഒരു വാക്കും ‘ങ’യിൽ തുടങ്ങുകയില്ല.
- വാക്കുകൾക്കിടയിലാണു ‘ങ’ വരിക.
- ഒരു വാക്കും‘ങ’യിൽ അവസാനിക്കുകയുമില്ല.
- സ്വരത്തിന്റെ സഹായത്തോടുകൂടി മാത്രമേ ഒരുപദത്തിന്റെ അവസാനം ‘ങ’വരുകയുള്ളൂ.
- മറ്റു ദ്രാവിഡഭാഷകളിൽനിന്നു വ്യത്യസ്തമായി മലയാളത്തിൽ ‘ങ’അനുനാസികാതിപ്രസരം മൂലം ഇരട്ടിച്ചാണു കാണുന്നത്.
  തേങ്ങ, നിങ്ങൾ, പാങ്ങ്, പൊങ്ങ്, താങ്ങ്, മൂങ്ങ്

2. **താലവ്യാനുനാസികം (Palatal Nasal) – ഞ**

- താലവ്യാനുനാസികമായിട്ടുള്ള ‘ഞ’ വാക്കുകളുടെ ആരംഭത്തിലും മദ്ധ്യത്തിലും കടന്നുവരുന്നു.
- മലയാളത്തിൽ ‘ഞ’യിൽ തുടങ്ങുന്ന നിരവധി പദങ്ങളുണ്ട്.
- ‘ഞ’ പദത്തിന്റെ മദ്ധ്യത്തിലാണു വരുന്നതെങ്കിൽ അതു മിക്കപ്പോഴും ഇരട്ടിച്ച ‘ഞ’കാരമാണു വരുന്നത്.

ഉദാ:

1. പദാദിയിലുള്ളവ

- ഞായർ
- ഞാറ്
- ഞാവൽ
- ഞാൻ

- ഞണ്ട്
- ഞങ്ങൾ

2. പദമദ്ധ്യത്തിലുള്ളവ

- മഞ്ഞ്
- മഞ്ഞ്
- പഞ്ഞി
- കഞ്ഞി
- മഞ്ഞൾ
- അരഞ്ഞാണം

3. **മൂർദ്ധന്യഅനുനാസികം (Retroflex Nasal)–ണ**

- മൂർദ്ധന്യാനുനാസികമായ 'ണ'കാരം പദാദിയിൽ വരുകയില്ല. പദാന്ത്യത്തിലും പദമ ദ്ധ്യത്തിലും മാത്രമേ വരുകയുള്ളൂ.

ഉദാ:

1. പദാന്ത്യത്തിലുള്ളത്

- തൂൺ
- കിരൺ
- മണ്ണ്
- കണ്ണ്

2. പദമദ്ധ്യത്തിലുള്ളത്

- തണുപ്പ്
- കണ്ണീര്

4. **വർത്സ്യാനുനാസികം (Alveolar Nasal) – ന**

- ഒരു ദ്രാവിഡഭാഷയിലും വർത്സ്യാനുനാസികമായ 'ന'യിൽ തുടങ്ങുന്ന പദങ്ങളില്ല. പദസംയുക്തങ്ങളിലോ പദാന്ത്യത്തിൽ സ്വരത്തിന്റെ സഹായത്തോടുകൂടിയോ മാത്രമേ കാണുകയുള്ളൂ.

ഉദാ:

1. പദാന്ത്യത്തിൽ വരുന്നവ

- പന
- തെന
- ചേന
- ചെന

2. പദസംയുക്തങ്ങളിൽ

- നനയുക
- കിനിയുക
- കനിയുക

5. **ദന്ത്യാനുനാസികം (Dental Nasal) – ന**

- ദന്ത്യാനുനാസികമായ 'ന' പദാദിയിലും പദാന്ത്യത്തിലും മാത്രമേ വരുകയുള്ളൂ.

- മലയാളത്തിൽ ദന്ത്യാനുനാസികമായിട്ടുള്ള ‘ന’കാരം അതിന്റെ ഖരമായിട്ടുള്ള ‘ത’കാരത്തോടു ചേർന്നുവരുമ്പോൾ ആദിദ്രാവിഡരൂപങ്ങളിൽ അനുനാസികാതിപ്ര സരംമൂലം ഇരട്ടിച്ച അനുനാസികരൂപങ്ങളായി മാറുന്നു.

ഉദാ:

1. പദാദ്യം

- നനയുക
- നായ
- നളിനി

2. പദാന്ത്യം

- വന്ന
- ചെന്ന
- നിന്ന

6. **ഓഷ്ഠ്യാനുനാസികം (Bilabial Nasal) – മ**

- ഓഷ്ഠ്യാനുനാസികമായിട്ടുള്ള ‘മ’കാരം പദാദിയിലും പദമദ്ധ്യത്തിലും പദാന്ത്യ ത്തിലും വരുന്നു.

ഉദാ: പദാദ്യം

- മരം
- മഴ
- മാങ്ങ
- മായ

2. പദമദ്ധ്യം

- മാമൻ
- അമരം
- പൂമരം
- വിമാനം

3. പദാന്ത്യം

- ആമ
- പുതുമ
- എരുമ
- ഒരുമ

മറ്റു അനുനാസികങ്ങളിൽനിന്നു വ്യത്യസ്തമായി മയ്ക്ക് ‘ം’ എന്ന ദ്വിതീയചിഹ്നംകൂടിയുണ്ട്.

## 2.6 ലീനധ്വനി (Surasegmental)

ലീനധ്വനി ‘അധ:സ്വനങ്ങൾ’ എന്നും അറിയപ്പെടുന്നു. വേർതിരിച്ചെടുക്കാൻ കഴി യുന്ന ശബ്ദഘടകങ്ങളാണു സ്വര–വ്യഞ്ജനഉച്ചാരണങ്ങൾ. മറ്റൊരു ശബ്ദത്തിന്റെ ധ്വ നിയെ പോഷിപ്പിക്കുകയോ വിശേഷിപ്പിക്കുകയോ ചെയ്യുന്ന, സ്വന്തമായി ഉച്ചാരണസാധ്യത ഇല്ലാത്തവയാണു ലീനധ്വനി അഥവാ അധ:സ്വനങ്ങൾ. അതായത് വ്യതിരിക്തസ്വനങ്ങളിൽ (segmental phone) (വേർതിരിച്ചെടുക്കാവുന്ന ശബ്ദമാത്രകളിൽ) അലിഞ്ഞു ചേർന്നിരിക്കു ന്നതും വേർതിരിച്ചെടുക്കാൻ കഴിയാത്തതുമായ ധ്വനിവിശേഷങ്ങളാണു ലീനധ്വനികൾ. വ്യ

തിരിക്തധ്വനികൾക്കു മാറ്റം ഇല്ലാതെതന്നെ ലീനധ്വനികളുടെ സഹായത്തോടെ ഒരു വാക്യഘടനയിൽ അർത്ഥവ്യത്യാസം വരുത്താം. ഉച്ചാരണത്തിന്റെ ഉച്ചനീചത്വങ്ങൾ സ്വനങ്ങളിലെ ഹ്രസ്വ-ദീർഘഭേദം എന്നിവ ലീനധ്വനിയിൽപ്പെടുന്നു.

ഉദാ: വന്നു – വന്നൂ.

- **ലീനധ്വനി ഉണ്ടാകാനുള്ള കാരണങ്ങൾ**

**1. ബലം, ദാർഢ്യം (stress)**

ലീനധ്വനികളിൽ പ്രധാനസ്ഥാനം ദാർഢ്യത്തിനുണ്ട്. ഉച്ചാരണത്തിലെ കൃത്യതയാണിത്. ഭാഷണത്തിനുപയോഗിക്കുന്ന വാക്യത്തിന്റെയോ പദത്തിന്റേയോ ചില നിർദ്ദിഷ്ടഭാഗങ്ങളിൽ നാം ബലം പ്രയോഗിക്കുന്നു. ചില അക്ഷരങ്ങൾ ബലപ്പെടുത്തി ഉച്ചരിച്ചാണു ഇതു സാധിക്കുന്നത്. ബലപ്പിക്കുന്നതോടെ ആ ഭാഗത്തിനു ഉച്ചതയുണ്ടാകുന്നു.

ഉദാ: രാജുവാ പായസം കുടിച്ചത്
രാജു പായസമാ കുടിച്ചത്

ആദ്യത്തേതിൽ രാജു എന്ന കർത്താവിനു പ്രാധാന്യം നൽകാൻ ബലം പ്രയോഗിച്ചു. രണ്ടാമത്തേതിൽ പായസം എന്ന കർമ്മത്തിനും

**2. ഈണം (Intonation)**

ചില ഭാഷകളിൽ വാക്യങ്ങളിൽ മാത്രമല്ല പദങ്ങളിലും സ്ഥായി ഭേദങ്ങൾ അർത്ഥഭേദം സൃഷ്ടിക്കുന്നു. ചൈന, ആഫ്രിക്ക, തെക്കു-കിഴക്കൻ ഏഷ്യൻ ഭാഷകളിലും പഞ്ചാബി തുടങ്ങിയ ഇന്ത്യൻ ഭാഷകളിലും പദങ്ങളിൽ വരുത്തുന്ന ഈണഭേദം അർത്ഥവ്യത്യാസം ഉണ്ടാക്കുന്നു.

ഉദാ: ചൈനയിലെ ഒരു പ്രദേശത്തു 'മാ' എന്ന പദത്തിന്റെ ഈണഭേദത്തിനു അമ്മ, കുതിര എന്നീ അർത്ഥഭേദങ്ങളുണ്ട്. ഈ വ്യത്യാസം അറിയാതെ ഭാഷ ഉപയോഗിച്ചാൽ 'കുതിരയെ ചന്തയിൽ കൊണ്ടുപോയി' എന്നതിനു പകരം 'അമ്മയെ ചന്തയിൽ കൊണ്ടുപോയി' എന്ന് തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. ഇത്തരം ഭാഷകൾ **ഈണഭാഷകൾ** (Intonation Language)എന്നറിയപ്പെടുന്നു.

**3. പ്രാസം (Rhyme)**

ശബ്ദങ്ങളുടെ സംതുലിതമായ ആവർത്തനമാണു പ്രാസം. ഇതു ഭാഷയ്ക്ക് സംഗീതാത്മകമായ ഒരു ഒഴുക്കുണ്ടാക്കുന്നു. ഭാരതീയഭാഷകളിൽ അക്ഷരങ്ങളുടെ ആവർത്തനമാണു പ്രാസകാരണമാകുന്നത്. ഇംഗ്ലീഷ്പോലുള്ള ഭാഷകളിൽ ഇതു ബലം നൽകുന്നതിലെ ആവർത്തനമാണ്.

**4. സ്ഥായി (Pitch)**

സ്വനതന്തുക്കളുടെ കമ്പനവേഗത്തിന്റെ ശ്രവണപരമായ സഹസംബന്ധിയാണു സ്ഥായി. വേഗം കൂടുന്നതനുസരിച്ചു സ്ഥായിക്കു ആരോഹണവും അവരോഹണവും ഉണ്ടാകുന്നു.

ഉദാ: നൈജീരിയയിലെ വാമൊഴികളിലൊന്നായ 'നുപ്പെ'യിൽ 'ബാ' എന്ന വാക്ക് ഉച്ചസ്ഥായിയിൽ ഉച്ചരിച്ചാൽ 'കയ്പുള്ളതു' എന്നും നിമ്നസ്ഥായിയിൽ ഉപയോഗിച്ചാൽ 'എണ്ണുക' എന്നും അർത്ഥവ്യത്യാസം ഉണ്ടാകുന്നു. ഇങ്ങനെ പദത്തിലെ സ്ഥായി വ്യത്യാസം അർത്ഥവ്യത്യാസം ഉളവാക്കുന്ന ഭാഷകളെ **താനഭാഷകൾ** (Tone Language) എന്നു പറയുന്നു.

**5. വിരാമം (Pause)**

പദങ്ങൾ ചേർന്നതാണു വാക്യം. അതിനാൽ ഏതൊരു വാക്യത്തെയും പദങ്ങളായി വിഭജിക്കാം. ഒരു വാക്യം വേഗത്തിൽ ഉച്ചരിക്കുമ്പോൾ ഒറ്റ ശ്വാസത്തിൽ ഒതുക്കാം. എങ്കിലും സാവധാനത്തിലുള്ള ഉച്ചാരണത്തിൽ വിരാമങ്ങൾ ഉണ്ടാക്കിക്കൊണ്ടായിരിക്കും അതു നിർവ്വഹിക്കുക.

ഉദാ: രാമന്റെ വീട്ടിൽ നാലഞ്ചു പശുക്കളുണ്ട് അവയ്ക്കെല്ലാം വെവ്വേറെ തൊഴുത്തുണ്ട്.

## 2.7 അക്ഷരം (Syllable)

സ്വരം തനിച്ചോ വ്യഞ്ജനമോ വ്യഞ്ജനങ്ങളോ ചേർന്നോ പ്രത്യക്ഷപ്പെടുന്ന ശബ്ദഘടകങ്ങളെയാണ് അക്ഷരങ്ങൾ എന്നുപറയുന്നത്. ഭാഷാശാസ്ത്രത്തിൽ അക്ഷരം എന്ന സംജ്ഞ ഭാഷണഖണ്ഡം എന്നർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. അതായത് മുന്നിലും പിന്നിലും വ്യഞ്ജനമോ വ്യഞ്ജനങ്ങളോ വരാവുന്ന സ്വരമാണ് ഭാഷാശാസ്ത്രദൃഷ്ട്യാ അക്ഷരം (Syllable) എന്നുപറയുന്നത്. ഏതു ഭാഷണഖണ്ഡത്തിലെയും അക്ഷരങ്ങളുടെ എണ്ണം നിർണയിക്കാൻ സ്വരങ്ങൾ എത്രയെന്നു പരിശോധിച്ചാൽ മതിയാകും. ഹ്രസ്വമോ ദീർഘമോ ആയ സ്വരമാണ് അക്ഷരത്തിന്റെ കേന്ദ്രം അഥവാ ശൃംഗം എന്നുപറയുന്നത്.

> A Syllable is a unit of organisation for a sequence of speech sound. It is typically made up a syllable nucleus with optional initial and final marginals. Syllables are often considered the phonological building blocks of words.

**പലതരം സിലബിളുകൾ**

ഹ്രസ്വസ്വരം (v) – അ

ദീർഘസ്വരം (v) – ആ

ഹ്രസ്വസ്വരം-വ്യഞ്ജനം (vc)– അം

ദീർഘസ്വരം-വ്യഞ്ജനം (vc)– ആം

വ്യഞ്ജനം-ദീർഘസ്വരം (cv)– കാ, കൈ

വ്യഞ്ജനം-ഹ്രസ്വസ്വരം-വ്യഞ്ജനം (cvc) – കം

വ്യഞ്ജനം-ദീർഘസ്വരം-വ്യഞ്ജനം (cvc) – രാം

വ്യഞ്ജനം-വ്യഞ്ജനം-ഹ്രസ്വസ്വരം (cvc) – ക്രം

## 2.8 ലേഖവിജ്ഞാനം

എഴുത്ത്, ലേഖനവ്യവസ്ഥകൾ എന്നിവയെപ്പറ്റിയുള്ള ശാസ്ത്രദൃഷ്ടിയിലൂടെയുള്ള പഠനമാണ് ലേഖവിജ്ഞാനം (graphics). ഭാഷ എഴുതുമ്പോൾ ഉണ്ടാകുന്ന ചിഹ്നങ്ങളും പ്രതീകങ്ങളുമാണ് ഇതിലെ പഠനവിഷയം. വരമൊഴിയിൽ നടക്കുന്ന മാറ്റങ്ങൾ വളരെ പതിയെ നടക്കുന്നതുകൊണ്ട് ഭാഷണത്തെക്കാൾ വ്യാകരണത്തോടിണങ്ങുന്നത് മിക്കപ്പോഴും ലേഖനമായിരിക്കും. വാമൊഴിയിലൂടെ പ്രചാരത്തിൽവന്ന ഭാഷയ്ക്ക് കാലക്രമത്തിൽവരുന്ന വികാസമാണ് വരമൊഴിക്കുള്ള സാദ്ധ്യതയൊരുക്കുന്നത്. ഭാഷാശാസ്ത്രത്തിൽ, ഭാഷണത്തിനാണ് പ്രാധാന്യം. ഭാഷണത്തിനുശേഷമാണ് ഭാഷണത്തിന്റെ ദ്വിതീയപ്രകാരം (Secondary Mode) എന്നതലത്തിൽ ലേഖനത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കാരണം ഭാഷണമാണ് ഭാഷയുടെ പ്രാഥമികമായ പ്രകാരം.

- **ലേഖിമം**

ലേഖനത്തിൽ അർത്ഥഗ്രഹണത്തിനു ഫലമായ ഏകകമാണ് ലേഖിമം (Grapheme). സ്വനിമത്തെയോ രൂപിമത്തെയോ പദത്തെയോ കുറിക്കുന്ന ഒരു ലിഖിതചിഹ്നമോ പലലിഖിതചിഹ്നങ്ങളുടെ സമാഹാരമോ ആണ് ലേഖിമം.

> In linguistics, a grapheme is the smallest functional unit of a writing system. A grapheme is a written symbol that represents a phoneme. This can be a single letter or could be sequence of letter.
>
> eg: ക, ആ, ഐ, ai, sh, ing

- **ഉപലേഖം**

ഉപസ്വനവും ഉപരൂപവും ഉള്ളതുപോലെ ഒരു ലേഖനത്തിന്റെ വ്യത്യസ്തരൂപത്തെയാണ് ഉപലേഖം (allograph) എന്നുപറയുന്നത്.

Allograph defined as, a letter of an alphabet in as particular shape (such as A or a).

മലയാളത്തിലെ പ്രധാന ഉപലേഖങ്ങൾ/ദ്വിതീയചിഹ്നങ്ങൾ താഴെപ്പറയുന്നവയാണ്

| | | | |
|---|---|---|---|
| *ആ | – ാ | *ഐ | – ൈ |
| *ഇ | – ി | *ഒ | – ൊ |
| *ഈ | – ീ | *ഓ | – ോ |
| *ഉ | – ു | *ഔ | – ൌ |
| *ഊ | – ൂ | *യ | – ്യ |
| *ഋ | – ൃ | *വ | – ്വ |
| *എ | – െ | *മ | – ം |
| *ഏ | – േ | | |

- **വർണലിപി (Alphabetic Script), അക്ഷരലിപി (Syllabary)**

സ്വരം തനിച്ചോ സ്വരം ചേർന്ന വ്യഞ്ജനങ്ങളോ ആണു അക്ഷരങ്ങൾ എന്നു പറയുന്നത്. ഉച്ചരിക്കുന്ന ഓരോ ഘടകവും ഓരോ അക്ഷരം ആണ്. അക്ഷരലിപിയിൽ ഭാഷയിലെ അക്ഷരങ്ങളെയാണു ലിപികൾ പ്രതിനിധാനം ചെയ്യുന്നത്. അക്ഷരം പദാംഗമാണ്.

ഉദാ: കവിത എന്ന മലയാളപദം എഴുതുമ്പോൾ നാലു ലിപികൾ (അക്ഷരലിപി) ഉപയോഗിക്കുന്നുണ്ടെങ്കിലും (ക –വ–ി –ത) അവയിലൊന്ന് ഇകാരത്തിന്റെ ഉപലിപിയാണ്. മലയാളം പോലെയുള്ള ഭാഷകൾ സ്വീകരിച്ചിരിക്കുന്നതു അക്ഷരമാലയാണ്.

വർണലിപിയിൽ ഭാഷയിലെ വർണങ്ങളെയാണു ലിപികൾ പ്രതിനിധാനം ചെയ്യുന്നത്. ഭാഷണത്തിലുള്ള ഓരോ സ്വനിമത്തിനും പ്രത്യേകം ചിഹ്നങ്ങൾ നല്കി എഴുതുന്ന സമ്പ്രദായമാണിത്. വർണമാലയെയാണു ഇംഗ്ലീഷിൽ Alphabet എന്നു പറയുന്നത്. ഏതൊരു ഭാഷയിലെയും വിഭജിക്കാൻ കഴിയാത്ത അടിസ്ഥാന ഏകകമാണു വർണം.

ഉദാ:– കവിത എന്ന പദത്തിൽ ആറ് വർണങ്ങളുണ്.
(ക്–അ–വ്–ഇ–ത്–അ)

●

## യൂണിറ്റ് 3

### 3.1 രൂപിമവിജ്ഞാനം (Morphology)

സാർത്ഥകമായ, ഏറ്റവും ചെറിയ സ്വനമാണു രൂപിമം. രൂപിമത്തെക്കുറിച്ചുള്ള പഠന ശാഖയാണു രൂപിമവിജ്ഞാനം. 'Morphology is the study of word formation'.

- **രൂപം (Morph)**

ഭാഷയിലെ അർത്ഥയുക്തമായ ഏറ്റവും ചെറിയ മൂലകങ്ങളാണു രൂപം. സ്വന യോഗംകൊണ്ടു അർത്ഥപ്രകാശനസാധ്യതയുള്ള രൂപങ്ങൾ ഉണ്ടാകുന്നു.

'A morph is the phonetic realization of a morphome, A formal unit with a physical shape'

- **രൂപിമം (Morpheme)**

സ്വനിമങ്ങൾ കൂടിചേർന്നുണ്ടാകുന്ന അർത്ഥപൂർണമായ ഏറ്റവും ചെറിയ ഏകകങ്ങ ളാണു രൂപിമങ്ങൾ. അർത്ഥയുക്തമായ വർണസമൂഹമാണിത്. ഇതിനെ എ.ആർ. രാജരാജ വർമ്മ 'പ്രകൃതി' എന്നും 'ശബ്ദം' എന്നും വിവക്ഷിക്കുന്നുണ്ട്.

- 'morphemes are the smallest individually meaningful elements in the utterance of a language. – Charle F Hocket
- morphemes are the minimal meaningful unit which may constituent words or pares of words – Eugene A Nida

  ഉദാ: തറ, പന

ചിലപ്പോൾ ഒരു സ്വനിമമായാലും അതു രൂപിമമാകാറുണ്ട്.

ഉദാ: ചുട്ടെഴുത്തുകൾ.

- **ഉപരൂപം (Allomorph)**

രൂപിമങ്ങൾക്കു പലപ്പോഴും രൂപഭേദങ്ങൾ കാണാവുന്നതാണ്. ഉദാഹരണത്തിനു സംബന്ധികാവിഭക്തിപ്രത്യയത്തിനു 'ഉടെ', 'ന്റെ' എന്നിങ്ങനെ രണ്ടു രൂപങ്ങൾ ഉണ്ട്. ഇവ രണ്ടും ഒരേരൂപത്തിന്റെ വകഭേദങ്ങളാണ്. ഇവയ്ക്കു അർത്ഥം ഒന്നുതന്നെയാണെന്ന് മാത്രമല്ല ഇവ പരസ്പരപൂരകവുമാണ്. ഇപ്രകാരം ഒരേ രൂപിമത്തിന്റെ രൂപഭേദങ്ങളായി വരുന്നവയ്ക്കു ഉപരൂപങ്ങൾ (Allomorph) എന്നു പറയുന്നു.

"Allomorph is phonologically distinct variants of the same morpheme".

ഉദാ:

1. അവന്റെ – (അവൻ + ന്റെ)
   അവളുടെ – (അവൾ + ഉടെ)
2. കള്ളി
   വേലക്കാരത്തി
   തടിച്ചി
   മണവാട്ടി

മേൽക്കൊടുത്തിരിക്കുന്ന ഉദാഹരണങ്ങളിൽ ന്റെ, ഉടെ എന്നിങ്ങനെ രണ്ടുരൂപങ്ങൾ ഉണ്ടെങ്കിലും അവയ്ക്കു സംബന്ധികാവിഭക്തിയുടെ അർത്ഥമാണുള്ളത്. കൂടാതെ ഇ, അത്തി, ച്ചി, ട്ടി എന്നിങ്ങനെ വിവിധ ലിംഗപ്രത്യയങ്ങളുണ്ടെങ്കിലും അവയെല്ലാം സ്ത്രീലിംഗത്തെയാണ് കുറിക്കുന്നത്. അതായത് ഒരേരൂപത്തിന് വ്യത്യസ്തരൂപങ്ങൾ ഉണ്ടെങ്കിലും അർത്ഥം മാറുന്നില്ല. ഒരേരൂപത്തിന്റെ വകഭേദങ്ങളായ ഇത്തരം രൂപങ്ങളെയാണ് ഉപരൂപം എന്നുപറയുന്നത്.

- **രൂപിമവർഗീകരണങ്ങൾ**

രൂപിമത്തെ പ്രധാനമായും രണ്ടായി തരംതിരിക്കാം. സ്വതന്ത്രരൂപിമം (free morpheme), ആശ്രിതരൂപിമം (Bound morpheme) എന്നിങ്ങനെയാണവ.

- **സ്വതന്ത്രരൂപിമം (Free morpheme)**

തനിയെനിന്നുകൊണ്ട് അർത്ഥം ധ്വനിപ്പിക്കാൻ കഴിയുന്ന രൂപിമങ്ങളെ സ്വതന്ത്രരൂപിമമെന്നു പറയുന്നു.

'free morpheme are can stand on there on as independent words bound'

ഉദാ: വാഹനം
ടൂർ

- **ആശ്രിതരൂപിമം/ബദ്ധരൂപിമം (Bound morpheme)**

സ്വതന്ത്രരൂപിമത്തിനോടു ചേരുമ്പോൾ മാത്രം അർത്ഥം ധ്വനിപ്പിക്കുന്ന രൂപിമങ്ങളെ ആശ്രിതരൂപിമം എന്നു പറയുന്നു.

"Bound morphemes are cannot normal stand alone, but it is typically attached to another form'

ഉദാ: (രൂപിമം)
വാഹനത്തിന്റെ

വാഹനം (സ്വതന്ത്രൻ) — ഇൽ (ആശ്രിതം)

(morpheme)
Tourist

(Tour) (free) — (Ist) (Bound)

### 3.2. സ്വനിമാധിഷ്ഠിതഉപരൂപം(Phonologically conditioned Allomorph), രൂപാധിഷ്ഠിതഉപരൂപം ( Morphologically conditioned Allomorph)

ഭാഷയിലെ ഉപരൂപങ്ങൾ എവിടെയെല്ലാം കടന്നുവരുന്നു എന്നതിന് ഒരു നിശ്ചിത വ്യവസ്ഥ കാണാറുണ്ട്. ഈ ഭാഷാവ്യവസ്ഥയിൽനിന്നാണ് സ്വനിമസാഹചര്യം ഏതു ഉപരൂപം ഉപയോഗിക്കാമെന്ന് മനസ്സിലാക്കുന്നത്. പദാന്തം, പദമധ്യം, പദാദ്യം എന്നിങ്ങനെയുള്ള സ്ഥാനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഉപരൂപങ്ങളേതെല്ലാമാണ് എന്നതിന് നിശ്ചിതവ്യവസ്ഥയുണ്ട്. ഏതു സ്വനിമത്തിലാരംഭിക്കുന്നു ഏതു സ്വനത്തിലവസാനിക്കുന്നു എന്നതെല്ലാം ഉപരൂപവ്യതിയാനത്തിന് നിയാമകങ്ങളാണ്. ഈയവസ്ഥകളിൽ ഇന്ന സ്ഥലത്ത് ഇന്ന ഉപരൂപം എന്ന് കൃത്യമായി നിർണ്ണയിക്കാൻ കഴിയും.

ഇംഗ്ലീഷിലെ a, an എന്ന ഉപരൂപങ്ങൾ പ്രത്യക്ഷപ്പെടുന്ന രീതി ഇതിനേറ്റവും നല്ല ഉദാഹരണമാണ്. സ്വരത്തിലാരംഭിക്കുന്ന (Vowel) വാക്കുകളുടെ മുൻപിലാണ് an ഉപയോഗിക്കുക. മറ്റുള്ളവയുടെ (വ്യഞ്ജനങ്ങളുടെ) മുൻപിൽ a യും. ഇത്തരത്തിൽ പ്രവചനീയമായ ഉപരൂപങ്ങളെ സ്വനിമാധിഷ്ഠിത ഉപരൂപങ്ങൾ (phonologically conditioned Allomorphs) എന്നു പറയുന്നു.

സ്വനിമാധിഷ്ഠിതമല്ലാത്ത സകലസാഹചര്യങ്ങളും രൂപാധിഷ്ഠിതമായിരിക്കും. സ്വനിമികപരിസരമല്ല ഇവിടെ ഉപരൂപങ്ങളെ നിർണ്ണയിക്കുന്നത്. ഉദാഹരണമായി ഇംഗ്ലീഷിലെ ബഹുവചനപ്രത്യയങ്ങളായ s, es തുടങ്ങിയവയെ CHILD എന്ന പദം നിരാകരിക്കുന്നു. WILD തുടങ്ങിയ സമാനാന്തശബ്ദങ്ങൾക്ക് ബഹുവചനപ്രത്യയങ്ങൾ പ്രവചനീയമായിരിക്കേ CHILD എന്ന പദംമാത്രം വ്യത്യസ്തമായി മാറുന്നു. ഇതിന്റെ ബഹുവചനരൂപം CHILDREN എന്നാണ്. ഇന്ന രൂപത്തിന് ഇന്ന മറുരൂപം എന്നല്ലാതെ

നിയമനിർമ്മാണത്തിനൊന്നും പഴുതുനൽകാത്ത ഇത്തരം വ്യതിയാനങ്ങളെ രൂപാധിഷ്ഠിതഉപരൂപങ്ങൾ (Morphologically conditioned Allomorphs) എന്നു വിളിക്കുന്നു.

### 3.3 പദം (Word), പ്രകൃതി (Stem), ധാതു (Root word)

പദം വാക്യാംഗമാണ്. പദത്തിൽ ചിലപ്പോൾ ഒന്നിലധികം ആർത്ഥികഘടകങ്ങളു ണ്ടാകാം. ചില പദങ്ങളിൽ ഒരു ആർത്ഥികഘടകം മാത്രമേ കാണൂ. അത്തരം പദങ്ങൾ 'ശബ്ദം' എന്നു പറയാം. പ്രത്യയങ്ങൾ പ്രകൃതിയോടു ചേർത്തും പദമുണ്ടാക്കാം.

ഉദാ: ജനൽ + ഇൽ – ജനലിൽ

ഒരു പദത്തിൽ ഒന്നോ അതിലധികമോ രൂപിമങ്ങളുണ്ടാവാം. ഒന്നിലധികം രൂപിമങ്ങളുള്ളപ്പോൾ സാധാരണയായി അവയിൽ ഒന്നുമാത്രമാണ് പ്രധാനാർത്ഥത്തെ സൂചി പ്പിക്കുന്നത്. അതിനെയാണു 'ധാതു' എന്നു പറയുന്നത്. ഒരു രൂപിമത്തിന്റെ ഏറ്റവും അടി സ്ഥാനപരമായ രൂപമാണു ധാതു (Root word). ധാതുവിന്റെ കൂടെ അർത്ഥരഹിതമായ ഇട നിലകൾ ചേർത്തുണ്ടാകുന്ന രൂപമാണു, ഭാഷാശാസ്ത്രത്തിൽ പ്രകൃതി. കേരളപാണിനി ഇതിനെ 'അംഗം' എന്നു വിവക്ഷിക്കുന്നു. പ്രത്യയങ്ങൾ നീക്കിയതിനുശേഷം പദത്തിൽ എന്താണോ അവശേഷിക്കുന്നത് അതാണ് 'പ്രകൃതി'.

- **പ്രത്യയങ്ങൾ (Affixes)**

സ്വതന്ത്രരൂപിമത്തിന്റെ അർത്ഥത്തിൽ വ്യത്യാസം വരുത്താനാണു ആശ്രിതരൂപിമ ങ്ങൾ ഉപയോഗിക്കുന്നത്. ഒരു രൂപിമത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ രൂപമാണു ധാതു. ചില രൂപിമങ്ങൾ ധാതുക്കളാണ്. ഇനിയും ചില രൂപിമങ്ങൾ പ്രത്യയങ്ങളാണ്. സ്വ തന്ത്രമായി നിൽക്കുന്ന രൂപിമങ്ങളിൽ അർത്ഥവ്യത്യാസമുണ്ടാക്കാനാണു ആശ്രിതരൂപിമ ങ്ങൾ ചേർക്കുന്നത്. ഇങ്ങനെയുള്ള ആശ്രിതരൂപിമങ്ങളെയാണു പ്രത്യയങ്ങൾ (Affixes) എന്നു പറയുന്നത്.

> 'Affixation is the process of attaching an inflection or more generally, a bound morpheme to a word. This can occur at the beginning or end and occasionally in the middle of a word form''.

ഭാഷയിലെ എല്ലാ പ്രത്യയങ്ങളും ആശ്രിതരൂപിമത്തിലാണു ഉൾപ്പെടുന്നത്. ആശ്രി തരൂപിമങ്ങളായ പ്രത്യയങ്ങൾ സ്വതന്ത്രരൂപിമത്തിൽ ചേരുന്നതിന്റെ സ്ഥാനം അനുസരിച്ചു അവയെ പ്രധാനമായും

1. suffix
2. prefix
3. Infix
4. Circumfix
5. Transfix

6.Interfix എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. മലയാളഭാഷയെ സംബന്ധിച്ചിട ത്തോളം മേൽപറഞ്ഞവയിലെ പരപ്രത്യയം (suffix), പുരപ്രത്യയം (prefix), അന്ത:പ്രത്യയം (infix) എന്നിവ മാത്രമേ സംഗതമായി വരുന്നുള്ളൂ.

**1. പരപ്രത്യയം/പിൻപ്രത്യയം (Suffix)**

സ്വതന്ത്രരൂപിമത്തിനുശേഷം ചേർക്കുന്ന പ്രത്യയമാണു പരപ്രത്യയം. 'is an element placed at the end of a word to adjust it's meaning.

ഉദാ:

കുട്ടി + **കൾ** = കുട്ടികൾ

അവർ + **ഉടെ** = അവരുടെ

Ball + **s** = Balls

Tree + **s** = Trees

**2. പുരപ്രത്യയം/മുൻപ്രത്യയം (Prefix)**

ധാതുവിനു അഥവാ സ്വതന്ത്രരൂപിമത്തിനു മുമ്പിലാണു പ്രത്യയങ്ങൾ ചേർക്കുന്നതെങ്കിൽ അതു പുരപ്രത്യയമാണ്. ഇതിനു ഉപസർഗം എന്നും പൂർവ്വപ്രത്യയം എന്നും പറയുന്നു. ഇൻഡോ–യൂറോപ്യൻ ഭാഷകളിൽ പൂർവ്വപ്രത്യയങ്ങൾ കാണുന്നു.

"A prefix is an element placed at the beginning of a word to qualify it's meaning. Is also called 'Preformative'.

ഉദാ: **അ**നീതി
**അ**പ്രിയം
**സ**സുഖം
destroyed – **de** + stroyed
reaction – **re** + action

ഇവയിൽ 'അൻ' എന്ന പുരപ്രത്യയമാണു ധാതുവിനുമുൻപിൽ കൂട്ടിചേർക്കുന്നത്. ഇപ്രകാരം പ്രത്യയങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ അർത്ഥത്തിനു വ്യത്യാസം ഉണ്ടാകുന്നു.

**3. അന്തഃപ്രത്യയം (Infix)**

അർത്ഥവ്യത്യാസം വരുന്നരീതിയിൽ ധാതുവിനുള്ളിൽ അഥവാ സ്വതന്ത്രരൂപിമത്തിനുള്ളിൽ വരുന്ന പ്രത്യയങ്ങളെയാണു അന്തഃപ്രത്യയം (Infix) എന്നു പറയുന്നത്.

"Infix is an element placed in the middle of a stem, to change the meaning."

ഉദാ: പ്രചരണം – പ്രചാരണം
man – men
foot –feet

'പ്രചാരണം' എന്നാൽ തനിയെ വ്യാപിക്കുന്നതു എന്നും 'പ്രചരണം' എന്നാൽ മറ്റൊരാൾ വ്യാപിപ്പിക്കുന്നതു എന്നുമാണർത്ഥം. ഇവിടെ 'ആ' എന്ന പ്രത്യയം അത്തരത്തിലുള്ളതാണ്.

'തഗലോഗ്' എന്ന ഭാഷയിലെ ഉദാഹരണം നോക്കാം. ‌| pumi:lit | എന്നാൽ 'ഉത്സാഹി' എന്നാണർത്ഥം. ഇതിൽ പ്രകൃതി | pi:lit | എന്നാണ്, ഇതിന്റെ അർത്ഥം 'ശ്രമം' എന്നാണ്. 'ചെയ്യുന്നവർ' എന്നർത്ഥമുള്ള | um | എന്ന അന്തഃപ്രത്യയം ചേർന്നപ്പോൾ | p-um-i:lit | എന്നാകുന്നു. ഇതിനർത്ഥം 'ശ്രമിക്കുന്നവൻ' അഥവാ 'ഉത്സാഹി' എന്നൊക്കെയാണ്.
| pi:lit | + | um | > | pumi:lit |

- **രൂപസിദ്ധി (Inflection)**

/anata no tomadati / എന്ന ജപ്പാൻ ഭാഷാവാക്യത്തിന്റെ അർത്ഥം 'നിന്റെ സുഹൃത്ത്' എന്നാണ്. 'anata' എന്നാൽ 'നീ' എന്നും 'tomadati' എന്നാൽ 'സുഹൃത്ത്' എന്നുമാണു അർത്ഥം. നീ എന്നതിനെ നിന്റെ എന്നാക്കാൻ 'no' എന്നു ചേർക്കുന്നു. 'no' എന്നതാണു നിന്റെ എന്നാക്കാനുള്ള കുറി (marker). ലാറ്റിനിൽ കുറികൾ പദങ്ങളെ തമ്മിൽ ചേർക്കാൻ ഉപയോഗിക്കാറില്ല. ലാറ്റിനിൽ 'serbus accusators' എന്നതിനു ആക്ഷേപകന്റെ അടിമ എന്നാണർത്ഥം. ആക്ഷേപകന്റെ എന്ന രൂപം ഉണ്ടാക്കാൻ കുറിയ്ക്കു പകരം 'accusator' എന്ന പദത്തിനോടുകൂടി 'is' എന്ന രൂപം ചേർക്കുകയാണു പതിവ്. ജാപ്പനീസിൽ ഉപയോഗിക്കുന്ന കുറി ഒരു പ്രത്യേകപദമായി ഗണിക്കേണ്ടതുണ്ട്. ലാറ്റിൻ ഭാഷയാകട്ടെ ആ സാഹചര്യത്തിൽ പ്രത്യേകപദത്തിനുപകരം ഉപയോഗിക്കുന്ന പ്രത്യയത്തെ സ്വതന്ത്രാസ്തിത്വമുള്ള പദമായി കണക്കാക്കേണ്ടതില്ല. ഇത്തരം പ്രത്യയങ്ങൾ രൂപസിദ്ധി പ്രത്യയങ്ങൾ (Inflectionl Affixes) എന്നും ആ പ്രത്യയങ്ങൾ വഴി സിദ്ധമാക്കുന്ന പരിണാമത്തെ രൂപസിദ്ധി (Inflection) എന്നും പറയുന്നു.

ഇംഗ്ലീഷിൽ കുറികളും രൂപസിദ്ധിപ്രത്യയങ്ങളും ഒരുപോലെ ഉപയോഗിച്ചുവരുന്നു. 'slave of accusator' എന്നും 'The accuser's slave' എന്നും പ്രയോഗങ്ങളുണ്ട്. ആദ്യത്തേതിൽ കുറിയും രണ്ടാമത്തേതിൽ രൂപസിദ്ധി പ്രത്യയങ്ങളുമാണ് പദബന്ധം കാണിക്കുന്നത്. മലയാളത്തിൽ കുറികളുടെ അഭാവമാണു കാണുന്നത്. ലാറ്റിൻ ഭാഷകളിലുള്ളതുപോലെയുള്ള പ്രത്യയങ്ങളാണു മലയാളത്തിൽ ഈ കർമ്മം നിർവ്വഹിക്കുന്നത്.

നീ, സുഹൃത്ത് എന്നീ പദങ്ങളെ ബന്ധിപ്പിക്കാൻ 'നിന്റെ സുഹൃത്ത്' എന്ന രൂപസിദ്ധിയാണു അഭികാമ്യം. മലയാളത്തിലെ ലിംഗ-വചന-വിഭക്തി-കാല പ്രത്യയങ്ങൾ രൂപസിദ്ധി ഉണ്ടാക്കുന്നു. നാമങ്ങളോടു ലിംഗ-വചന-വിഭക്തിപ്രത്യയങ്ങളും ക്രിയകളോടു കാലപ്രത്യയവുമാണു ചേരുന്നത്. രൂപസിദ്ധിയ്ക്കുവേണ്ടി ചേർക്കപ്പെടുന്ന പ്രത്യയങ്ങൾ അങ്ങനെ രൂപസിദ്ധി പ്രത്യയങ്ങൾ (Inflectional Affixes) എന്നു പറയുന്നു. രൂപസിദ്ധിയ്ക്കുവേണ്ടി ചേർത്ത പ്രത്യയങ്ങൾ എല്ലാം പദത്തിൽനിന്നു നീക്കിയാൽ അവശേഷിക്കുന്നതെന്തോ അതിനെയാണു ഭാഷാശാസ്ത്രപരമായി 'പ്രകൃതി' അഥവാ 'stem' എന്നു വിശേഷിപ്പിക്കുന്നത്. ചിലപ്പോൾ പ്രകൃതിയ്ക്കു ഒരു സമ്പൂർണ്ണപദമായി വർത്തിക്കാൻ കഴിഞ്ഞേക്കും.

ഉദാ: 'കുട്ടികൾ' എന്ന പദത്തിൽ 'കൾ' ആണു രൂപസിദ്ധി പ്രത്യയം. അവശേഷിക്കുന്ന 'കുട്ടി' എന്നതു തനതുപദം തന്നെയാണ്.

- **നിഷ്പാദനം (Derivation)**

നിയുക്തപദങ്ങളെ മറ്റു പദങ്ങളുമായി ഘടിപ്പിക്കാനുള്ള ഉപാധികളാണ് രൂപസിദ്ധിപ്രത്യയങ്ങൾ (Inflectional Affixes). വ്യാകരണപരമായി പ്രകൃതിയുടെ സ്വഭാവത്തിൽ വ്യതിയാനം സംഭവിക്കാതെയുള്ള മാറ്റങ്ങളാണ് രൂപസിദ്ധിയിൽ നടക്കുന്നത്. എന്നാൽ നിഷ്പാദനം എന്നതു പ്രകൃതിയുടെ വ്യാകരണപരമായ അവസ്ഥയെ തന്നെ മാറ്റി മറിച്ചുകൊണ്ടുള്ള നാമവ്യുൽപ്പാദനം നടത്തുന്നതും നിഷ്പാദനത്തിന്റെ പരിധിയിൽ വരും.

ഉദാ:

| | | |
|---|---|---|
| ഏറ് | > | എറിയാൻ (ക്രിയ > നാമം) |
| (throw) | | (A kind of bird) |
| തൊര് | > | തൊരപ്പൻ (ക്രിയ > നാമം) |
| ചെയ്ത് | > | ചെയ്തവൻ (ക്രിയ > നാമം) |

പ്രകൃതിയെപ്പറ്റിയുള്ള പഠനമാണ് നിഷ്പാദനപ്രക്രിയയിൽ ഏറ്റവും പ്രധാനമായ സംഗതി. പ്രകൃതിയെ ഘടനാപരമായി ലളിതപ്രകൃതി, ദ്വിതീയനിഷ്പാദിതം, പ്രകൃതിസംയുക്തം, പ്രഥമനിഷ്പാദിതം, ധാതുസംയുക്തം എന്നിങ്ങനെ വിഭജിക്കാം.

**1. ലളിതപ്രകൃതി (Simple Stem)**
ഒരൊറ്റ രൂപിമം മാത്രമുള്ള പ്രകൃതി
ഉദാ: സ്ത്രീ

**2. ദ്വിതീയ നിഷ്പാദിതം (Secondary Derivative)**
ഒരു പ്രകൃതിയും ഒരു നിഷ്പാദന പ്രത്യയവും ചേർന്നത്.
ഉദാ: സ്ത്രീത്വം
നല്ലവൻ

**3. പ്രകൃതി സംയുക്തം (Stem Compound)**
രണ്ടു പ്രകൃതികൾ ചേർന്നത്
ഉദാ: തീവണ്ടി
മുളകുപൊടി

**4. പ്രഥമനിഷ്പാദിതം (Primary Derivative)**
ധാതുവും നിഷ്പാദനപ്രത്യയവും ചേർന്നത്
ഉദാ: ഓട് + ഇ > ഓടി

**5. ധാതുസംയുക്തം (Root Compound)**
രണ്ടു ധാതുക്കൾ ചേർന്നത്
ഉദാ: ചെം+താർ > ചെന്താർ

## 3.4 രൂപസ്വനിമികം /സന്ധി (Morphophonemics)

ഒരു രൂപിമത്തിലെ ഉപരൂപങ്ങളിലെ സ്വനിമികമാറ്റങ്ങളെക്കുറിച്ചാണ് രൂപസ്വനിമികം അന്വേഷിക്കുന്നത്. 'Morphophonemics deals with phonemic alternations within the allomorphs of a morpheme'' രൂപസ്വനിമികത്തിന്റെ മറ്റൊരു പേരാണ് സന്ധി. പാശ്ചാത്യ ഭാഷാശാസ്ത്രത്തിലെ സാങ്കേതികസംജ്ഞകൾക്കിടയിൽ സ്ഥാനംനേടിക്കഴിഞ്ഞ സംസ്കൃതപദങ്ങളിലൊന്നാണ് സന്ധി. സാധാരണയായി വ്യാകരണത്തിൽ ചർച്ചചെയ്യുന്ന സന്ധി എന്ന പഠനമേഖലയേക്കാളും വ്യാപ്തിയുള്ള പഠനമേഖലയാണ് രൂപസ്വനിമികം. ലോപം, ആഗമം, ദ്വിത്വം, ആദേശം എന്നീ വർണമാറ്റങ്ങൾ സംഭവിക്കുന്ന സന്ധികാര്യങ്ങളോടൊപ്പം തന്നു > തരുന്നു > തരാതെ > താ, വെന്തു > വേവുന്നു > വേകുന്നു തുടങ്ങിയ രൂപങ്ങളുടെ സ്വനിമികാകൃതിയിൽ സംഭവിക്കുന്ന വ്യത്യാസങ്ങളെല്ലാം ചർച്ച ചെയ്യുന്ന ഭാഷാശാസ്ത്രമേഖലയാണിത്.

- **സവർണനം (Assimilation)**

സമീപസ്വനങ്ങളുടെ സ്വാധീനഫലമായി സ്വനങ്ങൾക്കുതമ്മിൽ സാമ്യം വരുന്നു. ഇതിനെയാണ് സവർണനം എന്നു പറയുന്നത്.

> "Assimilation is a common phonological process by which one sound become more like a nearby sound. This can occur either within a word or between words"

- **സവർണനത്തിന്റെ വകഭേദങ്ങൾ**

1. മുൻസവർണനം (Progressive Assimilation)
പരപദാദിയിലുള്ള വർണം പൂർവത്തിന് സമാനമായി വരുന്നതാണ് മുൻസവർണനം.
ഉദാ: കൺ + തു > കണ്ടു
നട് + തു > നട്ടു

2. പിൻസവർണനം (Regressive Assimilation)
പൂർവപദത്തിന്റെ അന്ത്യത്തിലുള്ള വർണം പരപദത്തിന്റെ ആദിവർണത്തിനു സമാനമായി മാറുന്നതാണ് പരസവർണനം.
ഉദാ: പൈം + കിളി > പൈങ്കിളി

3. ഉഭയസവർണനം (Reciprocal Assimilation)
മുൻപിൻസവർണനങ്ങൾ ഒരേ രൂപത്തിൽതന്നെ നടക്കുകയാണെങ്കിൽ അതിനെ ഉഭയസവർണനം എന്നു പറയുന്നു.
ഉദാ: മരം+കൾ > മരങ്കൾ > മരങ്ങൾ > മരങ്ങൾ

4. പൂർണസവർണനം (Full Assimilation)
സമീപസ്വനങ്ങളുടെ സ്വാധീനഫലമായി ഒരു സ്വനം പൂർണമായും മറ്റൊരു സ്വനമായി മാറുന്നതിനെ പൂർണസവർണനം എന്നുപറയുന്നു.
ഉദാ: നട് + തു > നട്ടു (ട കാരത്തിന്റെ സാമീപ്യത്താൽ ത കാരം ട കാരമായിമാറി).

5. ഭാഗീക സവർണനം (Partial Assimilation)

സമീപസ്വനങ്ങളുടെ സ്വാധീനഫലമായി ഒരു സ്വനം ഭാഗികമായി സവർണ്ണനത്തിനു വിധേയമാകുന്നുവെങ്കിൽ ഭാഗികസവർണ്ണനം നടക്കുസവെന്നു പറയാം.
ഉദാ: *ന*യും *ക*യും കൂടിചേരുമ്പോൾ ചിലസന്ദർഭങ്ങളിൽ ദന്ത്യമായ *ന*കാരം മൃദുലതാലവ്യവിരാമമായ *ങ*കാരമായി മാറുന്നു. അവൻ + കൽ > അവങ്കൽ, ഇവിടെ *ന*കാരത്തിന് ഭാഗികമായ സവർണ്ണനമേ സംഭവിക്കുന്നുള്ളൂ.

6. വിദൂരസവർണനം (Distant Assimilation)
പങ്കാളിസ്വനങ്ങൾക്കു തമ്മിൽ അകലമുണ്ടെങ്കിൽ അത് വിദൂരസർവണനമാണ്. *തൊണ്ണൂറ്* എന്നത് മറ്റ് അക്കങ്ങളിൽനിന്നും വ്യത്യസ്തമാണ്. മറ്റ് ദ്രാവിഡഭാഷകളിലെ സംഖ്യാവാചികളെ പരിശോധിക്കുമ്പോൾ മലയാളത്തിൽ തൊണ്ണൂറിനെ കുറിക്കുവാൻ തൊൺപത് എന്ന പ്രയോഗമാണ് വേണ്ടത്, കാരണം അൻപത്, അറുപത്, എഴുപത്, എൺപത് തുടങ്ങിയ രൂപങ്ങൾക്കുശേഷം സ്വാഭാവികമായി വരേണ്ടത് തൊൺപതാണല്ലോ. എന്നാൽ തൊണ്ണൂറ് എന്ന രൂപത്തിന്റെ ഉത്ഭവത്തിൽ തൊണ്ണൂറിനുശേഷം വരുന്ന നൂറിന്റെ സ്വാധീനഫലമായി ഒരു നവീകരണം നടന്നിരിക്കാം. തമിഴ്, മലയാളം ഒഴികെയുള്ള പുഷ്ടഭാഷകളിൽ ഈ സമീകരണം നടന്നിട്ടില്ല.

- **അസമീകരണം (Dissimilation)**

സ്വനസമീകരണത്തിനു വിപരീതമാണ് അസമീകരണം അല്ലെങ്കിൽ വിഷമീകരണം. സ്വനങ്ങളുടെ സാമ്യനഷ്ടപ്പെടലാണ് അസമീകരണം. ഒരേതരം സ്വനങ്ങളുടെ ആവർത്തനം ഒഴിവാക്കുന്ന ഈ പ്രവണത ഭാഷകളിൽ വിരളമാണ്. ഉദാ: ലത്തീൻ ഭാഷയിലെ പെരഗ്രിനസ് എന്ന പദം ഇറ്റാലിയൻ ഭാഷയിൽ പെലഗ്രനോ എന്നായത് വിഷമീകരണം മൂലമാണ്. കൂടാതെ മുപ്പത് > നുപ്പത് ആകുന്നത് മ, പ എന്നീ സ്വനങ്ങളുടെ ആവർത്തനം ഒഴിവാക്കാനാണ്. മ, പ എന്നിവ ഒരേ വർഗാക്ഷരങ്ങളാണ്, ഈ സ്വനങ്ങളുടെ സാദൃശ്യം മറികടക്കാനാണ് മ യ്ക്കു പകരം ന കാരം ചേർക്കുന്നത്.

- **സമാക്ഷരലോപം (Haplology)**

സാമ്യമുള്ള അക്ഷരങ്ങൾ ആവർത്തിക്കുമ്പോൾ അവയിൽ ഒന്നു ലോപിക്കുന്നു, ഇതിനെ സമാക്ഷരലോപം എന്നു പറയുന്നു.
ഉദാ: പിറന്ന + നാൾ – പിറന്നാൾ
അമ്മ + മാമാൻ – അമ്മാമൻ
കൊച്ചു + ചേട്ടൻ – കൊച്ചേട്ടൻ
Engla + land – England

- **സ്ഥാനവിപര്യയം (Metathesis)**

ഒരു പദത്തിലെ രണ്ടുസ്വനങ്ങളുടെയോ രണ്ടുപദാംഗങ്ങളുടെയോ പരസ്പരസ്ഥാനമാറ്റത്തെയാണ് സ്ഥാനവിപര്യയം എന്നു പറയുന്നത്.
ഉദാ: തെച്ചി – ചെത്തി
മരതകം – മരകതം

- **സ്വരാഗമം**

1. പൂർവസ്വരാഗമം (Prothesis) : പദാദിയിൽ പുതിയൊരു സ്വരം ചേരുന്നതിനെ പൂർവ്വസ്വരാഗമം എന്നു പറയുന്നു. സംസ്കൃതത്തിൽനിന്നു മലയാളത്തിലേക്ക് വന്ന പദങ്ങളിൽ ഇപ്രകാരം സ്വരാഗമം സംഭവിച്ചിട്ടുണ്ട്.
ഉദാ: ലോകം > ഉലകം, രംഗം > അരങ്ങ്, രാജാ > അരചൻ.

കൂടാതെ മലയാളികളുടെ ഇംഗ്ലീഷ്പദങ്ങളുടെ ഉച്ചാരണത്തിലും സ്വരാഗമം പ്രകടമാണ്.
ഉദാ: സ്കെയിൽ > ഇസ്കെയിൽ, സ്കൂൾ > ഉസ്കൂൾ

2. സ്വരഭക്തി (Anatycis): ഇതിനു മധ്യസ്വരാഗമം എന്നും പറയുന്നു. കൂട്ടക്ഷരങ്ങളുടെ മധ്യത്തിൽ സ്വരം വരുന്നു.
ഉദാ: ചായ്പ്പ് > ചായിപ്പ്, കയ്പ്പ് > കയിപ്പ്, ചിത്ര > ചിത്തിര, കുര്യൻ > കുരിയൻ

3. അന്ത്യാഗമം (Paragogo)
പദാവസാനം സ്വരാഗമം സംഭവിക്കുന്നു.
ഉദാ: കാ > കായ്, കായ; പാ > പായ്, പായ

- **വർണലോപം**

  1. ആദിവർണലോപം (Aphesis)
  പദത്തിന്റെ ആദ്യത്തെ വർണം ലോപിക്കുന്നു.
  ഉദാ: ഇരണ്ട് > രണ്ട്, ഇപ്പൊ > പ്പൊ

  2. മധ്യസ്വരലോപം (Syncope)
  മധ്യസ്വരം ലോപിക്കുകവഴി കൂട്ടക്ഷരങ്ങൾ ഉണ്ടാകുന്നു.
  ഉദാ: പിലാവ് > പ്ലാവ്, കിടാവ് > ക്ടാവ്

  3. അന്ത്യലോപം (Apocope)
  പദാവസാനത്തിലുള്ള വർണലോപമാണ് അന്ത്യലോപം.
  ഉദാ: പോയി > പോയ്, അരിചി > അരി

## 3.5 വാക്യഘടനാവിജ്ഞാനം (Syntax)

പദസഞ്ചയങ്ങളെപ്പറ്റിയുള്ള പഠനമാണ് വാക്യഘടനാവിജ്ഞാനം. പദങ്ങൾ കൂടിച്ചേർന്നുണ്ടാകുന്ന വാചകങ്ങളും (phrases) വാക്യങ്ങളും (sentences) ഈ പഠനശാഖയുടെ പരിധിയിൽപ്പെടുന്നു. "syntax concerns the possible arrangements of words in a language"

**വാക്യത്വനിർണയത്തിനു ആധാരമാക്കേണ്ട പ്രധാനസ്വഭാവങ്ങൾ**

**1. പദസംഘാതം**

വ്യാകരണപൂർത്തിയുള്ള വാക്യത്തിൽ ഒന്നിലധികം പദങ്ങൾ ചേർന്നിരിക്കുന്നു. ചുരുങ്ങിയതു ആഖ്യയും ആഖ്യാതവും ചേർന്നതായിരിക്കും വാക്യം. ഭാഷണസന്ദർഭത്തിലെ സാമാന്യവിഷയമാണു ആഖ്യ (subject) സാമാന്യത്തെക്കുറിച്ചുള്ള വിശേഷണപ്രസ്ഥാവനയാണു ആഖ്യാതം (predicate)

ഉദാ: (കേരളമുഖ്യമന്ത്രി ദില്ലിക്കുപോയി)




**2. ആഖ്യാതത്വം (predication)**

ആശയവിനിമയം നടത്തുന്നതു പല ഉദ്ദേശ്യങ്ങളോടെയാണ്. ഉദ്ദേശ്യങ്ങൾക്കു അനുസരിച്ചു ഭാഷണത്തിനുപയോഗിക്കുന്ന വാക്യങ്ങൾക്കു രൂപഭേദംവരാം. പ്രസ്താവന, നിർദ്ദേശം, വിധി, നിഷേധം, അപേക്ഷ, ആജ്ഞ, ആശംസ, പ്രാർത്ഥന, സംശയം, സമ്മതം, ചോദ്യം എന്നിങ്ങനെ പല ഉദ്ദേശ്യങ്ങൾകൊണ്ടു നടത്തുന്ന ആശയവിനിമയത്തിൽ ഇവയ്ക്കെല്ലാം പൊതുവെയുള്ള ധർമ്മം ആഖ്യാതത്വമാണെന്നു പറയാം.

വാക്യത്തിനു നിർബന്ധമായി ഉണ്ടായിരിക്കേണ്ട സ്വഭാവമാണു ആഖ്യാതത്വം (predication). വാക്യത്തിൽ 'എന്തിനെക്കുറിച്ചു പറയുന്നു', 'എന്തു പറയുന്നു' എന്നിവയിൽ 'എന്തു പറയുന്നു' എന്നതു ആശയവിനിമയത്തിന്റെ കാതലാണ്. വാക്യത്തിൽ അതു

പ്രകടമായിരിക്കണം. എന്നാൽ മാത്രമേ ഭാഷണോദ്ദേശം മനസ്സിലാകൂ. ആ സംഗതി യെയാണു ആഖ്യാതത്വത്തിലൂടെ വ്യക്തമാക്കുന്നത്. മിക്കഭാഷകളിലും ആഖ്യാതത്വം പ്രത്യ ക്ഷവൽക്കരിക്കുന്നതു ക്രിയാപദത്തിലൂടെയാണ്. അതുകൊണ്ടാണു വാക്യത്തിലെ മുഖ്യഘ ടകം ക്രിയയാണെന്നു പറയുന്നത്.

**3. ആർത്ഥികപ്പൊരുത്തം**

വാക്യത്തിൽ ഘടനാബന്ധംമാത്രം ഉണ്ടായാൽ പോരാ. അർത്ഥബന്ധം (meaning relationship)കൂടി ആവശ്യമുണ്ട്.

ഉദാ: 'വർണരഹിതമായ പച്ചനിറമുള്ള ആശയങ്ങൾ കോപത്തോടെ ഉറങ്ങുന്നു.'

മേൽപ്പറഞ്ഞ വാക്യത്തിൽ വ്യവസ്ഥാലംഘനം ഇല്ല. ഘടനാബന്ധമുണ്ട്. വിശേഷണസഹിത മായ ക്രിയയും ചേർന്നതാണു ഈ വാക്യം. ഇവിടെ തകരാറു ആർത്ഥികബന്ധത്തിനാണ്. അർത്ഥപരമായി ചേരാത്ത ബന്ധങ്ങളെ ചേർത്തതാണു വാക്യം അസംബന്ധമാകാൻ കാര ണം. ആ പൊരുത്തക്കേടുകൾ താഴെപറയും വിധമാണ്.

- നാമവിശേഷണങ്ങളിൽ നിറമില്ലാത്ത, നിറമുള്ള എന്ന പൊരുത്തക്കേട്
- നാമവിശേഷണങ്ങൾ രണ്ടും വിശേഷ്യനാമത്തോടു ചേരാത്തത്.
- ക്രിയാവിശേഷണം അർത്ഥപരമായ ക്രിയയോടു യോജിക്കുന്നില്ല

**4. ഘടനാബന്ധം (Structural Relationship)**

വാക്യം പദസംഘാതമാണ്. വാക്യത്തിലെ പദങ്ങൾക്കു ഘടനാപരമായ ബന്ധമുണ്ടാ കണം. ഓരോ ഭാഷയിലും വാക്യത്തിലെ പദക്രമത്തിൽ ചില വ്യവസ്ഥകൾ ഉണ്ടായിരിക്കും. ആ വ്യവസ്ഥകൾക്കനുസരിച്ചുള്ള പദങ്ങളുടെ കൂട്ടങ്ങളേ വാക്യമാകൂ.

'ഈ വില പുസ്തകത്തിന്റെ രൂപയാണു നൂറ്' എന്ന പദസംഘാതത്തിൽ ഘടനാബ ന്ധമില്ല. അതുകൊണ്ടു പ്രസ്തുത ഉദാഹരണം വാക്യമാകുന്നില്ല. 'ഈ പുസ്തകത്തിന്റെ വില നൂറു രൂപയാണ്' എന്നു ക്രമീകരിക്കുമ്പോൾ ഘടനാബന്ധം വ്യക്തമാകുന്നതുകൊണ്ടു ഈ പദസംഘാതം വാക്യമായിത്തീരുന്നു.

- **സന്നിഹിതഘടകാപഗ്രഥനം (Immediate Constituent Analysis - ICA)**

വാക്യം ഘടനയാണ്. ഘടകങ്ങളുടെ വ്യവസ്ഥാപൂർവ്വമായ സംയോഗത്തെയാണു ഘടന എന്നു വിളിക്കുന്നത്. വാക്യത്തിലെ പ്രാഥമികഘടകങ്ങൾ പദങ്ങളാണ്. പദങ്ങളിൽ പ്രകൃതിയും പ്രത്യയവും ഘടകങ്ങളായി വരുന്നു. വാക്യത്തിൽ അടുത്തബന്ധം പുലർത്തുന്ന ഘടകങ്ങളെ സന്നിഹിതഘടകങ്ങൾ (Immediate constituent) എന്നു പറയു ന്നു. ഒരു വാക്യത്തിലെ സന്നിഹിതഘടകങ്ങളെ ക്രമികമായി പിരിച്ചു കാണിക്കുന്ന പ്രക്രിയ യാണു സന്നിഹിതഘടകാപഗ്രഥനം.

| കേരളമുഖ്യമന്ത്രി അടുത്ത വെള്ളിയാഴ്ച ദില്ലിക്കുപോകുന്നുണ്ട്. | | | | | | |
|---|---|---|---|---|---|---|
| 1. കേരളമുഖ്യമന്ത്രി | | അടുത്ത വെള്ളിയാഴ്ച ദില്ലിക്കു പോകുന്നുണ്ട് | | | | |
| 2. കേരള | മുഖ്യമന്ത്രി | അടുത്ത വെള്ളിയാഴ്ച | | ദില്ലിക്കു പോകുന്നുണ്ട് | | |
| 3. കേരള | മുഖ്യമന്ത്രി | അടുത്ത | വെള്ളിയാഴ്ച | ദില്ലിക്കു | | പോകുന്നുണ്ട് |
| 4. കേരള | മുഖ്യമന്ത്രി | അടുത്ത | വെള്ളിയാഴ്ച | ദില്ലിക്കു | പോകുന്നു | ഉണ്ട് |

ഇവിടെ വാക്യഘടകങ്ങളെ വിഭജിക്കാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം ഘടകങ്ങൾ (പദ ങ്ങൾ) തമ്മിലുള്ള ബന്ധമാണ്.

1. ആഖ്യ, ആഖ്യാനം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു
2. ആഖ്യയിലെ വിശേഷവിഷേണങ്ങളെയും ആഖ്യാനത്തിലെ കാലവാചി, നാമ–പദബ ന്ധം, സ്ഥലസൂചകത്തോടുകൂടിയ ക്രിയാപദം എന്നിവയെയും വേർതിരിക്കുന്നു.

3. ആഖ്യാനത്തിലെ കാലവാചി–നാമ–പദബന്ധത്തിലെ വിശേഷവിശേഷണങ്ങളെയും ആഖ്യാനത്തിലെ ലക്ഷ്യം, ക്രിയ എന്നിവയെയും വേർപെടുത്തിയിരിക്കുന്നു
4. സമസ്തക്രിയയിലെ (പോകുന്നുണ്ട്) മുഖ്യക്രിയ, സഹായക്രിയ എന്നിവയെ തിരിച്ചു കാണിച്ചിരിക്കുന്നു.




- **സരളവാക്യം (Simple Sentence)**

  ഒരു ക്രിയ മാത്രമുള്ള ഘടനയാണു സരളവാക്യം (simple sentence)

  ഉദാ: ‘അവനെന്റെ അനിയൻ ആണ്’

- **സംയുക്തവാക്യം (Compand Sentence)**

  ഒന്നിലധികം സരളവാക്യങ്ങൾ ചേർന്നു സംയുക്തവാക്യങ്ങൾ ഉണ്ടാകുന്നു. സംയുക്തവാക്യത്തിൽ പ്രധാനമായും രണ്ടുതരത്തിലുള്ള ഘടനകളുണ്ട്.

**1. സങ്കലവാക്യം**

ഒന്നിലധികം അംഗിവാക്യങ്ങൾ ചേർന്നതു സങ്കലവാക്യം

**2. സങ്കീർണവാക്യം**

അംഗിവാക്യത്തോടു ഒന്നോ അതിലധികമോ അംഗവാക്യങ്ങൾ ചേർന്നു സങ്കീർണവാക്യങ്ങൾ ഉണ്ടാകുന്നു.

ഉദാ: ‘അടികൊണ്ടു കുട്ടി കരയാൻ തുടങ്ങി’

- **രചനാന്തരണപ്രജനകവ്യാകരണം (Transformational Generative Grammar)**

'Aspect of the theory of syntax' (1965), 'syntactic structures' (1967) എന്നീ പുസ്തകങ്ങളിലൂടെയാണു നോം ചോംസ്കി രചനാന്തരണ പ്രജനകവ്യാകരണത്തിനു അടിത്തറയിട്ടത്.

> 'Transformational Grammar (T.G) or Transformational Generative Grammar (T.G.G) is the study of linguistics, part of the theory of generative grammar, especially of naturally evolved languages, that considers grammar to be a system of rules that generate exactly those combinations of words which form grammatical sentences in a given language. T.G. involves the use of defined operations called transformation to produce new sentences fromexisting ones'.

- **രചനാന്തരണസിദ്ധാന്തം (Transformationalism)**

1957ൽ ഹാരിസും ചോംസ്കിയും തങ്ങളുടെ ഗവേഷണഫലങ്ങൾ സിദ്ധാന്തരൂപത്തിൽ പ്രസിദ്ധപ്പെടുത്തി. ചോംസ്കി തന്റെ ആദ്യസിദ്ധാന്തം പലതരത്തിലും വ്യത്യസ്തമാക്കി പുതിയസിദ്ധാന്തം 1965ൽ അവതരിപ്പിച്ചു. ഇതാണു ഇപ്പോഴത്തെ പ്രജനകവ്യാകരണത്തിന്റെ മാനകരൂപം.

**1. സഹവർത്തനസിദ്ധാന്തം**

വാക്യഘടനയിലെ സഹവർത്തനസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണു ഹാരിസ് രചനാന്തരണത്തെ നിർവ്വചിച്ചിരിക്കുന്നത്. *പക്ഷി പറക്കുന്നു* എന്നതു ഒരു വാചകമാണ്. പക്ഷെ *കടൽ പറക്കുന്നു* എന്നു പറയാറില്ല. അതുപോലെ *കടൽ ഇരമ്പുന്നു* എന്നു പറയുമെങ്കിലും *പക്ഷി ഇരമ്പുന്നു* എന്നു പറയാറില്ല. ഈ ഉദാഹരണങ്ങളിൽനിന്നു പക്ഷിയും പറക്കലും തമ്മിലും കടലും ഇരമ്പലും തമ്മിലും എന്തോ ഒരു ബന്ധമുണ്ടെന്നു കാണാം. ഈ ബന്ധത്തിനു സഹവർത്തനം എന്നും സഹവർത്തനം സാധ്യമായ പദങ്ങൾക്കു സഹവർത്തികൾ എന്നും പറയാം. അതായതു *പക്ഷി ഇരമ്പുക* എന്നിവ സഹവർത്തികളല്ല.

**2. രചനാന്തരണം**

രചനാന്തരണത്തിനു വിധേയമാകുന്ന വാക്യങ്ങളെ മൂലവാക്യങ്ങൾ എന്നു പറയുന്നു. ഒന്നിലധികം മൂലവാക്യങ്ങൾ ചേർത്തു രചനാന്തരണം നടത്തി പലതരം സങ്കീർണവാക്യങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഉദാ:
1. എനിയ്ക്കു ഒരു പട്ടിയുണ്ട്, ഞാൻ അതിനെ രാത്രിയിൽ അഴിച്ചുവിടും.
   – എന്റെ പട്ടിയെ ഞാൻ രാത്രിയിൽ അഴിച്ചുവിടും
2. ഞാൻ കാട്ടിൽ പോയി, കാട്ടിൽ ആനകളുണ്ട്.
   – ഞാൻ പോയ കാട്ടിൽ ആനകളുണ്ട്
3. ഞാൻ ഒരു പേന വാങ്ങി, അതു നല്ലതാണ്.
   – ഞാൻ വാങ്ങിയ പേന നല്ലതാണ്.

ധാരാളം രചനാന്തരണ സാധ്യതകളുള്ളതു ഭാഷയുടെ സമ്പത്താണ്. ഒരേ ആശയംതന്നെ പലരീതിയിലും പ്രകടിപ്പിക്കുന്നതാണു രചനാന്തരണത്തിന്റെ മൗലികധർമ്മം. രചനാന്തരണസാധ്യതകൾ കൂടുതലുള്ള ഭാഷകളിൽ ഓരോ ആശയവും വക്താവിന്റെ ഇഷ്ടത്തിനനുസരിച്ചു പലരീതിയിൽ പ്രകടിപ്പിക്കുവാൻ കഴിയും. എല്ലാ ഭാഷകളിലും രചനാന്തരണങ്ങൾ സ്വാഭാവികമായും ഉണ്ട്.

ഉദാ: വിജയമ്മയ്ക്കു വളരെ നല്ല ഒരു വീടുണ്ട് – മൂലവാക്യം
1. വിജയമ്മയുടെ വീടു വളരെ നല്ലതാണ്
2. എത്ര നല്ലതാണു വിജയമ്മയുടെ വീട്
3. എത്ര നല്ല വീടാണു വിജയമ്മയ്ക്കുള്ളത്

എന്നീ വാക്യങ്ങളെല്ലാം ഒരേ ആശയത്തെത്തന്നെ വിവിധരീതിയിൽ പ്രകാശിപ്പിക്കുന്നു. ഇവയെല്ലാം ഒരേ മൂലത്തിന്റെ രചനാന്തരണങ്ങൾ ആണ്. രചനാന്തരണങ്ങൾ സാധ്യമ

ല്ലാതായിരുന്നു എങ്കിൽ ഇപ്രകാരം ഒരേ ആശയത്തെ അൽപ്പാൽപ്പം ഭേദത്തോടെ വിവിധ ശൈലിയിൽ പ്രകടിപ്പിക്കുവാൻ സാധിക്കുമായിരുന്നില്ല.

ഉദാ:1. അയാൾ വളരെ ശ്രമിച്ചു – അയാൾ വലിയൊരു ശ്രമം നടത്തി
2. അയാൾക്കു നല്ല അറിവുണ്ട് – അയാൾ നല്ല അറിവുള്ളയാളാണ്
3. ജനങ്ങൾ കൂക്കി വളിച്ചു നേതാവിനെ ഓടിച്ചു – ജനങ്ങളുടെ കൂക്കുവിളികൊണ്ടു നേതാവ് ഓടി

ഭാഷയുടെ സൃഷ്ടിപരമായ കഴിവു വിവരിക്കുന്നതിനു രചനാന്തരണ സിദ്ധാന്ത മാണു ഏറ്റവും നല്ല മാർഗം. പരിമിതമായ മൂലവാക്യങ്ങൾ കൊണ്ടു അസംഖ്യം രൂപങ്ങ ളിൽ ഉള്ള നീണ്ടവാക്യങ്ങൾ എത്രവേണം എങ്കിലും ഉണ്ടാക്കാൻ രചനാന്തരണം സൗകര്യം ചെയ്യുന്നു.

- **പദസംഹിതാരചനാവ്യാകരണം/പി.എസ്. വ്യാകരണം (Phrase Structure Grammar)**

ചോംസ്കിയുടെ കാഴ്ചപ്പാടിൽ രചനാന്തരണം എന്നതു ഒരു വ്യാകരണമാതൃകയാ ണ്. പദസംഹിതാരചനാവ്യാകരണം, രചനാന്തരണവ്യാകരണം എന്നിങ്ങനെ രണ്ടുതരം വ്യാ കരണമാതൃകകൾ ചോംസ്കി അവതരിപ്പിച്ചിട്ടുണ്ട്. വാക്യവിവരണം 'ഏകലം' ആയിരിക്ക ണമെന്നും ചോംസ്കി അഭിപ്രായപ്പെടുന്നു. ഒരു വ്യാകരണം നിർമ്മിതമായിക്കഴിഞ്ഞ് അതിന്റെ സഹായത്തോടെ ഒരുവാക്യം ഒന്നിലധികം പേർ വിവരിക്കുകയാണെന്നിരിക്കട്ടെ, ഓരോരുത്തരും ഓരോ വിധത്തിലാണു ഒരേ വാക്യത്തെ വിവരിക്കുന്നതെങ്കിൽ ആ വ്യാകര ണത്തെ അംഗീകരിക്കുവാൻ നിവർത്തി ഇല്ല. ഒരു പ്രത്യേകവാക്യത്തെ ഒരു പ്രത്യേകവ്യാ കരണത്തെ ആസ്പദമാക്കി ആരു പറഞ്ഞാലും/വിവരിച്ചാലും വിവരണം ഒരേ പ്പോലെത്തന്നെയായിരിക്കണം. ഇത്തരം വിവരണങ്ങൾക്കാണു 'ഏകലം' എന്നു പറയുന്ന ത്. പി.എസ്. വ്യാകരണത്തിനു ചോംസ്കി ഏകലമായുള്ള നിയമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

P.S. Grammar

1. S $\rightarrow$ NP + VP
2. NP $\rightarrow$ Adj + N
3. VP $\rightarrow$ Adv + V
4. Adj $\rightarrow$ ചെറിയ, വലിയ
5. N $\rightarrow$ കുട്ടി, കുതിര
6. Adv. $\rightarrow$ വേഗം, പതുക്കെ
7. V $\rightarrow$ ഓടും, ചാടും

ഏഴു നിയമങ്ങളുള്ള ഈ ചെറിയ വ്യാകരണത്തിനു 'ചെറിയ കുട്ടി വേഗം ഓടും', 'വലിയ കുട്ടി വേഗം ഓടും' എന്നിങ്ങനെ പതിനാറു വാക്യങ്ങൾ ഉണ്ടാക്കാൻ കഴിയും. മുക ളിൽക്കൊടുത്തിരിക്കുന്ന ഓരോ നിയമങ്ങളും ചില ചിഹ്നങ്ങൾ അല്ലെങ്കിൽ ചില വാക്കുകൾ മാറ്റിയെഴുതാനുള്ള നിയമങ്ങൾ ആണെന്നാണു ഇതുകൊണ്ടു അർത്ഥമാക്കുന്നത്. ഇപ്ര കാരം മുകളിൽ കൊടുത്ത ഏഴുനിയമങ്ങളും അനുസരിച്ചു ഒരു വാക്യം ഉണ്ടാക്കാൻ കഴി യുന്നതാണ്.

| | |
|---|---|
| 1) S (Sentence) | |
| 2) NP + VP | (നിയമം –1) |
| 3) Adj +N+ VP | (നിയമം –2) |
| 4) Adj +N+ Adv.+ V | (നിയമം –3) |
| 5) ചെറിയ + N + Adv.+ V | (നിയമം –4) |
| 6) ചെറിയ+ കുട്ടി + Adv.+ V | (നിയമം –5) |
| 7) ചെറിയ+ കുട്ടി + വേഗം + V | (നിയമം –6) |
| 8) ചെറിയ+ കുട്ടി + വേഗം + ഓടും | (നിയമം –7) |

മേൽക്കൊടുത്ത  എട്ടുവരികളും ചേർന്നതു 'ചെറിയ കുട്ടി വേഗം ഓടും' എന്ന വാക്യമാണെന്നു പറയാം. ഈ ബന്ധത്തെ ശാഖാചിത്രം വഴി ഇപ്രകാരം കാണിക്കാം.




വിവരണാത്മകഭാഷാശാസ്ത്രജ്ഞന്മാരുടെ സന്നിഹിതഘടകാപഗ്രഥനം പുതിയരീതിയിൽ അവതരിപ്പിച്ചതാണു പി.എസ് വ്യാകരണം. സാരാംശത്തിൽ ഇവ രണ്ടും തമ്മിൽ വ്യത്യാസമില്ല. വാക്യങ്ങളുടെയെല്ലാം ആത്യന്തിക ഘടകങ്ങൾ രൂപിമങ്ങളാണ്. എന്നാൽ ഒരു വാക്യത്തെ ആത്യന്തിക ഘടകങ്ങളായി മാത്രം വിഭജിച്ചാൽ അർത്ഥം ശരിയായി മനസ്സിലാക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു വാക്യങ്ങളെ സന്നിഹിതഘടകങ്ങളായി വിഭജിക്കുന്നു.

ഉദാ: 'ചെറിയ കുട്ടി വേഗം ഓടും' എന്ന വാക്യത്തെ ആദ്യമായി 'ചെറിയകുട്ടി + വേഗം ഓടും' എന്നിങ്ങനെ രണ്ടു സന്നിഹിതഘടകങ്ങളായി വിഭജിക്കുന്നു. ഇവയിൽ ആഖ്യയും ആഖ്യാതവും ഉൾപ്പെടുന്നു. ആദ്യത്തേത് ആഖ്യയും രണ്ടാമത്തേതു ആഖ്യാതവും. ഈ വിഭജനമാണു ചോംസ്കിയുടെ പി.എസ് വ്യാകരണത്തിലെ ഒന്നാം നിയമം കാണിക്കുന്നത്. ആഖ്യയെയും ആഖ്യാതവും വീണ്ടും രണ്ടായി വിഭജിക്കുന്നു. അങ്ങനെ ആത്യന്തികഘടകങ്ങൾ കിട്ടുവോളം ഈ അപഗ്രഥനം തുടരുന്നു. ഈ വിധത്തിൽ നോക്കിയാൽ സന്നിഹിതഘടകാപഗ്രഥനം – (immdediate constituent analysis) തന്നെയാണു പി.എസ്. വ്യാകരണം എന്നു വ്യക്തമാകുന്നു.

> 'phrase structure grammar is a basic type of grammar which attempts to show the structure which lies behind a sentence by breaking it down in to it's component parts.'

ഭാഷയിലെ മൂലവാക്യങ്ങൾ ജനിപ്പിക്കുന്നതിനു പി.എസ്. വ്യാകരണത്തിനു കഴിയും. വളരെ ലളിതവും മറ്റൊന്നിന്റെയും പരിണാമം അല്ലാത്തതുമായ കേവലവാക്യങ്ങളാണു മൂലവാക്യങ്ങൾ. അതുകൊണ്ടു മൂലവാക്യങ്ങൾ ജനിപ്പിക്കുന്നതിനു പി.എസ്. വ്യാകരണവും അവയിൽ നിന്നു മറ്റു വാക്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനു രചനാന്തരണവ്യാകരണവുമാണു ഏറ്റവും ഉചിതം.

- **ആന്തരഘടന (Deep Structure), ബാഹ്യഘടന/ഉപരിഘടന (Surface Structure)**

1965ൽ ചോംസ്കി വാക്യരചനാതത്വങ്ങളുടെ ചില മുഖങ്ങളെപ്പറ്റി 'aspects of Theory of syntax' എന്ന ഗ്രന്ഥത്തിൽ ചർച്ചചെയ്തുകൊണ്ടാണ് തന്റേതായ രചനാന്തരണസിദ്ധാന്തം പരിഷ്കരിക്കുന്നത്. ഏതൊരു വാക്യത്തിനും ബാഹ്യഘടനയോടൊപ്പം (surface structure – ബാഹ്യഘടന – ഉപരിഘടന) ആന്തരികഘടനയും (Deep structure – ഗഹന ഘടന – ആന്തരഘടന) ഉണ്ടെന്നായിരുന്നു അതിപ്രധാനമായ ഈ പരിഷ്കരണത്തിൽ അടങ്ങിയ വ്യാകരണരഹസ്യം. ആശയനിവേദനത്തിനു ആവശ്യമായ എല്ലാ ഉപാധികളും ആന്തരരചനയിലുണ്ട്. ആശയവിനിമയക്ഷമമായ ശാബ്ദികരൂപങ്ങൾ, സചേതനം (ജീവനുള്ളത്), അചേതനം (ജീവനില്ലാത്തത്) തുടങ്ങിയ ഉപവിഭാഗങ്ങൾ, പദപ്രത്യയക്രമങ്ങൾ, ലിംഗ–വചന–കാലാദി വ്യാകരണാംശങ്ങൾ, കർതൃ–കർമ്മ–വ്യാകരണബന്ധങ്ങൾ, അംഗവാക്യഘടന, നിർധാരണ സന്ദർഭങ്ങൾ ഇവയെല്ലാം ആന്തരഘടനയുടെ പരിധിയിലാണ്.

'The term Deep structure is on the other hand is a model of the structure necessary to account for the meaning of a sentence'.

ആന്തരികരചനയിൽനിന്നാണു ബാഹ്യരചന ഉണ്ടാകുന്നത്. ഇത്തരം പരിവർത്തനത്തിന്റെ വ്യവസ്ഥാപനമാണു രചനാന്തരണവ്യാകരണം. ബാഹ്യരചന എന്നാൽ ഭാഷാപ്രയോഗവൈവിധ്യം' എന്നാണർത്ഥം. അങ്ങനെ നോക്കുമ്പോൾ പ്രചനക വ്യാകരണം ഭാഷകൻതന്നെ. ഭാഷകന്റെ ഉള്ളിലുള്ള ഭാഷാജ്ഞാനത്തിന്റെ വിവരമാണ്. ഭാഷാജ്ഞാനം സത്യത്തിൽ ഭാഷയെ നിയമനം ചെയ്യുന്ന വ്യവസ്ഥകളെക്കുറിച്ചുള്ള തിരിച്ചറിവാണു എന്നു പറയാം. ഒരു വാക്യത്തിന്റെ ആന്തരരചന, വാക്യഘടന എന്നതിലുപരി അർത്ഥഘടനയാണെന്നാണു പ്രജനകാർത്ഥവിജ്ഞാനം സിദ്ധാന്തിക്കുന്നത്. എല്ലാ അറിവുകളും നമ്മുടെ ഉള്ളിലേക്ക് ഇറങ്ങുന്നു. സാഹചര്യാനുശ്രിതമായ ഏതോ സഹചാവബോധമാണ് നമ്മുടെ പ്രതികരണങ്ങളെ രൂപവൽക്കരിക്കുന്നത്. ഭാഷാജ്ഞാനവിവരണമായ വ്യാകരണത്തിന്റെ ഉപാധി സഹചാവബോധമാണെങ്കിൽ അതുതന്നെയാണു വ്യാകരണധർമ്മം.

ഭാഷാവിജ്ഞാനത്തിന്റെ സമതലത്തിലുള്ള 'Deep structure' ഭാഷയിലെ അർത്ഥത്തെ സുവ്യക്തമാക്കാനുള്ള കഴിവു ഇല്ലാത്തതാണെന്നും വാക്യബന്ധങ്ങളെ വിവരിക്കാൻ ആവശ്യമായി വരുന്നതിലേറെ അർത്ഥത്തിലേക്കു നീങ്ങിപ്പോകുന്നതാണെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളാണവ.

"The term surface structure has an obvious meaning. This is the actual form which a sentence has when spoken."

### 3.6. അർത്ഥവിജ്ഞാനം

ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന ഭാഷാഖണ്ഡത്തിലെ ഓരോ ഘടകവും പ്രത്യേകം അർത്ഥം വഹിക്കുന്നുണ്ടാകും. യഥാർത്ഥത്തിൽ മനസ്സിലുണ്ടായ ആശയത്തെ പ്രത്യക്ഷീകരിക്കുക മാത്രമാണ് ഓരോ വാക്കും അതിനോടുചേരുന്ന വ്യാകരണരൂപങ്ങളും ചെയ്യുന്നത്. ഉച്ചരിക്കുന്ന ഭാഷാഖണ്ഡങ്ങൾക്ക് സന്ദർഭവും സാഹചര്യവും അനുസരിച്ച് വ്യത്യസ്തമായ അർത്ഥങ്ങൾ ഉണ്ടാകാം. സംസ്കാരം, മാനസികവ്യാപാരം തുടങ്ങി നിരവധി ഘടകങ്ങൾ, ഒരു അർത്ഥത്തെ നിർമിക്കുന്നവയാണ്. ഇങ്ങനെ നോക്കുമ്പോൾ നാം ഉപയോഗിക്കുന്ന ഒരു പദത്തിനു നിയതമായ അർത്ഥം കല്പിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം പദവും അർത്ഥവും തമ്മിലുള്ളബന്ധം പരിശോധിക്കുകയാണ് അർത്ഥവിജ്ഞാനം (semantics) എന്ന ഭാഷാശാസ്ത്രമേഖല.

ഭാഷയിലെ പദങ്ങളും വാക്യങ്ങളും നൽകുന്ന അർത്ഥത്തെക്കുറിച്ചുള്ള അന്വേഷണമാണ് അർത്ഥവിജ്ഞാനം.

"Semantics is the study of the relation between form and meaning."

സൂചകവും (Sign, signal, referent) സൂചിതവും (signified, referend) തമ്മിലുള്ള ബന്ധമാണ് അർത്ഥവിജ്ഞാനത്തിലെ പ്രമേയം. അഭിധാ, ലക്ഷണ, വ്യഞ്ജന എന്നീ ശബ്ദവ്യാപാരങ്ങൾ, ശബ്ദത്തിന്റെ പരാവർത്തന ബന്ധങ്ങൾ (paraphrase relations) പര്യായത (synonymy) സമസ്വനത (homonmy) ബഹ്വർത്ഥകത (polysemy) സന്ദിഗ്ധാർത്ഥകത (ambiguity) തുടങ്ങീ ശബ്ദത്തിന്റെ വ്യത്യസ്തമായ അർത്ഥവിചാരങ്ങൾ അർത്ഥവിജ്ഞാനത്തിന്റെ പഠനമേഖലയിൽ ഉൾപ്പെടുന്നു. കൂടാതെ പദങ്ങൾക്കും വാക്യങ്ങൾക്കുമുള്ള അർത്ഥം, പദങ്ങൾക്കും വാക്യങ്ങൾക്കും തമ്മിലെ അർത്ഥപരമായ ബന്ധം, പദങ്ങളുടെ അർത്ഥഘടനയ്ക്ക് വാക്യഘടനയോടും വാക്യഘടനയ്ക്ക് സാന്ദർഭികാർത്ഥത്തോടുമുള്ള ബന്ധം, ഇവയ്ക്കൊപ്പം ഭാഷയുടെ പുറത്തുള്ള പ്രപഞ്ചത്തിലെ വസ്തുതകളോടും സംഭവങ്ങളോടുമുള്ള ബന്ധം എന്നിവയും അർത്ഥവിജ്ഞാനത്തിന്റെ പഠനപരിധിയിൽ വരുന്നു. അർത്ഥത്തിനു കാലാന്തരത്തിലുണ്ടാകുന്ന മാറ്റങ്ങൾ, മാറ്റങ്ങൾക്കു സഹായകമായ കാരണങ്ങൾ എന്നിവയും അർത്ഥവിജ്ഞാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട പഠനമേഖലയാണ്.

- **വിവിധതരം അർത്ഥങ്ങൾ**

ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന ഏതെങ്കിലുമൊരു ഉച്ചാരണശബ്ദമോ ചിത്രമോ മുന്നോട്ടു വയ്ക്കുന്ന അർത്ഥമാണ് സൂചിതാർത്ഥം എന്നു പറയുന്നത്. തെങ്ങ്, എന്ന ഒരു ശബ്ദം ഉച്ചരിക്കുമ്പോൾ ഒരു ശബ്ദം ഉണ്ടാകുന്നു. ഈ ശബ്ദരൂപമാണ് അതിന്റെ സൂചകം. ഈ ശബ്ദം കേൾക്കുന്ന മലയാളഭാഷാസമൂഹത്തിലെ ഒരാൾക്ക് മനസ്സിലാകുന്നതാണ് സൂചിതം. പ്രാഥമികമായി ഒരു ഭാഷാസമൂഹത്തിലെ ഒരാൾക്കുണ്ടാകുന്ന അർത്ഥബോധത്തിൽനിന്നാണ് സൂചിതമുണ്ടാകുന്നത്.

സൂചകത്തിന്റെ വാചാർത്ഥ്യം എന്നു പറയാവുന്ന അഭിധേയാർത്ഥത്തിനു പുറമേയുള്ള സംവേദനസാദ്ധ്യതകളുടെ ആകെത്തുകയാണ് ലാക്ഷണികാർത്ഥം (connotative meaning) ഒരു ശബ്ദത്തിന്റെ പ്രാഥമികാർത്ഥത്തിൽനിന്നു വ്യത്യസ്തമായി സാംസ്കാരികധാരയിൽനിന്നും സാന്ദർഭികമായി ഉടലെടുക്കുന്ന അർത്ഥമാണിത്. ഉദാ: കഴുത, കുറുക്കൻ, കോഴി എന്നീ അർത്ഥങ്ങൾ യഥാക്രമം മണ്ടത്തരം, സൂത്രശാലിത്വം, വിഷയലമ്പടത്വം എന്നീ അർത്ഥങ്ങൾ ഉണ്ടാക്കുന്നു.

The owner of the estate died
The owner of the estate passed away
The owner of the estate deceased
The owner of the estate kicked the bucket

എന്നീ ഇംഗ്ലീഷ് വാചകങ്ങളിൽനിന്ന് എസ്റ്റേറ്റ് ഉടമസ്ഥൻ ജീവിച്ചിരിക്കുന്നില്ല എന്ന അർത്ഥം ലഭിക്കുന്നു. ഈ വാചകങ്ങളിലെ ക്രിയാപദങ്ങളായ died, passed away, deceased, kicked the bucket എന്നിവ മരിച്ചു എന്ന അർത്ഥം കൂടാതെ യഥാക്രമം അനൗപചാരികം, പത്രഭാഷ, നിയമവ്യവഹാരങ്ങളിൽ ഉപയോഗിക്കുന്നത്, ശൈലി എന്നീ അർത്ഥങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതായത് ശബ്ദത്തിന്റെ അടിസ്ഥാനത്തിൽനിന്നു ഭിന്നമായി സവിശേഷമായ അർത്ഥത്തെക്കൂടി ക്രിയാപദങ്ങൾ മുന്നോട്ടുവെയ്ക്കുന്നുണ്ട്, ഈ അർത്ഥത്തെയാണ് ലാക്ഷണികം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇതേപോലെ മലയാളത്തിലെ ചത്തു, മരിച്ചു, നാടുനീങ്ങി, തീപ്പെട്ടു, അന്തരിച്ചു തുടങ്ങിയ ക്രിയാപദങ്ങൾ ജീവിച്ചിരിക്കുന്നില്ല എന്ന അർത്ഥം പ്രദാനം ചെയ്യുന്നതോടൊപ്പം വ്യത്യസ്തമായ അർത്ഥബോധത്തെയാണ് ഉണ്ടാക്കുന്നത്.

സാമൂഹികാവസ്ഥയിലെ പ്രത്യേകസന്ദർഭത്തിൽ ഉപയോഗിക്കുന്ന ഭാഷണത്തിൽ അർത്ഥവ്യത്യാസങ്ങൾ സംഭവിക്കാം. ഒരു ശബ്ദത്തിലൂടെയോ ശൈലിയിലൂടെയോ ഉച്ചാരണത്തിലൂടെയോ സാമൂഹ്യാധിഷ്ഠിതമായ അർത്ഥമാറ്റങ്ങൾ ഉണ്ടാകുന്നുവെങ്കിലാണ് സാമൂഹികാർത്ഥങ്ങൾ പദങ്ങൾക്ക് ഉണ്ടാകുക. ഭാഷാഭേദങ്ങൾ, ഔപചാരികം, അനൗപചാരികം എന്നീ അർത്ഥതലത്തിൽ ഉപയോഗിക്കുന്ന പദങ്ങളെല്ലാം സാമൂഹികാർത്ഥത്തിലാണ് ഉൾപ്പെടുക. സമൂഹത്തിലെ മേൽത്തട്ട്, കീഴ്ത്തട്ട് എന്നീ ഘടനയെ കാണിക്കാനും ഇത്തരത്തിലുള്ള പദങ്ങൾക്ക് കഴിയും. സാമൂഹ്യസന്ദർഭങ്ങൾക്കനുസരിച്ച് നമ്മുടെ ഭാഷണരീതി മാറ്റുന്നത് സാമൂഹികാർത്ഥത്തെ ഉൾക്കൊള്ളുന്നതുകൊണ്ട്, സാധാരണയായി വീട്ടിൽവെച്ച് *സാമ്പാർ തായോ* എന്ന് ചോദിക്കുന്നതുപോലെയായിരിക്കില്ല കല്യാണസദ്യക്കിടയിൽ ചോദിക്കുക, കുറച്ച് *സാമ്പാർ തരൂ, കൊണ്ടുവരൂ* തുടങ്ങി ഉപചാരത്തോടുകൂടിയോ വിനീതമായോ ആയിരിക്കും ചോദിക്കുക. ഇത്തരത്തിൽ തായോ, തരൂ എന്നിങ്ങനെ സാമൂഹികാർത്ഥത്തെ ഉണ്ടാക്കുന്നവയാണ്.

സൂചിതാർത്ഥത്തിൽനിന്നും ഭിന്നമായി പലപദങ്ങളും ആലങ്കാരികമായ അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. കാവ്യാത്മകമായി ഉപയോഗിക്കുന്ന പല പദങ്ങളുടെയും സൂചിതാർത്ഥംവെച്ചു താരതമ്യംചെയ്യുമ്പോൾ ഒരു ബന്ധവുമില്ലെന്നു മനസ്സിലാക്കാനാകും. പനക്കുലപോലുള്ള മുടി എന്ന പ്രയോഗത്തിൽ പനക്കുലയുമായി മുടിയെ താരതമ്യം ചെയ്യാൻ കഴിയില്ലെങ്കിലും ആലങ്കാരികമായി ഇടതൂർന്നമുടി അവിടേക്കു കടന്നുവരുന്നു.

ശബ്ദങ്ങളുടെ പ്രയോഗത്തിലുള്ള വ്യത്യാസങ്ങളെ മുൻനിർത്തി ഏഴുതരത്തിൽ അർത്ഥങ്ങളെ വിഭജിച്ച് പഠിച്ചത് ജി. ലീച്ചാണ് (G. Leach)

- **ബഹ്വർത്ഥത (Polysemy)**

ഒരു പദത്തിൽനിന്ന് ഒന്നിൽ കൂടുതൽ അർത്ഥങ്ങൾ ഉണ്ടാകുക. അത്തരം പദങ്ങൾ ബഹ്വർത്ഥതയ്ക്കു ഉദാഹരണമാണ്. "Single word from having a number of relatable or similar meanings which is called polysemy. കെട്ട് എന്ന ക്രിയാപദത്തിന് construct (a house, marry, fold ) തുടങ്ങി നിരവധി അർത്ഥങ്ങൾ ഉണ്ടാകുന്നത് ബഹ്വർത്ഥതയ്ക്കുദാഹരണമാണ്.

- **തുല്ല്യാർത്ഥത/പര്യായം (Synonym)**

ഒരു പദത്തിനു സമാനാർത്ഥമുള്ള ഒന്നിൽകൂടുതൽ പദങ്ങളുണ്ടാകുമ്പോൾ ഈ പദങ്ങൾ തമ്മിലുള്ള ബന്ധം തുല്ല്യാർത്ഥ(Synonymy) ത്തിലാണെന്നു പറയാം. ശബ്ദങ്ങളെ പരിശോധിക്കുമ്പോൾ, ഒരു പദത്തിന് നിരവധി അർത്ഥങ്ങളുള്ള രൂപങ്ങളും നിരവധി പദങ്ങൾക്ക് ഒരൊറ്റ അർത്ഥമുള്ള രൂപങ്ങളും കാണാൻ സാധിക്കും.




ഇതിൽ രണ്ടാമത്തെ ഗണത്തിലുൾപ്പെടുന്നതാണ് പര്യായങ്ങൾ എന്ന synonyms

- **വിപരീതാർത്ഥത (Antonymy)**

ഒരു സബ്ദാർത്ഥത്തിന്റെ ഇല്ലായ്മയെ കുറിക്കുന്ന തരത്തിലുള്ള ബന്ധമുള്ള പദജോഡികളാണ് വിപരീതാർത്ഥതയിൽ ഉൾപ്പെടുന്നത്.
ഉദാ: ചെറുത് x വലുത്, പുതിയത് x പഴയത്

- **നിഘണ്ടു**

ഒരു ഭാഷാവ്യവസ്ഥയിലെ പദങ്ങളുടെ ഉച്ചാരണം, അർത്ഥം, ചരിത്രം, നിരുക്തി, ഘടന, സഹസ്ഥിതി, സന്ദർഭപരമായ സവിശേഷതകൾ, ചുരുക്കെഴുത്ത്, സാങ്കേതിക ചിഹ്നം, വിപരീതപദം, പര്യായങ്ങൾ തുടങ്ങി അർത്ഥത്തിന്റെ വ്യത്യസ്തതലങ്ങളെ പരിചയപ്പെടുത്തുന്ന ആധികാരികഗ്രന്ഥമാണ് നിഘണ്ടു. നിഘണ്ടുവിൽ പ്രധാനമായി അഭിധാർത്ഥത്തിനായിരിക്കും പ്രാഥമികപരിഗണന കൊടുക്കുക. തുടർന്നാണ് പ്രസ്തുതവാക്കിന്റെ ലാക്ഷണികം സാന്ദർഭികം മറ്റ് അർത്ഥതലങ്ങൾ എന്നീ പ്രയോഗങ്ങൾ വിശദീകരിക്കുക. ഭാഷാ ഉപയോഗത്തിനുവേണ്ടി നിർദ്ദേശാത്മകരീതിയിൽ നിർമിക്കുന്നതു കൊണ്ടാണ് ഇപ്രകാരം അർത്ഥങ്ങളെ ക്രമീകരിക്കുന്നത്.

- **നിരുക്തി**

ഒരു പദത്തിന്റെ ഉത്ഭവത്തെക്കുറിച്ചും അതിന്റെ അർത്ഥത്തിനു സംഭവിക്കുന്ന പരിണാമങ്ങളെക്കുറിച്ചും പഠിക്കുന്നതിനെയാണ് നിരുക്തി എന്നു പറയുന്നത്.

- **അർത്ഥപരിണാമം (Semantic Change)**

നാം ഉച്ചരിക്കുന്ന ശബ്ദങ്ങളും അവ ഉൾക്കൊള്ളുന്ന ആശയങ്ങളും തമ്മിലുള്ള ബന്ധമാണു അർത്ഥവിജ്ഞാനം പഠനവിഷയമാക്കുന്നത്. അർത്ഥമെന്നാൽ ബന്ധമെന്നാണ് സൂചന. നാം ഉപയോഗിക്കുന്ന ശബ്ദചിഹ്നങ്ങൾ മൂർത്തവും അവ പ്രതിനിധീകരിക്കുന്ന ആശയങ്ങൾ അമൂർത്തവുമാണ്. ഇങ്ങനെ പരസ്പരവിരുദ്ധമായ രണ്ടു തലങ്ങൾ തമ്മിലുള്ള

ബന്ധങ്ങളെ കുറിക്കുന്ന അമൂർത്തതലമാണു അർത്ഥതലം. അർത്ഥം പ്രകടിപ്പിക്കുന്ന തല ങ്ങൾക്കു കാലപരിണാമത്തിൽ അർത്ഥപരിണാമം സംഭവിക്കുക സ്വാഭാവികമാണ്. പലത വണ ഒരു വാക്കിനു അർത്ഥവ്യത്യാസം വന്നിട്ടുണ്ടാകാം. കാരണം ആ വാക്കിന്റെ ആദ്യത്തെ പ്രയോക്താവു ഉദ്ദേശിച്ച അർത്ഥം സാഹചര്യം വ്യത്യാസപ്പെടുന്നതോടുകൂടി മാറുന്നു. മറ്റൊരു പ്രധാനകാരണം ഒരു വാക്കു വക്താവിന്റെയും ശ്രോതാവിന്റെയും മന സ്സിൽ ഉണ്ടാക്കുന്ന ധാരണകളുടെ വ്യത്യാസമാകാം. അന്യഭാഷകളിൽനിന്നും കടംകൊണ്ട വാക്കുകളിൽനിന്നു ഭാഷയുടെ തനതായ വാക്കുകളിലും അർത്ഥവ്യത്യാസം ഉണ്ടാകാം.

ഒരു പദത്തിനു രണ്ടു തലത്തിലുള്ള അർത്ഥങ്ങൾ ഉണ്ട്

1. രൂഢിയായുള്ള അർത്ഥം അഥവാ അംഗികാർത്ഥം (conventioanl menaning)
   ഉദാ:'ചെറ്റ' എന്ന വാക്കിനു അർത്ഥം ചെറുത് എന്നായിരുന്നു.

2. ആഗമികാർത്ഥം (Derived meaning) ഇതു തന്നെയാണു സംസ്കൃതത്തിലുള്ള വാച്യാർത്ഥവും ഒരു പദത്തിന്റെ അർത്ഥതലത്തിൽവന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങ ളാണു അർത്ഥവിപര്യയം (semantical changes)
   ഉദാ: ഇന്നു ചെറ്റ എന്ന വാക്കിനു മോശമായിട്ടുള്ള അർത്ഥം വന്നു.

ശബ്ദങ്ങൾക്കു അർത്ഥവ്യത്യാസം സംഭവിക്കാനുള്ള കാരണങ്ങൾ മൂന്നു വിധമാ ണെന്നു ഭാഷാശാസ്ത്രജ്ഞർ പറയുന്നു.

1. സന്ദർഭമനുസരിച്ചുള്ള വ്യത്യാസം (change of context)
2. സൂചികയനുസരിച്ചുള്ള വ്യത്യാസം (change of reference)
3. സാമൂഹികസംഘങ്ങൾ തമ്മിലുള്ള ബന്ധം (Interelation of social groups)

സ്ഥലം, കാലം എന്നിവയെ ആധാരമാക്കി പദങ്ങൾക്കുണ്ടാകുന്ന അർത്ഥവ്യത്യാസ മാണു സന്ദർഭമനുസരിച്ചുള്ള വ്യത്യാസം (Change of context)

- അർത്ഥസങ്കോചം (contractional meaning)
- അർത്ഥവികാസം (expantional meaning)
- അർത്ഥആദേശം (shifting of meanings)
- അർത്ഥോൽകൃഷ്ടം (Change in to Nobility)
- അർത്ഥാപകർഷം (Change into lowness)

എന്നിവയാണു സ്ഥലകാലങ്ങളുടെ വ്യത്യാസംകൊണ്ടു അർത്ഥത്തിനുണ്ടാകുന്ന പരിണാമ ങ്ങൾ.

- **അർത്ഥസങ്കോചം (contractional meaning)**

ഒരു പദത്തിന്റെ സാമാന്യമായ അർത്ഥത്തിൽനിന്നു സവിശേഷമായ അർത്ഥത്തിലേ ക്കുള്ള വിപര്യയമാണു അർത്ഥസങ്കോചം.

ഉദാ: 'പശു' എന്ന പദത്തിനു മൃഗമെന്ന സാമാന്യമായ അർത്ഥമാണു ഉണ്ടായിരു ന്നത്. എന്നാൽ ഇപ്പോൾ ഒരു പ്രത്യേക മൃഗത്തെ സൂചിപ്പിക്കുന്ന സവിശേഷ മായ അർത്ഥത്തിലേക്കു മാറ്റം സംഭവിച്ചിരിക്കുന്നു.

'കുടി' എന്ന പദത്തിനു കുടിക്കുക എന്നു പൊതുവായി അർത്ഥം കണക്കാ ക്കിയിരുന്നു. എന്നാൽ ഇപ്പോൾ മദ്യം കുടിക്കുക എന്ന പ്രത്യേക അർത്ഥം ദ്യോതിപ്പിക്കുന്നു.

- **അർത്ഥവികാസം (expantional meaning)**

ഒരു പദത്തിന്റെ സവിശേഷമായ അർത്ഥത്തിൽ നിന്നു സാമാന്യമായ അർത്ഥത്തിലേ ക്കുള്ള വിപര്യയമാണു അർത്ഥവികാസം. അതായതു നിയതാർത്ഥത്തിൽ പ്രയോഗിച്ചുപോ രുന്ന വാക്കുകൾക്കു വ്യാപകമായ അർത്ഥമുണ്ടാകുകയാണു ഇവിടെ.

ഉദാ: 'Boy' എന്ന പദത്തിനു പ്രായഭേദമില്ലാതെ ഏതു തരക്കാരനുമായ വേലക്കാരൻ എന്നായിരുന്നു അർത്ഥം. ഇന്നിതു ആൺകുട്ടി എന്ന വിപുലാർത്ഥത്തിലേക്കു മാറിയിരിക്കുന്നു.

എള്ളിൽ നിന്നു കിട്ടുന്ന സ്നേഹദ്രവ്യത്തിനു മാത്രമാണു എണ്ണ എന്ന് പറഞ്ഞിരുന്നത്. ഇപ്പോൾ എല്ലാ ദ്രവ്യങ്ങളെയും എണ്ണ സാമാന്യ അർത്ഥത്തിലാണു ഉപയോഗിക്കുന്നത്.

പലഹാരം (ഫലഹാരം) എന്നാൽ പഴങ്ങൾ ഭക്ഷിക്കുക എന്നാണർത്ഥം. എന്നാൽ മലയാളത്തിൽ പുട്ടും ഇഡ്ഡലിയും മുറുക്കുമൊക്കെ പലഹാരങ്ങളിൽപ്പെടുന്നു.

- **അർത്ഥാദേശം (Shifting of meaning)**

അർത്ഥസങ്കോചമോ അർത്ഥവികാസമോ അല്ല ഇവിടെ സംഭവിക്കുന്നത്. മറിച്ചു പദത്തിനു രണ്ടാമതൊരർത്ഥം വന്നുചേരുന്നു.

ഉദാ: അവിശ്വാസി എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്ന Heathen എന്ന പദം തരിശുഭൂമിയിൽ കഴിയുന്നവൻ എന്ന അർത്ഥത്തിൽ നിന്നും ആദേശം ചെയ്തുവന്നതാണ്.

- **അർത്ഥോൽക്കർഷം (Change in to Nobelity)**

ഒരാശയം കുറിക്കുന്ന പദം അതിനേക്കാൾ ഉൽക്കൃഷ്ടവും സദൃശ്യവുമായ മറ്റൊരാശയം കുറിക്കുന്നതിനു ഉപയോഗിച്ചാൽ അർത്ഥോൽകർഷം സംഭവിക്കും.

ഉദാ: ഓതുക എന്ന വാക്കിനു പറയുക എന്നാണർത്ഥം. എന്നാൽ ഇന്നു ഓത്ത് എന്ന പദം ഹിന്ദുക്കളും മുസ്ലീംങ്ങും വേദോച്ചാരണവുമായി ബന്ധപ്പെടുത്തി ഉൽകൃഷ്ടമായി ഉപയോഗിക്കുന്നു.

കോയിൽ എന്നാൽ കൊട്ടാരം എന്നാണർത്ഥം. ഇതു കോവിൽ എന്നു ആയപ്പോൾ ക്ഷേത്രം എന്ന ഉൽകൃഷ്ടാർത്ഥം സൃഷ്ടിക്കുന്നു.

ഭസ്മം എന്ന വാക്കിനു ചാരം (ash) എന്നാണർത്ഥം. എന്നാൽ ഇന്നു ഭസ്മം( Holy ash) എന്ന പദം ഹിന്ദുമതവിശ്വാസികൾ ഉൽകൃഷ്ടമായി ഉപയോഗിക്കുന്നു.

- **അർത്ഥാപകർഷം (Change in to Lowness)**

അർത്ഥോൽകർഷത്തിനു വിപരീതമാണ് അർത്ഥാപകർഷം. പഴയമലയാളത്തിൽ കൊട്ടാരസദൃശ്യമായ വീടുകൾക്കു മാടം എന്നു പറഞ്ഞിരുന്നു. അതായതു വെൺമാടം. ഇന്നിതു പാവപ്പെട്ടവരുടെ വീടിനെ കുറിക്കുന്നു.

ഉദാ: ദേവദാസി എന്ന പദത്തിന്റെ അർത്ഥം ദേവന്റെ ദാസി എന്നാണ്. എന്നാൽ പ്രത്യേക സാമൂഹ്യ- രാഷ്ട്രീയ കാരണങ്ങളാൽ ഈ പദം തേവിടിച്ചി, വേശ്യ അഥവാ (കൂത്ത് + അച്ചി) കൂത്തച്ചി) അർത്ഥാപകർഷം സംഭവിച്ചിരിക്കുന്നു.

പൂജ്യം എന്ന പദത്തിനു അർത്ഥം പൂജിക്കപ്പെട്ടവൻ എന്നാണ്. എന്നാൽ ഇന്നിതു ശൂന്യം എന്നായി അർത്ഥാപകർഷം സംഭവിച്ചിരിക്കുന്നു.

മേൽപറഞ്ഞ അർത്ഥപരിണാമങ്ങളെ കൂടാതെ ഇ.വി.എൻ. നമ്പൂതിരി 'ഭാഷാവിജ്ഞാനീയം' എന്ന ഗ്രന്ഥത്തിൽ അർത്ഥപരിണാമങ്ങളെ ഇപ്രകാരം തരംതിരിക്കുന്നു.

- **അർത്ഥസാദൃശ്യം (Metaphor)**

ആലങ്കാരികമായി സാദൃശ്യമുള്ള അർത്ഥം വരുന്നതിനു അർത്ഥസാദൃശ്യം എന്നു പറയുന്നു.

ഉദാ: പൊന്ന്, മുള്ള്, മധുരം എന്നിവയുടെ മൂലാർത്ഥമല്ലല്ലോ പൊന്നോമന, മുള്ളുവാക്ക്, മധുരപ്പതിനേഴ് എന്നീ പ്രയോഗങ്ങളിൽ കാണുന്നത്.

- **അർത്ഥസാമീപ്യം (Metonymy)**

മുഖത്തിന്റെ ഒരു ഭാഗമാണ് 'താടി' എന്നാൽ ഇതിന് താടിയിൽ നീണ്ടുവളരുന്ന രോമം എന്നൊരർത്ഥമുണ്ട്, ഈ അർത്ഥം സാമീപ്യംകൊണ്ടു സിദ്ധിച്ചതാണ്.

- **അർത്ഥാതിശയം (Litotes)**

ദീനം എന്നതിന് സാധാരണ അസുഖമെന്നേ അർത്ഥമുള്ളൂ. അത്യന്തം ഭീകരമായ വസൂരിരോഗത്തെക്കുറിക്കാൻ ഉപയോഗിക്കുമ്പോൾ അതിന്റെ അർത്ഥത്തിന് അതിശയം സംഭവിക്കുന്നു.

- **അർത്ഥന്യൂനം (Hyperbole)**

മാന്യനല്ലാത്ത ഒരാളെ മാന്യൻ എന്നോ മിടുക്കനല്ലാത്ത ഒരാളെ മിടുക്കൻ എന്നോ വിശേഷിപ്പിക്കുമ്പോൾ അർത്ഥത്തിനു ന്യൂനത സംഭവിക്കുന്നു. (107)

●

# യൂണിറ്റ് 4

## 4.1. ഭാഷാഭേദവിജ്ഞാനം (Dialectology)

ആശയവിനിമയാർത്ഥം മനുഷ്യർ പുറപ്പെടുവിക്കുന്ന മൗഖികശബ്ദങ്ങളുടെ ആകെത്തുകയാണു ഭാഷ. സംസ്കാരവുമായി ഭാഷയ്ക്കു അഭേദ്യമായബന്ധമുണ്ട്. ഒരേ ഭാഷയ്ക്കു അകത്തുത്തന്നെ വ്യതിയാനങ്ങൾ കാണാം. ഒരേ ഭാഷതന്നെ ദേശം, ജാതി, ലിംഗം എന്നിവയുടെ വ്യത്യാസംകൊണ്ടു വ്യത്യസ്തതരത്തിൽ സംസാരിക്കുന്നു. തൃശ്ശൂരിലെ *കൊള്ളി* മറ്റു ജില്ലകളിൽ *കപ്പ, മരച്ചീനി, പൂള, ചീനി* എന്നീ പേരുകളിൽ അറിയപ്പെടുന്നു. മദ്ധ്യകേരളത്തിൽ *എട്ക്കില്യ* എന്നു പറയുമ്പോൾ ഉത്തരകേരളത്തിൽ *എടുക്കൂല* എന്നതിനു തെക്കൻ *എടക്കത്തില്ല* എന്നും പറയുന്നു. അവൻ എന്നതിനു വടക്കൻ കേരളീയൻ *ഓൻ* എന്നു പറയുന്നു. ഇപ്രകാരം പദതലത്തിലും അർത്ഥതലത്തിലും ഉച്ചാരണതലത്തിലും സംഭവിക്കുന്ന മാറ്റങ്ങൾ ക്രമാതീതമായി വർധിക്കുന്നതോടെ ഭാഷണത്തിന്റെ ശൈലിതന്നെ മാറിപ്പോകുകയും ഭാഷയ്ക്കുള്ളിൽ ഒരുഭാഷ നിർമ്മിക്കപ്പെടുകയും ചെയ്യുന്നു. ഇതിനെ ഭാഷാഭേദം (Dialect) എന്നാണ് പറയുന്നത്. പ്രാദേശികതനിമകൾ പ്രാദേശിക ഭാഷാഭേദങ്ങളും സാമൂഹികതനിമകൾ സാമൂഹിക ഭാഷാഭേദങ്ങളും ഉണ്ടാക്കുന്നു പ്രാദേശികഭാഷാഭേദങ്ങളിൽ ചിലതു പ്രധാനഭാഷാമേഖലയിൽനിന്നു വളരെക്കാലമായി വേർപിരിഞ്ഞവയാണെങ്കിൽ അവയിൽ മറ്റു ഭാഷാഭേദങ്ങളിലുള്ളതിനേക്കാൾ വ്യതിയാനങ്ങൾ ഉണ്ടാകാം. അത്തരം ഭാഷാഭേദങ്ങളെ വിദൂരഭാഷാഭേദങ്ങൾ എന്നു പറയാം. ലക്ഷദ്വീപുകളിലെ മലയാളഭാഷാഭേദം വിദൂരഭാഷാഭേദത്തിന്റെ സ്വഭാവം കാണിക്കുന്നുണ്ട്.

> "Dialectology is the scientific study of linguistics dialect, a sub field of socio-linguistics. It stides variations in language based primarly on geographic distribution and their associated features".

ദേശവ്യതിയാനം ഭാഷയെ ബാധിക്കാറുണ്ട്. പഴയകാലത്തു തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി കേരളത്തെ വിഭജിക്കുന്നു. ഈ വിഭജനം മൂലമാണു ഉത്തര-മദ്ധ്യ-ദക്ഷിണ കേരളങ്ങളിലെ ഭാഷകൾ തമ്മിൽ വ്യത്യാസം ഉണ്ടായത്. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നിങ്ങനെ ഓരോ വിഭാഗത്തിലും അവരുടേതായ പ്രത്യേക പദങ്ങളുണ്ട്. 'പിതാവ്' എന്ന പദത്തെക്കുറിക്കാൻ ഉപ്പ, അപ്പ, അച്ചൻ, പപ്പ, ബാപ്പ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാറുണ്ട്. ക്രിസ്ത്യാനികൾക്കു അച്ഛൻ എന്ന പദം അമ്മയുടെ സഹോദരനെ സൂചിപ്പിക്കാനാണ്, ഹിന്ദുക്കൾക്കു പിതാവും.

വർഗവ്യത്യാസം എടുത്താൽ മേലാളന്റെയും കീഴാളന്റേയും ഭാഷ അതീവ വ്യത്യസ്തമാണ്. ആദ്യകാലത്തു ജാതിയും സമ്പത്തും തമ്മിലുള്ള പദസഞ്ജയങ്ങൾ മാറ്റമില്ലാതെ തുടർന്നു. അടിയൻ, വിടകൊള്ളുക, മുഖം കാണിക്കുക, തുടങ്ങിയവ കീഴാളരും നോം, പള്ളിയുറക്കം, പള്ളിമഞ്ചം തുടങ്ങിയവ മേലാളരും ഇപ്പോഴും ഉപയോഗിച്ചുവരുന്നു.

സ്ത്രീ-പുരുഷവ്യത്യാസം ശ്രദ്ധിച്ചാൽ മലയാളത്തിൽ *ആങ്ങള* എന്ന പദം സ്ത്രീകൾക്കും *പെങ്ങൾ* എന്ന പദം പുരുഷന്മാർമാർക്കും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇതുപോലെ മൂത്ത സഹോദരനെക്കുറിക്കാൻ *ഓപ്പ* എന്ന പദം സ്ത്രീകൾക്കും മൂത്ത സഹോദരിയെക്കുറിക്കാൻ *ഓപ്പോൾ* എന്ന പദം പുരുഷൻമാർക്കും സംവരണം ചെയ്തിരിക്കുന്നു. ഇപ്രകാരം സ്ത്രീ പുരുഷവ്യത്യാസം ഭാഷാവ്യത്യാസത്തിൽ നിർണായകസ്വാധീനം ചെലുത്തുന്നു.

ഒരു വ്യക്തിയുടെ ഭാഷയാണു വ്യക്തിഭാഷ അഥവാ തന്മൊഴി (ideoloect) ഒരാൾ വീട്ടിലും പൊതുവേദിയിലും ജോലിസ്ഥലത്തും ഉപയോഗിക്കുന്ന ഭാഷ സമാനമായിക്കൊള്ളണമെന്നില്ല. വ്യക്തിഭാഷകളുടെ സമാഹാരമാണു ഭാഷാഭേദം. ഭാഷാദേഭങ്ങളുടെ സമാഹാരം ഭാഷയും. അപ്പോൾ ഭാഷ എന്നതു വ്യക്തിഭാഷകളുടെ സാക്ഷ്യമാണെന്നു തെളിയുന്നു. ഫെർഡിനാന്റെ ഡി. സൊസ്സൂർ നിർദ്ദേശിക്കുന്ന ലാങ് (Lang) വ്യക്തികൾ ഉച്ചരിക്കുന്ന സകലഭാഷണശീലങ്ങളും സമൂഹത്തിന്റെ ഭാഷണശീലങ്ങളിൽ ഉൾക്കൊള്ളുന്നു. എല്ലാവ

രാലും അംഗീകരിക്കപ്പെടുന്ന ഭാഷയാണു മാനകഭാഷ എന്നു സാമാന്യമായി പറയാം. മാനകഭാഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഭാഷാഭേദത്തിൽ ഉൾപ്പെടുന്നില്ല.

- **ഭാഷാഭേദനിർണയം**

ഭാഷാഭേദനിർണയത്തിനു പ്രത്യേകസ്ഥലങ്ങൾ തിരഞ്ഞെടുക്കാം. നാം ആരിൽ നിന്നാണോ പദങ്ങൾ ശേഖരിക്കുന്നതു ആ ആളിനെ ആവേദകൻ എന്നും ആരാണോ ശേഖരിക്കുന്നതു ആ ആളിനെ വിശ്ലേഷകൻ എന്നും പറയുന്നു. സാധാരണ ജനങ്ങൾക്കു പരിചിതമായ വസ്തുക്കളാണെങ്കിലും പടങ്ങളോ വസ്തുക്കൾ നേരിട്ടു കാണിച്ചോ ആയിരിക്കണം ഭാഷാഭേദങ്ങൾ അന്വേഷിക്കേണ്ടത്. ജാതി, ദേശം ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ ഭാഷാഭേദം നിർണയിക്കാം.

മേൽപ്പറഞ്ഞവയുടെ അടിസ്ഥാനത്തിൽ ഭാഷാഭൂപടം രൂപപ്പെടുത്താം. ചോദ്യാവലികളിലൂടെ ആവേദകരിൽനിന്നും ശേഖരിച്ച വ്യത്യസ്തപ്രദേശങ്ങളിലെ പദസഞ്ചയം നിഘണ്ടുവന്റെ രൂപത്തിൽ പാകപ്പെടുത്തുന്നതാണ് ഭാഷാഭേദഭൂപടത്തിന്റെ ആദ്യപടി.

- **നിഘണ്ടു മാതൃക**

1. കോഴി – കോയി, കോളി, കോഷി
2. മാവ് – മൂച്ചി, മാങ്ങന്റെ മരം
3. പപ്പ – പപ്പക്ക, കപ്പക്ക, കപ്പളങ്ങ, ഓമക്ക, കപ്ലിങ്ങ
4. മരച്ചീനി – കപ്പ, ചീനി, കൊള്ളി, പൂളക്കിഴങ്ങ്
5.ഗൃഹപ്രവേശം – പാർക്കൽ, കുറ്റൂശ, വാസ്തുവെലി, കുടിയിരിക്കൽ, പെരേക്കൂടൽ

ഒരു പ്രത്യേക പ്രദേശത്തിന്റെ ഭൂപടത്തിൽ വ്യത്യസ്ത അതിർത്തികൾ അടയാളപ്പെടുത്തിക്കൊണ്ടു അവയ്ക്കു വ്യത്യസ്ത നമ്പറുകൾ നൽകിയാണു അടിസ്ഥാനരൂപം നിർമ്മിക്കുന്നത്. ഒരു ജില്ലയുടെ ഭൂപടത്തിലാണെങ്കിൽ വ്യത്യസ്തപഞ്ചായത്തുകൾക്കു നമ്പറുകൾ നൽകി അടിസ്ഥാന ഭൂപടം നിർമ്മിക്കാം. ഇത്തരം ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ ചാർട്ടുകൾ നിർമ്മിക്കുന്ന രീതിയുമുണ്ട്.

1. വലിയപ്പൻ – ബലിയപ്പൻ, മുത്തപ്പൻ, 7, 13, 8
2. മുത്തപ്പൻ – മുത്തൻ 17, 3, 6
3. മുത്തൻ – 1, 2, 5
4. മുത്തച്ഛൻ – 9

ചാർട്ടിൽ ഒരു പ്രത്യേക ഭാഷാഭേദത്തിന്റെ നേരെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ നിന്നും ആ നമ്പറുകൾ സൂചിപ്പിക്കുന്ന പ്രദേശങ്ങളെ മനസ്സിലാക്കാം. അപ്പോൾ ആ പ്രദേശത്തെ ഉപയോഗിക്കുന്ന ഭാഷാഭേദം ഏതെന്നു സ്പഷ്ടമായി നിർണയിക്കപ്പെട്ടു കഴിഞ്ഞു. ഭാഷാഭേദങ്ങൾ ശേഖരിച്ചസ്ഥലങ്ങൾ അടയാളപ്പെടുത്തിയ ഇത്തരം ഭൂപടങ്ങളും ചാർട്ടുകളും ഭാഷാഭേദഭൂപടത്തിന്റെ (Dialect Atlas) നിർമാണത്തിനു സഹായിക്കുന്നു.

- **ഭാഷാഭേദഭൂപടനിർമാണം**

ഒരു പ്രത്യേകപദത്തിനു നാലുഭാഷാഭേദങ്ങൾ ഉണ്ടെന്നിരിക്കട്ടെ. അവയ്ക്കു യഥാക്രമം വ്യക്തമായി തിരിച്ചറിയാവുന്ന നാലു രീതിയിലുള്ള ചിഹ്നങ്ങൾ കൊടുക്കാം. ഗൃഹപ്രവേശം എന്ന പദത്തിനു പാർക്കൽ, കുറ്റൂശ, വാസ്തുവെലി, കുടിയിരിക്കൽ, എന്നീ നാലു ഭാഷാഭേദങ്ങൾ ഉണ്ടെങ്കിൽ അവയെ താഴെക്കാണിക്കുന്ന രീതിയിൽ രേഖപ്പെടുത്താം.

പാർക്കൽ
കുറ്റൂശ
വാസ്തുവെലി
കുടിയിരിക്കൽ

മുകളിൽക്കൊടുത്ത അടയാളങ്ങൾ അടിസ്ഥാനഭൂപടത്തിലെ വ്യത്യസ്ത നമ്പറുക ളാൽ തിരിച്ചറിയപ്പെടുന്ന പ്രദേശങ്ങളുടെ സ്ഥാനത്തു അടയാളപ്പെടുത്തണം. ഒരു പ്രത്യേക പദത്തിന്റെ ഭാഷാഭേദഭൂപടമാണു ഇപ്രകാരം തയ്യാറാക്കുന്നത്.

- **സമഭാഷാംശസീമാരേഖ (Isogloss)**

മേൽപ്പറഞ്ഞപ്രകാരം ഭൂപടങ്ങൾ ഓരോ പ്രത്യേക പദത്തിനും നിർമ്മിച്ചുകഴിഞ്ഞാൽ ഓരോ വാക്കിനും ഉണ്ടായിട്ടുള്ള ഭേദങ്ങളുടെ വ്യാപ്തി അറിയാൻ കഴിയുന്നു. എല്ലാ വാക്കുകളുടെയും ഭേദങ്ങളുടെയും എണ്ണം ഒന്നായിരിക്കണമെന്നില്ല. വ്യപ്തിയുടെ സ്വഭാവ മനുസരിച്ചു ഭാഷാഭേദഭൂപടങ്ങളെ രണ്ടായി തിരിക്കാം.

1. ഭേദങ്ങൾ പരസ്പരം ഇടകലർന്നു കിടക്കുന്നവ (ചിത്രം 4)
2. ഏകദേശം കൃത്യമായ ഭേദങ്ങളുടെ അതിർത്തിരേഖ ഉണ്ടായിരിക്കുന്നവ (ചിത്രം 5)



ചിത്രം 4



ചിത്രം 5

ഒന്നാമത്തേതിൽ എല്ലാ അടയാളങ്ങളും ഒരു വ്യവസ്ഥയുമില്ലാതെ ഇടകലർന്നുകിട ക്കുന്നു. രണ്ടാമത്തേതിൽ മൂന്നിന്റേയും വ്യാപ്തി ഏതുവരെയാണെന്നു കൃത്യമായി പറ യാൻ കഴിയുന്നു.  എന്നീ ചിഹ്നങ്ങളുടെ അതിർത്തി രേഖപ്പെടുത്തുവാൻ പ്രത്യേകം രേഖകൾ വരയ്ക്കാം. ഒരേപോലെയുള്ള ഉച്ചാരണങ്ങളുടെയോ വാക്കുകളു ടെയോ വ്യാകരണ പ്രത്യയങ്ങളുടെയോ അർത്ഥങ്ങളുടെയോ ഈണങ്ങളുടെയോ അതിർത്തി വരയ്ക്കുന്ന ഇത്തരം സാങ്കൽപ്പികരേഖകളെയാണു സമഭാഷാംശസീമാരേഖ (Isogloss) എന്നു പറയുന്നത്. രണ്ടാമത്തെ ഭൂപടമാണു ഇത്തരം രേഖകൾ വരയ്ക്കുവാൻ ഉപയോഗിക്കുന്നത്




ചിത്രം 6 സമഭാഷാംശസീമാരേഖകൾ (Isogloss)

Coal എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉച്ചാരണഭേദം കണ്ടെത്താൻ നടത്തിയ സർവ്വേയുടെ ഫലമായി നിർമിച്ച ഭാഷാഭേദഭൂപടത്തിലെ സമഭാഷാംശസീമരേഖകൾ.

- **ഭാഷാഭേദമേഖല (Dialect Area)**

മുകളിൽ സൂചിപ്പിച്ച ഭൂപടങ്ങളും രേഖകളും ഓരോ പദത്തിനും നിർമ്മിക്കാം. അവ ഒരേ രീതിയിലായിരിക്കണമെന്നു യാതൊരു നിർബന്ധവുമില്ല. ഒരു പദത്തിനു നാലും വേറൊന്നിനു എട്ടും രേഖകളും വരയ്ക്കാം. അപ്പോൾ ഇത്തരം ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ വ്യത്യസ്തഭാഷാഭേദാതിർത്തി കണ്ടെത്താൻ കഴിയും. മുന്നൂറുപദങ്ങളുടെ ഭാഷാഭേദാതിർത്തികൾ രേഖപ്പെടുത്തിയ ഭൂപടങ്ങളിൽ ഓരോന്നിന്റെ മുകളിലും ഓരോ കടലാസു വെച്ചു അവയുടെ അതിർത്തികളിലൂടെ (സമഭാഷാംശസീമാ രേഖകളിലൂടെ) ആ കടലാസിൽ വരയ്ക്കുക. അപ്പോൾ കുറെ രേഖകൾ ഒരു പ്രത്യേക സ്ഥലത്തുകൂടി കടന്നുപോകുന്നതായി കാണാം. ഇങ്ങനെ സമഭാഷാംശസീമാരേഖകളുടെ ഒരു സമൂഹം (Boundle of Isogloss) ഒന്നിച്ചുകടന്നുപോകുമ്പോൾ അവിടം ഒരതിർത്തിയായി കല്പിക്കാം. ഇങ്ങനെ നിർണയിക്കുന്ന അതിരുകൾക്കുള്ളിലെ പ്രദേശമാണു ഭാഷാഭേദമേഖല (Dialect Area).




ചിത്രം 7 സമഭാഷാംശസീമാരേഖകളുടെ സമൂഹം (Boundle of Isogloss)

ലാറ്റിൻ ഭാഷയിൽ ‘ഷ’യിൽ തുടങ്ങുന്ന പദങ്ങൾ ഫ്രഞ്ചുഭാഷയിൽ ‘ച’കാരത്തിലാണാരംഭിക്കുന്നത്. ഷ>ച സ്വനിമപരിണാമത്തെകുറിക്കുന്ന പ്രസ്തുത ഭാഷാഭേദഭൂപടത്തിൽ സമഭാഷാംശസീമാരേഖകളുടെ സമൂഹമാണ് വരച്ചിരിക്കുന്നത്.

- **കേന്ദ്രമേഖല, അവശിഷ്ടമേഖല, പരിവർത്തനമേഖല**

**1. കേന്ദ്രമേഖല (Focal Area)**

ഒരു ഭാഷാഭേദമേഖലയ്ക്കുള്ളിലെ ഒരുകേന്ദ്രത്തെ അനേകം സമഭാഷാംശസീമാരേഖകൾ വലയം ചെയ്തിരിക്കുന്നതായി കാണാം. ഭാഷാരൂപങ്ങൾക്കു സ്ഥിരതയുള്ള ഈ സ്ഥലം രാഷ്ട്രീയ-സാംസ്കാരിക പ്രാധാന്യമുള്ള കേന്ദ്രമായിരിക്കും. ചുറ്റുപാടുമുള്ള ആളുകൾ ഇവിടുത്തെ ഭാഷാരൂപങ്ങളെ അനുകരിക്കുന്നു. ഇത്തരം പ്രദേശങ്ങളെ കേന്ദ്രമേഖല എന്നു പറയുന്നു. ന്യൂഇംഗ്ലണ്ടിലെ ബോസ്റ്റൺ ഇത്തരത്തിലുള്ള ഒരു കേന്ദ്രമേഖലയാണ്. ബോസ്റ്റണിലെ ഒരു ശീതളപാനീയക്കമ്പനി അവരുടെ ഉൽപ്പന്നത്തിന്റെ വിതരണ നാമമായി ഉപയോഗിച്ച ടോണിക് എന്ന പദം ബോസ്റ്റണിന്റെ സ്വാധീനപരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ ശീതളപാനീയങ്ങൾക്കുള്ള പൊതുനാമമായി ഉപയോഗിക്കപ്പെടുന്നു. കേന്ദ്രമേഖലകളിൽ പുതുതായി ഉണ്ടാകുന്ന പദങ്ങളും അവിടുത്തെ ഭാഷാപ്രത്യേകതകളും അതിന്റെ പ്രാധാന്യം ഏതുവരെ വ്യാപിക്കുന്നുവോ അവിടെ വരെ സഞ്ചരിക്കുന്നു.

**2. അവശിഷ്ടമേഖല (Relic Area)**

എല്ലാ ഭാഷാരൂപങ്ങൾക്കും കൂടുതൽ സഞ്ചരിക്കാനും പുതിയ സ്ഥലങ്ങൾ പിടിച്ചടക്കാനും കഴിയില്ല. ചില വാക്കുകൾ പുറത്തേക്കു സഞ്ചരിക്കാതെ ഒരു സ്ഥലത്തുതന്നെ ഒതുങ്ങിക്കൂടും. മറ്റു പദങ്ങൾ കടന്നുചെന്നു ആക്രമിക്കാൻ പറ്റുന്നതിനേക്കാൾ വിശാലമായ ഇടത്തായിരിക്കും ഈ മേഖല സ്ഥിതിചെയ്യുന്നത്. ഈ മേഖലയ്ക്കകത്തെ പദത്തിന്റെ അതേ അർത്ഥമുള്ള പദങ്ങൾ ഇങ്ങോട്ടു ആക്രമണം നടത്തിയാലും മറ്റു വാക്കുകളാൽ വലയം ചെയ്യപ്പെട്ടു ആ പദം സംരക്ഷിക്കപ്പെടും.

ഉദാ: തൃശ്ശൂർ മലയാളത്തിലെ 'ക്ടാവ്' എന്ന പദം ഇതിനുദാഹരണമാണ്. ഈ രൂപങ്ങളെ അവശിഷ്ടരൂപങ്ങൾ (Relic Forms) എന്നും പറയുന്നു.



ചിത്രം 8 അവശിഷ്ടമേഖല

ഫ്രെഞ്ചിലേക്ക് ലാറ്റിനിലെ നിരവധിപദങ്ങൾ സ്വന, സ്വനിമ മാറ്റങ്ങളോടുകൂടി കടന്നുവന്നിട്ടുണ്ട്. ഇങ്ങനെയുള്ള പരിണാമങ്ങളിൽ ലാറ്റിനിൽ കകാരങ്ങളിൽ ആരംഭിക്കുന്ന പദങ്ങൾ ഫ്രെഞ്ചിൽ ഷകാരമായാണ് മാറുന്നത്. എങ്കിലും ഫ്രാൻസിലെ ചിലയിടങ്ങളിൽ ഈ പരിണാമം സംഭവിക്കാത്ത പ്രയോഗങ്ങൾ പ്രചാരത്തിലിരിക്കുന്നു.

കുതിര എന്നർത്ഥംവരുന്ന ഫ്രഞ്ചിലെ ഷെവൽ (Cheval) എന്നപദം ലാറ്റിനിലെ പദാദ്യ'ക'കാരത്തോടുകൂടി ഫ്രാൻസിൽ നിലനിൽക്കുന്ന പ്രദേശങ്ങളാണ് ഭാഷാഭേദഭൂപടത്തിൽ ഷെയ്ഡ് ചെയ്തിരിക്കുന്നത്. കൂടാതെ ലാറ്റിൻപദങ്ങളുടെ പദാദ്യത്തിൽ കാണുന്ന 'സ്കെ'(sk)യുടെ യഥാർത്ഥ ഉച്ചാരണത്തോടുകൂടിയുള്ള ഫ്രഞ്ച് പ്രദേശങ്ങളാണ് അടുത്തതായി ഷെയ്ഡ് ചെയ്തിരിക്കുന്നത്

Scola (School), Scala (ladder) തുടങ്ങിയ ലാറ്റിൻ പദങ്ങളുടെ പദാദിയിലെ ഉച്ചാരണമായ 'സ്ക' ഫ്രഞ്ചിൽ ഇക്ക(ec)യായാണ് ഉച്ചാരണമാറ്റം സംഭവിച്ചിരിക്കുന്നത്. ecole (ഇകോൾ – school), echelle (ഇഷെല്ല് – ladder) എന്നിവ ഉദാഹരണം. പക്ഷെ ഭാഷാഭേദഭൂപടത്തിൽ ലാറ്റിൻപദങ്ങളുടെ പദാദ്യസ്വനിമ ഉച്ചാരണമായ 'sk' ഭാഷാമേഖലാതിർത്തികളിൽ ഉച്ചരിക്കുന്നുണ്ടെന്നും ഫ്രഞ്ചുഭാഷയുടെ സ്വാധീനം വരാതെ ഈ ഉച്ചാരണങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്നും മനസ്സിലാക്കാം. അതായത്, ലാറ്റിൻപദങ്ങൾ ഫ്രഞ്ച് ഭാഷയിലേക്ക് കടന്നുവരുമ്പോൾ സംഭവിക്കുന്ന ഉച്ചാരണപരിണാമം വികല്പമാകുകയും ലാറ്റിൻപദങ്ങളുടെ ഉച്ചാരണം അതേരീതിയിൽ ഫ്രാൻസിൽ പ്രചാരത്തിലിരിക്കുകയും ചെയ്യുന്നു.

**3. പരിവർത്തനമേഖല (Transition Area)**

രണ്ടു ഭാഷാഭേദങ്ങൾ കൂട്ടിമുട്ടുന്ന സ്ഥലത്തു രണ്ടിന്റേയും അംശങ്ങൾ കൂടിക്ക ലർന്ന ഭാഷാരീതി കാണാം. ഇവിടെ രണ്ടു ഭാഷാഭേദമേഖലകളെ വേർതിരിക്കുന്ന അതിർത്തി വ്യക്തമായിരിക്കുകയില്ല. ഭാഷാരൂപങ്ങൾ സ്ഥിരതയില്ലാതെ മാറിക്കൊണ്ടിരി ക്കുന്ന മേഖല ആയതുകൊണ്ടു ഒന്നിൽനിന്നു മറ്റൊന്നിലേക്കുള്ള പാതയിലായിരിക്കും അത്. ബാഹ്യപ്രേരണയ്ക്കു എപ്പോഴും വശംവദമായിരിക്കുന്ന ഈ മേഖലയ്ക്കാണു പരി വർത്തനമേഖല എന്നു പറയുന്നത്. അടുത്തുള്ള മറ്റു മേഖലകളിലെ ഭാഷാപരമായ പ്രത്യേ കതകളായിരിക്കും തനതായ ഒരു വ്യക്തിത്വം ഇല്ലാത്ത ഈ മേഖലയിൽ ആധിപത്യം സ്ഥാപിക്കുന്നത്. ഒരു വസ്തുവിനു ഒരു ഭാഷാഭേദത്തിലുള്ള പദവും മറ്റൊരു വസ്തുവിനു മറ്റൊരു ഭാഷാഭേദത്തിലുള്ള പദവും ഉപയോഗിക്കുന്നതു ഈ മേഖലയിലുള്ള പദങ്ങളുടെ സ്വഭാവമാണ്. രണ്ടു ഭാഷാഭേദങ്ങളിലേയും വാക്കുകളിലെ ഓരോ അംശം ചേർന്നു പുതിയ മിശ്രപദം ഉണ്ടാകാനുള്ള സാധ്യതയുമുണ്ട്. (ഭാഷാഭേദവുമായി ബന്ധപ്പെട്ട ഭൂപടങ്ങൾ Petyt.K.M ന്റെ *The study of Dialect: Introduction to Dialectology* എന്ന ഗ്രന്ഥത്തിൽനിന്ന് എടുത്തതാണ്).




ചിത്രം 9 പരിവർത്തനമേഖല

## 4.2. ഭാഷാപരിണാമം

വ്യവഹാരഭാഷകളെല്ലാം നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യകാല ഭാഷാ സാഹിത്യകൃതികളിലെ ഭാഷ ഇപ്പോഴത്തെ സാഹിത്യഭാഷയുമായി താരതമ്യം ചെയ്താൽ വളരെയധികം വ്യത്യാസം സംഭവിച്ചിട്ടുണ്ടെന്നു വ്യക്തമാണ്. ഇതേപോലെ വ്യവഹാരഭാഷയും കാലഘട്ടങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. ഭാഷാപരിണാമത്തിനുള്ള മുഖ്യകാരണങ്ങൾ മൂന്നെണ്ണമാണ്. ഉച്ചാരണസ്വഭാവത്തിൽ വരുന്ന മാറ്റങ്ങൾകൊണ്ടുണ്ടാകുന്ന ഉച്ചാരണഭേദം (sound change), മറ്റ് സമ്പർക്കംവഴി സ്വീകരിക്കുന്ന പദങ്ങൾമൂലം – ആദാനം (borrowing), മറ്റ് രൂപങ്ങളുമായുള്ള സാദൃശ്യം മൂലം തെറ്റിദ്ധരിച്ച് പുതിയ രൂപങ്ങൾ സൃഷ്ടിക്കുന്ന സാദൃശ്യവിഭ്രമം (Analogy) എന്നിവയാണവ. ഇവയെക്കൂടാതെ മറ്റ് കാരണങ്ങളും ഭാഷാപരിണാമത്തിനു ഹേതുവാകാറുണ്ട്. ഭാഷാഘടനയിലെ എല്ലാ ഘടകങ്ങളിലും ഈ പരിണാമങ്ങൾ ഉണ്ടാകാറുണ്ട്. സ്വനപരിണാമം (phonetic change), സ്വനിമപരിണാമം (phonemic change), രൂപപരിണാമം (shape change), പദപരിണാമം (Lexical change), അർത്ഥപരിണാമം (sementic change), സന്ധിപരിണാമം (Alternation change/ Morphophonemic change), വ്യാകരണപരിണാമം (Grammatical change) എന്നിങ്ങനെ ഭാഷാപരിണാമങ്ങളെ പലതരത്തിൽ വിഭജിക്കാം. ഭാഷാപരിണാമങ്ങൾ ഏതൊക്കെയാണെന്നു പരിശോധിക്കുന്നതിനുമുൻപ് ഭാഷാപരിണാമഹേതുക്കൾ എന്തൊക്കെയാണെന്ന് നോക്കാം.

- **ഭാഷാപരിണാമഹേതുക്കൾ**

**1. ഉച്ചാരണഭേദം (Sound change)**

ജനങ്ങളുടെ ഉച്ചാരണസ്വഭാവത്തിൽ വരുന്ന മാറ്റങ്ങളാണ് മിക്ക ഭാഷാപരിണാമങ്ങൾക്കും കാരണം. സാധാരണയായി ഉച്ചാരണം അനായസമാക്കാൻ ശ്രമിക്കുന്നതുകൊണ്ടുള്ള മാറ്റങ്ങൾ ചിലപ്പോൾ കാണാം. പ്രാചീനമലയാളത്തിൽ റ ഉച്ചരിച്ചിരുന്നത് ഖരമായിട്ടാണ് ട, ത എന്നീ ഖരങ്ങൾക്ക് ഇടയിലുള്ള ഉച്ചാരണമായിരുന്നു അതിനുണ്ടായിരുന്നത്. മാറ്റം, നീറ്റൽ മുതലായവയിലെ ഇരട്ടിച്ച റ്റ കാരത്തിനു ഇന്നുള്ള ഉച്ചാരണം തന്നെയായിരുന്നു ആദ്യകാലത്ത് ഇരട്ടിക്കാത്ത റ കാരത്തിനും ഉണ്ടായിരുന്നത്. പിന്നീട് മധ്യമമായ രേഫത്തിന് സദൃശമായ ഉച്ചാരണമായത് മാറി. അങ്ങനെ ഈ ഉച്ചാരണഭേദം ഒരു സ്വനപരിണാമമായി. പിന്നീട് റ കാരത്തെ ഖരങ്ങളുടെ കൂട്ടത്തിൽനിന്ന് മാറ്റി വർണമാലയിൽ മധ്യമങ്ങളുടെ കൂട്ടത്തിൽ ചേർത്തു. അപ്പോൾ സ്വനിമ പരിണാമമായി. രേഫവും റ കാരവും തമ്മിലുള്ള ഉച്ചാരണ സാദൃശ്യം പരിഗണിച്ച് രേഫത്തിന്റെ ചില്ലായ ർ റ കാരത്തിനും ഉപയോഗിച്ചു തുടങ്ങിയപ്പോൾ (ഉദാ: കാറ് –കാർ, മഴക്കാറ് – മഴക്കാർ) ഇതിന് ഒരു രൂപപരിണാമമായി. ഭാഷയിലെ എല്ലാത്തലങ്ങളിലും പരിണാമത്തിനു കാരണമായത് ഉച്ചാരണഭേദമാണെന്ന് ഈ ഉദാഹരണങ്ങളിൽ നിന്നും മനസ്സിലാക്കാം.

**2. ആദാനം (Borrowing)**

മറ്റ് ഭാഷ സംസാരിക്കുന്നവരുമായി ഇടപഴകേണ്ടി വരുന്നതിന്റെ ഫലമായി അവരുടെ ഭാഷയുടെ സ്വാധീനം വർണം, പദം, അർത്ഥം, വ്യാകരണം എന്നിങ്ങനെ ഭാഷയുടെ എല്ലാതലത്തിലും പ്രകടമാകുന്നത് സ്വാഭാവികമാണ്. ഇപ്രകാരം മറ്റ് ഭാഷകളുടെ ഭാഷാ പ്രത്യേകതകളെ സ്വീകരിക്കുന്നതിനെയാണ് ആദാനം എന്നു പറയുന്നത്. സംസ്കൃതഭാഷയുമായുള്ള സമ്പർക്കഫലമായി മലയാളത്തിലേക്ക് പല സംസ്കൃതസ്വനിമങ്ങളും കടന്നുവന്നു. ഇതിന്റെ ഫലമായി മുപ്പത് അക്ഷരങ്ങളിൽ നിന്നും മലയാള അക്ഷരങ്ങൾ അമ്പതിലേറെ അക്ഷരങ്ങളിലേക്കു മാറി. ദു:+ഫലം > ദുഷ്ഫലം, ദു:+ഗതി > ദുർഗ്ഗതി മുതലായ സന്ധിനിയമങ്ങൾ ഉണ്ടാക്കേണ്ടി വന്നു. നായകൻ – നായിക, സമർത്ഥൻ – സമർത്ഥ, ധാതാവ് – ധാത്രി എന്നിങ്ങനെ സ്ത്രീലിംഗ രൂപീകരണത്തിന് പുതിയ വ്യാകരണസമ്പ്രദായം രൂപപ്പെട്ടു. രാമനാൽ രാവണൻ കൊല്ലപ്പെട്ടു മുതലായ കർമണി പ്രയോഗങ്ങളുണ്ടായി. ഇപ്രകാരം സംസ്കൃതഭാഷയുമായുള്ള സമ്പർക്കഫലമായി മലയാളത്തിലേക്ക് പലവിധത്തിലുള്ള ആദാനങ്ങൾ സംഭവിച്ചിട്ടുണ്ട്.

### 3. സാദൃശ്യവിഭ്രമം (Alalogy)

മറ്റ് രൂപങ്ങളുമായുള്ള സാദൃശ്യംമൂലം തെറ്റിദ്ധരിച്ച് പുതിയ രൂപങ്ങൾ ഉണ്ടാകുന്നതിന് സാദൃശ്യവിഭ്രമം എന്നുപറയുന്നു. ഉദാ: ഒരുവൻ എന്നർത്ഥത്തിൽ ഒരുത്തൻ എന്നു പറയുന്നത്. സ്ത്രീലിംഗത്തിന് –ആൾ, –ത്തി എന്നിങ്ങനെ രണ്ടു പ്രത്യയങ്ങളുണ്ട്. അതിനാൽ ഒരുവൾ, ഒരുത്തി എന്നീ രൂപങ്ങൾ പ്രയോഗിക്കുന്നു. –ത്തൻ എന്നൊരുപ്രത്യയം പുല്ലിംഗത്തിനില്ല. എന്നാൽ മിടുക്കി – മിടുക്കൻ മുതലായ രൂപങ്ങൾ കണ്ടിട്ട് ഒരുത്തി – ഒരുത്തൻ എന്നത് സ്വാഭാവികമെന്ന് തെറ്റിദ്ധരിച്ചതാണ് ഒരുത്തൻ എന്ന സാദൃശ്യവിഭ്രമത്തിനു കാരണം.

### 1. സ്വനപരിണാമം (Phonetic change)

വർണങ്ങളുടെ ഉച്ചാരണത്തിലുള്ള മാറ്റമാണിത്. പൂർവ്വഭാഷാ മാതൃകകളെയും സമാനഗോത്രഭാഷകളെയും ഏകകാലിക–ബഹുകാലികപഠനങ്ങളിലൂടെയാണ് ഭാഷയിൽ സംഭവിച്ച ഉച്ചാരണമാറ്റങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുക. മലയാളത്തിൽ സംഭവിച്ച സ്വനപരിണാമങ്ങളെ കെ.എം. പ്രഭാകരവാര്യർ കണ്ടെത്തുന്നത് ഇപ്രകാരമാണ്.

1. പൂർവദ്രാവിഡത്തിലെ *അയ്* തമിഴിൽ *ഐ* എന്നായി മാറിയിരിക്കുന്നു. കേരളഭാഷയിലെ പ്രാചീന കൃതികളിലും ശാസനങ്ങളിലും *ഐ* രൂപങ്ങൾ കാണാം. പിന്നീട് ഐകാരരൂപങ്ങൾ അകാരരൂപങ്ങളായി മാറിയിട്ടുണ്ട്. തമിഴിലെ തലൈ, മലൈ, വാഴൈ, മഴൈ എന്നീ പദങ്ങൾ ഭാഷയിൽ തല, മല, വാഴ, മഴ എന്നായി മാറിയത് ഇപ്രകാരമുള്ള സ്വനപരിണാമം മൂലമാണ്.

2. പഴന്തമിഴിലെ പദാദി *ന*കാരങ്ങളിൽ ചിലത് മലയാളത്തിൽ *ഞ*കാരമായി മാറിയിട്ടുണ്ട്. ഉദാ: നാൻ > ഞാൻ, നണ്ട് > ഞണ്ട്, നാവൽ > ഞാവൽ (ഭാഷാശാസ്ത്രവിവേകം 133). വില, നില, കുല, പുക എന്നൊക്കെ ഒരു കാലത്ത് ഉച്ചരിച്ചിരുന്ന പദങ്ങൾ ഇപ്പോൾ വെല, നെല, കൊല, പൊക എന്നൊക്കെ ഉച്ചരിക്കുന്നത് (എഴുത്തിൽ ഈ മാറ്റം വന്നിട്ടില്ല) സ്വനപരിണാമത്തിനുദാഹരണമാണ്. (ഭാഷാവിജ്ഞാനീയം 31).

### 2. സ്വനിമപരിണാമം (Phonemic change)

സ്വനിമവ്യവസ്ഥയിൽ നടക്കുന്ന മാറ്റങ്ങളെയാണ് സ്വനിമപരിണാമം എന്നു പറയുന്നത്. സംസ്കൃതഭാഷയുമായുള്ള സമ്പർക്കഫലമായി മലയാളസ്വനിമവ്യവസ്ഥയ്ക്കുണ്ടായ മാറ്റങ്ങൾ ഇതിനുദാഹരണമാണ്. പന്ത്രണ്ട് സ്വരങ്ങളും പതിനെട്ട് വ്യഞ്ജനങ്ങളുമുണ്ടായിരുന്ന ഭാഷാസ്വനിമവ്യവസ്ഥയിലേക്ക് ഋ, ഖ, ഗ, ഘ, ഛ, ജ, ഝ, ഠ,ഡ,ഢ ഥ, ദ, ധ, ഫ, ബ, ഭ, ശ, ഷ, സ, ഹ എന്നിവയും ഇംഗ്ലീഷ്, അറബിക് ഭാഷകളുടെ സമ്പർക്കഫലമായി മലയാളത്തിലേക്കുവന്ന ഫ (Fa) എന്ന സ്വനിമവും സ്വനിമപരിണാമത്തിനുദാഹരണമാണ്.

### 3. രൂപപരിണാമം (Shape Change)

പദങ്ങളുടെ ബാഹ്യരൂപത്തിൽ വരുന്ന പരിണാമമാണ് രൂപപരിണാമം. തലൈ, മലൈ, മരങ്കൾ എന്നൊക്കെ പ്രാചീനമലയാളത്തിൽ എഴുതിയിരുന്ന പദങ്ങൾ ഇപ്പോൾ തല, മല, മരങ്ങൾ എന്നിങ്ങനെയാണ് എഴുതുന്നത്. ഇത് രൂപപരിണാമത്തിനുദാഹരണമാണ്. (ഭാഷാവിജ്ഞാനീയം 91).

### 4. പദപരിണാമം (Lexical change)

ഭാഷയിലെ പദതലത്തിൽ നടക്കുന്ന മാറ്റങ്ങളെയാണ് പദപരിണാമം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. പുതിയപദങ്ങൾ സ്വീകരിക്കുന്നതും പഴയപദങ്ങൾ ഉപേക്ഷിക്കുന്നതും പദപരിണാമത്തിൽ ഉൾപ്പെടുന്നു. ചരിത്രപരമോ സാംസ്കാരികമോ ആയ കാരണങ്ങളാലാണ് ഒരു ഭാഷയിലേക്ക് മറ്റു ഭാഷാപദങ്ങൾ കടന്നുവരുന്നത്. പ്രാചീനമലയാളത്തിലെ ഇങ്ങൽ, തണ്ണി എന്നീ പദങ്ങൾ കളഞ്ഞ് പകരം ദു:ഖം, വെള്ളം എന്നീ പദങ്ങൾ സ്വീകരിച്ചത് പദപരിണാമത്തിനുദാഹരണമാണ്.

**5. അർത്ഥപരിണാമം (Semantic change)**

പദങ്ങളുടെ അർത്ഥതലത്തിൽ സംഭവിക്കുന്ന മാറ്റങ്ങളാണ് അർത്ഥപരിണാമം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ചട്ടമ്പി എന്ന പദത്തിന് തലവൻ എന്നായിരുന്നു അർത്ഥം എന്നാൽ ഇപ്പോഴത് താന്തോന്നി എന്നർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. കൂടാതെ നാറ്റം എന്നതിന് നല്ലമണം എന്നായിരുന്നു അർത്ഥം. എന്നാലിപ്പോൾ ദുർഗന്ധം എന്നർത്ഥത്തിലാണ് വ്യവഹരിക്കുന്നത്. ഇത്തരത്തിൽ നിരവധി പദങ്ങൾക്ക് അർത്ഥപരിണാമം സംഭവിച്ചിട്ടുണ്ട്.

കല്യാണം (ഐശ്വര്യം) > വിവാഹം; പ്രസംഗം (സന്ദർഭം) > പ്രഭാഷണം; മര്യാദ (അതിര്) > നല്ല പെരുമാറ്റം; ക്ഷേത്രം (ഭൂഭാഗം) > അമ്പലം എന്നിങ്ങനെ സംസ്കൃതത്തിൽ വേറെ അർത്ഥത്തിലുപയോഗിക്കുന്ന പദങ്ങളാണ് ഭാഷയിൽ വ്യത്യസ്തമായി പ്രയോഗിക്കുന്നത്.

**6. സന്ധിപരിണാമം (Morphophonemic change)**

സന്ധിനിയമത്തിൽ വരുന്ന മാറ്റങ്ങളാണ് സന്ധിപരിണാമം. *പൊൻ* എന്നത് പ്രാചീനമലയാളത്തിൽ ഖരങ്ങൾക്കുമുൻപ് പൊർ എന്ന് മാറിയിരുന്നു.

ഉദാ: പൊൻ + കലശം > പൊൽക്കലശം
പൊൻ+പൂവ് > പൊർപ്പൂവ് ഇവ പിന്നീട് പെൽക്കലാശം, പൊൽപ്പൂവ് എന്നിങ്ങനെ മാറി. ഇപ്പോൾ പൊൻപൂവ്, പൊൻകലശം എന്നീ മൂലരൂപങ്ങൾതന്നെയാണ് ഭാഷയിൽ ഉപയോഗിക്കുന്നത് (ഭാഷാവിജ്ഞാനീയം 92).

**7. വ്യാകരണപരിണാമം (Grammatical change)**

പ്രത്യയപ്രയോഗങ്ങളിൽവന്ന മാറ്റത്തെയാണ് വ്യാകരണപരിണാമമായി പരിഗണിക്കുന്നത്. മലയാളഭാഷയുടെ രൂപീകരണത്തിൽ പഴന്തമിഴിലെ വ്യാകരണരൂപങ്ങളിൽനിന്ന് ചില മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രാചീനമലയാളത്തിൽ ഞാൻ കൊടുത്തേൻ, നീ കൊടുത്തായ്, അവൻ കൊടുത്താൻ, അവൾ കൊടുത്താൾ, അവർ കൊടുത്താൾ എന്നിങ്ങനെ പൂർണക്രിയകളിൽ പൊരുത്തത്തിനുവേണ്ടി ചേർത്തിരുന്ന ലിംഗപ്രത്യയങ്ങൾ ആധുനികമലയാളം ഉപേക്ഷിച്ച്, നീ കൊടുത്തു, അവൻ കൊടുത്തു, അവൾ കൊടുത്തു, അവർ കൊടുത്തു, എന്നിങ്ങനെയായി മാറിയത് വ്യാകരണപരിണാമത്തിനുദാഹരണമാണ്.

ഇപ്രകാരം ഭാഷയിൽ പലവിധത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകുന്നു. സ്വനം, സ്വനിമം, രൂപിമം, അർത്ഥം, വ്യാകരണം എന്നീ തലങ്ങളിൽ പ്രധാനമായി സംഭവിക്കുന്ന മാറ്റങ്ങൾ കാലങ്ങളെടുത്ത് നടക്കുന്നവയാണ്. മേൽപ്പറഞ്ഞ ഘടകങ്ങളിലെ മാറ്റങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവ കൂടിയാണ്, അതായത് സ്വനപരിണാമം സ്വനിമപരിണാമത്തിനും രൂപപരിണാമത്തിനും സന്ധിപരിണാമത്തിനും മാത്രമല്ല വ്യാകരണ പരിണാമത്തിനും കാരണമാകാം.

- **സ്വനനിയമങ്ങൾ (Phonetic Laws)**

ഭാഷയിൽ സംഭവിക്കുന്ന എല്ലാ പരിണാമങ്ങളും സാഹചര്യബന്ധമെന്നോ നിയമാനുസൃതമെന്നോ പറയാനാവില്ല. എന്നാൽ പത്തൊമ്പതാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ യൂറോപ്പിലെ ഒരു സംഘം ഭാഷാപണ്ഡിതന്മാർ സ്വനപരിണാമ നിയമങ്ങളെല്ലാം നിയമാനുസൃതമാണെന്ന് സിദ്ധാന്തം അവതരിപ്പിച്ചു. സ്വനപരിണാമങ്ങൾ അനുമാനത്തിലൂടെ വ്യാഖ്യാനിക്കരുതെന്നും ചരിത്രത്തോടു ബന്ധപ്പെടുത്തി വസ്തുനിഷ്ഠമായി മാത്രമേ വ്യാഖ്യാനിക്കാവൂ എന്നും ഇവർ വാദിച്ചു. ഈ നിരീക്ഷണം അവതരിപ്പിച്ചവരെയാണ് നവവൈയാകരണന്മാർ (neo-grammarians) എന്നുപറയുന്നത്. എന്നാൽ സ്വനപരിണാമങ്ങളെ അപഗ്രഥിച്ച് കൃത്യമായ സ്വനനിയമങ്ങളെ അവതരിപ്പിക്കാൻ കഴിയില്ല. കാരണം ഭാഷയിൽ സംഭവിക്കുന്ന ചില പരിണാമങ്ങൾ നിയമാനുസൃതമാണെങ്കിൽ മറ്റു ചിലവയിൽ പ്രകടമായ നിയമങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്ന്

കാണാൻ കഴിയില്ല. ഉദാ: ഭാഷയിലെ അനുനാസികാതിപ്രസരം നടക്കാത്ത രൂപങ്ങൾ
വെന്തു – വെന്നു എന്നാകുന്നില്ല.
നൊന്തു – നൊന്നു എന്നാകുന്നില്ല.

ഒരു പ്രത്യേകകാലഘട്ടത്തിൽ നിശ്ചിതമായ ഒരു വർണത്തിനോ വർണസമൂഹത്തിനോ നിശ്ചിത വ്യവസ്ഥയനുസരിച്ച് വരുന്ന പരിണാമത്തിന് സ്വനനിയമം എന്നു പറയുന്നു. സ്വനങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങളിൽനിന്ന് രൂപപ്പെടുത്തിയെടുക്കുന്ന സ്വനനിയമങ്ങൾ ഏറെക്കുറെ വ്യവസ്ഥാപിതമാണെന്നാണ് ഭാഷാശാസ്ത്രജ്ഞർ കരുതുന്നത്. എന്നാൽ ചിലപ്പോഴൊക്കെ സ്വനനിയമങ്ങൾക്കും വികല്പങ്ങളോ അപവാദങ്ങളോ ഉണ്ടാകും. ഇങ്ങനെയുണ്ടാകുന്ന അപവാദങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവ:

1. ഒരു നിയമത്തിന്റെ പ്രാബല്യം അവസാനിച്ചശേഷം മറ്റ് ഭാഷകളിൽനിന്ന് കഥ വാങ്ങിയ പദങ്ങൾ നിയമത്തിനു വിധേയമാകാതെ വരും.

2. ഭാഷയുടെ ചില ദേശഭേദങ്ങളിൽ ചില വർണപരിണാമങ്ങൾ സ്വീകരിക്കപ്പെടാതിരിക്കാം. നിയമത്തിന്റെ പ്രാബല്യം അവസാനിച്ചശേഷം ഈ ദേശ്യഭേദത്തിലെ പദങ്ങൾ മറ്റ് ദേശങ്ങളിലേക്ക് പകരുകയാണെങ്കിൽ അവയും പ്രസ്തുത വർണപരിണാമത്തിന് അപവാദങ്ങളായി വരാം.

3. ചില പദങ്ങൾക്ക് അർത്ഥപരിണാമം സംഭവിക്കുമ്പോൾ അവയുടെ പഴയ അർത്ഥത്തിൽ പഴയ പദംതന്നെ ഉപയോഗത്തിൽവരും.

4. ഒരു പരിണാമം സംഭവിച്ചതിനുശേഷവും ആ വസ്തുത മുഴുവനായോ ഭാഗികമായോ അംഗീകരിക്കാതെയോ മനസ്സിലാക്കാതെയോ ചില പണ്ഡിതന്മാർ പഴയരൂപംതന്നെ വ്യാകരണസാധുവായി അംഗീകരിച്ച് പ്രചരിപ്പിക്കാൻ ശ്രമിക്കാം.

പാശ്ചാത്യഭാഷകളിലെ ഗ്രിം നിയമം (Grimm's Law) വെർനർ നിയമം (Verner's Law) എന്നിവ പ്രസിദ്ധമായ സ്വനപരിവർത്തന നിയമങ്ങളാണ്. ജർമാനിക് ഭാഷകളിലും ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകളിലും ചില വ്യഞ്ജനങ്ങൾക്ക് പരസ്പരം കണ്ടെത്താൻ കഴിഞ്ഞ സമമൂല്യതകളെ ആസ്പദമാക്കി ജാക്കോബ് ഗ്രിം എന്ന ജർമൻ ഭാഷാപണ്ഡിതൻ അവതരിപ്പിച്ച സ്വനനിയമമാണ് ഗ്രിം നിയമം എന്ന പേരിലറിയപ്പെടുന്നത്. Father, three, heart, ten, Knee എന്നീ പദങ്ങൾക്ക് ലാറ്റിൻ ഭാഷയിലുള്ള സമാനപദങ്ങൾ Pater, tres, cordis, decem, genu എന്നിവയാണ് ഈ ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ P>F, t>th, k>h, b>p, d>t, g>k എന്നിങ്ങനെയുള്ള വർണമാറ്റങ്ങളിലൂടെയാണ് മൂല ഇൻഡോ യൂറോപ്യൻ (Proto- Indo European) ഭാഷയിൽനിന്ന് ജർമാനിക് ശാഖ വേർപിരിഞ്ഞതെന്ന് ഗ്രിം കണ്ടെത്തി. ഗ്രിമ്മിനു വിശദീകരിക്കാൻ കഴിയാതിരുന്ന ചില സ്വനപരിവർത്തന അപവാദങ്ങളെ (നിയമത്തിൽ നിന്നു വ്യത്യസ്തമായി കാണുന്നവയെ) സ്വരാഘാത (accent) സവിശേഷതയാണെന്ന് പിൽക്കാലത്ത് വെർനർ (Karl Verner) കണ്ടെത്തി. ഇതാണ് പിന്നീട് വെർനർ നിയമം എന്ന പേരിൽ ശ്രദ്ധനേടിയത്. ഗ്രിം നിയമത്തിനു അപവാദങ്ങളെന്നു തോന്നിയ ഉദാഹരണങ്ങളെല്ലാം മറ്റു ചില സ്വനനിയമങ്ങൾക്ക് മികച്ച ഉദാഹരണങ്ങളാണെന്ന് വെർനർ സമർത്ഥിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ നാലാം പാദത്തിൽ ഉദയംകൊണ്ട് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തോടുകൂടി അസ്തമിച്ച ഈ നവവൈയാകരണന്മാർ സൊസ്യൂറിന്റെ ശ്രദ്ധേയരായ മുന്നോടികളായിരുന്നു.

### 4.3. സാമൂഹികഭാഷാശാസ്ത്രം

സമൂഹവും ഭാഷയും തമ്മിലുള്ള ബന്ധം അന്വേഷിക്കുന്ന ഭാഷാശാസ്ത്രപഠന മേഖലയാണ് സാമൂഹികഭാഷാശാസ്ത്രം. സമൂഹത്തിലെ ഓരോ ഘടകങ്ങളും ഭാഷയെ എങ്ങനെയാണ് സ്വാധീനിക്കുന്നതെന്ന് ഈ മേഖല കണ്ടെത്താൻ ശ്രമിക്കുന്നു. സാമ്പത്തികഘടന, അധികാരഘടന, എന്നിവ സൃഷ്ടിക്കുന്ന അന്തരങ്ങൾ ഭാഷയിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതായത് ഭാഷാപ്രയോഗത്തിൽനിന്ന് ഒരാളുടെ

സമൂഹം, പ്രദേശം അതിൽതന്നെ ഔപചാരിക, അനൗപചാരിക സംഭാഷണരീതികൾ തുടങ്ങി നിരവധിഘടകങ്ങൾ കണ്ടെത്താൻ സഹായിക്കും. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാവിധ വ്യത്യാസങ്ങളും ഭാഷാപ്രയോഗത്തിലൂടെ വ്യക്തമാക്കുന്നു. മതം, ജാതി, പ്രായം, തൊഴിൽ, ലിംഗം എന്നിവ ഭാഷണവ്യത്യാസങ്ങൾക്ക് കാരണമാകുന്നു. കൂടാതെ, ഓരോ മേഖലയ്ക്കനുസരിച്ചും ഭാഷ മാറി മാറി പ്രയോഗിക്കാറുണ്ട്. പത്രഭാഷ, പരസ്യഭാഷ, പ്രസംഗഭാഷ, വ്യാപാരികളുടെ ഭാഷ, കോടതിഭാഷ തുടങ്ങി നിരവധി മേഖലകളിൽ ഉപയോഗിക്കുന്ന ഭാഷയ്ക്കുള്ള വ്യത്യാസം സാമൂഹികഭാഷാ വിജ്ഞാനത്തിന്റെ പഠനമേഖലകളിലൊന്നാണ്. ഇപ്രകാരം ഭാഷാപ്രയോഗങ്ങളിൽ വ്യത്യാസമുണ്ടാക്കുന്ന സാമൂഹികാവസ്ഥയെ സാമൂഹികാചാരങ്ങൾ (Social variants) എന്നാണ് പറയുന്നത്.

> "The branch of linguistics that deals with the exploration of relation between language and society is known as social linguistics, and the sociology of language".

സമൂഹവിജ്ഞാനം (sociology), നരവംശശാസ്ത്രം (Anthropology), സമൂഹമന:ശാസ്ത്രം (Social Psychology) എന്നീ പഠനമേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്ന സാമൂഹികഭാഷാശാസ്ത്രം ഒരു വ്യക്തിയുടെ ഭാഷണത്തിലെ സമൂഹത്തിന്റെ സ്വാധീനം എപ്രകാരമാണെന്നു അന്വേഷിക്കുന്നു. വക്താവിന്റെ സാമൂഹികസ്ഥാനവും സന്ദർഭവുമനുസരിച്ച് ഭാഷണരീതിക്കു മാറ്റമുണ്ടാകുന്നു. അതനുസരിച്ച് പല മേഖലകളായാണ് സാമൂഹികഭാഷാശാസ്ത്രത്തിൽ ഭാഷയെപഠിക്കുന്നത്. അനൗപചാരിക–ഔപചാരിക സംഭാഷണങ്ങൾ, വാച്യാർത്ഥത്തിന് പ്രസക്തിയില്ലാത്തതും സാമൂഹികമായ ഏകത്വബോധത്തെ പ്രതിഫലിപ്പിക്കുന്നതുമായ ഭാഷണരീതികളായ സാമാജികഭാഷണം (Phatic communication) (ഉദാ: എന്തൊക്കെയാ വിശേഷങ്ങൾ, ക്ഷമിക്കണം), കുടുംബബന്ധസൂചകപദങ്ങൾ, സർവ്വനാമങ്ങളുടെ പ്രയോഗം (നീ, താൻ) സംബോധനരൂപങ്ങൾ, വിലക്കുവാക്കുകൾ (taboo) തുടങ്ങി സാമൂഹികാവസ്ഥയെ അടിസ്ഥാനമാക്കിയുള്ള നിരവധിഭാഷണരൂപങ്ങൾ സാമൂഹികഭാഷാശാസ്ത്രത്തിൽ വിലയിരുത്തുന്നു.

> "socio linguistics is study of language variation and change-how varieties of language are formed when the speakets belong to a geographical region, social class, social situation and occupation, etc. (pushpinder syal & D V Jindal 23)

ഭാഷാഭേദവിജ്ഞാനം (Dialectology) എന്ന പഠനശാഖ സമൂഹത്തിലെ വ്യത്യാസങ്ങൾ ഭാഷയിൽ എങ്ങനെയെല്ലാം പ്രതിഫലിക്കുന്നുവെന്നു അന്വേഷിക്കുന്നുണ്ട്. ഭാഷാഭേദപഠനമേഖല പരിമിതമാണ്. സാമൂഹികഭാഷാവിജ്ഞാനത്തിലെ അന്വേഷണം ഭാഷാഭേദവിജ്ഞാനത്തിലെ പഠനപരിധിയെക്കാൾ വിപുലമാണ്. ഭാഷാഭേദപഠനത്തെ സാമൂഹികഭാഷാവിജ്ഞാനത്തിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് ഭാഷാശാസ്ത്ര വിവേകത്തിൽ കെ.എം. പ്രഭാകരവാര്യർ അഭിപ്രായപ്പെടുന്നു (131).

- **സാമൂഹ്യചരങ്ങൾ (Social variables)**

ഭാഷണത്തെ സ്വാധീനിക്കുകയും വ്യത്യാസപ്പെടുത്തുകയും ചെയ്യുന്ന സാമൂഹിക വസ്തുതകളാണ് സാമൂഹ്യചരങ്ങൾ എന്നു പറയുന്നത്. സംസാരിക്കുന്ന ഒരാളുടെ പ്രായം, വിദ്യാഭ്യാസം, വർഗം, സ്ത്രീ പുരുഷഭേദം, തുടങ്ങിയ ഘടകങ്ങൾ അവരുടെ ഭാഷയെ സ്വാധീനിക്കുന്നു. അതുകൊണ്ട് ഇവയൊക്കെ സാമൂഹ്യചരങ്ങളാണെന്നു പറയാം. സാമൂഹ്യഭാഷാശാസ്ത്രജ്ഞനായ ലബോവ് സാമൂഹ്യവർഗങ്ങളെ മധ്യോന്നതം (Midddle upper) മധ്യനിമ്നം (Middle lower) തൊഴിലാളി (working) നിമ്നം (lower) നിമ്നതമം (lowest) എന്നിങ്ങനെയും തൊഴിലാളിവർഗത്തിൽതന്നെ ഉന്നതം (upper) നിമ്നം (lower) എന്നീ ഉപവിഭാഗങ്ങളെയും സാമൂഹ്യചരങ്ങളായി കണ്ടെത്തിയിട്ടുണ്ട്. ഈ സാമൂഹ്യചരങ്ങളാണ് ഭാഷാവൈവിധ്യത്തിനുകാരണം സാമൂഹീകം, രാഷ്ട്രീയം, സാംസ്കാരികം എന്നിവയുടെ സ്വാധീനം സാമൂഹ്യചരങ്ങളിൽ പ്രകടമാണ്.

- **സ്ത്രീഭാഷ**

ഓരോ വ്യക്തിയുടെയും ഭാഷ വ്യത്യസ്തമാണ്. സാമൂഹ്യവ്യത്യാസങ്ങളനുസരിച്ച് സ്ത്രീപുരുഷൻ, ഉന്നതർ, താഴേക്കിടയിലുള്ളവർ, തുടങ്ങിയ ഓരോ ഗണത്തിലും ഭാഷാ വൈവിധ്യത്തോടെ കാണാനാകും. ഈ ഭാഷയുടെ ഏറ്റവും വലിയ പ്രത്യേകത എന്തെന്നാൽ അവർ ഓരോരുത്തരുടേയും ഭാഷയിൽനിന്ന് സമൂഹത്തിൽ അവർക്കുള്ള സ്ഥാനം, അവരുടെ സാമൂഹ്യകാഴ്ചപ്പാടുകൾ തുടങ്ങി നിരവധി ഘടകങ്ങൾ വായിച്ചെടുക്കാനാകും എന്നുള്ളതാണ്. ഇങ്ങനെ സ്ത്രീകൾ ഉപയോഗിക്കുന്ന ഭാഷയിലും ചില പ്രത്യേകതകൾ കാണാനാകും. റോബിൻ ലാകോഫ് തന്റെ ലാംഗ്വേജ് & വുമെൻസ് പ്ലെയസ് എന്ന കൃതിയിൽ സ്ത്രീഭാഷയുടെ സവിശേഷതകൾ ഇങ്ങനെ ക്രോഡീകരിച്ചിരിക്കുന്നു.

1. നിറങ്ങളുടെ സൂചകങ്ങൾ സ്ത്രീകളുടെ ഭാഷാവ്യവഹാരത്തിൽ കൂടുതലായി വരുന്നു. പിങ്ക് കളർ, വാടാമല്ലിക്കളർ തുടങ്ങിയവ.
2. ശൂന്യവിശേഷണങ്ങളുടെ (Empty adjective) അതിപ്രസരം കാണുന്നു.
   ഉദാ: ഭയങ്കരം, വളരെ വളരെ,
3. അനുബന്ധചോദ്യങ്ങൾ (Tag Questions) നിരന്തരം ഉപയോഗിക്കുന്നു. ഉദാ: ഉണ്ടല്ലോ, ഇല്ലേ? മതി, അല്ലേ?
4. അഭ്യർത്ഥന (Appealing) പ്രയോഗങ്ങൾ കടന്നുവരുന്നു. ഉദാ: കേട്ടോ, ദേ നോക്കൂന്നേ, പിന്നെ, അതേയ്,
5. മര്യാദവാക്കുകൾ സ്ത്രീഭാഷയുടെ മറ്റൊരു സവിശേഷതയാണ്. ഉപകാരം, സഹായം, please, thank you, sorry.
6. ഊനോക്തികൾ (Euphemism) സാന്ദർഭികമായ സംഭാഷണത്തിൽ കടന്നുവരുന്നു. ഉദാ: അദ്ദേഹം ഇപ്പോൾ ഇല്ല (മരിച്ചുപോയി എന്നർത്ഥത്തിൽ)
7. സൂക്ഷ്മമായ ഉച്ചാരണവും പ്രയോഗങ്ങളും നല്ല കൈയ്യക്ഷരവും (ഭാഷാശാസ്ത്രപരിചയം 99–100)

സ്ത്രീകളുടെ ഭാഷകളെപറ്റി പഠിച്ച സാമൂഹ്യഭാഷാശാസ്ത്രജ്ഞർ അവരുടെ ഭാഷാവൈവിധ്യങ്ങളിൽനിന്ന് ആത്മവിശ്വാസക്കുറവിന്റെ അടയാളങ്ങൾ കണ്ടെത്തുന്നുണ്ട്. പുരുഷമേധാവിത്വത്തിന്റെയും സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന ലിംഗവേർതിരിവിനെല്ലാം അവരുടെ ഭാഷാവൈവിധ്യം കാരണമാകുന്നുണ്ട്. സ്ത്രീകളുടെ കല്യാണനിശ്ചയത്തിനുശേഷമോ കല്യാണത്തിനുശേഷമോ അവരുടെ പേരിനോടൊപ്പം വരന്റെ പേര് ചേർത്ത് പ്രയോഗിക്കുന്നത് പുരുഷമേധാവിത്വത്തെ സ്വയം അംഗീകരിക്കുന്നതുകൊണ്ടാണ്. കൂടാതെ ജാതിപ്പേരുകൾ ചേർക്കുമ്പോൾ സ്ത്രീയുടെ പേരിനോടൊപ്പം പുല്ലിംഗമാണ് ചേർത്തുകാണുന്നത്. ഉദാ: രാധാവാര്യർ. വാര്യർ എന്നത് പുല്ലിംഗമാണ്, വാരസ്യാരാണ് സ്ത്രീലിംഗം. പക്ഷേ അങ്ങനെയെങ്കിൽ രാധാവാരസ്യർ എന്നാണ് വരേണ്ടത്. പക്ഷേ ഇവിടെയും പുരുഷമോധാവിത്വത്തെ അംഗീകരിക്കുന്നതായി കാണാം. അതേപോലെ ഒന്നാമൻ, രണ്ടാമൻ എന്നപോലെ ഒന്നാമി രണ്ടാമി എന്ന പ്രയോഗമില്ല. ഇപ്രകാരം സമൂഹത്തിൽ പുരുഷാധികാരവും സ്ത്രീകളുടെ ഭാഷകളും അവരനുഭവിക്കുന്ന സാമൂഹ്യഅനീതിയും വ്യക്തമാണ്.

- **ആചാരഭാഷ**

ഭാഷയിലൂടെ സമൂഹത്തിലെ ആചാരങ്ങളെയും സാമൂഹ്യഘടനയെയും മനസ്സിലാക്കാൻ സാധിക്കുന്നവയാണ് ആചാരഭാഷ. ഇത് മറ്റ് ആചാരങ്ങളെപ്പോലെ സാമൂഹികശ്രേണിയുടെ സംരക്ഷണത്തിനും പ്രകടനത്തിനുമുള്ള ഉപാധിയാണ്. കേരളത്തിലെ ആചാരഭാഷകൾ പരിശോധിക്കുമ്പോൾ ജാതിപരമായ ശ്രേണികരണം നിലനിർത്തുന്നതിനുവേണ്ടി ഉണ്ടായതാണെന്ന് വ്യക്തമാണ്. *വീടിന്* കോവിലകമെന്നും കപ്പമാടമെന്നും *പറയുന്നതിനു* കല്പിക്കുക എന്നും *പോകുന്നതിന്* വിടകൊള്ളുക എന്നും *ഭക്ഷണത്തിന്* അമൃതേത്തെന്നും *വസ്ത്രത്തിനു* പരിവട്ടമെന്നും അടിതോലെന്നും *ലേഖനത്തിനു* തിരുവെഴുത്തെന്നും *ദേഹത്തിന്* തിരുമേനിയെന്നും *ക്ഷൗരത്തിന്* അങ്കംചാർത്തു എന്നും മുടിയിറക്കലെന്നുമുള്ള പ്രയോഗങ്ങൾ ഇപ്രകാരമുണ്ടായതാണ്. സമൂഹത്തെ നിയന്ത്രിച്ചിരുന്ന മേൽജാതിക്കാർക്ക് തങ്ങളുടെ മേധാവിത്വം ഉറപ്പിക്കാൻ ആചാരഭാഷയിലൂടെ സാധിച്ചു. താൻ ആരെന്നും സമൂഹത്തിലുള്ള സ്ഥാനമെന്തെന്നും

നിഷ്പ്രയാസം വെളിപ്പെടുത്താൻ ആചാരഭാഷാപ്രയോഗത്തിനു കഴിഞ്ഞു. ആചാരഭാഷാ പദങ്ങളിൽനിന്ന് മേലാളകീഴാളബോധവും വ്യക്തമാണ്. ഈ മേലാളകീഴാള ബോധത്തെ അടിസ്ഥാനമാക്കി ആചാരഭാഷാപദങ്ങളെ ആദരസൂചകപദങ്ങൾ, വിനയസൂചകപദങ്ങൾ എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. സമൂഹത്തിലെ മേലാളന്മാരെക്കുറിച്ച് പറയുമ്പോൾ അവരോടുള്ള ആദരവ് സൂചിപ്പിക്കാൻ ആദരസൂചകപദങ്ങളും എളിയവർ സ്വന്തംകാര്യം മേലാളന്മാരോട് പറയുമ്പോൾ തങ്ങളുടെ എളിമ പ്രകടിപ്പിക്കാൻ വിനയസൂചകപദങ്ങളും ഉപയോഗിക്കുന്നു. കേരളത്തിൽ ഒരു കാലഘട്ടത്തിൽ ഭൂരിപക്ഷം മനുഷ്യർക്കും 'ഞാൻ' എന്നു പറയാൻ അവകാശമുണ്ടായിരുന്നില്ല. അവർ 'റാൻ' അല്ലെങ്കിൽ അടിയൻ എന്നു പറയണം. അവർക്ക് കഞ്ഞി കുടിച്ചു എന്നു പറയാൻ അനുവാദമുണ്ടായിരുന്നില്ല, പകരം കരിക്കോടി മോന്തി എന്നു പറയണം. ഇപ്രകാരം അധ:സ്ഥിതരായ മനുഷ്യർക്ക് ഭാഷപോലും അതേപടി ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. വിനയസൂചകപദങ്ങളെന്നു തരംതിരിച്ച് പഠിക്കുമ്പോൾ ആചാരഭാഷ അധ:സ്ഥിതന്റെ ഭാഷയാണെന്നു മനസ്സിലാക്കാം. ആത്മബോധം വളരുകയാണെങ്കിൽ അതിനെ തകർക്കുയെന്നതാണ് ഈ അധ:സ്ഥിതഭാഷയുടെ ലക്ഷ്യം. സാമൂഹ്യമാറ്റംകൊണ്ട് ഈ പദങ്ങളെല്ലാം ഒരു കാലത്തെ ചരിത്രവാഹകമായി നിഘണ്ടുക്കളിലേക്ക് ഒതുങ്ങിയിരിക്കുന്നു. എങ്കിലും പുതിയകാലത്ത് പുതിയ അധികാരകേന്ദ്രങ്ങളെ അടിസ്ഥാനമാക്കി പുതിയ ആചാരപദങ്ങൾ ഉടലെടുക്കുന്നുണ്ട്.

- **മാനകഭാഷ**

സാംസ്കാരികവൈവിദ്ധ്യമുള്ള ഒരു നാട്ടിൽ നിരവധി ഭാഷാഭേദങ്ങളുണ്ടാകും. വ്യവഹാരഭാഷയ്ക്കു നിരവധി ദേശഭേദങ്ങളുണ്ടാകുമ്പോൾ ആശയവിനിമയത്തിനായി ഒരു പൊതുഭാഷ ഉണ്ടാകേണ്ടതായിവരുന്നു. ഈ പൊതുഭാഷയായിരിക്കും വൈവിദ്ധ്യമുള്ള പ്രസ്തുതനാടിനെ ഒരുമിച്ചുചേർക്കുന്നതും പൊതുവായ ആശയവിനിമയത്തിന് സഹായിക്കുന്നതും. ഇപ്രകാരം പ്രയോഗത്തിൽ ഐക്യരൂപമുള്ള ഭാഷയെയാണ് മാനകഭാഷ (standard language) എന്നുപറയുന്നത്.

ഒരുനാട്ടിലെ എല്ലാവരും അംഗീകരിക്കുന്ന ഭാഷാപദങ്ങൾ ചേർത്താണ് മാനകഭാഷനിർമിക്കുന്നത്. ഏറ്റവും അംഗീകരിക്കപ്പെടുന്നതോ എല്ലാ ഭാഷാഭേദങ്ങളിൽനിന്നും സമദൂരത്തിൽ വർത്തിക്കുന്നതോ ആയ ഭാഷാഭേദം കണ്ടെത്തി സർക്കാർസ്ഥാപനങ്ങൾ, ഔദ്യോഗികവാർത്താവിനിമയമാദ്ധ്യമങ്ങൾ, സാമൂഹ്യമാധ്യമങ്ങൾ, അക്കാദമികൾ എന്നിവ മുഖേന പ്രചരിപ്പിക്കുകയും നിഘണ്ടു, വ്യാകരണാദികൾ നിർമ്മിച്ച് വിപുലമായ ജനസമ്മിതി നിരന്തരപ്രയോഗത്തിലൂടെ നേടിയെടുത്തുകൊണ്ടാണ് ജനങ്ങൾക്കിടയിൽ മാനകഭാഷയെ പ്രതിഷ്ഠിക്കുന്നത്. ഒരുനാടിനെ സംബന്ധിച്ച് ശ്രമകരവും അത്യന്താപേക്ഷിതവുമായ കാര്യമാണ് മാനകഭാഷാരൂപീകരണം. പ്രാദേശികവാദങ്ങളെ ഇല്ലാതാക്കാനും ഒരുനാടിനെ രാഷ്ട്രീയവും സാമൂഹ്യവുമായി ഒന്നിപ്പിക്കാനും ദേശബോധം ഉണർത്താനും മാനകഭാഷയ്ക്ക് കഴിയും. തൃശൂർ മലയാളിയും തിരുവനന്തപുരം മലയാളിയും പാലക്കാട്ടു മലയാളിയും കാസർഗോഡ് മലയാളിയും സംസാരിക്കുന്ന ഭാഷവ്യത്യസ്തമാണെങ്കിലും മലയാളിയാണെന്ന ബോധം സൃഷ്ടിച്ചെടുക്കാൻ മാനകഭാഷാരൂപീകരണത്തിലൂടെ സാധിച്ചിട്ടുണ്ട്.

കൃത്രിമമായി നിർമിച്ചെടുക്കുന്നതാണ് മാനകഭാഷ. ഒരേഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ നിലവിലിരിക്കുന്ന ഭാഷാഭേദങ്ങൾ ആ ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ ആശയവിനിമയത്തിനു അസാധ്യമാകുമ്പോൾ, പ്രസ്തുത കടമ്പ മറികടക്കാനാണ് മാനകഭാഷ നിർമിക്കുന്നത്. ഭാഷാഭേദങ്ങളിൽ ഒരെണ്ണമല്ല മാനകഭാഷ. എല്ലാ ഭാഷാഭേദങ്ങളുടെയും സത്തുൾക്കൊണ്ടുകൊണ്ട് സകലരെയും ബന്ധിപ്പിക്കാനുള്ള മാർഗം നിർമിക്കുകയാണ് മാനകഭാഷയുടെ ലക്ഷ്യം. കേരളത്തിലെ വിവിധജില്ലകളിലുള്ളവർ പരസ്പരം കണ്ടുമുട്ടുമ്പോൾ ആശയവിനിമയത്തിനുപയോഗിക്കുന്നത് മാനകഭാഷയെയാണ്. ഭാഷയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ് മാനകഭാഷാനിർമാണം. കേരളത്തിലെ മാനകഭാഷ സംസ്കൃതകേന്ദ്രിതമാണ്. കേരളവർമവലിയകോയിതമ്പുരാൻ പാഠപുസ്തകകമ്മിറ്റി ചെയർമാനായിരുന്ന കാലത്താണ് മലയാളത്തിലെ മാനകീകരണശ്രമങ്ങൾ നടക്കുന്നത്. ഭാഷാഭേദങ്ങളുടെ സാന്നിദ്ധ്യവും സത്തയും ഉൾക്കൊള്ളേണ്ട മാനകഭാഷ, മലയാളത്തെ

സംബന്ധിച്ചിടത്തോളം എത്രമാത്രം നീതി പുലർത്തിയിട്ടുണ്ടെന്നുള്ളത് പുനരാലോചിക്കേണ്ട വിഷയമാണ്.

- **അധികാരഭാഷ**

ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുടെമേലോ ഒരു സമൂഹത്തിന് മറ്റൊരു സമൂഹത്തിനുമേലോ ഉള്ള നിയന്ത്രണവും സ്വാധീനവുമാണ് സാമാന്യമായ അർത്ഥത്തിൽ അധികാരം എന്ന പദംകൊണ്ടർത്ഥമാക്കുന്നത്. ഒരു വ്യക്തിയുടെ ഭാഷണത്തിൽനിന്ന് ഇപ്രകാരമുള്ള അധികാരവ്യവസ്ഥയെ കുറിക്കുന്ന പദങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്, കാരണം അധികാരം പ്രയോഗിക്കുന്നത് മുഖ്യമായും ഭാഷയിലൂടെയായിരിക്കും. സമൂഹത്തിൽ അധികാരത്തെ നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഘടകങ്ങളിൽ ചിലതാണ് ജാതി, ലിംഗം, പ്രായം, സമ്പത്ത് എന്നിവ. ഈ ഘടകങ്ങളിൽ ഉൾപ്പെടുന്നവർ ജാതിയിൽ താഴ്ന്നവരെന്ന് കരുതുന്നവരോട് പറയുന്ന ഭാഷാപദങ്ങൾ, ലിംഗഅസമത്വത്തിൽനിന്ന് ഉടലെടുക്കുന്ന പ്രയോഗങ്ങൾ, സമ്പത്തില്ലാത്തവരോട് സംസാരിക്കുന്ന പദങ്ങൾ എന്നിവയിൽ അധികാരത്തിന്റെ അംശങ്ങൾ ബോധപൂർവ്വമോ അബോധപൂർവ്വമോ കടന്നുകൂടുന്നു. ഇപ്രകാരമുള്ള അധികാരബോധം സമൂഹമാണ് സൃഷ്ടിച്ചെടുത്തത്. സംബോധനാരൂപങ്ങൾ, ബന്ധസൂചകങ്ങൾ, സർവ്വനാമങ്ങൾ, ജാതിപ്പേര്, തൊഴിൽനാമങ്ങൾ എന്നിവയിലെല്ലാം അധികാരവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഭാഷണക്രിയയിൽ വക്താവിന്റെ മനോഭാവങ്ങളെ പ്രകടിപ്പിക്കുന്ന, ഭാഷാപ്രയോഗത്തിലെ ഈണം എന്നിവയും അധികാരവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ്.

- **വിധേയഭാഷ**

അധികാരവ്യവസ്ഥയോട് ഭാഷയിലൂടെ വിധേയത്വം കാണിക്കുമ്പോൾ വിധേയഭാഷാ പ്രയോഗങ്ങളുണ്ടാകുന്നു. കേരളത്തിലെ ജന്മി-കുടിയാൻ ബന്ധം പരിശോധിക്കുമ്പോഴും സവർണ-അവർണജാതി ബന്ധം പരിശോധിക്കുമ്പോഴും വിധേയഭാഷാപ്രയോഗങ്ങൾ കാണാൻ കഴിയും. ആചാരഭാഷയുമായി ബന്ധപ്പെട്ട ഈ പദങ്ങൾ വ്യക്തിസ്വത്വബോധത്തിനു വിലയില്ലാതിരുന്ന ഒരുകാലത്തെ ചരിത്രമാണ് കാണിക്കുന്നത്. അങ്ങുന്ന്, അടിയൻ, തമ്പ്രാ തുടങ്ങി നിരവധിപദങ്ങൾ വിധേയത്വമാണ് പ്രകടിപ്പിക്കുന്നത്. സമൂഹത്തിലെ അധികാരവ്യവസ്ഥയെ പുനർനിർവ്വചിക്കാൻ ഈ പ്രയോഗങ്ങളിലൂടെ കഴിയുന്നു.

## 4.4. ഭാഷാസമ്പർക്കപഠനം

- **ആദാനം**

ഭാഷാപരിണാമഹേതുക്കളിൽ പ്രധാനപ്പെട്ട ഘടകമാണ് ആദാനം. മറ്റ് ഭാഷ സംസാരിക്കുന്നവരുമായി സമ്പർക്കത്തിലേർപ്പെടുമ്പോൾ അവരുടെ ഭാഷയുടെ സ്വാധീനം നമ്മുടെ ഭാഷയിൽ കടന്നുവരുന്നത് സ്വാഭാവികമാണ്. വ്യാപാരം, അതിർത്തി പ്രദേശങ്ങൾ, പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങൾ തുടങ്ങി നിരവധി ഘടകങ്ങളാണ് ഇത്തരത്തിൽ ഭാഷാസമ്പർക്കത്തിന് കാരണമാകുന്നത്. ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനം അവരുടെ കോളനികളായിരുന്ന രാജ്യങ്ങളിൽ കൂടുതലായി വന്നത് ഇതിനു മികച്ച ഉദാഹരണമാണ്. ഭാഷാസമ്പർക്കപഠനത്തിൽ ആദാനം മൂലമുണ്ടാകുന്ന ഭാഷാപരിണാമങ്ങൾ ശ്രദ്ധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകാറുണ്ട്. രണ്ടു ഭാഷകളുടെ സമ്പർക്കഫലമായുണ്ടാകുന്ന പരിണാമങ്ങൾ താത്ക്കാലികമായിരിക്കും. പദങ്ങളുടെയും വർണങ്ങളുടെയും സ്വാധീനം സ്ഥിരമായ പരിണാമങ്ങൾക്ക് കാരണമാകുമെങ്കിലും വ്യാകരണപരമായ കാര്യങ്ങളിൽ താത്ക്കാലികമാകാറാണ് പതിവ്, എന്നാൽ ചിലപ്പോൾ മാത്രം സ്ഥിരമായ പരിണാമങ്ങൾ സംഭവിക്കാറുണ്ട്.

ഒരു ഭാഷ മറ്റൊരു ഭാഷയിൽനിന്ന് സ്വനമോ സ്വനിമമോ അല്ലെങ്കിൽ രൂപിമം, പദം, പ്രയോഗവിശേഷം ഇവയിൽ ഏതിന്റെയെങ്കിലും ഭാഗികമോ പൂർണമോ ആയ കടംവാങ്ങലാണ് ആദാനം എന്നുപറയുന്നത്. മറ്റൊരുഭാഷയിൽനിന്നു കടമെടുത്ത് ഭാഷയിൽ പ്രചാരം നേടിയ വാക്കിന് വായ്പാവാക്ക് അല്ലെങ്കിൽ ആദത്തപദം (Loan word) എന്നാണ് പറയുന്നത്.

വിഭിന്നഭാഷകളോ ഉപഭാഷകളോ വ്യക്തിഭാഷകളോ സംസാരിക്കുന്നവർ തമ്മിൽ ഇടപെഴകുമ്പോൾ ഭാഷാസമ്പർക്കമുണ്ടാകുന്നു. ഭാഷാ സമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയുടെ ഭാഷയ്ക്കു പ്രാഥമികഭാഷ (Primary Language) എന്നും ഏതു ഭാഷയുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നുവോ അതിനു ദ്വിതീയഭാഷ (Secondary Language) എന്നു പറയുന്നു.

- **ആദാനകാരണങ്ങൾ**
  ആദാനം നടക്കുന്നതിന് പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്.

**1. ആവശ്യനിർവഹണം (Need – Filling Motive)**
മറ്റ് ദേശത്തിലുള്ളവരുമായി സമ്പർക്കത്തിലേർപ്പെടുമ്പോൾ അവർ ഉപയോഗിക്കുന്ന ചില വസ്തുക്കളെക്കുറിക്കാൻ നമ്മുടെ ഭാഷയിൽ പകരം പദങ്ങൾ ഉണ്ടായിരിക്കണമെന്നില്ല. ഈയൊരു സാഹചര്യത്തിൽ പുതിയൊരു പദം സൃഷ്ടിക്കാതെ അവരുടെ പദം കടമെടുക്കുന്നു. ഉദാ: ഇംഗ്ലീഷിൽനിന്ന് ബഞ്ച്, ഡസ്ക്, ചോക്ക്, പെൻസിൽ മുതലായ പദങ്ങൾ സ്വീകരിക്കാൻ കാരണം ഇതാണ്.

**2. അഭിമാനസംരക്ഷണം (Prestige Motive)**
നാട്ടുപദങ്ങളിൽ ചിലതിന് മാന്യതപോര എന്ന തോന്നലിൽ അന്യഭാഷാപദങ്ങൾ പകരം ഉപയോഗിക്കുന്നു. വെളിക്കിരിക്കാൻ പോകുന്നു എന്നതിനു പകരം ടോയ്‌ലറ്റിൽ പോകുന്നു എന്നു പറയുന്നതിതിനുദാഹരണമാണ്.

- **തത്ഭവം – തത്സമം**
  വായ്പാപദങ്ങൾക്ക് സമാനമായ അക്ഷരങ്ങൾ പ്രസ്തുതഭാഷയിൽ ഇല്ലായെങ്കിൽ ആ ഭാഷയുടെ സ്വനിമഘടനയ്ക്കനുസരിച്ച് രൂപമാറ്റം സംഭവിക്കുന്നു. ഇതിനെയാണ് തത്ഭവം എന്നു പറയുന്നത്.

ഉദാ: പ്രാചീനമലയാളത്തിൽ അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ എന്നീ 12 സ്വരങ്ങളും ക, ങ, ച, ഞ, ട, ണ, ത, ന, പ, മ, യ, ര, ല, വ, ള, ഴ, റ, ന എന്നീ 18 വ്യഞ്ജനങ്ങളുമാണ് ഉണ്ടായിരുന്നത്. ഈയൊരു സ്വനിമഘടനയിലേക്ക് *ഗജം* എന്ന പദം വരികയാണെങ്കിൽ, ഗ, ജ എന്നീ സ്വനിമങ്ങൾക്കു സമാനമായ സ്വനിമങ്ങൾ ഉപയോഗിച്ച് 'കജം' എന്നു എഴുതുന്നു. മറ്റ് ഉദാഹരണങ്ങൾ : ഗണപതി > കണപതി, ലക്ഷ്മണൻ > ഇലക്കണൻ, ഫാത്തിമ > പാത്തുമ്മ.

വായ്പാപദങ്ങൾക്ക് സമാനമായ സ്വനിമങ്ങൾ സ്വീകരിക്കേണ്ടഭാഷയിൽ പുതുതായി നിർമ്മിക്കുകയോ വായ്പാപദങ്ങൾ അതേപടി സ്വീകരിക്കുന്നതോ ആണ് തത്സമം എന്നു പറയുന്നത്. സൂര്യൻ – ചൂരിയൻ എന്ന് എഴുതാതെ സൂര്യൻ എന്നും ഉപയോഗിക്കുന്നു. ഗോപുരം – കോപുരം എന്ന് എഴുതാതെ ഗോപുരം എന്ന് ഉപയോഗിക്കുന്നു.

**മലയാളത്തിലെ ചില ആദാനവാക്കുകൾ**

| **സംസ്കൃതം** | **ഹിന്ദി** | **മറാഠി** | **പേർസ്യൻ** |
|---|---|---|---|
| അവധി | ആട്ട | കോന്തല | അച്ചാർ |
| അശുദ്ധം | ഖദർ | ജിലേബി | അബ്കാരി |
| ക്ഷേത്രം | ഗോസായി | ഠാണാവ് | കാക്കി |
| പ്രദക്ഷിണം | ഡപ്പി | ഡംഭ് | ചപ്പാത്തി |
| ഭർത്താവ് | ദോത്തി | തപാൽ | തമാശ |
| ഭയങ്കരം | പട്ടീസ് | താമ്പാളം | ത്രാസ് |
| മുഖവുര | പൈജാവ | സാമ്പാറ് | പീരങ്കി |
| മോഹം | ബീഡി | സേവ | ബന്തവസ്സ് |
| ശല്യം | ലഡ്ഡു | സേമിയാ | ബിനാമി |
| ശാന്തി | സാരി | ദളവാ | ബിരിയാണി |

| **ഹീബ്രു** | **അറബി** | **സുറിയാനി** |
|---|---|---|
| ഈശോ | അത്തർ | കപ്യാർ |
| കാനാൻ | ഇൻകുലാബ് | കലദായ |
| മെത്ത | ഉറുമി | കൂദാശ |
| ആമ്മേൻ | ഉലുവ | മെത്രാപ്പൊലീത്ത |
| യഹൂദർ | ജപ്തി | സാത്താൻ |
| ലേവി | താലൂക്ക് | സൂസന്ന |
| ശലോമി | വക്കീൽ | പെസഹ |
| സാറാ | രാജി | ദേവസ്സി |
| മിഖായേൽ | മൈതാനം | കുർബാന |
| റെബേക്കാ | തഹസീൽദാർ | ഓശാന |

| **ഗ്രീക്ക്** | **ലത്തീൻ** | **പോർത്തുഗീസ്** |
|---|---|---|
| അക്കാദമി | ആൾത്താര | അലമാര |
| അഥീന | ഓഡിറ്റോറിയം | ഇസ്തിരി |
| ബൈബിൾ | കത്തോലിക്കൻ | കപ്പേള |
| മെത്രാൻ | കരിക്കുലം | കക്കൂസ് |
| മാർക്കോസ് | കർദ്ദിനാൾ | കശുമാവ് |
| ലെക്സിക്കൻ | ക്രിസ്ത്യാനി | കുമ്പസാരം |
| സുവിശേഷം | മെൻസസ് | കൊന്ത |
| സിമ്പോസിയം | സർക്കസ് | തൂവാല |
| പൗലോസ് | സെമിത്തേരി | പട്ടാളം |
| ഡോൾഫിൻ | ഭസലിക്ക | കുരിശ് |

| **ഇംഗ്ലീഷ്** | **മലയാളത്തിൽനിന്നും മറ്റ് ഭാഷകളിലേക്ക് സ്വീകരിച്ചപദങ്ങൾ** |
|---|---|
| കേക്ക് | കയർ (coir) |
| ടിക്കറ്റ് | തേക്ക് (Teak) |
| ടോൾ | കൊപ്ര (copra) |
| ബില്ല് | ചാക്ക് (sack) |
| ഡ്രൈവർ | കാശ് (cash) |
| ബഞ്ച് | മാങ്ങ (Mango) |
| ഡസ്ക് | പയറ്റ് (fight) |
| ടാങ്ക് | കറി (curry) |
| സർക്കുലർ | ചക്ക (Jack Fruit) |
| ചാർജ്ജ് | |

- **ആദാനപരിവൃത്തി (Loanshift)**

പുതിയൊരു ആശയം കുറിക്കുന്നതിന് പദം വേണ്ടിവരുമ്പോൾ കടമെടുക്കാതെ പഴയപദങ്ങൾ പുതിയ അർത്ഥത്തിൽ ഉപയോഗിക്കുകയോ സ്വന്തമായുള്ള രൂപങ്ങളിൽനിന്നുതന്നെ പുതിയ പദങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്നതിന് ആദാനപരിവൃത്തി എന്നു പറയുന്നു. ഉദാ: ക്രിസ്തുമതവും ഇസ്ലാംമതവും കേരളത്തിൽ വന്നപ്പോൾ അവരുടെ ദേവാലയങ്ങളെ കുറിക്കാൻ church, mosque എന്നീ പദങ്ങൾ കടമെടുക്കാതെ ആദരണീയം എന്നർത്ഥത്തിലുള്ള പള്ളി എന്ന പദം ഉപയോഗിച്ചു.

- **ആദാനമിശ്രിതം (Loanblend)**

ആദാനപദത്തോടൊപ്പം ആദാനപരിവൃത്തിയും ചേർക്കുന്നതിന്, അതായത് വായ്പയെടുത്ത പദം സ്വന്തം പ്രത്യയത്തോടോ പ്രകൃതിയോടോ ചേർത്ത് ഉപയോഗിക്കുന്നതിന് ആദാനമിശ്രിതം എന്നു പറയുന്നു. ബസ്സിൽ, മൊബൈലിൽ എന്നീ ഉദാഹരണങ്ങളിൽ മലയാള പ്രത്യയങ്ങൾ ഇംഗ്ലീഷ് പദങ്ങളോട് എഴുതിയിരിക്കുന്നു.

- **ആദാനസ്വഭാവം (Borrowing Habit)**

ചില പ്രത്യേകസാഹചര്യങ്ങളിൽ ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്കോ ഒരു ഉപഭാഷയിൽനിന്നു മറ്റൊരു ഉപഭാഷയിലേക്കും ഒരു വ്യക്തിഭാഷയിൽനിന്നു മറ്റൊരുഭാഷയിലേക്കോ ചില ഭാഷാമൂലകങ്ങൾ സ്വീകരിക്കപ്പെടുന്നതിനാണ് ആദാനം എന്നു പറയുന്നത്. ഇങ്ങനെ ആദാനം ചെയ്യപ്പെടുന്ന പദങ്ങളെ തങ്ങളുപയോഗിക്കുന്ന ഭാഷാമൂലകങ്ങളിലെ പ്രത്യേകതകളുമായി സ്വാഭാവികമായി ചേർത്ത് പ്രയോഗിക്കപ്പെടുന്നു. സംസ്കൃതപദങ്ങൾ സ്വീകരിക്കുമ്പോൾ, ധാതുവിനോട് –ഇ എന്ന പ്രത്യയം ചേർത്ത് ക്രിയാംഗം ഉണ്ടാക്കി ഭൂതകാലരൂപസിദ്ധിക്ക് –ച്ചു എന്ന് ചേർക്കുന്നതാണ് മലയാളത്തിന്റെ ആദാനസ്വഭാവം.

ഉദാ: മൃ > മര് – ഇ – ച്ചു – മരിച്ചു. ഇപ്രകാരം സംസ്കൃതത്തിൽനിന്നുവന്ന ധാതുക്കളിൽ ബഹുഭൂരിപക്ഷത്തിന്റെയും ഭൂതകാലക്രിയാ രൂപം പഠിച്ചു, ശേഷിച്ചു, നിവേദിച്ചു, ലസിച്ചു, സംസ്കരിച്ചു എന്നിങ്ങനെ –ച്ചു എന്നവസാനിക്കുന്നു.

- **അതിപ്രസരം (interference)**

ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെ ഭാഷയിൽനിന്നു പലതും സ്വാംശീകരിക്കുന്നതുപോലെ ഓരോ ഭാഷണസമൂഹവും തങ്ങളുടെ അയൽഭാഷണ സമൂഹങ്ങളിൽനിന്നു പലതും പഠിക്കാറുണ്ട്. സമ്പർക്കത്തിലേർപ്പെടുന്ന ഭാഷകൾ അന്യോന്യം കൊടുക്കൽ വാങ്ങലുകൾ നടത്തുന്നതു സ്വാഭാവികമാണ്. ഒരു ഭാഷയുടെ ഘടന എന്നത് ആ ഭാഷയുടെ വർണവിന്യാസക്രമം, പ്രത്യയ–പദ–വാക്യഘടനകൾ തുടങ്ങിയവയുടെ ആകെത്തുകയാണ്. ഒരു ഭാഷയുടെ ഘടനയ്ക്കു പരിമിതികൾ ഉണ്ടായിരിക്കുകയും അതുമായി സമ്പർക്കത്തിൽവരുന്ന ദ്വിതീയഭാഷയുടെ ഘടനാഘടകങ്ങളിൽ ചിലതോ ചിലപ്പോൾ എല്ലാംതന്നെയോ കൂടുതൽ ഉപകാരപ്രദമായിരിക്കുകയും ചെയ്താൽ ഒരു ദ്വിഭാഷകൻ ഈ ഘടനാഘടകങ്ങളെ പ്രാഥമികഭാഷയിലേക്കു സ്വീകരിക്കുക സ്വാഭാവികം മാത്രമാണ്. ഇപ്രകാരം ഒരു ഭാഷയ്ക്കു മറ്റൊരു ഭാഷയുടെ മേൽ സ്വാധീനമുണ്ടാകുന്ന പ്രക്രിയയ്ക്കു ഭാഷാസങ്കലനം (Language interference) എന്നു പറയുന്നു.

പ്രാഥമികഭാഷയുടെ സ്വനിമം, രൂപിമം, പദസമ്പത്ത്, വാക്യഘടന എന്നീ തലങ്ങളിലെല്ലാം ദ്വിതീയഭാഷയുടെ സ്വാധിനരൂപമായ സങ്കലനം സംഭവിക്കാം.

- **സ്വനിമതലം** : തമിഴ്നാട്ടിൽ കുറേക്കാലം ജീവിച്ചശേഷം തിരികെ നാട്ടിലെത്തിയ ഒരു മലയാളി /സ, ച, ഴ, ള/ തുടങ്ങിയ സ്വനിമങ്ങൾ ഉച്ചരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസങ്ങൾ ഇതിനുദാഹരണമാണ്.

- **വ്യാകരണതലം**: ഒരു പൂച്ച ഒരു മുയലിന്റെ കൂടെ നടക്കാൻ ഇറങ്ങി എന്ന വാക്യത്തിലെ ഒരു എന്ന അനിശ്ചായക ഉപപദം (Indefinite article) ആ 'a' യുടെ ഇടപെടലിന്റെ ഫലമാണ്.

- **പദതലം:** ഭാഷാസങ്കലനത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം പദങ്ങളുടെ തലത്തിലാണ് നടക്കുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ, ഒരു ദ്വിഭാഷകനു തന്റെ പ്രാഥമിക ഭാഷയിൽ ഒരു പ്രത്യേകാർത്ഥത്തെ വ്യവഹരിക്കുവാൻ പര്യാപ്തമായ പദങ്ങൾ ഇല്ലെന്നു തോന്നുകയും ദ്വിതീയഭാഷയിൽനിന്ന് തന്റെ വ്യവഹാരത്തിനു സ്വീകരിക്കുകയും ചെയ്യുന്നു.

- **സംവ്രജനം (convergence)**

അന്യോന്യമുള്ള വ്യത്യാസങ്ങൾ നഷ്ടപ്പെടുന്നതിലൂടെ ഭാഷകളോ ഭാഷാഭേദങ്ങളോ ഒന്നിക്കുന്ന പ്രക്രിയയാണ് സംലയനം അല്ലെങ്കിൽ സംവ്രജനം എന്നു പറയുന്നത്.

“language convergence is a type of lingusitic change in which languages come to structurally rasembale one another as a result of prolonged language contact and mutual interference, regardless of whether those language belong to the same language family.

ഉദാ: ഇറ്റാലിയനും ഫ്രഞ്ചും ലാറ്റിൻഭാഷയിൽനിന്നും വിഘടിച്ചാണ് രൂപം കൊണ്ടതെങ്കിലും പിൽക്കാലത്ത് ഒട്ടേറെ പണ്ഡിതോചിതപദങ്ങൾ ലാറ്റിനിൽനിന്ന് ഒരേരീതിയിൽ കടമെടുത്തതിന്റെഫലമായി രണ്ടുഭാഷകളും അത്രത്തോളം ഒന്നിക്കുകയുണ്ടായി.

- **സങ്കരഭാഷയും വെങ്കലഭാഷയും (Pidgin & Creole)**

ഭാഷാസമ്പർക്കഫലമായി ഉണ്ടാകുന്ന മിശ്രഭാഷകളാണ് സങ്കരഭാഷയും വെങ്കലഭാഷയും കച്ചവടം, അധിനിവേശം എന്നിവമൂലം രണ്ട് വിഭിന്നഭാഷക്കാർ തമ്മിൽ ആശയവിനിമയം ചെയ്യാൻ തുടങ്ങിയതിന്റെ ഫലമായി ഉരുത്തിരിയുന്ന അവികിസിതഭാഷയാണ് സങ്കരഭാഷ (Pidgin). അറ്റ്ലാന്റിക്-പെസഫിക്-ഇന്ത്യൻ മഹാസമുദ്രതീരങ്ങളിലെ പലപ്രദേശങ്ങളിലെയും വാമൊഴികൾക്ക് പതിനേഴിനും പതിനെട്ടിനും നൂറ്റാണ്ടുകൾക്കിടയില യൂറോപ്യൻ അധിനിവേശശക്തികളുടെ മാനകേതര ഭാഷാഭേദങ്ങളോടുണ്ടായ സമ്പർക്കത്തിന്റെ ഫലമായി നിരവധി പിജിനുകൾ ഉണ്ടായിട്ടുണ്ട്. കൂടുതലും വാണിജ്യാവശ്യങ്ങൾക്കാണ് ഇത്തരം ഭാഷകളുണ്ടാവുന്നത്. അതുകൊണ്ടു തന്നെ സങ്കരഭാഷയെ കച്ചവടഭാഷ എന്നും പറയുന്നു. രണ്ടു വ്യത്യസ്ത ഭാഷകൾ തമ്മിൽ കൂടിച്ചേരുന്ന ഇടങ്ങളിലുള്ള പ്രബലഭാഷയുടെ പദസഞ്ചയമായിരിക്കും സങ്കരഭാഷയ്ക്കുണ്ടാകുക. വാക്യഘടനയും മറ്റും ന്യൂനഭാഷയുടേതായിരിക്കും. ഇംഗ്ലീഷ് മറ്റേതെങ്കിലും യൂറോപ്യൻഭാഷ എന്നിവയും പ്രാദേശികമായ ഭാഷകളിൽ ഒന്നും കൂടിച്ചേർന്നുള്ള ഭാഷാമിശ്രങ്ങളാണ് സങ്കരഭാഷകളിൽ കൂടുതലും. പ്രഭവഭാഷകളെക്കാൾ ഘടനാപരമായ ലാഘവം എല്ലാ സങ്കരഭാഷകളുടെയും സവിശേഷതകളാണ്.

കടലോരനഗരങ്ങളിലും കച്ചവടപ്പാതകൾക്കരികിലും വികസിച്ച വാണിജ്യകേന്ദ്രങ്ങളിലാണ് പിജിൻ-ക്രിയോൾ ഭാഷകൾ രൂപംകൊള്ളാറ്, ഘടനയിൽ ലളിതവും ഉപയോഗത്തിൽ വാണിജ്യരംഗത്തുമാത്രം പ്രസക്തവുമായ, ആരുടേയും മാതൃഭാഷയല്ലാത്ത സാമാന്യമായ സംവേദനോപാധി മാത്രമായിരിക്കും പിജിനുകൾ. പിജിനുകൾക്ക് വാണിജ്യകേന്ദ്രങ്ങളിലും മറ്റും മാത്രമായിരിക്കും പ്രയോഗസാദ്ധ്യതയുണ്ടാവുക. പിജിനുകൾ സംസാരിക്കുന്നവരുടെ വീടുകളിലും മറ്റും അവരുടെ മാതൃഭാഷയായിരിക്കും ഉപയോഗിക്കുന്നത്. അതായത് മാതൃഭാഷയായി ഉയരാൻ കഴിയാതെ ആവശ്യങ്ങൾക്കുവേണ്ടി പ്രത്യേകസാഹചര്യത്തിൽ ഉടലെടുത്ത ഭാഷയാണ് സങ്കരഭാഷ അഥവാ പിജിൻ. എന്നാൽ നഗരകേന്ദ്രങ്ങളിൽ മറ്റു വാമൊഴികളെപ്പോലെതന്നെ പിജിനുകളും വികസിക്കാറുണ്ട്. ഇവയെ വികസിതസങ്കരഭാഷ (expanded pidgin) എന്നുപറയുന്നു.

ഉദാ: വാണിജ്യാവശ്യങ്ങൾക്കായി ചൈനയിലെ കാന്റൺ പ്രദേശത്ത് ഉടലെടുത്ത ചൈനീസ്-ഇംഗ്ലീഷ് സങ്കരഭാഷ.
മെലനേഷ്യയിലെ വാണിജ്യകേന്ദ്രങ്ങളിൽ പിറന്ന് കരിമ്പിൻ തോട്ടങ്ങളിലെയും നെൽപ്പാടങ്ങളിലെയും അടിമത്തൊഴിലാളികൾക്കിയടയിൽ വളർന്ന ബിസ്ലാമ (Bislama) ടോക്പിസിൻ (Tok pisin) എന്നീ പിജിനുകൾ.

രണ്ടോ അതിലേറെയോ ഭാഷകളുടെ സമ്പർക്കഫലമായി ഉത്ഭവിച്ച സങ്കരഭാഷ മാതൃഭാഷയായി മാറുമ്പോൾ വെങ്കലഭാഷയായി മാറുന്നു. അതായത് സങ്കരഭാഷ സംസാരിക്കുന്നവരുടെ മക്കൾക്ക് പ്രസ്തുതഭാഷ മാതൃഭാഷയായിത്തീരുന്നതിൽനിന്നു രൂപംകൊള്ളുന്ന പുത്തൻഭാഷയാണ് വെങ്കലഭാഷ. ലോകത്തിന്റെ വിവിധഭാഗങ്ങളിലെ അധിനിവേശഫലമായുണ്ടായ കോളനി പ്രദേശങ്ങളിലാണ് വെങ്കലഭാഷ അല്ലെങ്കിൽ ക്രിയോളുകൾ രൂപംകൊണ്ടത്. ക്രിയോൾ എന്ന പദത്തിന്റെ പ്രാഥമികാർത്ഥം യൂറോപ്പിൽപ്പിറന്ന് വല്ല ഉഷ്ണമേഖലരാജ്യത്തിലും വളർന്നയാൾ എന്നായിരുന്നു. ക്രമേണ യൂറോപ്പിലെയും ഉഷ്ണമേഖലയിലെയും ഭാഷകളുടെ കൂടികലർപ്പിനെക്കുറിക്കാനും കോളനികളിലെയും കരീബിയൻ/ആഫ്രിക്കൻ വംശജരുടെയും ഭാഷകളെയും

പ്രസക്തജനസമൂഹത്തെയും കുറിക്കാനും ക്രിയോൾ എന്ന സംജ്ഞ ഉപയോഗിക്കാമെന്നു വന്നു. സങ്കരഭാഷ ആരുടെയും മാതൃഭാഷയല്ല. മാതൃഭാഷയെന്ന് ഒരു സമൂഹം അവകാശപ്പെടുന്നതോടുകൂടി അതിന് ക്രിയോൾ (creole) എന്ന പേരു വീഴുന്നു. സങ്കരഭാഷയെ അടുത്തതലമുറ പകർന്നെടുക്കുന്ന ഈ പ്രക്രിയയാണ് ക്രിയോളീകരണം (creolozation) എന്നു പറയുന്നത്.

ഉദാ: വെസ്റ്റ് ഇൻഡീസിലെ ഫ്രഞ്ച്, തെക്കേ ആഫ്രിക്കയിലെ ഡച്ച് എന്നീ വെങ്കലഭാഷകൾ.
ഹാവിയൻ വെങ്കലഭാഷ (Hawaiian creole)

- **ഭാഷാക്ഷേത്രം**

വിസ്തൃതമായ ഒരു ഭൂവിഭാഗത്തിൽ പ്രചരിക്കുന്ന ഓരോ ഗോത്രത്തിന്റെ ഉപശാഖകളിൽപ്പെട്ട ഭാഷകളോ വ്യത്യസ്തഗോത്രങ്ങളിൽപ്പെട്ട ഭാഷകൾ തമ്മിലോ ഘടനാപരമായി കാണിക്കാൻ കഴിയുന്ന സാമ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ നിർണയിക്കാമെങ്കിൽ ആ പ്രദേശത്തെ ഭാഷാമേഖല അല്ലെങ്കിൽ ഭാഷാക്ഷേത്രമെന്നു പറയുന്നു. (Linguistics area or Sprahbund) കെ.എം. പ്രഭാകരവാര്യർ ''അടുത്തടുത്ത പ്രദേശങ്ങളിലെ വിഭിന്ന ഗോത്രങ്ങളിൽപെടുന്ന ഭാഷകളിൽ വർണതലം, രൂപതലം, വാക്യതലം എന്നിവയിൽ സമാനത കാണുന്നുവെങ്കിൽ, ആ പ്രദേശത്തെ ഭാഷാക്ഷേത്രമായി പരിഗണിക്കാം എന്നാണ് ഭാഷാക്ഷേത്രത്തെ നിർവ്വചിക്കുന്നത്.'' (ഭാഷാശാസ്ത്രവിവേകം 160).

> ''A linguistic area is a set of geographically contiguous languages that are more similar to each other in their structure than would be expected on the baris, on their degree of geneological relatedness''.

അന്യഗോത്രഭാഷകളിലെ വർണങ്ങൾ, വ്യാകരണസ്വഭാവങ്ങൾ, വാക്യരീതികൾ എന്നീ തലങ്ങളിൽ സങ്കലനം ഉണ്ടെങ്കിൽ ആ ഭാഷകളെല്ലാം ചേർന്നുനിൽക്കുന്ന പ്രദേശത്തെ ഭാഷാ ക്ഷേത്രമായി പരിഗണിക്കാം. യൂറോപ്പിലെ ബാൽക്കൻ പ്രദേശത്ത് ഇൻഡോ – യൂറോപ്യന്റെ വ്യത്യസ്ത ശാഖകളിൽപ്പെട്ട ഗ്രീക്ക്, അൽബേനിയൻ, മാസിഡോണിയന/ സ്ലാവോനിക്, റുമാനിയൻ എന്നീ ഭാഷകൾ പല പ്രകാരത്തിലും പരസ്പരം പുലർത്തുന്ന സാമ്യം അവയിൽ ഓരോ ഭാഷയും അതതിനോട് കൂടുതൽ അടുത്തജന്മബന്ധമുള്ള മറ്റു ഭാഷകളോടുള്ളതിനേക്കാൾ പ്രകടമാണ്. (ഭാഷാശാസ്ത്രനിഘണ്ടു 949). ഇന്ത്യയെ ഒരു ഭാഷാക്ഷേത്രമായി കരുതാമെന്ന അഭിപ്രായം ആദ്യമായി അവതരിപ്പിച്ചത് India as a linguistic area എന്ന ഗ്രന്ഥത്തിലൂടെ എം.ബി. എമനേയാണ്. ഭാരതത്തെ ഒരു ഭാഷക്ഷേത്രമായി പരിഗണിക്കുന്നതിനുള്ള ചില കാരണങ്ങൾ ഇവയാണ്,

1. പ്രതിവേഷ്ടിതങ്ങളായ മൂർദ്ധന്യവ്യഞ്ജനങ്ങൾ (ടവർഗം) ഇന്ത്യയിൽ മിക്ക ഭാഷകളിലും കാണുന്നുണ്ട്. ഇൻഡോ-യൂറോപ്യൻ ഗോത്രത്തിൽ ഈ വ്യഞ്ജനങ്ങൾ ഇല്ല. സമാനമായി ദന്ത്യമോ വർത്സ്യമോ അവയിലുണ്ട്; അഷ്ട (സംസ്കൃതം), ഒക്തോ (ലാറ്റിൻ) എയ്റ്റ് (ഇംഗ്ലീഷ്) ഇൻഡോ–യൂറോപ്യൻഗോത്രത്തിന്റെ ഉപശാഖയായ ഇൻഡോ–ആര്യനിൽ മൂർധന്യങ്ങൾ സ്വനിമങ്ങളാണ്.

2. നാമങ്ങളുടെ ഏകവചന–ബഹുവചനരൂപങ്ങളിൽ ഒരേ വിഭക്തിപ്രത്യയം ചേർക്കുന്നരീതി ദ്രാവിഡഭാഷകളുടെ പൊതുസ്വഭാവമാണ്. ഇൻഡോ–യൂറോപ്യൻ ഭാഷകളിൽ ഈ സ്വഭാവമില്ല. എന്നാൽ ആധുനിക ഇൻഡോ–ആര്യൻ ഭാഷകളിൽ ഈ സ്വഭാവം കാണുന്നു; ഹിന്ദി–ബാലക് ക (ഏ.വ) ബാലകോം ക (ബ.വ.)

3. പേരെച്ച – വിനയെച്ച പ്രയോഗങ്ങൾ ദ്രാവിഡഗോത്രത്തിന്റെ തനതുസ്വഭാവങ്ങളി ലൊന്നാണ്. വായിച്ചപുസ്തകം, ചെന്നുകണ്ടു എന്നീ ഘടനകൾ

ഇൻഡോ–യൂറോപ്യൻ ഭാഷകളിൽ ഇല്ല. എന്നാൽ ഇത്തരം ഘടനകൾ പരിമിതമായ തോതിലാണെങ്കിൽകൂടി സംസ്കൃതത്തിലേക്കും ആധുനിക ഇൻഡോ–ആര്യൻ ഭാഷകളിൽ ചിലതിലേക്കും വ്യാപിച്ചിട്ടുണ്ട്.

4. സംസ്കൃതത്തിലെ അപി–യുടെ പ്രയോഗരീതികൾക്ക് ദ്രാവിഡത്തിലെ ഉം എന്ന പ്രത്യയത്തിന്റെ പ്രയോഗങ്ങളുമായി സാമ്യം കാണുന്നു. ഇൻഡോ–യൂറോപ്യൻ ഗോത്രത്തിന് അപരിചിതമായ ഈ പ്രയോഗങ്ങൾ ദ്രാവിഡഭാഷകളിൽനിന്ന് സംക്രമിച്ച തായിരിക്കാം. ഉദാ: ഗന്തും അപി (പോകാനും)

5. മാങ്ങ ഒരെണ്ണം, കുട്ടികൾ രണ്ടുപേർ, തുടങ്ങിയ വിഭജകപ്രയോഗ(classifier)ങ്ങൾ, പണം–കിണം, പുലി–കിലി തുടങ്ങിയ പ്രതിധ്വനിപദ(echo word)ങ്ങൾ എന്നിവയും ഭാരതീയ ഭാഷകളിലെ പൊതുസ്വഭാവമാണ്. (ഭാഷാശാസ്ത്രവിവേകം 161–162).

# യൂണിറ്റ് 5

## 5.1. നിഘണ്ടുവിജ്ഞാനം (Lexicography)

നിഘണ്ടുക്കളുടെ നിർമാണത്തിലുണ്ടാകുന്ന താത്വികവും പ്രായോഗികവുമായ എല്ലാ വിഷയങ്ങളും കൃത്യതയോടെ കൈകാര്യം ചെയ്യുന്ന പ്രയുക്തഭാഷാശാസ്ത്ര (Appliced Linguistics) ശാഖയാണ് നിഘണ്ടുനിർമാണവിജ്ഞാനം. ഉച്ചാരണം, അർത്ഥം, ചരിത്രം, നിരുക്തി, ഘടന, ചുരുക്കെഴുത്ത്, സാങ്കേതികചിഹ്നം, വിപരീതപദം, പര്യായങ്ങൾ എന്നിങ്ങനെ എല്ലാ വസ്തുതകളും ശീർഷകപദങ്ങളുടെ അക്ഷരക്രമത്തിലടുക്കി സംഗൃഹീതരൂപത്തിൽ നൽകുന്ന റഫറൻസ് പുസ്തകമാണ് നിഘണ്ടു അഥവാ കോശം.

> The compilation of a dictionary is lexicography; lexicology is a branch of linguistics in which, with the utmost scientific rigour, the theories that lexicographers use in the solution of their problems are developed.

- **നിഘണ്ടുവും വ്യാകരണവും**

വ്യാകരണത്തിന്റെ അനുബന്ധമാണ് നിഘണ്ടുവെന്ന് ബ്ലൂഫിൽസ് സിദ്ധാന്തിച്ചു. ഭാഷാപ്രയോഗം വസ്തുനിഷ്ഠമായി വിവരിക്കുന്നതിൽ നിഘണ്ടുവും വ്യാകരണവും പരസ്പരപൂരകമായി വർത്തിക്കുന്നുണ്ട്. സാരപദ(content words)ങ്ങൾ, കോശിമ(function words)ങ്ങൾ തുടങ്ങിയ പദാവലി (vocabulary) നിഘണ്ടുവിന്റെയും ധർമപദ(function word)ങ്ങൾ വ്യാകരണത്തിന്റെയും വിഷയമാണ്. വ്യാകരണത്തിന്റെയും നിഘണ്ടുവിന്റെയും കാഴ്ചപ്പാട് നിർദ്ദേശാത്മകമാണ്. എന്നാൽ ആധുനികഭാഷാ ശാസ്ത്രത്തിന്റെ വരവോടെ നിർദ്ദേശാത്മകത(prescirptiveness)യിൽനിന്നും വിവരണാത്മകതയിലേക്ക് രണ്ടു മേഖലയും മാറി. വസ്തുനിഷ്ഠവും സമഗ്രവുമായ ഒരു വ്യാകരണത്തിന്റെ പശ്ചാത്തലത്തിൽ രചിച്ച നിഘണ്ടുവിനുമാത്രമേ ശാസ്ത്രീയമായ അടുക്കും ചിട്ടയും ഉണ്ടാകുകയുള്ളൂ. വ്യാകരണകൃതിയിൽ പറയാൻ കഴിയാതെ പോകുന്ന വാക്കിന്റെ വ്യാകരണാർത്ഥങ്ങൾ, സന്ദർഭം, നിരുക്തി, പ്രയോഗം തുടങ്ങിയ ഘടകങ്ങൾ നിഘണ്ടുവിൽ ചേർക്കാൻ കഴിയും. അതുകൊണ്ടുതന്നെ വ്യാകരണത്തിന്റെ പൂർത്തീകരണമാണ് നിഘണ്ടുവിൽ നടക്കുന്നതെന്നു പറയാം.

- **വിവിധതരം നിഘണ്ടുക്കൾ**

ഓരോ നിഘണ്ടുവിന്റെയും പിറവിക്ക് പ്രത്യേകലക്ഷ്യങ്ങളുണ്ടാകും. രേഖപ്പെടുത്തുന്ന വാക്കുകളുടെ സ്വഭാവമനുസരിച്ച് സാമാന്യം (General), നിയന്ത്രിതം (restricted), വിശിഷ്ടം (special) എന്നിങ്ങനെയും നിഘണ്ടുവിൽ ഉപയോഗിക്കുന്ന ഭാഷയുടെ എണ്ണമനുസരിച്ച് ഏകഭാഷ (monolingual), ദ്വിഭാഷ (bilingual), ത്രിഭാഷ (trilingual) നിഘണ്ടു എന്നിങ്ങനെയും നിഘണ്ടുവിൽ ഉപയോഗിക്കുന്ന കാലഘട്ടത്തിനനുസരിച്ച് ഏകകാലികം (synchronic), ബഹുകാലികം (Diachronic) എന്നിങ്ങനെയും രേഖപ്പെടുത്തിയ വാക്കുകൾ അടുക്കുന്നതിനെ മുൻനിർത്തി അക്ഷരമാലാക്രമം, അർത്ഥപ്രധാനം തുടങ്ങി വിവിധതരത്തിൽ നിഘണ്ടുവിനെ നിർമിക്കുന്നുണ്ട്. ഭാഷാശാസ്ത്രനിഘണ്ടുവിനെ രണ്ടായി തരംതിരിക്കാം, അവ യഥാക്രമം ഏകകാലികനിഘണ്ടു, ബഹുകാലികനിഘണ്ടു എന്നിങ്ങനെയാണ്. ബഹുകാലികനിഘണ്ടുവിജ്ഞാനീയത്തിൽ ചരിത്രാത്മകനിഘണ്ടു, നിരുക്തി, താരതമ്യനിഘണ്ടുക്കളാണ് ഉൾപ്പെടുന്നത്.

ഒരു പ്രത്യേകകാലഘട്ടത്തിലെ ഭാഷയുടെ പരിണാമചരിത്രം ഉൾക്കൊള്ളുന്ന നിഘണ്ടുക്കളാണ് ചരിത്രാത്മകനിഘണ്ടുക്കൾ (Historical dictionary). ആൽഫ്രഡ് രാജാവിന്റെ കാലം മുതൽ ഇന്നുവരെയുള്ള ഇംഗ്ലീഷ് പദങ്ങളെ ക്രോഡീകരിച്ചിരിക്കുന്ന ഓക്സ്ഫോർഡ് ഡിക്ഷണറി ഇതിനുദാഹരണമാണ്. ഒരു പദത്തിന്റെ നിരുക്തിയും സഗോത്രഭാഷകളുമായി താരതമ്യം ചെയ്യുകയും ചെയ്യുന്നതരത്തിലുള്ള നിഘണ്ടുവാണ്

Etymological Comparative Dictionary. നിരുക്തിനിഘണ്ടുക്കളിൽ ഒരു ഭാഷയിലെയോ ഒന്നിൽകൂടുതൽ ഭാഷകളിലേയോ സാജാതിയമോ (cognates) വിജാതിയമോ (uncognates) ആയ പദങ്ങളിലെ നിരുക്തിക്കാണ് പ്രാധാന്യംകൊടുക്കുന്നത്. എന്നാൽ താരതമ്യാത്മക നിഘണ്ടുവിൽ സഗോത്രഭാഷകളിലെ സാജാതീയ(cognates)പദങ്ങൾ മാത്രമേ ഉണ്ടാകൂ.

ഏകാകാലികനിഘണ്ടുവിജ്ഞാനീയത്തിൽ സാമാന്യം (general), നിയന്ത്രിതം (special) എന്നിങ്ങനെയാണ് നിഘണ്ടുക്കളെ തരംതിരിച്ചിരിക്കുന്നത്. സാമാന്യനിഘണ്ടു (general dictionary)വിനെ മാനകനിഘണ്ടു (standard descriptive dictionary), സമ്പൂർണ വിവരണാത്മകനിഘണ്ടു (Overall descriptive dictionary) എന്നും തരംതിരിച്ചിരിക്കുന്നു. സമൂഹത്തിലെ മാനകീകരിച്ചപദങ്ങളും സാക്ഷരസമൂഹത്തിന് അറിയാവുന്ന പൊതുപദങ്ങളുമാണ് മാനകനിഘണ്ടുവിൽ വിവരിക്കുന്നത്. എന്നാൽ സമ്പൂർണ വിവരാണത്മകനിഘണ്ടുവിൽ പഴയപ്രയോഗങ്ങൾ, ഭാഷാഭേദങ്ങൾ, സാന്ദർഭിക പ്രയോഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. സാങ്കേതികപദങ്ങളും അക്കാദമികതലങ്ങൾ വ്യവഹാരത്തിലുള്ള പദങ്ങളുമായിരിക്കും അക്കാദമിക് നിഘണ്ടുവിൽ ചേർക്കുക.

നിയന്ത്രിതനിഘണ്ടുവിൽ പേരുസൂചിപ്പിക്കുന്നതുപോലെ എല്ലാ പദങ്ങളും ഉപയോഗിക്കാൻ കഴിയില്ല. തൊഴിൽ, ഭാഷാഭേദം, വിഷയം തുടങ്ങിയ നിരവധിഘടകങ്ങളെ മുൻനിർത്തിയാണ് നിയന്ത്രിതനിഘണ്ടു(Special Dictionaries)കളിലുള്ളത്. ഭാഷാഭേദങ്ങളെമാത്രം ഉൾപ്പെടുത്തുന്ന ഭാഷാഭേദനിഘണ്ടു (Direct dictionary) പ്രത്യേക തൊഴിലുമായി ബന്ധപ്പെട്ടുള്ള പദങ്ങളെക്കുറിച്ചുള്ള തൊഴിൽനിഘണ്ടു (occupational term) സാങ്കേതികപദങ്ങളെ മുൻനിർത്തിയുള്ള സാങ്കേതികപദനിഘണ്ടു (Technical terms) പ്രത്യേകതരം പദങ്ങളുടെ ശേഖരമായ ഗ്ലോസറി (glossary) പ്രത്യേകവിഷയത്തിലെ പദങ്ങളെ മാത്രം പരിചയപ്പെടുത്തുന്ന വിഷയാധിഷ്ഠിതനിഘണ്ടു (subject dictionary) പ്രത്യേക പുസ്തകത്തെ മുൻനിർത്തി നിർമിക്കപ്പെടുന്ന ടെക്സ്റ്റ് ഡിക്ഷണറി (Text Dictionary) രാമചരചരിതത്തിലെ പദങ്ങൾ (Index of Ramacharitham) ടെക്സ്റ്റ് ഡിക്ഷണറിയിൽ ഉൾപ്പെടുന്നതാണ്.

- **ഏകഭാഷ, ദ്വിഭാഷ, ത്രിഭാഷനിഘണ്ടുകൾ**

നിഘണ്ടുവിൽ ഉപയോഗിക്കുന്ന ഭാഷയുടെ എണ്ണത്തെ മുൻനിർത്തി ഏകഭാഷ നിഘണ്ടു, ദ്വിഭാഷ നിഘണ്ടു, ത്രിഭാഷനിഘണ്ടു എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ശീർഷകപദങ്ങൾക്ക് അതേ അർത്ഥം നൽകുന്ന നിഘണ്ടുക്കളാണ് ഏകഭാഷ നിഘണ്ടുക്കൾ പഴയ പദങ്ങളുടെയും മറ്റും അർത്ഥം ലഭിക്കാനും ഇത്തരത്തിലുള്ള നിഘണ്ടുക്കൾ ഉപകരിക്കും. ഉദാ: ശബ്ദതാരാവലി (ശ്രീകണ്ഠേശ്വരം പത്നാഭപിള്ള)

- **ദ്വിഭാഷാനിഘണ്ടു**

ശീർഷകപദങ്ങൾക്ക് അതേ ഭാഷയിലും ഒപ്പംതന്നെ മറ്റൊരുഭാഷയിലും അർത്ഥം നൽകുന്ന നിഘണ്ടുക്കളാണ് ദ്വിഭാഷാനിഘണ്ടു. സമാനഗോത്രത്തിലെ ഭാഷകളോ മറ്റ് ഗോത്രത്തിലെ ഭാഷകളോ ദ്വിഭാഷാനിഘണ്ടുവിൽ ഉപയോഗിക്കാം. പ്രധാനമായും അക്കാദമിക ആവശ്യങ്ങൾക്കാണ് ഇത്തരം നിഘണ്ടുക്കൾ ഉപയോഗിക്കുക. കൂടാതെ വിവർത്തകർക്ക് ഏറെ ഉപകാരപ്രദമാണ് ഇത്തരം നിഘണ്ടുക്കൾ. രണ്ടു ഭാഷകളിൽ അഗാധമായ പാണ്ഡിത്യമുള്ളവർക്കേ ഇത്തരം നിഘണ്ടുനിർമാണത്തിൽ ഏർപ്പെടാനായി സാധിക്കൂ. രണ്ടു ഭാഷകളിലെയും ഭാഷാഭേദങ്ങൾ, സാംസ്കാരിക ഘടകങ്ങൾ, ശൈലീ പ്രയോഗങ്ങൾ എന്നിവ നിഘണ്ടുകാരൻ ശ്രദ്ധിക്കേണ്ടതുണ്ട്. സാധാരണയായി മാനകപദങ്ങൾ മാത്രമാണ് ഇത്തരം നിഘണ്ടുക്കളിൽ ഉപയോഗിക്കുന്നത്. എന്നാൽ ഭാഷയിലെ മറ്റ് മാനകേതര രൂപങ്ങൾക്കും മറ്റും പ്രാധാന്യം കൊടുത്താൽ മാത്രമേ വിവർത്തകർക്കും ഭാഷാപ്രേമികൾക്കും ദ്വിഭാഷാനിഘണ്ടു ഉപകാരപ്രദമാകൂ. അല്ലെങ്കിൽ അക്കാദമികാ വശ്യങ്ങൾക്കുവേണ്ടി മാത്രമായി ഇവ ചുരുങ്ങും. ഉദാ: ഇംഗ്ലീഷ്– ഇംഗ്ലീഷ്, മലയാളം നിഘണ്ടു (ടി. രാമലിംഗ പിള്ള), മലയാളം–ഇംഗ്ലീഷ് നിഘണ്ടു (ഗുണ്ടർട്ട്).

- **ത്രിഭാഷനിഘണ്ടു**

ശീർഷകപദങ്ങൾക്ക് മറ്റ് രണ്ടുഭാഷകളിൽ അർത്ഥം നൽകുന്ന നിഘണ്ടുക്കളാണ് ത്രിഭാഷാനിഘണ്ടുക്കൾ എന്നു പറയുന്നത്. താരതമ്യപഠനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ ഇത്തരം നിഘണ്ടുക്കളിൽ പ്രധാനമായും മാനകപദങ്ങൾക്കാണ് അർത്ഥംനൽകുന്നത്. ഭാഷാബോധന(language teaching)ത്തിനു സഹായകമാകുന്ന ത്രിഭാഷാനിഘണ്ടുക്കൾ സമാനഗോത്രഭാഷകളെയോ അന്യഭാഷകളെയോ മുൻനിർത്തി നിർമിക്കാറുണ്ട്.

ഉദാ: ഹിന്ദി-ഇംഗ്ലീഷ്-മലയാളം ത്രിഭാഷാനിഘണ്ടു (എ. പൊന്നയ്യൻ, ചീഫ് എഡിറ്റർ).

- **ബഹുഭാഷാനിഘണ്ടു**

ശീർഷകപദങ്ങളുടെ അർത്ഥം പലഭാഷകളിലും നൽകുന്ന നിഘണ്ടുക്കളാണ് ബഹുഭാഷാനിഘണ്ടു എന്നു പറയുന്നത്. ഗവേഷണത്തിനും താരതമ്യ പഠനത്തിനും ഏറെ ഉപകരിക്കുന്നതാണ് ഇത്തരം നിഘണ്ടുക്കൾ. വ്യത്യസ്തഭാഷകൾ കൂടുതലായി ഉപയോഗിക്കുന്നതുകൊണ്ടു IPA ഉപയോഗിച്ച് ഓരോ പദത്തിന്റെ ഉച്ചാരണം എഴുതിക്കാണാറുണ്ട്. കൂടാതെ മാനകപദങ്ങളായിരിക്കും ഇത്തരം നിഘണ്ടുക്കളിൽ ശീർഷകപദങ്ങളായി ചേർക്കുന്നത്. ഉദാ: ഇംഗ്ലീഷ്-ഡച്ച്-ഫ്രഞ്ച്-എസ്പനോൾ-ഇറ്റാലിയൻ-മലയാളം-ഹിന്ദി സപ്തഭാഷാനിഘണ്ടു. (ആന്റണി പുത്തൻപുരയ്ക്കൽ)

- **പ്രയോഗനിഘണ്ടു (തിസാറസ്)**

ഒരു പദത്തിന്റെ സമാനപദങ്ങളും ആശയസാദൃശ്യമുള്ള ഇതരപദങ്ങളും പ്രയോഗവിശേഷങ്ങളും അർത്ഥഛായവുള്ള ശൈലികളും ക്രമപ്പെടുത്തിയിരുന്ന ഗ്രന്ഥമാണ് തിസാറസ്. ഉള്ളിലുണരുന്ന ആശയം ഏറ്റക്കുറച്ചിലില്ലാതെ പ്രകാശിപ്പിക്കാൻ പറ്റിയ പദമോ പ്രയോഗമോ ഏതെന്നറിയാൻ തിസാറസ് ഉപകരിക്കുന്നു. ശീർഷകപദങ്ങൾക്കും പദസംഹിതകൾക്കും പുറമേ പര്യായങ്ങളും മറ്റു സമാനാർത്ഥപദങ്ങളും കൂടി തിസാറസിൽ രേഖപ്പെടുത്തിയിരിക്കും. ചില തിസാറസുകളിൽ ഇവയ്ക്കെല്ലാം പുറമേ ശീർഷകപദത്തിൽ നിന്ന് നിഷ്പാദിപ്പിക്കാവുന്ന പദങ്ങളും അതിനോടും ബന്ധപ്പെട്ട പദങ്ങളും കൂടി ഉൾപ്പെടുത്താറുണ്ട്. ഇതിനുപുറമെ തിസാറസിന് സാധാരണ നിഘണ്ടുക്കളിൽനിന്ന് മറ്റൊരു വ്യത്യാസം കൂടിയുണ്ട്. സാധാരണ നിഘണ്ടുക്കളിൽ ശീർഷകപദങ്ങൾ അക്ഷരമാലാക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിലോരോന്നിന്റേയും അർത്ഥവും ചിലപ്പോൾ പ്രയോഗവും രേഖപ്പെടുത്തിയിരിക്കും. കൂടാതെ പര്യായാർത്ഥങ്ങളെല്ലാം അനുബന്ധമായി മാത്രമേ അകാരാദിയിൽ ചേർക്കുകയുള്ളൂ. എന്നാൽ തിസാറസിൽ പര്യായങ്ങൾ ശീർഷപദത്തെത്തുടർന്നു മാത്രമേ രേഖപ്പെടുത്താറുള്ളൂ. മലയാളത്തിലെ ആദ്യത്തെ തിസാറസ് ഡി.സി ബുക്സ് പ്രസിദ്ധീകരിച്ച കേണൽ എം.ബി. നായരുടെ മലയാളം തിസാറസ് പദാന്വേഷണ ശബ്ദകോശമാണ്. ലോകത്തിലെ ഏറ്റവും പ്രശസ്തമായ ഇംഗ്ലീഷ് തിസാറസ് പീറ്റർമാർക്ക് റോജെറ്റിന്റെ 'Roget's Theasaurus of English words and phrases എന്നതാണ്.

## 5.2 ചിഹ്നവിജ്ഞാനം (Semiotics)

ചിഹ്നം (sign) എന്നർത്ഥമുള്ള ഒരു ഗ്രീക്കുവാക്കിൽനിന്ന് semiology എന്ന പേരിനു രൂപംനല്കിയ സാസ്യൂറാണ് ചിഹ്നവിജ്ഞാനം എന്ന വിജ്ഞാനശാഖയുടെ സ്ഥാപകൻ. ചിഹ്നങ്ങളെക്കുറിച്ചുള്ള പഠനമാണ് ചിഹ്നവിജ്ഞാനം അല്ലെങ്കിൽ ചിഹ്നവിജ്ഞാനീയം. ഇന്ദ്രിയങ്ങൾക്ക് അനുഭവവെദ്യമാകുന്ന വാക്കുകൾ, വാചകങ്ങൾ, ചിത്രങ്ങൾ, ആംഗ്യഭാഷ, ചലനങ്ങൾ എന്നിങ്ങനെയുള്ള എന്തിനെയും ചിഹ്നമായി കണക്കാക്കാവുന്നതാണ്. ആശയങ്ങളെ ചിഹ്നങ്ങളുമായി മനസ്സിലാക്കുന്നതിന്റേയോ വ്യാഖ്യാനിക്കുന്നതിന്റേയോ തത്ത്വങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ചിഹ്നപഠനം. ചിഹ്നങ്ങൾ ഏതൊക്കെ, അവ എങ്ങനെ രൂപീകരിക്കപ്പെടുന്നു. അവ തമ്മിലുള്ള ബന്ധമെന്ത്, ഏതു തരത്തിലുള്ള അർത്ഥോൽപാദനമാണ് നടക്കുന്നത്, ആശയവിനിമയത്തിൽ അവയുടെ പങ്കെന്ത് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കും ചിഹ്നപഠനം അന്വേഷിക്കുന്നു.

> Semiotics is the study of signs. Sings take the form of words, images, sounds, odours, flavours, acts or objects but such things have no intrinsic meaning

and become signs only when we invest them with meaning. Semiotics is an investigation into how meaning is created and how meaning is communicated. Its origins lie in the academic study of how signs and symbols (visual and linguistic) create meaning.

ചിഹ്നശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കും പ്രായോഗിക ചിന്തകൾക്കും ആധുനിക ഘട്ടത്തിൽ സൈദ്ധാന്തികാടിത്തറ പാകിയത് പെയേഴ്സ് (Charles Sanders Peirce), ഫെർഡിനന്റ് ഡി സാസ്യൂർ, യാക്കോബ്സൻ (Jakobsan), എന്നിവരാണ്. പെയെഴ്സിന്റേത് തത്ത്വചിന്താപരമായ അന്വേഷണങ്ങളായിരുന്നെങ്കിൽ ഭാഷാശാസ്ത്ര പരമായ പ്രായോഗികരീതികളായിരുന്നു സാസ്യൂറിന്റേത്. സാസ്യൂറിന്റെ ചിന്തകളോടു ചേർന്നായിരുന്നു യാക്കോബ്സന്റെ ചിഹ്നശാസ്ത്രസങ്കല്പം.

ഭാഷയെ ചിഹ്നവ്യവസ്ഥയായികണ്ട സാസ്യൂർ ചിഹ്നഘടന സ്വതന്ത്രമാണെന്ന് അഭിപ്രായപ്പെട്ടു. ഒന്നിൽനിന്നുള്ള വ്യത്യാസങ്ങളെക്കൊണ്ടാണ് ചിഹ്നങ്ങളെ മനസ്സിലാക്കാൻ സാധിക്കുന്നത്. ചിഹ്നങ്ങളുടെ അഭിധ (denotation), വ്യഞ്ജന (connotation) എന്നീ വ്യാപാരങ്ങളെക്കുറിച്ചുള്ള സാസ്യൂറിന്റെ അഭിപ്രായങ്ങൾ ചിഹ്നവിജ്ഞാനീയത്തിന്റെ വളർച്ചയെ സഹായിച്ചു. സാസ്യൂറിന്റെ ചിന്തയിൽ സാഹിത്യം ഉൾപ്പെടെയുള്ള ധ്വന്യാത്മകമായ എല്ലാ സാംസ്കാരികവ്യവസ്ഥകളുടെയും വിചാരമാതൃക ഭാഷയാണ്. അർത്ഥസൂചകമായ ചിഹ്നങ്ങളുടെ വ്യവസ്ഥയാണ് ഭാഷ എന്ന് സാസ്യൂർ കണ്ടെത്തി. ഭാഷയുടെ യൂണിറ്റ് ചിഹ്നമാണെന്നും വ്യത്യസ്തങ്ങളായ നിരവധി ചിഹ്നങ്ങളിലൂടെയാണ് ഭാഷരൂപമെടുക്കുന്നതെന്നും സാസ്യൂർ സിദ്ധാന്തിച്ചു.ഒരു വസ്തുവിനെയോ വികാരത്തെയോ വിചാരത്തെക്കുറിച്ചുള്ള സങ്കല്പനവും (concept) അതിനെ സൂചിപ്പിക്കുന്ന ശബ്ദബിംബവും (auditory image) ചേർത്താണ് ചിഹ്നങ്ങൾ ഉണ്ടാകുന്നത്. ഓരോ ചിഹ്നത്തിനും ഭൗതികമായ കാഴ്ചയല്ല കാണുന്നയാളുടെ ഉള്ളിൽ ഉണ്ടാകുന്ന മാനസികമായ ഒരു പ്രതിഫലനമാണ് ചിഹ്നത്തിന്റെ അർത്ഥത്തെ സൃഷ്ടിക്കുന്നത്. ഒരേസമയം രണ്ടുചിഹ്നങ്ങൾ മാത്രമേ കാണാൻ സാധിക്കൂ. അങ്ങനെയുള്ള ചിഹ്നങ്ങളുടെ ഒഴുക്കിൽനിന്നാണ് ആശയവിനിമയം നടക്കുന്നത്. സാസ്യൂറിന്റെ കാഴ്ചപ്പാടിൽ സൂചകം (Signifier), സൂചിതം (signified) എന്നീ രണ്ടംശങ്ങളുടെ നിരന്തരമായ പരസ്പരപ്രതികരണമാണ് ചിഹ്നമായി (sign) ഫലിക്കുന്നത്. വാക്കും അർത്ഥവും തമ്മിലുള്ള ബന്ധമാണ് സൂചക-സൂചിത ബന്ധത്തിലുള്ളത്, ഇത് ആപേക്ഷികവും ആരോപിക്കപ്പെട്ടതുമാണ്.

- **പെയേഴ്സിന്റെ മാതൃക**

സാസ്യൂറിന്റെ signifier, signified എന്നിവയ്ക്ക് ഏറെക്കുറെ സമാനമാണ് പെയേഴ്സിന്റെ representation, interpretent എന്നീ സംജ്ഞകൾ. വ്യവസ്ഥാപിതവും മനുഷ്യനിർമിതവുമായ ചിഹ്നവ്യവസ്ഥകളെ മാത്രമല്ല, ലോകത്തിലാകെ വ്യാപിച്ചുകിടക്കുന്ന എല്ലാ വ്യവഹാരങ്ങളെയും ചിഹ്നശാസ്ത്രത്തിന്റെ പരിധിയിൽ കൊണ്ടുവരാമെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. അതിനായി ചിഹ്നങ്ങളുടെ ഒരു വർഗീകരണശാസ്ത്രം പെയേഴ്സ് രൂപപ്പെടുത്തുകയും ചിഹ്നങ്ങളെ മൂന്നു പ്രധാനവിഭാഗങ്ങളായി തരംതിരിക്കുകയും ചെയ്തു. സാസ്യൂറിന്റെ ചിഹ്നസങ്കല്പത്തിനു തുല്യമായ പ്രതീകാത്മക (symbolic) ചിഹ്നമാണ് ഇതിലൊന്ന്. ഒരാശയത്തെ കൃത്യമായി പ്രതിനിധീകരിക്കുന്ന ചിഹ്നരൂപങ്ങളാണ് സിംബലുകൾ. സൂചിതവുമായുള്ള സദൃശ്യത്താൽ ഉണ്ടാകുന്ന ബിംബരൂപങ്ങളായ ചിഹ്നങ്ങളാണ് സദൃശ്യാത്മകചിഹ്നം (iconic). സൂചിതം ഒരു ബിംബത്തിലൂടെ പ്രതിനിധീകരിക്കപ്പെടുന്നു. സാദൃശ്യമാണ് ആ ബിംബത്തെ ചിഹ്നമാക്കി മാറ്റുന്നത്. പ്രത്യേകമായ കാരണംകൊണ്ട് അതിനോടുബന്ധപ്പെട്ട ഒരു കാര്യത്തെ സൂചിപ്പിക്കുന്നതാണ് സൂചികാചിഹ്നം (identical). സൂചികത്തോട് ചിഹ്നങ്ങൾക്ക് നേരിട്ടുള്ള ബന്ധമല്ല ഉള്ളതെന്നും ചിഹ്നങ്ങളിലൂടെ സൂചിതത്തെ മനസ്സിലാക്കാൻ കഴിയുമെന്നു അദ്ദേഹം പറഞ്ഞു.

പ്രതിനിധായകം (representation) ലക്ഷ്യം (object) വ്യാഖ്യാനകം (Interprentent) എന്നിങ്ങനെ മൂന്ന് ഘടകങ്ങളെയാണ് പെയേഴ്സിന്റെ ചിഹ്നമാതൃകയിൽ കാണാൻ

കഴിയുന്നത്. ഇവയുടെ പരസ്പര പ്രതികരണത്തിനെയാണ് പെയേഴ്സ് ചിഹ്നബന്ധം (semiosis) എന്നു പറയുന്നത്. ചിഹ്നത്തെ ഒരു വസ്തുവിലൂടെ പരാമർശിക്കുകയും അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. വ്യാഖ്യാനിക്കുമ്പോഴാണ് ഒരു ചിഹ്നത്തിന് അർത്ഥമോ ആശയമോ ഉണ്ടാകുന്നത്. സന്നിഹിതം (immediate) ചലനാത്മകം (dynamic) എന്നിങ്ങനെ ലക്ഷ്യം (object) രണ്ടു തരത്തിലുണ്ട്. ഇവ ചിഹ്നത്തിന്റെയുള്ളിലും പുറത്തുമായി പ്രതിനിധാനം ചെയ്യുന്നു.




**പെയേഴ്സിന്റെ ത്രിഗുണമാതൃക**

ഒരു കവലയിൽ ചുവന്ന നിറത്തിലുള്ള ലൈറ്റ് തെളിയുകയാണെങ്കിൽ കാൽനടക്കാർക്കും ഡ്രൈവർമാർക്കും ട്രാഫിക്കിനുവേണ്ടി ആ കവലയിൽ വണ്ടി അല്ലെങ്കിൽ നടത്തം നിർത്തണമെന്നാണ് അർത്ഥമാക്കുന്നത്. ചിഹ്നം സൂചിപ്പിക്കുന്ന അർത്ഥമാണ് നിർത്തുക എന്നത്. ചിഹ്നം എപ്പോഴും അതിന്റെ വസ്തു/ലക്ഷ്യമായി ബന്ധിപ്പിച്ചിരിക്കുന്നു. കാരണം ഉപയോക്താവും ചിഹ്നവും നിലനിൽക്കുന്നത് പ്രധാനമായും അത് ഉപയോഗിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതിനാലാണ്. ചുരുക്കത്തിൽ വ്യാഖ്യാതാവിന്റെ മനസ്സിൽ ചിഹ്നങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നവയാണ് ചിഹ്നങ്ങളെന്ന് പെയേഴ്സ് പറയുന്നു. ചിഹ്നത്തെ ചിഹ്നമാക്കുന്നത് വ്യാഖ്യാതാവാണ്. ഒരു വസ്തുവിനെ ആശയത്തെ ഇന്ദ്രിയങ്ങളിലൂടെ അനുഭവിക്കുകയും മനസ്സിനുള്ളിൽ അവ ചിഹ്നങ്ങളായി രൂപപ്പെടുകയും ചെയ്യുന്നു. ഇവിടെ വ്യാഖ്യാതാവാണ് ചിഹ്നങ്ങളെ സൃഷ്ടിക്കുന്നതും അവയെ വിനിമയം ചെയ്യുന്നതും.

സാസ്യൂറിന്റെ signifier, signified എന്നിവയ്ക്ക് സമാനമായ representation, interpretent എന്നീ സംജ്ഞകളാണ് പെയേഴ്സൺ ഉപയോഗിക്കുന്നത്. കൂടാതെ സാസ്യൂറിൽനിന്നു വ്യത്യസ്തമായി ലക്ഷ്യം അല്ലെങ്കിൽ വസ്തു (object) എന്നൊരംശവും കൂടുതലായി പെയേഴ്സൺ ഉപയോഗിച്ചതുകൊണ്ട്, പെയേഴ്സിന്റെ ത്രിഗുണമാതൃക (Peirce's Triadic Model) എന്നാണിത് അറിയപ്പെടുന്നത്.

## 5.3. ശൈലീവിജ്ഞാനം (Stylistics)

ഭാഷാശാസ്ത്രത്തിലെ സമീപനരീതികൾ സ്വീകരിച്ചുകൊണ്ടുള്ള സാഹിത്യഭാഷാപഗ്രഥനത്തെയാണ് ശൈലീവിജ്ഞാനം എന്നു പറയുന്നത്. ഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതികൾ ഉപയോഗിച്ചുകൊണ്ടുള്ള ശൈലീപഠനങ്ങൾ തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടിയാണ്. എന്നാൽ അതിനുമുമ്പുതന്നെ ഭാരതത്തിലേയും പാശ്ചാത്യലോകത്തിലേയും സാഹിത്യചിന്തകളിൽ ശൈലി കടന്നുവന്നിരുന്നു. നിയതമായ അർത്ഥത്തിൽ ശൈലി എന്നാൽ രീതി എന്നാണർത്ഥം. എന്നാൽ സവിശേഷമായി ഈ പദം കൊണ്ടുദ്ദേശിക്കുന്നത് സാഹിത്യവൈചിത്ര്യങ്ങളെയാണ്. ആധുനികശൈലീവിജ്ഞാനത്തിലെ സൈദ്ധാന്തികവ്യവസ്ഥകൾക്ക് തുടക്കംക്കുറിച്ചത് മിഷേൽ റിഫേറ്ററെയുടെ Criteria for Style

Analysis ആണ്. ഭാഷാശാസ്ത്രത്തിലെ ഘടനാവാദത്തിന്റെ ആവിർഭാവത്തോടെ ആധുനികശൈലീവിജ്ഞാനപഠനങ്ങൾ കൂടുതൽ ശ്രദ്ധയാകർഷിക്കുകയും വളരുകയും ചെയ്തു.

> Stylistics, a branch of applied linguistics, is the study and interpretation of texts of all types and /or spoken language in regard to their linguistic and tonal style, where style is the particular variety of language used by different individuals and/or in different situations or settings. Stylistics is the study of linguistics style, whereas (theoretical) Linguistics is the study of linguistic form. The term 'style' is used in linguistics to describe the choices which language makes available to a user, above and beyond the choices necessary for the simple expression of a meaning.

'വല്ല ആശയത്തിനും സാഹിത്യത്തിൽ കൈവരുന്ന അലങ്കാരമാണ് ശൈലിയുടെ കാതൽ; പ്രകാശനത്തിന്റെ വിവിധസാദ്ധ്യതകളിൽനിന്നുള്ള തെരഞ്ഞെടുപ്പാണ് ശൈലിയിൽ പ്രധാനം; വാക്യങ്ങൾക്കപ്പുറത്തുള്ള ഘടകങ്ങളുടെ പരസ്പരബന്ധത്തിലാണ് ശൈലീപഠനം ഊന്നുക. വ്യക്തിനിഷ്ഠ സവിശേഷതകളുടെ അടയാളങ്ങളായി സാഹിത്യസൃഷ്ടിയിൽ അണിനിരക്കുന്ന അംശങ്ങളുടെ ആകെത്തുകയെന്നോ ഭാഷാപ്രയോഗത്തിൽ പ്രസക്തമായ സാമൂഹിക സവിശേഷതകളുടെ സമാഹാരമെന്നോ ഭാഷയുടെ മാനകരൂപത്തിൽനിന്നുള്ള വ്യതിചലനമെന്നൊ ശൈലിയെ നിർവ്വചിക്കാം' എന്നു പ്രബോധചന്ദ്രൻ അഭിപ്രായപ്പെടുന്നു (875). മൂല്യനിർണയമല്ലേ, ആസ്വാദനത്തെ സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്ന അന്വേഷണമാണ് ശൈലീ വിജ്ഞാനത്തിലെ അപഗ്രഥനലക്ഷ്യം. സാഹിത്യാസ്വാദനം എന്ന പ്രക്രിയയുടെ ഉള്ളറകളിലേക്ക് എത്തിനോക്കാൻ കഴിയുന്നത് പലവിധത്തിലും പ്രയോജനകവും രസപ്രദവുമായിരിക്കും. ഈ ഘട്ടത്തിലാണ് ഭാഷാശാസ്ത്രത്തിൽനിന്ന് ലഭിക്കാവുന്ന ഉൾക്കാഴ്ചകളിൽ പലതും സാഹിത്യാസ്വാദകനും വിലപ്പെട്ടതായിത്തീരുന്നതെന്ന് പ്രബോധിചന്ദ്രൻ പറയുന്നു.

ശൈലിവിജ്ഞാനത്തിൽ സന്ദർഭം (context) പാഠനിഷ്ഠമോ പാഠബാഹ്യമോ ആകാം. പാഠനിഷ്ഠസന്ദർഭത്തിന് സ്വനപരം, സ്വനിമപരം, രൂപിമപരം, വാക്യപരം, കോശപരം, ലേഖനവിജ്ഞാനപരം എന്നിങ്ങനെ വിവിധതലങ്ങൾ വ്യക്തമാണ്. വക്താവിന്റെ സ്വനഗുണം, ഭാഷണവേഗം, ഭാഷണത്തിലെ സ്വനിമങ്ങൾ, അസാധാരണരൂപങ്ങളുടെയും പ്രയോഗങ്ങളുടെയും സാന്നിദ്ധ്യം, വാക്യങ്ങളുടെ ദൈർഘ്യവും സങ്കീർണതയും, വലുതോ ചെറുതോ ആയ അക്ഷരങ്ങളോ ചെരിവെഴുത്തോ കട്ടിയെഴുത്തോ അടിവരയോ ഉപയോഗിക്കൽ ഇവയെല്ലാം പാഠനിഷ്ഠസന്ദർഭത്തിന്റെ അപഗ്രഥനത്തിൽ പ്രസക്തമാണ്. രചിതമായകാലം, പ്രദേശം, ഭാഷണത്തിന്റെ സ്വഭാവം, വക്താവ്, ലേഖകൻ, ശ്രോതാവ്, വായനക്കാരൻ, ഇവരുടെ പരസ്പരബന്ധവും വ്യക്തിത്വവും, സ്ത്രീപുരുഷഭേദം, പ്രായം, വിദ്യാഭ്യാസം, സമൂഹത്തിലെ പദവി തുടങ്ങിയവ പാഠബാഹ്യസന്ദർഭത്തിലെ വിവിധ ഘടകങ്ങളാണ്.

എഴുത്തുകാരന്റെ വ്യക്തിത്തോടു ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ് ശൈലി. എല്ലാ ഭാഷാഘടകങ്ങളുടെയും സാന്ദർഭികസാധ്യതകളുടെയും ആകെത്തുകയാണ് ശൈലി. വർണം, പദം, വാക്യം, വ്യാകരണം, അർത്ഥം എന്നീ തലങ്ങളിലുള്ള പാഠങ്ങളുടെ വ്യത്യാസങ്ങൾ ശൈലിയെ നിയന്ത്രിക്കുന്നുണ്ട്. 'സന്ദർഭത്തിനനുയോജ്യമായ ഭാഷാ പ്രയോഗത്തെ ശൈലി എന്നു വിശേഷിപ്പിക്കാം. നിശ്ചിതമായ ഒരു സന്ദർഭസമൂഹത്തിൽ ആവൃത്തി ഏറ്റവും കൂടുതലോ കുറവോ എന്ന് നിർണയിക്കാൻ കഴിയുന്ന ഭാഷാഘടകവുമാണിത്. പാഠത്തിലെ ശൈലീസൂചകങ്ങൾ ഏതെല്ലാമാണെന്ന് കണ്ടറിഞ്ഞ് അവയുടെ ഒരു പട്ടിക തയ്യാറാക്കുക, ഓരോ ശൈലീസൂചകത്തിനും വ്യത്യസ്ത സന്ദർഭത്തിലുള്ള വ്യാപ്തി എത്ര മാത്രമാണെന്ന് നിർണയിക്കുക, വിവിധപാഠങ്ങളെ ശൈലിവിജ്ഞാനദൃഷ്ട്യാ താരതമ്യപ്പെടുത്തുക, ഭാഷയിലെ വിഭിന്ന വിവരണസാദ്ധ്യതകളിൽ ഏതെല്ലാം എങ്ങനെയൊക്കെയാണ് പാഠത്തിൽ പ്രയോജനപ്പെട്ടു കാണുന്നുവെന്ന് പരിശോധിക്കുക, ദൃഢബന്ധം, ഔപചാരികം, സമാലോചനപരം,

ആകസ്മികം, സംഭാഷണപരം, അലങ്കാരപ്രചുരം, കവിതാത്മകം, വാസ്തവികം എന്നിങ്ങനെ ശൈലിവിജ്ഞാനീയ സാഹിത്യനിരൂപണത്തിൽ പലമേഖലകളെയും പഠനവിധേയമാക്കാൻ കഴിയുന്നു'.

ശൈലിയുടെ പ്രമുഖമായ സിദ്ധാന്തവത്ക്കരണം വ്യാകരണമാനകത്തിൽനിന്നുള്ള വ്യതിചലനവുമായി ബന്ധപ്പെട്ടാണ്. വ്യാകരണസാധുവായ പലതും പ്രയോഗസാദ്ധ്യമല്ലെന്നിരിക്കെ അതിന് പ്രയോഗസാധുത്വം നൽകിയേക്കാവുന്ന അപൂർവ സാദ്ധ്യതകളാണ് ശൈലിയുടെ സാന്നിദ്ധ്യം ഉണ്ടാക്കിതീർക്കുന്നത്.

ഒരെഴുത്തുകാരന്റെ സാഹിത്യസമാഹാരത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രയോഗവൈചിത്ര്യങ്ങളുടെ അടിസ്ഥാനമെന്തെന്ന് ശൈലിവിജ്ഞാനത്തിലൂടെ കണ്ടെത്താൻ സാധിക്കുന്നു. ഭാഷാശാസ്ത്രത്തിന്റെ വസ്തുനിഷ്ഠവും ബഹിർമുഖവുമായ രീതിക്കും സാഹിത്യവിമർശനത്തിന്റെ അന്തർമുഖുമായ രീതിക്കും ഇടയ്ക്കാണ് ശൈലീവിജ്ഞാനത്തിന്റെ സ്ഥാനം. പുര:ക്ഷേപണം (forgrounding) ഐക്യം (unity), താളം (rhythm) എന്നിവയാണ് ശൈലിവ്യതിയാനം ഉണ്ടാകുന്നതിന്റെ അടിസ്ഥാനതത്ത്വങ്ങൾ.

- **പുര:ക്ഷേപണം**

നിയതാർത്ഥമുള്ള പ്രമാണികഭാഷയെ പുതുമ വരുത്തുന്നതിനും അനുവാചകശ്രദ്ധ ആകർഷിക്കുന്നതിനുവേണ്ടി വക്രീകരിക്കുന്ന സിദ്ധാന്തമാണ് പുര:ക്ഷേപണം. ഒരു ചിത്രത്തിലെന്നപോലെ ഏതെങ്കിലും ഒരംശത്തെ മറ്റെല്ലാത്തിനും മുന്നിൽകൊണ്ടുവന്നു പ്രതിഷ്ഠിക്കുന്ന തന്ത്രമാണിത്. സ്വനംതൊട്ട് അർത്ഥംവരെയുള്ള ഭാഷയുടെ ഏതുതലത്തിലും പ്രസക്തമായ അനന്തസാദ്ധ്യതകളിലുള്ള തെരഞ്ഞെടുപ്പാണ് പുരക്ഷേപണത്തിന്റെ അടിസ്ഥാനം. സാഹിത്യകൃതിയിൽ കൊണ്ടുവരുന്ന പുതിയപദങ്ങൾ അർത്ഥവത്തായിതീരുമ്പോൾ അല്ലെങ്കിൽ അംഗീകരിക്കപ്പെടുമ്പോൾ അംഗീകൃതഭാഷ അവയെ സ്വീകരിക്കുന്നു. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ചില കവിതാപ്രയോഗങ്ങൾ അത് ഉണ്ടായകാലത്ത് അപരിചിതത്വം ഉണ്ടാക്കിയെങ്കിലും സമകാലഭാഷയുടെ ഭാഗമായിത്തീർന്നത് ഉദാഹരണമായി ചൂണ്ടിക്കാട്ടാം. (മിഴിനാര്, ജീവനാഗം, ഭോഗസമ്രാജ്ഞി, നിയോൺ വസന്തം, ജലഗിഥാർ) ആവർത്തനം ശൈലീപരമായ പുര:ക്ഷേപണതന്ത്രമാണ്. കൂടാതെ വ്യാകരണ–പദവർണതലങ്ങളിലും അസാധാരണമായ സഹഭാവം വരുത്തി കാവ്യഭാഷയിൽ പുര:ക്ഷേപണം നടത്താറുണ്ട്. മാനകഭാഷയിലെ ആദർശമാതൃകകൾക്കുബാധകമായ സാധാരണനിയമങ്ങൾ മന:പൂർവ്വം ലംഘിച്ചുകൊണ്ടാണ് സാഹിത്യകാരൻ പുര:ക്ഷേപണം പ്രയോഗിക്കുന്നത്. സാമാന്യഭാഷയിൽ പ്രത്യക്ഷപ്പെടാറുള്ളതിനെക്കാൾ വളരെയേറെ രൂപമാതൃകകൾ സാഹിത്യഭാഷയിൽ വിശേഷിച്ചു കാവ്യഭാഷയിൽ ഉരുത്തിരിയും. ഈ രൂപമാതൃക ബാഹുല്യമാണ് കാവ്യഭാഷയെ സാമാന്യഭാഷയിൽനിന്നു വേർതിരിച്ചു നിർത്തുന്നത്.

പുര:ക്ഷേപണം കാവ്യഭാഷയ്ക്കു മാത്രമുള്ള സവിശേഷതയല്ല. പത്രഭാഷയിലും സാഹിത്യസ്വാദനപരമായ ഉപന്യാസങ്ങളിലുമെല്ലാം ഈ പ്രയോഗസവിശേഷത കാണാം. എങ്കിലും കാവ്യഭാഷയിലാണ് ഇതിന് ആധിപത്യം

'പരേതരെ മറവ് ചെയ്യാൻ
പണ്ട്
നന്നങ്ങാടികൾ
പൈതൃകം മറവ് ചെയ്യാൻ
ഇന്ന്
നന്ന്
അങ്ങാടികൾ''

(കെ.ജി ശങ്കരപ്പിള്ള, നന്നല്ലങ്ങാടികൾ)

കവിതയുടെ തലക്കെട്ട് – നന്നല്ലങ്ങാടികൾ
മൂന്നാംവരി – നന്നങ്ങാടികൾ
ആറാമത്തെ വരി – നന്ന് അങ്ങാടികൾ

ആശയം യഥാക്രമം അങ്ങാടികൾ നന്നല്ല, നന്നങ്ങാടികൾ, അങ്ങാടികൾ നന്ന്, നന്നങ്ങാടികൾ എന്ന പദമാണ് ഇവിടെ പുര:ക്ഷേപണഘടകം. അതിനെ മൂന്നുതരത്തിലുപയോഗിച്ചുകൊണ്ട് സഹൃദയശ്രദ്ധയാകർഷിക്കുന്നു.

- **ഐക്യം (Unity)**

അർത്ഥബോധനോപാധികളുടെ വിശിഷ്ടമായ ഏകതയാണ് ഐക്യം. ദ്വന്ദീകരണ (coupling)ത്തിലൂടെയും ഈ സവിശേഷത കൈവരിക്കുന്നതാണ്. അർത്ഥതലത്തിലും വാക്യഘടനയിലുമുള്ള രണ്ടുതരം കേന്ദ്രീകരണം ഒരുമിച്ചു നടക്കുമ്പോൾ ദ്വന്ദീകരണം സംഭവിക്കാം. ധ്വനി, പദം, അർത്ഥം, താളം, അലങ്കാരം തുടങ്ങിയ തലങ്ങളിലെല്ലാം ദ്വന്ദീകരണം ഉളവാകും.

- **താളം (Rhythm)**

കവിതയുടെ പ്രധാന ആകർഷണം അതിന്റെ താളമാണ്. വാക്കുകൾ സവിശേഷമായ രീതിയിൽ താളക്രമങ്ങളോടെ പ്രയോഗിക്കുമ്പോൾ സാധാരണനിലയിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നതിൽ കൂടുതലായ ഒരുതരം മുഴക്കം ശബ്ദാർത്ഥതലങ്ങളിൽ സൃഷ്ടിക്കാൻ അവയ്ക്കു കഴിയുന്നു. ഉത്തമകവികളുടെ സവിശേഷതയാണ് താളബദ്ധത. ശബ്ദാലങ്കാരങ്ങൾ, ദ്വന്ദീകരണം എന്നിവ താളലയസിദ്ധിക്കു ഉപകരിക്കുന്നു. പ്രതിപാദ്യത്തിന്റെ രസഭാവങ്ങൾക്കനുസരിച്ച് താളവും മാറുന്നു. കാവ്യശൈലിയുടെ ബാഹ്യഘടകങ്ങളെ സ്വാധീനിക്കുന്ന ഘടകമാണ് താളം.

## 5.4 വ്യവഹാരാപഗ്രഥനം (Discourse Analysis)

ഭാഷാശാസ്ത്രത്തിന്റെ സവിശേഷമായ കാഴ്പ്പാടിൽ വാക്യത്തേക്കാൾ വലിയ ഭാഷാഖണ്ഡമാണ് വ്യവഹാരം (discourse). സംഭാഷണബന്ധം, കഥ, കത്ത്, പരസ്യം തുടങ്ങിയവ വ്യത്യസ്ത വ്യവഹാരമാതൃകകൾക്ക് ഉദാഹരണങ്ങളാണ്. പിന്നെ, അതേ, പക്ഷേ, well, oh, but, and മുതലായ പലപദങ്ങളും നമ്മുടെ സംഭാഷണത്തിടയിൽ കടന്നുവരും. അവയ്ക്കൊന്നും നിഘണ്ടുവിൽക്കാണുന്ന അർത്ഥമാവില്ല സംഭാഷണങ്ങളിലുണ്ടാവുക. ഇങ്ങനെയുള്ള സവിശേഷപ്രയോഗങ്ങളാണ് വ്യവഹാരസൂചകങ്ങൾ (discourse marker) എന്നു പറയുന്നത്. വ്യവഹാരമാതൃകകളിൽനിന്നു വ്യവഹാരചിഹ്നങ്ങൾ കണ്ടെത്തി ഭാഷാപഠനം കൂടുതൽ അർത്ഥപൂർണമാക്കാം. ആര്, ആരോട്, എന്തിന്, എങ്ങനെ, എപ്പോൾ, എവിടെ തുടങ്ങിയ ചോദ്യങ്ങൾക്കു ഭാഷാരൂപങ്ങളുടെ വ്യവഹാരമൂല്യനിർണയനത്തിനുള്ള പ്രാധാന്യം അംഗീകരിക്കുന്നതാണ് വ്യവഹാരാപഗ്രഥനം ചെയ്യുന്നത്. പ്രകരണത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ മനസ്സിൽ വച്ചുകൊണ്ട് ഓരോ വ്യവഹാരത്തിലെയും സർവനാമങ്ങൾ, ബന്ധസൂചകങ്ങൾ, കാലാവാചികൾ പ്രകാര്യപ്രത്യയങ്ങൾ, സംബോധനകൾ, സമുച്ചയവികല്പങ്ങൾ, സഹായകക്രിയകൾ തുടങ്ങിയ ഭാഷാവിശേഷങ്ങൾ പ്രത്യേകമായോ ഘടനാപരമായോ പഠിക്കാവുന്നതാണ്. ഇവയെല്ലാം ചേർന്നു നിൽക്കുന്നതാണ് ഭാഷയുടെ സംവേദനശക്തി.

> Discourse analysis is a research method for studying written or spoken language in relation to its social context. It aims to understand how language is used in real life situations. Discourse analysis is a qualitative method of analysis, which explores the meanings produced by language use and communication, the contexts and processes of these meanings and practices caused by these meanings.

പുൽത്തകിടിയിൽ ചവിട്ടരുത്, നടപ്പാത ഉപയോഗിക്കുക ഈ രണ്ടു വാക്യങ്ങളും വെവ്വേറെ വായിക്കുമ്പോൾ കിട്ടുന്ന അർത്ഥത്തിൽനിന്നു വ്യത്യസ്തമാണല്ലോ അവ കൂട്ടിച്ചേർത്ത് വായിക്കുമ്പോൾ കിട്ടുന്നത്. പ്രസ്തുത രണ്ടുവാക്യങ്ങളും ചേർന്നു രൂപംകൊള്ളുന്ന അതിവാക്യ (meta sentence)ത്തിന് സ്വന്തമായ ഒരർത്ഥമുണ്ടെന്നു

വ്യക്തമാണ്. ഭാഷണത്തിൽ ഉണ്ടെന്നു കരുതേണ്ടിവരുന്ന, വാക്യത്തെക്കാൾ വലിയ, ഇത്തരം ഏകകങ്ങളാണ് വ്യവഹാരപഗ്രഥനത്തിലെ പഠനവിഷയം.

വാക്യത്തെ മുൻനിർത്തിയുള്ള ഭാഷാപഠനത്തിൽ ചിഹ്നവ്യവസ്ഥയാണ് വിശകലനം ചെയ്യുന്നത്. വ്യവഹാരപഠനത്തിലാവട്ടെ ഭാഷയിലൂടെയുള്ള അറിവിന്റെ വഴികൾ വിവരിക്കുന്നു. ജ്ഞാനാർജ്ജനം, ജ്ഞാനപ്രവാഹം, ജ്ഞാനവിതരണം, തുടങ്ങിയ മന:ശാസ്ത്രപരവും സാമൂഹികശാസ്ത്രപരവുമായ പഠനമേഖലകളിലേക്ക് ഭാഷാപഠന വ്യവഹാരചർച്ചയിലൂടെ വികസിക്കുന്നു.

ചോംസ്കിയുടെ രംഗപ്രവേശനത്തിനുശേഷമാണ് വാക്യത്തേക്കാളും വലിയ ഏകകങ്ങൾ ഭാഷയിൽ ശ്രദ്ധയാകർഷിക്കേണ്ടതാണെന്ന് ഭാഷാശാസ്ത്രജ്ഞർക്കു ബോധ്യപ്പെട്ടത്. വ്യവഹാരസന്ദർഭം വാക്യാർത്ഥത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്നുള്ള ചാൾസ് ഫിൽമോർ (Fillmore) എന്ന ഭാഷാശാസ്ത്രജ്ഞന്റെ നിരീക്ഷണങ്ങൾ വ്യവഹാരാപഗ്രഥനത്തിൽ ശ്രദ്ധേയങ്ങളാണ്. ഇടപെടലുകളിലെ ഭാഷാപ്രവർത്തനതത്വങ്ങളുടെ പഠനമാണ് പ്രയോഗവിജ്ഞാനം (Pragmatics) ഒരു ചിഹ്നത്തിനു മറ്റൊന്നിനോടുള്ള രൂപപരമായ ബന്ധത്തെക്കുറിച്ചാണ് വാക്യവിജ്ഞാനീയം പഠിക്കുന്നത്. ചിഹ്നങ്ങൾ എന്തിനു ഏതുവിധം ഉപയോഗിക്കുന്നുവെന്ന് അർത്ഥവിജ്ഞാനം അന്വേഷിക്കുന്നു. എന്നാൽ ചിഹ്നങ്ങളുടെ സ്വീകർത്താവും (user) വ്യാഖ്യാനവും (interpreter) തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് പ്രയോഗവിജ്ഞാനം അന്വേഷിക്കുന്നത്. ഇവിടെയാണ് വ്യവഹാരപഗ്രഥനം ശ്രദ്ധേയമാകുന്നത്. പ്രയോഗവിജ്ഞാനത്തിന്റെ ഉപശാഖയെന്ന നിലയിലാണ് ചില വൈയാകരണന്മാർ വ്യവഹാരപഗ്രഥനത്തെ കണക്കാക്കുന്നത്.

## 5.5 ആഖ്യാനവിജ്ഞാനം (Narratology)

യഥാർത്ഥമോ കൽപ്പിതമോ ആയ ഗതകാലസ്മരണകൾ മൗലികമായി ഭാഷയിലൂടെ അവതരിപ്പിക്കുന്നതാണ് ആഖ്യാനം. സംഭവ്യതയിലൂന്നുന്ന ശാസ്ത്രകഥകൾപോലും വായനക്കാരനിലെത്തുമ്പോൾ ഗതകാലസ്മരണകളായി മാറുന്നു. കഥ എത്ര ലളിതമായാലും അതിൽ ഒരു പ്രശ്നമെങ്കിലും ഉണ്ടാകും. ആ പ്രശ്നത്തിനു പരിഹാരം കാണുമ്പോഴെ അതു കഥയോ ആഖ്യാനമോ ആവൂ. ഇങ്ങനെയുള്ള ആഖ്യാനത്തെക്കുറിച്ചുള്ള പഠനമാണ് ആഖ്യാനപഠനം. ആഖ്യാനസംബന്ധിയായ എല്ലാ അറിവിനെയും ഉൾക്കൊള്ളുന്നതാണ് ആഖ്യാനവിജ്ഞാനം. അതായത് ആഖ്യാനപാഠങ്ങളുടെ അപഗ്രഥനത്തിന് ഘടനാവാദപരമായ ഭാഷാശാസ്ത്രമാതൃകകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്ന സാഹിത്യനിരൂപണശാഖയാണിത്. ഭാഷാശാസ്ത്രത്തിന്റെയും സാഹിത്യനിരൂപണത്തിന്റെയും സമന്വയമെന്നു പറയാറുള്ള ശൈലീവിജ്ഞാന(stylistics)ത്തിൽ ഉൾപ്പെടുന്ന ഒരു മേഖലകൂടിയാണിത്. എല്ലാ ആഖ്യാനപാഠങ്ങൾക്കും ഘടനനൽകുന്ന അതിന്റെ വ്യവസ്ഥകളെയും ചിട്ടകളെയും സങ്കേതങ്ങളെയും കണ്ടെത്തി വിശകലനം ചെയ്ത് പ്രസ്തുത കഥയ്ക്ക് അല്ലെങ്കിൽ ആഖ്യാനത്തിന് ഒരു ശാസ്ത്രവും കഥാകഥനത്തിന് ഒരു വ്യാകരണവും ഉണ്ടാക്കാനാണ് ആഖ്യാനവിജ്ഞാനം ലക്ഷ്യംവെയ്ക്കുന്നത്.

> Narratology, in literary theory, the study of narrative structure. Narratology looks at what narratives have in common and what makes one different from another.

1969–ൽ തോദറോവാണ് നാരറ്റോളജി (naroratology) എന്ന പദം ആദ്യമായി ഉപയോഗിച്ചത്. സാഹിത്യകൃതികളെ ഘടനാപരമായി അപഗ്രഥിക്കുക എന്നതായിരുന്നു. ആഖ്യാനവിജ്ഞാനപഠനത്തിന്റെ ആരംഭകാലങ്ങളിൽ ചെയ്തിരുന്നത്. ഘടനാബാഹ്യമായിട്ടുള്ളതൊന്നും അവർ പരിഗണിച്ചില്ല. പ്ളാസമിർ പ്രോപ്പ്, ലവിസ്ട്രോസ്, തോദറോവ് തുടങ്ങിയവരായിരുന്നു ഘടനാത്മക പഠനത്തിന്റെ പ്രയോക്താക്കൾ. സാംസ്കാരികമായ വ്യവസ്ഥകളെ ഘടനകളായി കേന്ദ്രീകരിച്ചുകൊണ്ട്

സാഹിത്യഘടനയെ രൂപപ്പെടുത്തുന്ന മൂർത്തമായ ഉപാധികളെ പഠിക്കാനാണ് അവർ ശ്രമിച്ചത്.

വാചികവും ലിഖിതവും ആഖ്യാനത്തിൽ ഉൾപ്പെടുന്നു. കഥയും കവിതയും നാടകവും ചിത്രവും ശില്പവും സിനിമയുമെല്ലാം വ്യത്യസ്തരൂപങ്ങൾ സ്വീകരിച്ചിട്ടുള്ള ആഖ്യാനങ്ങളാണ്. ആഖ്യാനസമ്പ്രദായങ്ങൾക്ക് അതതുജനതയുടെ സംസ്കാരത്തോട് അഭേദ്യമായ ബന്ധമുണ്ടാകും. പുരാവൃത്തം, കെട്ടുകഥ, പുരാണേതിഹാസങ്ങൾ, പാട്ടുകൾ, നാടകം, ചിത്രം, സിനിമ തുടങ്ങിയവയിലെല്ലാം ആഖ്യാനത്തിന്റെ വകഭേദങ്ങൾ കാണാം. ഒരു നരേറ്റീവ് (ആഖ്യാനം) എന്നാൽ താൽക്കാലികവും യാദൃച്ഛികവുമായ മാർഗത്തിലൂടെ അർത്ഥപൂർണമായി ബന്ധിപ്പിക്കപ്പെട്ട സംഭവപരമ്പരകളുടെ ചിഹ്നങ്ങൾകൊണ്ടുള്ള പ്രതിനിധാനമാണെന്ന് സൂസൻ ഒമേഗ നിരീക്ഷിക്കുന്നു. റഷ്യൻ സൈദ്ധാന്തികർ നരേറ്റീവിനെ ഫാബുല (Fabula) എന്നും സൂഷെ (Sjuzet) എന്നും രണ്ടായി തരംതിരിച്ചു. ഫ്രഞ്ച് സൈദ്ധാന്തികർ ഇവയെ ഹിസ്റ്റയർ (Histoire) എന്നും വ്യവഹാരം (Discourse) എന്നും പറയുന്നു. ഫാബുല അഥവാ കഥ എന്നത് സംഭവങ്ങളുടെ ശൃംഖലയാണ് വ്യവഹാരം ഈ സംഭവങ്ങളെ എങ്ങനെയാണ് അവതരിപ്പിക്കുന്നതെന്നു സൂചിപ്പിക്കുന്നു.

ആഖ്യാനത്തിന്റെ നാല് ലക്ഷണങ്ങളാണ് ആഖ്യാനത (narrativity), മാധ്യമത (mediacy) കാലികത (temporarity), സ്ഥലികത (spaliality) എന്നിവ.

**1. ആഖ്യാനത**

ആഖ്യാനത്തെ ആഖ്യാനമാക്കുന്ന രൂപപരവും സാന്ദർഭികവുമായ സവിശേഷതകളെയാണ് ആഖ്യാനത എന്നു പറയുന്നത്. ആഖ്യാതാവിനുള്ള രംഗവിവരണവൈഭവത്തിന്റെ ഏറ്റക്കുറച്ചിൽ, പരിപ്രേക്ഷ്യത്തിലെ ദൃഢമോ അല്ലാത്തതോ ആയ ഭാവവിശേഷങ്ങൾ മുതലായവയെ ആസ്പദമാക്കിയാണ് ആഖ്യാനത്തിന്റെ രൂപവൽക്കരണം.

**2. മാധ്യമത**

ആഖ്യാനവിജ്ഞാനത്തിലെ പ്രധാന പരികല്പനകളിലൊന്നായ മാധ്യമത എന്ന സങ്കല്പം Theory of Narrative എന്ന ഗ്രന്ഥത്തിൽ എഫ്.കെ. സ്റ്റാൻസലാണ് ആദ്യമായി അവതരിപ്പിക്കുന്നത്. മാധ്യമതയെ അപഗ്രഥിക്കുക എന്നത് ആഖ്യാനവിജ്ഞാനത്തിന്റെ പ്രധാനലക്ഷ്യമാണ്. കഥാഖ്യാനത്തിന് രണ്ട് മാർഗങ്ങളുണ്ട്. ആഖ്യാതാവ് അയാളുടെ ശൈലിയിലോ ഭാഷയിലോ കഥ പറയുന്ന രീതിയാണതിലൊന്ന്. മറ്റൊന്ന് കഥാപാത്രത്തിന്റെ ബോധമനസ്സിന്റെ പ്രവർത്തനങ്ങളിലൂടെ കഥ അനാവരണം ചെയ്യപ്പെടുന്നു. ഇത്തരത്തിലുള്ള കഥാപാത്രത്തെ പ്രതിക്ഷേപ(reflector)കഥാപാത്രമെന്നു പറയുന്നു. ആഖ്യാതവും പ്രതിക്ഷേപവും തമ്മിലുള്ള ദ്വൈതപ്രതിയോഗത്താൽ അനുവാചകൻ കഥാസ്വാദനത്തിൽ ഏറെ താല്പര്യം കാണിക്കുന്നു. മാധ്യമതയുടെ സുപ്രധാനഘടകമാണിത്.

ആഖ്യാനനിർവഹണം ഒരാളുടെയോ ഒന്നിലധികം പേരുടെയോ ചുമതലയാണെന്നു വരാം. ആഖ്യാതാവിന്റെ സാന്നിദ്ധ്യം അപ്പോൾ തികച്ചും പ്രകടമാകുന്നു. ആഖ്യാതാവ്, പ്രതിക്ഷേപകകഥാപാത്രം ഇവർക്കുണ്ടാകുന്ന വിവിധവകഭേദങ്ങൾ മാധ്യമതയുടെ പ്രകാരം (mode) എന്ന മാനത്തിൽപ്പെടുന്നു.

മാധ്യമതയുടെ അടുത്ത തലം വ്യക്തി (person) ആണ്. ആഖ്യാതാവിന്റെ നില ആഖ്യാനത്തിലെ സംഭവങ്ങളുടെ ഫലമായി രൂപംകൊള്ളുന്ന പ്രത്യേകപ്രപഞ്ചത്തിനു പുറത്തോ അകത്തോ എന്ന വസ്തുതയും ശ്രദ്ധേയമാണ്. ഇതിൽത്തന്നെ പലവകഭേദങ്ങളുണ്ടാകാം. ഈ വകഭേദങ്ങളുടെ ആകെത്തുകയാണ് person എന്ന സാങ്കേതിക സംജ്ഞകൊണ്ട് ആഖ്യാനവിജ്ഞാനത്തിൽ ഉദ്ദേശിക്കുന്നത്. മാധ്യമതയുടെ മറ്റൊരു ഘടകമാണ് പരിപ്രേക്ഷ്യം. വായനക്കാരന്റെ ഭാവനയെ സ്ഥലികമായും കാലികമായും രൂപപ്പെടുത്താൻ പരിപ്രേക്ഷ്യത്തിനു സാധിക്കുന്നു. കഥാപാത്രത്തിന്റെ വികാരവിചാരങ്ങൾ ആന്തരികപരിപ്രേക്ഷ്യം രേഖപ്പെടുത്തുമ്പോൾ അനുവാചകന് വ്യക്തമാകുന്നു. ബാഹ്യപരിപ്രേക്ഷ്യത്തിലാകട്ടെ അനുവാചകൻ പുറംലോകത്തിലെ വസ്തുക്കൾ കഥാപാത്രത്തിലൂടെ കാണുന്നു. ആഖ്യാതാവിന്റെ അസ്തിത്വം ചിലപ്പോൾ

കഥയിലെ സംഭവങ്ങളുടെ പുറത്തായിരിക്കും. അല്ലെങ്കിൽ കഥയിലെ സംഭവങ്ങളുടെ മധ്യേയായിരിക്കും. ആഖ്യാതാവിന്റെ ആഖ്യാനലോകത്തിലെ ഈ അസ്തിത്വം മാധ്യമതയുടെ പ്രധാനഘടകമാണ്.

**3. കാലികത**

പ്രപഞ്ചത്തിൽ വ്യക്തമാകുന്ന ആഖ്യാതികാലവും ബാഹ്യപ്രപഞ്ചത്തിൽ പ്രകടമാവുന്ന ഇഹലോകവും തമ്മിലെ ബന്ധമാണ് കാലികത. കാലബോധവും സ്ഥലബോധവും പരസ്പരം ദൃഢമായി ബന്ധപ്പെട്ടിരിക്കുന്നു. കാലികതയുടെ പഠനത്തിൽ പ്രസക്തമായ മൂന്നു ഘടകങ്ങളുണ്ട്. അവ;

- ക്രമം
- കാലയളവ്
- ആവർത്തനം എന്നിവയാണ്.

ക്രമം (Order) സ്ഥലകാലസംഘടനമാണ് ക്രമം. (എപ്പോൾ, ആദ്യമായി, പിന്നീട്, ഒന്നാമതായി, അവസാനത്തേത്) എന്നിങ്ങനെ.

കാലയളവ് (duration) : ആഖ്യാനത്തിൽവരുന്ന കാലയളവാണിത്. (എത്രസമയം: പത്തുമിനിട്ട്, മൂന്നുദിവസം, പന്ത്രണ്ടുകൊല്ലം).

ആവൃത്തി (frequency) : എത്രതവണ എന്നർത്ഥത്തിലുള്ള സൂചകങ്ങൾ ആഖ്യാതത്തിൽ വരുന്നു, അവയാണ് അവൃത്തി എന്നു കൊണ്ടുദ്ദേശിക്കുന്നത്. (ഒരു തവണ, നാലുപ്രാവശ്യം). എന്നീ ഘടകങ്ങളാണ് ഒരാഖ്യാനത്തിൽ കാലികതയെ സൂചിപ്പിക്കുന്നവ.

- **സ്ഥലികത**

സാഹിത്യത്തിലെയും കലയിലെയും സ്ഥലസങ്കല്പമാണിത്. കഥയിൽ ഉള്ളടങ്ങുന്ന സംഭവങ്ങൾ നടക്കുന്ന സ്ഥലമോ സ്ഥലങ്ങളുടെ ആകെത്തുകയോ ആണ് കഥാസ്ഥല സങ്കല്പമെന്നു പറയാവുന്ന ആഖ്യാനസ്ഥലം (Narrative Space). ഇതും കഥയിൽ നിന്നുണ്ടാവുന്ന സ്ഥലസങ്കല്പവും തമ്മിൽ സാമ്യവ്യത്യാസങ്ങളുണ്ടാകാം. കൊൽക്കത്തയിൽവച്ചു നടക്കുന്ന സംഭവങ്ങൾ കേരളത്തിലെ ഒരു ഗ്രാമത്തിലെ ഒരാൾ വീട്ടിലിരുന്ന് ആഖ്യാനം ചെയ്യുന്നു. അദ്ദേഹത്തിന് കൊൽക്കത്ത എത്രമാത്രം പരിചയമുണ്ടെന്നത് ആദ്യപ്രശ്നം. അതുതന്നെ എത്രമാത്രം പ്രസ്തുതാഖ്യാനത്തിൽ അവതരിപ്പിക്കാൻ സാധിക്കുന്നു എന്നതാണ് അടുത്ത പ്രശ്നം. കഥാസ്ഥലമായ കൊൽക്കത്ത അനുവാചകസങ്കല്പത്തിലെ കൊൽക്കത്തയിൽനിന്നു ഭിന്നമോ? വ്യത്യസ്തമെങ്കിൽ എത്രത്തോളം? എന്നത് മൂന്നാമത്തെ പ്രശ്നം.

കഥ ഏതെങ്കിലും വീക്ഷണകോണിലൂടെ അല്ലെങ്കിൽ പരിപ്രേക്ഷ്യത്തിലൂടെയാണ് അവതരിപ്പിക്കുന്നത്. കഥാപാഠത്തിൽ അവതരിപ്പിക്കുന്ന നിയതമായ വീക്ഷണകോണായ കേന്ദ്രീകരണം (Focalisation). സർവ്വജ്ഞനെപോലെ കാര്യങ്ങൾ പറഞ്ഞത് ഏതു സ്ഥലത്തേക്കും കാലത്തേക്കും അനുവാചകരെ കൂട്ടികൊണ്ടുപോകുന്ന സർവ്വജ്ഞവീക്ഷണ സ്ഥാനം (Omniscient point of view), കഥാകാരൻ കഥാപാത്രത്തെകൊണ്ട് കഥ പറയിക്കുന്ന രീതിയായ ഉത്തമപുരുഷാഖ്യാനരീതി (limited omniscient point of view). കഥയിലെ സംഭവങ്ങൾ ക്രമീകരിക്കുന്ന പ്രക്രിയായിട്ടുള്ള പ്ലോട്ട് അല്ലെങ്കിൽ വ്യവഹാരം എന്നിവയും ആഖ്യാനവിജ്ഞാനത്തിലെ പ്രധാനഘടകങ്ങളാണ്.

ഒരു ആഖ്യാനത്തെ നിർമിച്ചെടുക്കുന്ന എല്ലാ ഘടകങ്ങളെയും അപഗ്രഥിച്ച് അവ അങ്ങനെയാണ് കഥാകഥനത്തിന് ചിട്ടപ്പെടുന്നത്/ചിട്ടപ്പെടുത്തിയത് എന്നാണ് ആഖ്യാനശാസ്ത്രം പരിശോധിക്കുന്നത്. എഴുത്തുകാരന്റെയും വായക്കാരന്റെയും മാനസികവും ഭൗതികവുമായ ചിന്തകളുടെ ഐക്യപ്പെടലാണ് ആഖ്യാനത്തെ സവിശേഷമായ ഒരനുഭൂതിതലത്തിലേക്ക് മാറ്റുന്നത്.

## 5.6. മനോഭാഷാവിജ്ഞാനം (Psycho Linguistics)

1953–ൽ അമേരിക്കയിലുള്ള ബ്ലൂമിങ്ടൻ നഗരത്തിൽവെച്ച് നടന്ന സമ്മേളനത്തിന്റെ ഭാഗമായി ആരംഭിക്കുകയും 1960കളിൽ വികാസം പ്രാപിക്കുകയും ചെയ്ത ഭാഷാശാസ്ത്ര വിജ്ഞാനശാഖയാണ് മനോഭാഷാവിജ്ഞാനീയം അല്ലെങ്കിൽ മനോഭാഷാശാസ്ത്രം. ഭാഷയെ മന:ശ്ശാസ്ത്രസിദ്ധാന്തങ്ങളുപയോഗിച്ച് അപഗ്രഥിക്കുന്ന പുതിയ സാദ്ധ്യതകളോടുകൂടിയാണ് മനോഭാഷാവിജ്ഞാനീയം ആരംഭിച്ചത്. ഭാഷ തലച്ചോറിനോടും മനസ്സിനോടും ബന്ധപ്പെട്ടിരിക്കുന്നത് എപ്രകാരമെന്ന അന്വേഷണമാണ് മനോഭാഷാവിജ്ഞാനത്തിന്റെ പ്രധാനമണ്ഡലം. കൂടാതെ കുട്ടികളുടെ മാതൃഭാഷാ സമാർജനം (acquisition), ഭാഷാപരമായ മസ്തിഷ്കവ്യാപാരങ്ങൾ, ഭാഷാവൈകല്യങ്ങൾ, തുടങ്ങിയവയും പ്രധാന പഠനമേഖലകളാണ്.

> Psycholinguistics or psychology of language is the study of the psychological and neurobiological factors that enable humans to acquire, use, and understand language.

മനോഭാഷാവിജ്ഞാനീയത്തിലെ പ്രധാനമായ സിദ്ധാന്തങ്ങളാണ് കുട്ടികളുടെ ഭാഷാർജ്ജനത്തോട് ബന്ധപ്പെട്ടിട്ടുള്ളവ. ഭൂമിയിലേക്ക് ജനിച്ചുവീഴുന്ന കുട്ടി എങ്ങനെയാണ് ഘടനാബന്ധങ്ങളോടുകൂടിയ ഭാഷ വളരെ എളുപ്പത്തിൽ പഠിക്കുന്നത് എന്നതിനെ മുൻനിർത്തിയാണ് ഈ സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. അവ യഥാക്രമം സംവേദനപ്രതികരണവാദമെന്നും സൃഷ്ട്യുന്മുഖതാവാദമെന്നുമാണ് അറിയപ്പെടുന്നത്.

ശിശുക്കളിൽ ഭാഷാസമാർജനം നടക്കുന്നത് അനുകരണമോ സംവേദനപ്രതികരണമോ മൂലമോ ആണെന്നാണ് സംവേദനപ്രതികരണവാദികൾ സിദ്ധാന്തിക്കുന്നത്. കുട്ടികളുടെ സഹജീവികളിൽനിന്നു അനുകരണത്തിലൂടെയാണ് അവർ ഭാഷാ സ്വായക്തമാക്കുന്നത്. സമൂഹവുമായുള്ള നിരന്തരമായ സമ്പർക്കത്തിലൂടെ അവർ സസൂക്ഷ്മം ഭാഷയെ നിരീക്ഷിച്ചു ഓർമിച്ചു വയ്ക്കുന്നു. ഇവ സന്ദാർഭാനുസരണം ഉപയോഗിക്കുകയും ചെയ്യുന്നു. സന്ദർഭാനുഗുണമായി സംവേദനങ്ങളോടു പ്രതികരിക്കുന്നതിൽനിന്നാണ് ഭാഷയുടെ ഉപയോഗം അവരിൽ സാദ്ധ്യമാകുന്നത്. കുട്ടിയുടെ സന്ദർഭനിഷ്ടമായ പെരുമാറ്റം, അനുകരണം, സദൃശ്യകല്പനം (Analogy) എന്നിവയിലൂടെ പരിചയം, ആവർത്തനം, ഓർമ എന്നിവയുടെ അടിസ്ഥാനത്തിൽ കുട്ടിയോടൊപ്പം ഭാഷയും വികസിച്ചുവരുന്നുവെന്ന് സംവേദനപ്രതികരണവാദം സിദ്ധാന്തിക്കുന്നു.

എന്നാൽ സൃഷ്ട്യുന്മുഖവാദികൾ, ഭാഷാസ്വാംശികരിക്കുന്നതിനനുകൂലമായ രീതിയിൽ സ്വയം സംഘടിക്കാൻ തക്കവണ്ണമുള്ള ജന്മസിദ്ധമായ കഴിവ് കുട്ടികൾക്കുണ്ടെന്ന് പറയുന്നു. മീനിനു നീന്താനും പക്ഷികൾക്കു പറക്കാനുമുള്ള കഴിവുള്ളതുപോലെ ജനത്തോടൊപ്പം തലച്ചോറിന്റെ ഘടനയിലുള്ളതാണെന്ന് ഇവർ പറയുന്നു. ഭാഷണത്തിന്റെ സ്വീകരണവും ഉൽപാദനവും കൂടിച്ചേരുന്ന സൃഷ്ട്യുന്മുഖത വെളിപ്പെടുത്തുന്ന സാഹചര്യനിഷ്ഠവും സ്വാഭാവികവുമായ മാനസിക പ്രക്രിയയുടെ ഫലമാണ് കുട്ടിയുടെ ഭാഷാസമാർജനം. ഭാഷാനിയമങ്ങളുടെ എല്ലാ സ്വഭാവവിശേഷങ്ങൾക്കും നിദാനമായിരിക്കുന്ന നിയമങ്ങളെ സൃഷ്ട്യുന്മുഖതമൂലം വികസിപ്പിക്കാൻ കുട്ടികൾക്കു കഴിയുന്നു. സ്വാഭാവികമായി അവർ ആർജിച്ചെടുക്കുന്ന ഈ കഴിവ് ജന്മസിദ്ധമാണെന്ന് ചോംസ്കി കണ്ടെത്തുന്നു.

## 5.7. പ്രയോഗവിജ്ഞാനം (Pragmatics)

ഭാഷയെ അതിന്റെ പ്രയോക്താക്കളുമായി ബന്ധപ്പെടുത്തി പഠിക്കുന്ന ഭാഷാശാസ്ത്രശാഖയാണ് പ്രയോഗവിജ്ഞാനം അല്ലെങ്കിൽ പ്രകരണവിജ്ഞാനം. ഭാഷണത്തിന്റെ അർത്ഥത്തെ സന്ദർഭം ഏതെല്ലാം തരത്തിൽ സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ചുള്ള പഠനമാണിത്. സ്വാഭാവികഭാഷാതത്വവിജ്ഞാനം (natural language philosophy) അഥവാ ഭാഷണപ്രവൃത്തിസിദ്ധാന്ത(speech act theory)മാണ് പ്രകരണ

വിജ്ഞാനത്തിന്റെ പ്രധാനഅടിസ്ഥാനം. പ്രയോഗവിജ്ഞാനം അർത്ഥവിജ്ഞാനത്തിന്റേതിൽനിന്നും വാക്യവിജ്ഞാനത്തിന്റേതിൽനിന്നും വ്യത്യസ്തമായാണ് ഭാഷയെ പഠിക്കുന്നത്. ഭാഷാപ്രയോക്താക്കൾ പ്രത്യേകലക്ഷ്യങ്ങൾക്കായി പരിമിതികളിൽനിന്നുകൊണ്ടുതന്നെ ഭാഷയുടെ പരമാവധിസാദ്ധ്യതകളെ ഉപയോഗിച്ച് ഭാഷാപ്രയോഗം നടത്തുന്നു. ഇത് എങ്ങനെയാണ് സാധിക്കുന്നത് എന്ന് വിശകലനം ചെയ്യാനാണ് പ്രയോഗവിജ്ഞാനം ശ്രമിക്കുന്നത്. വിവിധഘടകങ്ങൾ സംഭാഷണത്തിൽ ഇണങ്ങിചേരുന്നതിനാൽ വാക്യത്തിനുണ്ടാകുന്ന അർത്ഥത്തിനപ്പുറത്ത് സന്ദർഭാനുസരണം വാക്യാർത്ഥം എങ്ങനെ മാറിമറയുന്നുവെന്ന വസ്തുതയിലാണ് ഈ പഠനമേഖലയ്ക്ക് ഊന്നൽ കൊടുക്കുന്നത്. വക്താവിന്റെ ഉദ്ദേശ്യം, ശ്രോതാവ് ധരിച്ചത്, ഇവ രണ്ടും തമ്മിൽ സംഭവിക്കാറുള്ള വ്യത്യാസം ഇവ മൂന്നും പ്രയോഗവിജ്ഞാനത്തിൽ പ്രസക്തമാണ്. ഭാഷാപ്രയോഗമാണ് എന്ന വ്യക്തമായസങ്കല്പനത്തിൽനിന്ന് രൂപപ്പെട്ട പ്രയോഗവിജ്ഞാനം പരസ്യങ്ങളിലെ സവിശേഷമായ ഭാഷാപ്രയോഗങ്ങളും മറ്റും വിശകലനം ചെയ്യാൻ പ്രയോജനപ്പെടുന്നു.

> Pragmatics, in linguistics and philosophy, the study of the use of natural language in communication; more generally, the study of the relations between languages and their users. It is sometimes defined in contrast with linguistic semantics, which can be described as the study of the rule systems that determine the literal meanings of linguistic expressions. Pragmatics is then the study of how both literal and nonliteral aspects of communicated linguistic meaning are determined by principles that refer to the physical or social context (broadly construed) in which language is used.

### 5.8. കംപ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് (Computational Linguistics)

ഭാഷാശാസ്ത്രത്തിലെ സജീവമായ പഠനമേഖലകളിലെന്നാൽ കമ്പ്യൂട്ടർ ഭാഷാശാസ്ത്രം അഥവാ കംപ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്. ഭാഷയും സാങ്കേതികവിദ്യയും സമന്വയിക്കുന്ന കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ പ്രവർത്തനമണ്ഡലങ്ങൾ വളരെ വലുതാണ്. മനുഷ്യഭാഷയെയും അതിന്റെ ഘടനാപരമായ പ്രത്യേകതകളെയും മനസ്സിലാക്കി അതിനുസമാനമായ കമ്പ്യൂട്ടർമോഡലുകൾ ഉണ്ടാക്കുകയാണ് ഇതിൽ ചെയ്യുന്നത്. മനുഷ്യൻ ഭാഷയെ മനസ്സിലാക്കുന്നതുപോലെ ഒരു യന്ത്രത്തിനും ഭാഷയെ മനസ്സിലാക്കാൻ കഴിയുന്നതരത്തിൽ ഭാഷയെ സാങ്കേതികവിദ്യയുടെ ഘടനയിലേക്കു മാറ്റുന്ന പ്രവൃത്തികളാണ് ഈ പഠനശാഖയിൽ നടക്കുന്നത്. യന്ത്രം, മനുഷ്യന്റെ സുഹൃത്തും വഴികാട്ടിയും ആയിരിക്കണം എന്ന ചിന്താഗതിയനുസരിച്ച് ഒരു യന്ത്രം രൂപകല്പന ചെയ്യുമ്പോൾ അതിനു മനുഷ്യന്റെ ഭാഷയും മനസ്സിലാക്കാൻ കഴിയണം. ഇവിടെ ഈ പഠനമേഖലയുടെ പ്രസക്തി.

> "The scientific study of language from computational perspective. Computational Llinguistics are interested in providing computational models of various kinds of linguistic phenomena."

കമ്പ്യൂട്ടറിനുവേണ്ടി സ്വാഭാവികഭാഷയെ റൂൾ അധിഷ്ഠിതമായി അപഗ്രഥിക്കുന്ന ഒരു അന്തർവിജ്ഞാനപഠനമേഖലയാണിത്. പരമ്പരാഗതമായി സ്വാഭാവികഭാഷാസംസ്കരണത്തിൽ (Natural Language Processing) അവഗാഹമുള്ള കമ്പ്യൂട്ടർശാസ്ത്രജ്ഞന്മാരാണ് ഇത്തരം പഠനങ്ങളിൽ വ്യാപരിച്ചിരുന്നത് എന്നാൽ ലക്ഷ്യഭാഷയിലെ വിദഗ്ദർ, ഗണിതശാസ്ത്രജ്ഞർ, ന്യൂറോശാസ്ത്രജ്ഞന്മാർ, നരവംശശാസ്ത്രജ്ഞർ, കോഗ്നിറ്റീവ് ശാസ്ത്രജ്ഞന്മാർ തുടങ്ങി നിരവധി മേഖലയിലുള്ളവർ ഈയൊരു പഠനത്തിൽ പങ്കാളിയാകുന്നു. അന്തർവൈജ്ഞാനികമായ നിരവധി മേഖലകളിൽ കമ്പ്യൂട്ടേഷണൽലിംഗ്വിസ്റ്റിക്സ് അതിന്റെ പ്രാധാന്യവും ആവശ്യകതയും തെളിയിച്ചു കഴിഞ്ഞു. സ്വാഭാവികഭാഷാസംസ്കരണ(Natural Language Processing)ത്തിന്റെ മേഖലയിൽ ഇന്ന് ജനപ്രിയമായികൊണ്ടിരിക്കുന്നു. കമ്പ്യൂട്ടറുപയോഗിച്ചു ലിഖിതപാഠമോ ഭാഷണമോ സംസ്കരിക്കൽ അഥവ ഉത്പാദിപ്പിക്കുകയോ ഗ്രഹിക്കുകയോ ചെയ്യലാണ് സ്വാഭാവികഭാഷാസംസ്കരണം (NLP). യന്ത്രതർജ്ജമ, വോയ്സ് റെക്കഗ്നേഷൻ തുടങ്ങിയവ ഇതുവഴിയുള്ള നേട്ടമാണ് സ്പെല്ലിങ്ങും വ്യാകരണസാധുതയും പരിശോധിക്കാനും

രേഖകളുടെ സംഗ്രഹം തയ്യാറാക്കാനും കഴിവുള്ള സംവിധാനങ്ങളുടെ നിർമിതിയാണ് ഏറ്റവും ശ്രദ്ധേയം. അത്രമാത്രം കമ്പ്യൂട്ടറധിഷ്ഠിത ഭാഷാസംസ്കരണപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ആപ്പിൾ മൊബൈലിലെ സിരി, ആൻഡ്രോയിഡ് മൊബൈലുകകളിലെ വോയ്സ് സെർച്ച്, ആമസോണിന്റെ വോയ്സ് റെക്കഗ്നേഷൻ ഉപകരണമായ എക്കോ എന്നിവ ഇതിനുദാഹരണങ്ങളാണ്.

ഭാഷണഗ്രഹണത്തിന്റെ ഒരു ഭാഗമാണ് സ്പീച്ച് റെക്കഗ്നേഷൻ (speech recognition). കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അൽഗൊരിഥം മുഖേന ഭാഷണചിഹ്നത്തെ പദശ്രേണിയാക്കി പരിവർത്തനം ചെയ്യുന്ന പ്രക്രിയയാണിതിൽ നടക്കുന്നത്. വാമൊഴിയിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിവുള്ള യന്ത്രസംവിധാനത്തിൽ ഓട്ടോമാറ്റിക്ക് സ്പീച്ച് റെക്കഗ്നേഷന് അതിന്റേതായ പ്രാധാന്യമുണ്ട്. ഇന്ന് നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ് ഇത്തരം മെഷീനുകൾ.

കമ്പ്യൂട്ടേഷണൽലിംഗ്വിസ്റ്റിക്സിന്റെ മറ്റൊരു മേഖലയാണ് ഭാഷണസംശ്ലേഷണം (Language synthesis) സോഫ്റ്റ് വെയറോ ഹാർഡ്‌വെയറോ മുഖേന പ്രവർത്തിക്കാവുന്ന കമ്പ്യൂട്ടറിൽ ഭാഷണം കൃത്രിമമമായി നിർമിക്കാൻ സാധിക്കുന്നു. തൃപ്തികരമായ ഗ്രാഹ്യതയാർന്ന ഭാഷണസംശ്ലേഷണവ്യവസ്ഥ കാഴ്ചശക്തിയോ വായിക്കാൻ ബുദ്ധിമുട്ടുള്ളവരോ ആയ വ്യക്തികൾക്ക് വീട്ടിലെ കമ്പ്യൂട്ടറിനോടു ഘടിപ്പിച്ചാൽ ഉപയോഗ്യമാകും. കൂടാതെ മാതൃഭൂമി, മലയാളമനോരമ ദിനപത്രങ്ങളുടെ ഓണലൈൻ പതിപ്പിൽ വാർത്തകൾ ഭാഷണസംശ്ലേഷണമാക്കി മാറ്റുന്നത് യാത്രയിലും മറ്റും ഹെഡ്ഫോൺ ഉപയോഗിച്ച് കേൾക്കാൻ ഉപകാരപ്രദമാകുന്നുണ്ട്. പക്ഷേ വാർത്തയിലെ യഥാർത്ഥവിരാമം, ഈണം എന്നിവ ഭാഷണസംശ്ലേഷണത്തിൽ ചോർന്നു പോകുന്നുണ്ട്. യന്ത്രവിവർത്തനത്തിന്റെ ഓരോ ഘട്ടവും പുരോഗമിക്കുന്നത് കമ്പ്യൂട്ടർ ഭാഷാശാസ്ത്രത്തിന്റെ പ്രായോഗികമായ തത്വങ്ങളുപയോഗിച്ചാണ്. കൂടാതെ കമ്പ്യൂട്ടർ സഹായം പ്രയോജനപ്പെടുത്തികൊണ്ട് നിർവഹിക്കുന്ന ബൃഹത്തായ രേഖസഞ്ചയത്തെ കുറിക്കുന്ന കോർപ്പസ് ലിംഗ്വിസ്റ്റിക്സ് (Corpus Linguistics), ഏതെങ്കിലുമൊരു ഭാഷാവിശേഷത്തിന്റെയോ ഭാഷയുടെ വിവിധതരം പ്രയോഗത്തിന്റെയോ മാതൃകകൾ കമ്പ്യൂട്ടറിനു കൈകാര്യം ചെയ്യാവുന്നരീതിയിൽ സഞ്ചയിച്ചു വയ്ക്കുകയും കമ്പ്യൂട്ടർ മുഖേനയുള്ള പഠനങ്ങളിൽ അവ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിലാണ് ശ്രദ്ധിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, യന്ത്രവിവർത്തനം, ഭാഷാകേന്ദ്രിതമായ വിവിധതരം മൊബൈൽആപ്പകുൾ തുടങ്ങിയ നിത്യജീവിതത്തിലുപയോഗത്തിലുള്ള മേഖലകളിൽ കമ്പ്യൂട്ടർ ഭാഷാശാസ്ത്രത്തിന്റെ തത്വം ഉപയോഗിക്കുന്നുണ്ട്. ഭാഷയും സാങ്കേതികവിദ്യയും സമന്വയിക്കുന്ന പഠനമാണ് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്.

### 5.9. ഇന്റർനെറ്റ് ഭാഷാശാസ്ത്രം (Internet Linguistics)

ഇന്റർനെറ്റിന്റെ പ്രചാരത്തിനോടനുബന്ധിച്ച് ഉണ്ടായ ഭാഷാശാസ്ത്രഉപശാഖയാണ് ഇന്റർനെറ്റ് ഭാഷാശാസ്ത്രം. ഇംഗ്ലീഷ് ലിംഗ്വിസ്റ്റായ ഡേവിഡ് ക്രിസ്റ്റലാണ് ഇന്റർനെറ്റ് ലിംഗ്വിസ്റ്റിക്സ് എന്ന സംജ്ഞ ആദ്യമായി ഉപയോഗിക്കുന്നത്. ഇന്റർനെറ്റിന്റെ സ്വാധീനഫലമായുണ്ടായ പുതിയ ഭാഷാരൂപങ്ങളെയും ശൈലികളെയും പറ്റിയുള്ള പഠനമാണ് ഇന്റർനെറ്റ് ഭാഷാപഠനത്തിൽ അന്വേഷിക്കുന്നത്. അതായത് എസ്.എം.എസ്, ടെക്സ്റ്റ് മെസേജ് എന്നിവയിലൂടെ പ്രചാരത്തിലായ പുതിയ ഭാഷയെക്കുറിച്ചുള്ള പഠനമാണിത്. ഇന്റർനെറ്റ്ഭാഷാശാസ്ത്രത്തിന്റെ പഠനം പ്രധാനമായും നാലു തലങ്ങളിലാണ് നടക്കുന്നത് അവ യഥാക്രമം സാമൂഹികഭാഷാശാസ്ത്രം (Socio Linguistics), വിദ്യാഭ്യാസം (Education), ശൈലിവിജ്ഞാനം (Stylistics), പ്രയുക്തഭാഷാശാസ്ത്രം (Applied Linguistics) എന്നിങ്ങനെയാണ്. ഡേവിഡ് ക്രിസ്റ്റലിന്റെ (David Crystal) Texting : The Gr8 Db8 (Texting The Great Debate) എന്ന ഗ്രന്ഥമാണ് ഇന്റർനെറ്റ് ഭാഷാശാസ്ത്രത്തിലെ പ്രധാനപ്പെട്ട കൃതി.

> Internet linguistics studies new language styles and forms that have arisen under the influence of the Internet and of other new media, such as Short Message Service (SMS) text messaging and so on

ഇന്റർനെറ്റിന്റെ വികാസം ഭാഷയിലുണ്ടാകുന്ന സ്വാധീനം സമൂഹം എങ്ങനെ നോക്കിക്കാണുന്നു എന്നാണ് സാമൂഹ്യഭാഷാശാസ്ത്രതലത്തിൽ അന്വേഷിക്കുന്നത്. പുതിയ സാങ്കേതികവിദ്യയുടെ കണ്ടുപിടിത്തം ഭാഷയിൽ പലസ്വാധീനങ്ങളും ചെലുത്താറുണ്ട്. പതിനഞ്ചാംനൂറ്റാണ്ടിൽ അച്ചടി അവതരിപ്പിച്ചപ്പോഴും പത്തൊമ്പതാംനൂറ്റാണ്ടിൽ ടെലിഫോൺ കണ്ടുപിടിച്ചപ്പോഴും ഇരുപതാംനൂറ്റാണ്ടിൽ ബ്രോഡ്കാസ്റ്റിങ് തുടങ്ങിയപ്പോഴും സമൂഹത്തിൽ വമ്പിച്ച സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. വിദ്യാഭ്യാസതലത്തിൽ, മാനകഭാഷയിലും ബോധനത്തിനുവേണ്ടിയുള്ള ഭാഷയിലും ഇന്റർനെറ്റ്ഭാഷ ചെലുത്തിയ സ്വാധീനമാണ് പരിശോധിക്കുന്നത്. എസ്.എം.എസിലും മറ്റ് മെസ്സേജ് ആപ്പുകളിലും ഉപയോഗിക്കുന്ന വ്യാകരണപരമായി ശരിയല്ലാത്ത രൂപങ്ങളുടെയും ചുരുക്കെഴുത്തുകളും മറ്റും മാനകവ്യവഹാരങ്ങളിൽ കടന്നുവരത്തക്കരീതിയിൽ സ്വാധീനം ചെലുത്തുന്നുണ്ട്. കൂടാതെ ഉത്തരപേപ്പറിലും ഇത്തരത്തിലുള്ള അബദ്ധങ്ങൾ കടന്നുവരത്തക്കരീതിയിൽ ഇന്റർനെറ്റ്ഭാഷയുടെ അതിപ്രസരം കടന്നുവന്നതായി നവോമി എസ്. ബാരോൺ ചൂണ്ടിക്കാട്ടുന്നു. ഇംഗ്ലീഷിലെ അനൗപചാരിക സംഭാഷണങ്ങളിൽ കടന്നുവരുന്ന 'guy' എന്ന വാക്ക് ഉത്തരപേപ്പറുകളിൽ person, man, boy എന്നീ മാനകപദങ്ങൾക്കു പകരമായി ഉപയോഗിച്ചു കാണുന്നത് ഇതിനുദാഹരണമാണ്. ശൈലീപരമായ തലത്തിൽ, സാഹിത്യത്തിലും സാധാരണ വ്യവഹാരഭാഷയിലും ഇന്റർനെറ്റും അതിനോടനുബന്ധ സാങ്കേതിക വിദ്യകളുടെയും സ്വാധീനഫലമായുണ്ടായ ഭാഷയിലെ പുത്തൻശൈലികളെക്കുറിച്ചാണ് അന്വേഷിക്കുന്നത്. സൈബർ സ്പേസിലെ സാഹിത്യകൃതികളും മറ്റും സൈബറിനെ മുൻനിർത്തി എഴുതപ്പെടുന്ന സാഹിത്യകൃതികളിലും ഇത്തരത്തിലുള്ള പുതുപ്രയോഗങ്ങൾ കാണാം. പ്രായോഗികതലത്തിൽ ഇന്റർനെറ്റിന്റെ ആശയവിനിമയശേഷിയുടെ അടിസ്ഥാനത്തിൽ ഭാഷയ്ക്ക് ഗുണവും ദോഷവുമായുണ്ടാകുന്ന ചൂഷണത്തെയാണ് വീക്ഷിക്കുന്നത്. ആപ്പുകൾ, വെബ്സൈറ്റുകൾ തുടങ്ങിയ എല്ലാ സൈബർ ഇടങ്ങളിലും ഇംഗ്ലീഷ്ഭാഷയുടെ അതിപ്രസരവും, ഇംഗ്ലീഷ് കേന്ദ്രീകൃതമായ പദങ്ങളുമാണ് ആധിപത്യം വഹിക്കുന്നത്. എന്നിരുന്നാലും താരതമ്യേന മറ്റ് ഭാഷകൾ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധേയമാണ്.

തിരക്കുപിടിച്ചജീവിതവും സാങ്കേതികവിദ്യ വഴി ലഭിച്ച എളുപ്പമാർഗങ്ങളും സാങ്കേതികവിദ്യയിലെ പരിമിതികളുമാണ് എസ്എംഎസ് ഭാഷകളെ ഉണ്ടാക്കിയെടുത്തത്. ശരിയേത് തെറ്റേതെന്ന് നിർണയിക്കാൻ കഴിയാത്തവിധത്തിൽ ഭാഷയുടെ മാനകരൂപങ്ങളെ വെല്ലുവിളിക്കാൻ പാകത്തിലാണ് ഇത്തരം പ്രയോഗങ്ങൾ കടന്നുവന്നത്. പദങ്ങൾക്കിടയിലെ സ്പേസ് ഉൾപ്പെട്ട 160-ൽ അധികം ചിഹ്നങ്ങൾക്കാവശ്യമായ ഇടം ഒരു എസ്എംഎസ് (Short Message Service) ഒട്ടേറെ ചുരുക്കെഴുത്തുകളും ചിഹ്നങ്ങളും കടന്നുവന്നു.

ഉദാ: You are very beautiful – u r vry btfl

good night – gdni8, gn.

മലയാളലിപിയിൽ എഴുതുവാനുള്ള ചില ബുദ്ധിമുട്ടുകൾ കാരണം ലിപ്യന്തരണം ചെയ്താണ് സാധാരണ സന്ദേശങ്ങൾ അയക്കുന്നത്. ഉദാ: നീ ഉറങ്ങിയോ – nee urangiyo ഗൂഗിൾ ഇൻപുട്ട് തുടങ്ങിയ ആപ്പുകൾ വന്നതോടെ പ്രാദേശികഭാഷകൾ എഴുതാനുള്ള സാധ്യതകൾ കൂടി വരുന്നുണ്ട്.

ഇന്റർനെറ്റ്ന്റെ പല മേഖലകളിൽ ഭാഷയ്ക്കു സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചാണ് ഇന്റർനെറ്റ് ഭാഷാശാസ്ത്രം അന്വേഷിക്കുന്നത്. അതായത് ഇന്റർനെറ്റ് എങ്ങനെയാണ് ഭാഷയെ സ്വാധീനിക്കുന്നതെന്നും നിലവിലുള്ള ഭാഷാവ്യവസ്ഥയെ അതെങ്ങനെ ബാധിക്കുന്നുവെന്നും അതിന്റെ കാരണമെന്തെന്നും പ്രതിവിധികൾ ഏതെന്നും ഈ നൂതന പഠനശാഖ അന്വേഷിക്കുന്നു. ഭാഷാഗവേഷണത്തിന് സാധ്യതയുള്ള ഒരു മേഖലയാണിതെന്ന് തർക്കമില്ല.

## മാതൃക ചോദ്യപേപ്പർ
## FIRST SEMESTER M A DEGREE EXAMINATION, OCTOBER 2019
## MAL2CO7 ഭാഷാശാസ്ത്രം

സമയം: 3 മണിക്കൂർ
Weightage : 30

I. **രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലുചോദ്യത്തിനുത്തരമെഴുതുക**

1. ഭാഷയ്ക്ക് ഉചിതമായ നിർവചനങ്ങൾ നൽകി അതിന്റെ സവിശേഷതകൾ സംഗ്രഹിക്കുക.
2. വ്യാകരണം, ഭാഷാവിജ്ഞാനം, ഭാഷാശാസ്ത്രം എന്നീ പഠനമേഖലകൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?
3. മാനസ്വരങ്ങളുടെ പ്രത്യേകതകളെന്തെല്ലാം?
4. മലയാളത്തിലെ ഉപലേഖങ്ങളെ പരിചയപ്പെടുത്തുക.
5. സവർണനം (Assimilation) അസമീകരണം (Dissimilation) എന്നിവ മലയാളഭാഷയെ മുൻനിർത്തി നിർണയിക്കുക.
6. സാമൂഹ്യചരങ്ങൾ എന്തെല്ലാം?
7. നിഘണ്ടുവും വ്യാകരണവും തമ്മിലുള്ള ബന്ധം ചർച്ചചെയ്യുക.

(4x2=8 weightage)

II. **നാലുപുറത്തിൽ കവിയാതെ ഏതെങ്കിലും നാലുചോദ്യത്തിന് ഉത്തരമെഴുതുക.**

8. കുട്ടികളുടെ ഭാഷാബോധം വികസിക്കുന്ന വിവിധഘട്ടങ്ങൾ വിശകലനം ചെയ്യുക.
9. ബഹുകാലികഭാഷാപഗ്രഥനത്തിന്റെ പഠനമേഖലയും പഠനസമ്പ്രദായങ്ങളും നിരൂപിക്കുക.
10. അന്താരാഷ്ട്രസ്വന ലിപിമാല (IPA) യുടെ പ്രാധാന്യം പരിശോധിക്കുക.
11. സ്വനം–സ്വനിമം–ഉപസ്വനം എന്നിവയെ നിർവ്വചിച്ച് ഉദാഹരിക്കുക.
12. അർത്ഥത്തെ നിർവചിച്ച് അർത്ഥപരിണാമ(semantic change)ത്തിന്റെ കാരണങ്ങൾ നിരൂപിക്കുക.
13. ‘ആവശ്യം കൊണ്ടെന്നപോലെതന്നെ മാന്യതാബോധംകൊണ്ടും ഇംഗ്ലീഷിൽനിന്ന് പദദാനം നടക്കുന്നുണ്ട്’’. ഉദാഹരണങ്ങളെ അടിസ്ഥാനമാക്കി തെളിയിക്കുക.
14. കമ്പ്യൂട്ടർ ഭാഷാശാസ്ത്രത്തിന്റെ പ്രായോഗികതലങ്ങളെക്കുറിച്ച് വിവരിക്കുക.

(4x3=12 weightage)

III. **ആറുപുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിനു ഉത്തരമെഴുതുക**

15. ഭാഷാപഗ്രഥനത്തിൽ ഘടനാത്മാകസമീപനത്തിന്റെ സംഗത്യം വ്യക്തമാക്കുക.
16. രചനാന്തരണപ്രജനകവ്യാകരണത്തിന്റെ അടിസ്ഥാനതത്ത്വം വിശകലനം ചെയ്യുക.
17. ഭാഷാഭേദം എന്നാലെന്ത്? ഭാഷാഭേദനിർണനയത്തിന്റെ വിവിധഘട്ടങ്ങളെ പരിചയപ്പെടുത്തുക.
18. ശൈലീവിജ്ഞാനത്തിന്റെ തത്ത്വങ്ങൾ പ്രതിപാദിച്ച്, ഒരു വിമർശനപദ്ധതി എന്ന നിലയിൽ ശൈലീവിജ്ഞാനത്തിന്റെ പരിമിതികൾ നിർണയിക്കുക.

(2x5=10 weightage)

●

## സഹായകഗ്രന്ഥങ്ങൾ


അച്യുതൻ, എം. *പാശ്ചാത്യസാഹിത്യദർശനം.* കോട്ടയം: ഡിസി ബുക്സ്, 2011.

അർജുനൻ, വെള്ളായണി. *ഗവേഷണമേഖല.* കോട്ടയം: നാഷ്ണൽ ബുക്സ്സ്റ്റാൾ, 1983.

ആൻഡ്രൂസ്കുട്ടി,എ.പി. *ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും-മലയാളത്തിൽ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

ഗോദവർമ, കെ. *കേരളഭാഷാവിജ്ഞാനീയം.* തിരുവനന്തപുരം: കേരളസർവകലാശാല, 1996.

ജോയ്പോൾ, കെ., സോളി, വി.ആർ. *ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും.* തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം, 2009.

ജോസഫ്,പി.എം. *മലയാളത്തിലെ പരകീയപദങ്ങൾ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995.

നമ്പൂതിരി, ഇ.വി.എൻ. *ഭാഷാവിജ്ഞാനീയം.* കോഴിക്കോട് : പൂർണ പബ്ലിക്കേഷൻസ്, 2002.

നമ്പൂതിരി, ഇ.വി.എൻ. *വാക്യഘടന.* തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1997.

നാരായണപിള്ള,കെ.എസ്. 'സ്ട്രക്ചറലിസം'. *സമകാലനിരൂപണത്തിന്റെ വ്യത്യസ്തമുഖങ്ങൾ.* എഡി രാമചന്ദ്രൻനായർ, പന്മന. കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2005.

പ്രബോധചന്ദ്രൻ നായർ, വി.ആർ. *ഭാഷാശാസ്ത്രനിഘണ്ടു.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.

പ്രബോധചന്ദ്രൻ,വി.ആർ. 'ശൈലീനിഷ്ഠനിരൂപണം'. *സമകാലനിരൂപണത്തിന്റെ വ്യത്യസ്ത മുഖങ്ങൾ.* എഡി. രാമചന്ദ്രൻനായർ, പന്മന, കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 2005.

പ്രബോധചന്ദ്രൻനായർ, വി.ആർ. *ഭാഷാശാസ്ത്രപരിചയം.* തിരുവനന്തപുരം: മാളുബൻ പബ്ലിക്കേഷൻസ്, 2016.

പ്രഭാകരവാര്യർ, കെ.എം., ശാന്താ അഗസ്റ്റിൻ. *ആധുനികഭാഷാശാസ്ത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1998.

പ്രഭാകരവാര്യർ, കെ.എം., *ഭാഷാശാസ്ത്രവിവേകം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2013.

പ്രഭാകരവാര്യർ, കെ.എം. *കവിതയും ഭാഷയും.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2009.

പ്രഭാകരവാര്യർ, കെ.എം. *ഭാഷയും മനസ്സും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1978.

മൂസ്സത്, എൻ.എൻ. *വ്യാകരണവിവേകം.* കോട്ടയം: നാഷ്ണൽ ബുക്ക്സ്റ്റാൾ, 1992.

രാധാകൃഷ്ണൻ, ഡി. *ആഖ്യാനവിജ്ഞാനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

ശിവപ്രസാദ്, പി. *പദപ്രശ്നങ്ങൾ.* കോഴിക്കോട്: ഐ ബുക്സ് കേരള, 2019.

ശ്രീധരൻ, എ.എം. *ആഖ്യാനം കാലം കഥ.* കോട്ടയം: എസ്. പി.സി എസ്, 2012.

Crystal, David. *Linguistics.* England: Penguin Books, 1990.

Krishnamurti, Bhadriraju, *The Dravidian Languages, Cambridge: Cambridge University Press, 2009.*

Petyt.K.M, *The study of Dialect: Introduction to Dialectology.* Colorado: Westview Press, 1980.

Pushpinder Syal., Jindal, D.V. An Introduction to Linguistics Delhi: PH1 Learning Private Limited, 2007.

Robert, Caldwell. *A Comparative Grammar of the Dravidian or South Indian Family of Languages.* New Delhi: Devendra Jain For Oriental Books, 1974.

# THE INTERNATIONAL PHONETIC ALPHABET (revised to 2005)

CONSONANTS (PULMONIC)

© 2005 IPA

| | Bilabial | Labiodental | Dental | Alveolar | Postalveolar | Retroflex | Palatal | Velar | Uvular | Pharyngeal | Glottal |
|---|---|---|---|---|---|---|---|---|---|---|---|
| Plosive | p b | | | t d | | ʈ ɖ | c ɟ | k ɡ | q ɢ | | ʔ |
| Nasal | m | ɱ | | n | | ɳ | ɲ | ŋ | ɴ | | |
| Trill | ʙ | | | r | | | | | ʀ | | |
| Tap or Flap | | ⱱ | | ɾ | | ɽ | | | | | |
| Fricative | ɸ β | f v | θ ð | s z | ʃ ʒ | ʂ ʐ | ç ʝ | x ɣ | χ ʁ | ħ ʕ | h ɦ |
| Lateral fricative | | | | ɬ ɮ | | | | | | | |
| Approximant | | ʋ | | ɹ | | ɻ | j | ɰ | | | |
| Lateral approximant | | | | l | | ɭ | ʎ | ʟ | | | |

Where symbols appear in pairs, the one to the right represents a voiced consonant. Shaded areas denote articulations judged impossible.

CONSONANTS (NON-PULMONIC)

| Clicks | | Voiced implosives | | Ejectives | |
|---|---|---|---|---|---|
| ʘ | Bilabial | ɓ | Bilabial | ʼ | Examples: |
| ǀ | Dental | ɗ | Dental/alveolar | pʼ | Bilabial |
| ǃ | (Post)alveolar | ʄ | Palatal | tʼ | Dental/alveolar |
| ǂ | Palatoalveolar | ɠ | Velar | kʼ | Velar |
| ǁ | Alveolar lateral | ʛ | Uvular | sʼ | Alveolar fricative |

VOWELS




Where symbols appear in pairs, the one to the right represents a rounded vowel.

OTHER SYMBOLS

ʍ Voiceless labial-velar fricative

w Voiced labial-velar approximant

ɥ Voiced labial-palatal approximant

ʜ Voiceless epiglottal fricative

ʢ Voiced epiglottal fricative

ʡ Epiglottal plosive

ɕ ʑ Alveolo-palatal fricatives

ɺ Voiced alveolar lateral flap

ɧ Simultaneous ʃ and x

Affricates and double articulations can be represented by two symbols joined by a tie bar if necessary. k͡p t͡s

DIACRITICS Diacritics may be placed above a symbol with a descender, e.g. ŋ̊

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ̥ | Voiceless | n̥ d̥ | ̤ | Breathy voiced | b̤ a̤ | ̪ | Dental | t̪ d̪ |
| ̬ | Voiced | s̬ t̬ | ̰ | Creaky voiced | b̰ a̰ | ̺ | Apical | t̺ d̺ |
| ʰ | Aspirated | tʰ dʰ | ̼ | Linguolabial | t̼ d̼ | ̻ | Laminal | t̻ d̻ |
| ̹ | More rounded | ɔ̹ | ʷ | Labialized | tʷ dʷ | ̃ | Nasalized | ẽ |
| ̜ | Less rounded | ɔ̜ | ʲ | Palatalized | tʲ dʲ | ⁿ | Nasal release | dⁿ |
| ̟ | Advanced | u̟ | ˠ | Velarized | tˠ dˠ | ˡ | Lateral release | dˡ |
| ̠ | Retracted | e̠ | ˤ | Pharyngealized | tˤ dˤ | ̚ | No audible release | d̚ |
| ̈ | Centralized | ë | ̴ | Velarized or pharyngealized | ɫ | | | |
| ̽ | Mid-centralized | e̽ | ̝ | Raised | e̝ (ɹ̝ = voiced alveolar fricative) | | | |
| ̩ | Syllabic | n̩ | ̞ | Lowered | e̞ (β̞ = voiced bilabial approximant) | | | |
| ̯ | Non-syllabic | e̯ | ̘ | Advanced Tongue Root | e̘ | | | |
| ˞ | Rhoticity | ɚ a˞ | ̙ | Retracted Tongue Root | e̙ | | | |

SUPRASEGMENTALS

| | | |
|---|---|---|
| ˈ | Primary stress | |
| ˌ | Secondary stress | ˌfoʊnəˈtɪʃən |
| ː | Long | eː |
| ˑ | Half-long | eˑ |
| ̆ | Extra-short | ĕ |
| \| | Minor (foot) group | |
| ‖ | Major (intonation) group | |
| . | Syllable break | ɹi.ækt |
| ‿ | Linking (absence of a break) | |

TONES AND WORD ACCENTS

| LEVEL | | | CONTOUR | | |
|---|---|---|---|---|---|
| e̋ or | ˥ | Extra high | ě or | ˩˥ | Rising |
| é | ˦ | High | ê | ˥˩ | Falling |
| ē | ˧ | Mid | e᷄ | ˦˥ | High rising |
| è | ˨ | Low | e᷅ | ˩˨ | Low rising |
| ȅ | ˩ | Extra low | e᷈ | ˧˦˧ | Rising-falling |
| ꜜ | | Downstep | ↗ | | Global rise |
| ꜛ | | Upstep | ↘ | | Global fall |